ദിവ്യബോധനം ഗ്രന്ഥാവലി - 12

# ദൈവതേജസ്സിലേക്ക്

(പൗരസ്ത്യ ക്രിസ്തീയ ജീവിതദർശനം -
ഒരു പുതിയനിയമ സമീപനം)

Malayalam

# DAIVA THEJASSILEKKU

(New Testament Themes - A Study in Eastern Perspective)

**Fr. Dr. K. J. Gabriel B.A., B.D., M.Th.**

| | | |
|---|---|---|
| Published by | : | Divyabodhanam Publications, Sophia Centre, Orthodox Seminary, P. B. 98, Kottayam |
| First Published | : | November, 1986 |
| Second Edition | : | 2004 January |

Copyright reserved

| | | |
|---|---|---|
| Copies | : | 3000 |
| Copies available at | : | Orthodox Seminary and other Christian Book Shops |

Price: **Rs. 40.00**

ദിവ്യബോധനം ഗ്രന്ഥാവലി – 12

# ദൈവതേജസ്സിലേക്ക്

## (പൗരസ്ത്യ ക്രിസ്തീയ ജീവിതദർശനം – ഒരു പുതിയനിയമ സമീപനം)

ഫാ. ഡോ. കെ. ജെ. ഗബ്രിയേൽ

ദിവ്യബോധനം പബ്ലിക്കേഷൻസ്
സോഫിയാ സെന്റർ
ഓർത്തഡോക്സ് സെമിനാരി
കോട്ടയം – 686 001

വില: 40.00



കേരള സർവ്വകലാശാലയിൽ നിന്ന് ബി. എ.,
ഓർത്തഡോക്സ് സെമിനാരിയിൽ നിന്ന് ജി. എസ്. റ്റി.,
സെറാമ്പൂർ സർവ്വകലാശാലയിൽ നിന്ന് ബി. ഡി.,
പാരീസിലെ കാത്തലിക് സർവ്വകലാശാലയിൽ നിന്ന്
പുതിയനിയമത്തിൽ മാസ്റ്റർ ബിരുദം,
സെറാമ്പൂർ സർവ്വകലാശാലയിൽ നിന്ന്
വി. പൗലോസിന്റെ വേദശാസ്ത്രത്തെ ആസ്പദമാക്കി
രചിച്ച ഗവേഷണ പ്രബന്ധത്തിന് ഡോക്ടറേറ്റ്,
പാരീസിലെ കാത്തലിക് യൂണിവേഴ്സിറ്റിയിൽ നിന്ന്
എബ്രായ ഭാഷയിൽ ത്രിവത്സര ഡിപ്ലോമായും,
അരമായ ഭാഷയിൽ ദ്വിവത്സര സർട്ടിഫിക്കറ്റും,
ഗ്രീക്കു ഭാഷയിൽ പ്രാവീണ്യവും സമ്പാദിച്ചു.

ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ സണ്ടേസ്കൂൾ
പാഠപദ്ധതി തയ്യാറാക്കുന്നതിൽ നിർണ്ണായക പങ്കു വഹിച്ചു (1976–79).

1982 മുതൽ ഓർത്തഡോക്സ് സെമിനാരിയിൽ
പുതിയനിയമവിഭാഗം പ്രൊഫസർ.

1995 മുതൽ 2003 വരെ ഫെഡറേറ്റഡ് ഫാക്കൽറ്റി ഫോർ റിസേർച്ച് ഇൻ റിലീജിയൻ ആൻഡ് കൾച്ചർ ഇൻ കേരള (എഫ്. എഫ്. ആർ. ആർ. സി.) യുടെ രജിസ്ട്രാർ.

1996 മുതൽ വേദപണ്ഡിതരുടെ അഖിലേന്ത്യാ സംഘടനയായ
സൊസൈറ്റി ഫോർ ബിബ്ലിക്കൽ സ്റ്റഡീസിന്റെ ട്രഷറാർ.

പ്രമുഖ ധ്യാനഗുരുവും ചിന്തകനുമാണ്.

ഗ്രന്ഥങ്ങൾ: ദൈവതേജസ്സിലേയ്ക്ക്, കുരിശും തേജസ്സും, ഗുരുമുഖത്തു നിന്നും, ആദ്ധ്യാത്മികതയുടെ യഥാർത്ഥ സ്രോതസ്സുകൾ.

വിലാസം:
ഓർത്തഡോക്സ് സെമിനാരി
പി. ബി. 98, കോട്ടയം – 686001
ഫോൺ: 0481 – 2566357

# പ്രസ്താവന

വാത്സല്യമുള്ളവരേ,

അളവറ്റ ദൈവകൃപയാൽ, 'ദിവ്യബോധനം' പരിപാടിയുടെ പ്രഥമഘട്ടം, ഞങ്ങളുദ്ദേശിച്ചതിലധികം വിജയകരമായി പര്യവസാനിച്ചിരിക്കുന്നു. നമ്മുടെ വിശ്വാസ സംബന്ധമായ പത്തു പാഠപുസ്തകങ്ങൾ എഴുതിയുണ്ടാക്കി പ്രസിദ്ധീകരിച്ചു എന്നുള്ളത് തന്നെ ഒരു വലിയ നേട്ടമാണ്.

1984 -ൽ മാത്രം ആരംഭിച്ച ഈ പരിപാടിയിൽ 49 കേന്ദ്രങ്ങൾ പ്രവർത്തിച്ചു. 230 സ്ത്രീകളും 210 പുരുഷന്മാരും പഠിച്ചു. മുഴുവൻ കോഴ്സ് (10 വിഷയങ്ങൾ) പൂർത്തിയാക്കിയവർക്ക് 1986 ആഗസ്റ്റ് 9-ാം തീയതി യോഗ്യതാ സർട്ടിഫിക്കറ്റുകളും പരിശുദ്ധ ബാവാ തിരുമനസു കൊണ്ട് നൽകി.

ഇനി രണ്ടാം ഘട്ടം ആരംഭിച്ചിരിക്കുകയാണ്. പ്രാഥമിക പഠനത്തിനുള്ള രണ്ടാമത്തെ ബാച്ചിലേക്ക് വിദ്യാർത്ഥീ - വിദ്യാർത്ഥിനികളെ സ്വീകരിക്കുന്നതു കൂടാതെ, ആദ്യഘട്ടം പൂർത്തിയാക്കിയവർക്കു വേണ്ടിയുള്ള പുതിയ കോഴ്സുകൾ ആരംഭിക്കുന്നു.

സഭാവിശ്വാസത്തിൽ സഭാംഗങ്ങൾക്കുള്ള അറിവിനെ ആഴപ്പെടുത്തുകയാണ് രണ്ടാം ഘട്ടത്തിന്റേയും ഉദ്ദേശ്യം. സാമാന്യം വിദ്യാഭ്യാസമുള്ള എല്ലാ മാതാപിതാക്കന്മാർക്കും യുവജനങ്ങൾക്കും ഇത് ഒരു പോലെ പ്രയോജനകരമായിരിക്കും. സൺഡേസ്ക്കൂൾ അദ്ധ്യാപകർക്ക് ഈ പഠനം ഒരു പ്രാഥമിക ആവശ്യം തന്നെയാണ്.

കുറെ കൊല്ലങ്ങൾ കൊണ്ട് പതിനായിരക്കണക്കിനാളുകൾ ഈ പഠന പദ്ധതി പൂർത്തിയാക്കുമെന്നും, അങ്ങനെ സഭാംഗങ്ങളുടെ പൊതുവേയുള്ള വിശ്വാസജീവിതത്തിനു വലിയ പുരോഗതിയുണ്ടാകുമെന്നുമാണു ഞങ്ങളുടെ പ്രത്യാശ. ക്രിസ്തുവിന്റെ മനഷ്യാവതാരത്തിൽ പ്രത്യക്ഷപ്പെട്ട ദൈവസ്നേഹത്തെ ആഴമായറിഞ്ഞ്, ആ സ്നേഹത്തിൽ വേരൂന്നി വളർന്നു ജീവിപ്പാൻ ഈ പുസ്തകങ്ങൾ പരിശുദ്ധാത്മ കൃപയാൽ അനേകർക്ക് ഉപകരണങ്ങളായിത്തീരട്ടെ, ദൈവം തമ്പുരാൻ നിങ്ങളെ ഏവരേയും വാഴ്ത്തി അനുഗ്രഹിക്കുമാറാകട്ടെ.

**ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്**
പ്രസിഡന്റ്, ദിവ്യബോധനം

കോട്ടയം
പരിശുദ്ധ തോമാശ്ലീഹായുടെ ദുഖ്റോനൊപ്പെരുന്നാൾ
ജൂലൈ 2, 1986

# പ്രസാധകക്കുറിപ്പ്

**ദി**വ്യബോധനം ഗ്രന്ഥാവലിയിൽ 12 -ാമത്തെ ഗ്രന്ഥമായ 'ദൈവതേജസ്സിലേയ്ക്ക്' പുനപ്രസിദ്ധീകരിക്കുകയാണ്. ഡിപ്ലോമാ കോഴ്സിലെ രണ്ടാമത്തെ പാഠപുസ്തകമായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഈ ഗ്രന്ഥം പുതിയ നിയമ പഠനത്തിന്റെ പ്രാരംഭഘട്ടം കഴിഞ്ഞിട്ടുള്ളവർക്കു വളരെയേറെ പ്രയോജനപ്പെടുമെന്നാണു ഞങ്ങളുടെ പ്രതീക്ഷ. പുതിയനിയമ സന്ദേശത്തിന്റെ ആഴവും പരപ്പും അല്പമായൊന്നറിയുവാൻ ഈ ഗ്രന്ഥം വായനക്കാരെ വളരെയധികം സഹായിക്കുമെന്നു ഞങ്ങൾക്കുറപ്പുണ്ട്.

വേദപുസ്തകപഠനം വിവിധ വീക്ഷണങ്ങളിലും രീതികളിലും ഇന്നു നടത്തപ്പെടുന്നുണ്ട്. എന്നാൽ പൗരസ്ത്യസഭകളുടെ സമീപനത്തിനു ഊന്നൽ കൊടുത്തുകൊണ്ടുള്ള ഗ്രന്ഥകാരന്റെ വിഷയാവതരണം ഭാരതീയ സഭകൾക്ക്, പ്രത്യേകിച്ചും ഓർത്തഡോക്സ് വിശ്വാസികൾക്കു വളരെ ആകർഷകമാകുമെന്നതിനു സംശയമില്ല. പുതിയനിയമ പുസ്തകങ്ങളിൽ ചിതറിക്കിടക്കുന്ന ചിന്താശകലങ്ങളെ കോർത്തിണക്കി, ഓരോരോ വിഷയമായി രൂപകല്പന ചെയ്തു, വായനക്കാരിൽ ആത്മീയ ചൈതന്യം പകരുവാൻ പര്യാപ്തമായ നിലയിൽ അവതരിപ്പിക്കുന്നതിൽ ഗ്രന്ഥകാരൻ വിജയിച്ചിട്ടുണ്ടെന്നു ഞങ്ങൾ കരുതുന്നു. ഗഹനമായ ചില വിഷയങ്ങൾ ഒറ്റവായനയിൽ പൂർണ്ണമായി ഉൾക്കൊള്ളാൻ സാധാരണക്കാർക്കു പ്രയാസമനുഭവപ്പെട്ടേയ്ക്കുമെങ്കിലും കൂടുതൽ ആഴത്തിൽ പുതിയനിയമ സത്യങ്ങളെ ഗ്രഹിക്കുവാൻ ഈ ഗ്രന്ഥം വളരെയധികം ഉപകരിക്കും. ഗ്രന്ഥകാരന്റെ പരിശ്രമത്തിന് എല്ലാവിധ വിജയങ്ങളും ഞങ്ങൾ നേർന്നുകൊള്ളുന്നു.

ദിവ്യബോധനം പ്രവർത്തനങ്ങൾക്കു നിർലോപമായ അനുഗ്രഹാശ്ശിസ്സുകൾ നൽകിക്കൊണ്ടിരിക്കുന്ന ഈ പ്രസ്ഥാനത്തിന്റെ രക്ഷാധികാരി കൂടിയായിരിക്കുന്ന പ. മോറാൻ മാർ ബസ്സേലിയോസ്സ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമേനിയോടുള്ള വിധേയത്വവും ആദരവും വിനയപുരസരം സമർപ്പിക്കുന്നു. ഈ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ മേൽനോട്ടം വഹിക്കുന്ന പ്രസ്ഥാനം പ്രസിഡണ്ടും സെമിനാരി പ്രിൻസിപ്പലുമായ റവ. ഡോ. കെ. എം. ജോർജ്ജച്ചൻ, ഡയറക്ടർ റവ. ഫാ. റ്റി. ജെ. ജോഷ്വാ, വൈസ് പ്രസിഡണ്ട് റവ. ഫാ ജേക്കബ് കുര്യൻ, രജിസ്ട്രാർ റവ. ഫാ. ഡോ. ജോൺ പണിക്കർ, കോ-ഓർഡിനേറ്റർ റവ. ഫാ. ജേക്കബ് മാത്യു, സെൻട്രൽ ഓർഗനൈസർ പ്രൊഫ. വർഗീസ് മാത്യു എന്നിവരടങ്ങുന്ന ദിവ്യബോധനം കേന്ദ്രകമ്മിറ്റിയാണ് ഈ പ്രസ്ഥാനത്തിന്റെ അനുദിനപ്രവർത്തനങ്ങളെ നിയന്ത്രിച്ചു വരുന്നത്. വൈദികസെമിനാരിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ഈ

പദ്ധതിയുടെ പഠനനിലവാരത്തിന്റെ ഉത്തരവാദിത്വം സെമിനാരി ഫാക്കൽട്ടിയിൽ നിക്ഷിപ്തമാണ്. പ്രാദേശികതലത്തിലും യൂണിറ്റു തലത്തിലും പല അദ്ധ്യാപകരും സംഘാടകരും ഈ പ്രസ്ഥാനത്തിന്റെ നടത്തിപ്പിനായി അക്ഷീണം പ്രവർത്തിക്കുന്നുണ്ട്. അവർക്കെല്ലാം പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

ദിവ്യബോധനം പദ്ധതിയുടെ ജീവനാഡിയായി ആരംഭം മുതൽ പ്രവർത്തിച്ച കോ-ഓർഡിനേറ്റർ റവ. ഫാ. സി. സി. ചെറിയാനച്ചനോടുള്ള കൃതജ്ഞത നിസ്സീമമാണ്.

ഈ ഗ്രന്ഥത്തിന്റെ ഡി. റ്റി. പി. ഭംഗിയായി നിർവഹിച്ച സോഫിയാ പ്രിന്റു ഹൗസിനും അച്ചടി വളരെ ഭംഗിയായും കൃത്യമായും നിർവഹിച്ച കാതോലിക്കേറ്റ് പ്രസിനും നന്ദി.

സർവോപരി, സകല നന്മകൾക്കും കാരണഭൂതനായ സർവശക്തനായ ദൈവത്തിനു സ്തുതി അർപ്പിച്ചുകൊണ്ട് ഈ ഗ്രന്ഥം കൂടി ദിവ്യബോധനം ഗ്രന്ഥാവലിയിൽ പ്രസിദ്ധീകരിക്കുന്നു.

ദിവ്യബോധനം കേന്ദ്രകമ്മിറ്റിക്കു വേണ്ടി

**ഫാ. ജേക്കബ് മാത്യു**
(കോ-ഓർഡിനേറ്റർ)

യൽദോ നോമ്പ് '03
കോട്ടയം

# ഉള്ളടക്കം


പ്രസ്താവന 5

ആമുഖം 6

യൂണിറ്റ് 1

## നിന്റെ രാജ്യം വരേണമേ

1. ദൈവരാജ്യത്തിലേക്ക്, ദൈവതേജസ്സിലേക്ക് 9
2. അവന്റെ ശരീരമാകുന്ന സഭ 15
3. ക്രിസ്തു എന്ന ദൈവത്തിന്റെ രഹസ്യം 21
4. എന്റെ ഓർമ്മയ്ക്കായ് 27
5. ക്രിസ്തുവിന്റെ സംബന്ധത്തിലേക്ക് 32
6. ശുശ്രൂഷയും ശിഷ്യത്വവും 36

യൂണിറ്റ് 2

## നിന്റെ തേജസ്സ് എന്നെ കാണിക്കേണമേ

1. ഞാൻ നിന്നെ അറിയുമാറാകട്ടെ 42
2. ഹൃദയശുദ്ധിയുള്ളവർ ദൈവത്തെ കാണും 46
3. നിങ്ങൾ സ്വാതന്ത്ര്യത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു 52
4. സമൃദ്ധിയായ ജീവൻ 56
5. നാഥാ രക്ഷിക്കേണമേ 61
6. നിങ്ങൾക്കു സമാധാനം 66

യൂണിറ്റ് 3

## വിശ്വസിച്ചാൽ നീ ദൈവതേജസ്സ് കാണും

1. ക്രിസ്തുവിൽ നാം നീതിമാന്മാർ 71
2. എന്റെ കൃപ നിനക്കു മതി 75
3. ദൈവത്തിൽ വിശ്വസിപ്പിൻ എന്നിലും വിശ്വസിപ്പിൻ 80
4. പ്രത്യാശയിൽ സന്തോഷിപ്പിൻ 85
5. ദൈവം സ്നേഹം തന്നെ 89
6. നിങ്ങൾ എന്റെ സാക്ഷികൾ ആകും 95

യൂണിറ്റ് 4

## തേജസ്സിൽ നിന്ന് തേജസ്സിലേക്ക്

1. ഇതാ ഞാൻ സകലവും പുതുതാക്കുന്നു. 100
2. നിങ്ങൾ പുതിയ മനുഷ്യനെ ധരിച്ചു കൊൾവിൻ 105
3. ദൈവസ്വരൂപത്തിന്റെ പൂർണതയിലേക്ക് 110
4. ദൈവാനുരൂപിയായി രൂപാന്തരപ്പെടുക 115
5. തേജസ്സിൽ നിന്ന് തേജസ്സിലേക്ക് 119
6. തേജസ്സിന്റെ ആത്മാവേ വരേണമേ 124

# യൂണിറ്റ് 1

# നിന്റെ രാജ്യം വരേണമേ

## പാഠം 1

## ദൈവരാജ്യത്തിലേക്ക് - ദൈവതേജസ്സിലേക്ക്

❑ വന്നതും വരാനിരിക്കുന്നതുമായ രാജ്യം ❑ ദൈവരാജ്യത്തിന്റെ മൗലീകത (i) ദൈവരാജ്യം നിങ്ങളിൽ തന്നെ (ii) പൈശാചികാധിപത്യ ത്തിന്മേലുള്ള വിജയം (iii) ദൈവരാജ്യം സഹനത്തിലൂടെ ❑ ദൈവരാജ്യ ത്തിന്റെ വലിയ വിരുന്ന്

ദൈവരാജ്യത്തിലേക്കുള്ള പ്രവേശനം ദൈവതേജസ്സിലേക്കുള്ള പ്രവേ ശനമാണ്. 'തന്റെ രാജ്യത്തിലേക്കും തന്റെ തേജസ്സിലേക്കുമാണ്'[1] ദൈവം നമ്മെ വിളിച്ചിരിക്കുന്നത് എന്നു പരിശുദ്ധ പൗലൊസ് അപ്പോസ്തോലൻ സഭയെ അനുസ്മരിപ്പിക്കുന്നു (1 തെസ്സ. 2:11). 'രാജ്യം', 'തേജസ്സ്' എന്നിവ സമാന്തര ആശയങ്ങളായാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ഇതേ പ്രയോഗരീതി തന്നെ സുവിശേഷങ്ങളിലും കാണാം. ഉദാഹരണമായി മർക്കൊസ് 10:37 –ൽ സെബദി പുത്രന്മാരായ യാക്കോബും യോഹന്നാനും യേശുവിന്റെ 'തേജസ്സി'ൽ ഇടത്തും വലത്തുമുള്ള മുഖ്യസ്ഥാനങ്ങൾ ആവ ശ്യപ്പെടുന്നതായി രേഖപ്പെടുത്തുന്നു. ഇതേ സന്ദർഭം തന്നെ വി. മത്തായി (20:21) വിവരിക്കുമ്പോൾ യേശുവിന്റെ 'രാജ്യ'ത്തിൽ വലത്തും ഇടത്തും സ്ഥാനങ്ങൾ ആവശ്യപ്പെടുന്നതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. യേശു ക്രിസ്തുവിന്റെ കാലത്തെ യഹൂദമത ചിന്തയിൽ 'ദൈവരാജ്യ'വും 'ദൈവതേജസ്സും' പരസ്പരം അടുത്തു ബന്ധപ്പെട്ട ആശയങ്ങളാണ്. യഹോവയുടെ അഭിഷിക്തൻ (മശിഹാ) സർവതേജസ്സിലും പ്രത്യക്ഷപ്പെട്ട് യഹോവയുടെ വാഗ്ദത്തരാജ്യം സ്ഥാപിക്കും. വീഴ്ചയിൽ മനുഷ്യനു നഷ്ടപ്പെട്ട ദൈവതേജസ്സ് ദൈവം അവനു നൽകും. സർവഭൂമിയിലും ദൈവതേജസ്സു നിറയും. യഹോവ സ്ഥാപിക്കുന്ന ദൈവരാജ്യത്തിന്റെ മുഖ്യ മായ അനുഭവം ദൈവതേജസ്സിലേക്കുള്ള മനുഷ്യന്റെയും സർവ സൃഷ്ടി യുടെയും തിരിച്ചുവരവാണ് (റോമർ 8:20).

### 1. വന്നതും വരാനിരിക്കുന്നതുമായ രാജ്യം

യേശുക്രിസ്തുവിന്റെ ആഗമനത്തോടെ ദൈവരാജ്യവും വന്നുചേർന്നു. മനുഷ്യജാതിയുടെ വിമോചനത്തിനായി തന്റെ അഭിഷിക്തനെ അയയ്ക്കു മെന്നും തന്റെ രാജ്യം സ്ഥാപിക്കുമെന്നുമുള്ള ദൈവത്തിന്റെ വാഗ്ദാനം യേശുക്രിസ്തുവിലൂടെ പൂർത്തീകരിക്കപ്പെടുകയാണ്. ദൈവരാജ്യത്തിന്റെ

സുവിശേഷം പ്രസംഗിക്കുന്ന യേശുവിന്റെ വാക്കുകൾ ശ്രദ്ധിക്കുക: 'കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു' (മർക്കോസ് 1:15). യേശു ക്രിസ്തുവിൽ രക്ഷയുടെ പുതുയുഗം ആരംഭിച്ചുകഴിഞ്ഞു. പുതിയനിയ മത്തിൽ ഈ കാലഘട്ടത്തെ 'യുഗാന്തം' (Eschaton) എന്നു വിളിക്കുന്നു. മനുഷ്യചരിത്രം യേശുക്രിസ്തുവിലൂടെ അന്തിമവും നിർണ്ണായകവുമായ ഒരു പുതിയ ഘട്ടത്തിലേക്കു പ്രവേശിച്ചിരിക്കുകയാണ്. പിശാചിനാൽ ബന്ധിതവും രോഗാതുരവും മരണവിധേയവുമായ മനുഷ്യാവസ്ഥയെ സ്വ തന്ത്രവും സ്വസ്ഥവും ജീവസ്സുറ്റതുമാക്കി രൂപാന്തരപ്പെടുത്തുന്ന ദൈവ രാജ്യത്തിന്റെ പ്രവർത്തനം യേശുവിലൂടെ നിർവഹിക്കപ്പെടുന്നു. യേശു പിശാചിനെ ബഹിഷ്കരിക്കുന്നതും, രോഗശാന്തി നൽകുന്നതും മരിച്ച വരെ ഉയിർപ്പിക്കുന്നതും ദൈവരാജ്യം വന്നെത്തിയിരിക്കുന്നുവെന്ന് സൂചി പ്പിക്കുന്ന സംഭവങ്ങളാണ്. അവ ദൈവരാജ്യത്തിന്റെ ചിഹ്നങ്ങളാണെന്നു പറയാം. 'ദൈവത്തിന്റെ ശക്തികൊണ്ട് ഞാൻ ഭൂതങ്ങളെ പുറത്താക്കു ന്നുവെങ്കിൽ ദൈവരാജ്യം നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നു സ്പഷ്ടം' (ലൂക്കോ 11:20; മത്തായി 12:28) എന്നു കർത്താവു തന്നെ പറയുന്നുണ്ട ല്ലോ.

ദൈവരാജ്യം ചരിത്രത്തിൽ, ലോകത്തിൽ യേശുക്രിസ്തുവിലൂടെ ആഗ തമായി. എന്നാൽ സ്ഥലകാലപരിധികളുള്ള ഈ ലോകത്തിൽ ദൈവ രാജ്യം പൂർണ്ണതയിൽ വെളിപ്പെടാനാവില്ല. യേശുക്രിസ്തുവിന്റെ രണ്ടാ മത്തെ വരവിൽ ദൈവരാജ്യം പൂർണ്ണതയിൽ വെളിപ്പെടും. ഭാവിയിൽ ദൈവം നൽകുന്ന ദൈവരാജ്യത്തിന്റെ അനന്തമായ സാധ്യതകളുടെ ചെറി യൊരംശം മാത്രമേ നമുക്കിന്നു ലഭ്യമാവുന്നുള്ളു. ദൈവരാജ്യത്തിലേക്കു പ്രവേശിച്ചിരിക്കുന്ന നാം പൂർണ്ണതയെ ലക്ഷ്യമാക്കി വളരുകയാണ്. അതുകൊണ്ടാണ് 'ദൈവരാജ്യം നിങ്ങളിൽ തന്നെയുണ്ട്'[2] (ലൂക്കോ. 17:21) എന്നു പറഞ്ഞ കർത്താവ് 'നിന്റെ രാജ്യം വരേണമേ' (മത്തായി 6:10; ലൂക്കോസ് 11:2) എന്നു നമ്മെ പ്രാർത്ഥിപ്പാൻ പഠിപ്പിച്ചത്.

### 2. ദൈവരാജ്യത്തിന്റെ മൗലികത

ഭൗമിക രാജ്യസങ്കൽപ്പത്തിൽ നിന്നും വ്യത്യസ്തമായി ദൈവരാജ്യ ത്തിന് രണ്ടു മൂന്നു മൗലിക സ്വഭാവങ്ങളുണ്ട്. (i) ദൈവരാജ്യം ആന്ത രീകമാണ്; (ii) പൈശാചികാധിപത്യത്തിന്മേലുള്ള വിജയമാണ് ദൈവ രാജ്യം; (iii) സഹനത്തിലൂടെ ദൈവരാജ്യം സ്ഥാപിതമാവുന്നു.

#### (i) ദൈവരാജ്യം നിങ്ങളിൽത്തന്നെ

ദൈവരാജ്യം എന്ന് കേൾക്കുമ്പോൾ ദൈവഭരണത്തിനധീനമായ ദേശം എന്ന ചിന്തയാണ് നമ്മുടെ മനസ്സിൽ വരിക. 'ദൈവരാജ്യം' എന്നതിനു പകരം 'ദൈവവാഴ്ച'[3] എന്ന വിവർത്തനമാണ് വേണ്ടത്. യേശു സ്ഥാപിച്ച

ദൈവരാജ്യം ഭൗതികസങ്കല്പങ്ങൾക്ക് അനുസരണമായതായിരുന്നില്ല. 'എന്റെ രാജ്യം ഐഹികമല്ല' (യോഹന്നാൻ 18:36) എന്നു ഖണ്ഡിതമായി പ്രഖ്യാപിച്ചുകൊണ്ടു ദൈവരാജ്യത്തെക്കുറിച്ചുള്ള ഭൗതികസങ്കല്പങ്ങൾ കർത്താവു തിരുത്തുന്നുണ്ട്. 'ദൈവരാജ്യം' എന്ന വാക്യത്തിനു പര്യായമായി 'സ്വർഗ്ഗരാജ്യം' എന്നും വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ കാണുന്നു. ദൈവരാജ്യം ഭൗതികമല്ലെന്ന് എടുത്തു കാണിക്കുകയാണ് 'സ്വർഗ്ഗരാജ്യം' എന്ന പ്രയോഗം. മനുഷ്യ സ്വഭാവത്തേയും സാഹചര്യങ്ങളേയും സമഗ്രമായി രൂപാന്തരപ്പെടുത്തുന്ന ആന്തരികശക്തിയാണ് ദൈവരാജ്യം. സൈന്യബലമോ, സമ്പത്തോ അധികാരമോ ഉള്ള ഒരു ബാഹ്യരൂപം ദൈവരാജ്യത്തിനില്ല. കർത്താവു പറയുന്നു, 'ദൈവരാജ്യം കാണത്തക്കവണ്ണമല്ല വരുന്നത്; ഇതാ ഇവിടെ എന്നും അതാ, അവിടെ എന്നും പറയുകയുമില്ല; ദൈവരാജ്യം നിങ്ങളിൽ തന്നെയുണ്ടല്ലോ' (ലൂക്കോ. 17:21). ദൈവരാജ്യം ഭൗതികമല്ലെന്നു പറയുമ്പോൾ ദൈവരാജ്യത്തിന്റെ സുവിശേഷം ഭൗതികതലങ്ങളെ സ്പർശിക്കുന്നില്ലെന്നും അത് ആത്മീകതലത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്നുവെന്നും അർത്ഥമില്ല. മനുഷ്യന്റെ ആദ്ധ്യാത്മിക - ഭൗതികതലങ്ങളെ സമഗ്രമായി സ്പർശിക്കുന്നതാണ് ദൈവരാജ്യത്തിന്റെ വളർച്ച. ദാരിദ്ര്യവും അനീതിയും അഴിമതിയും ചൂഷണവും നിലനിർത്തുന്ന തിന്മകളുടെ ശക്തികളെ നിരന്തരം ചോദ്യം ചെയ്യുകയും അവയിൽ നിന്നു മനുഷ്യനെ വിമോചിപ്പിക്കുകയും ചെയ്യുമ്പോൾ മാത്രമേ ദൈവരാജ്യത്തിന്റെ വളർച്ച പൂർണ്ണമാവുന്നുള്ളു. എന്നാൽ ഈ വിമോചനം ബാഹ്യതലത്തിലേക്കു മാത്രം വെട്ടിച്ചുരുക്കാനാവില്ല. അതു മനുഷ്യന്റെ ആദ്ധ്യാത്മിക - ഭൗതികതലങ്ങളെ ഉൾക്കൊള്ളുന്ന സമഗ്ര വിമോചനമായിരിക്കും.

### (ii) പൈശാചികാധിപത്യത്തിന്മേലുള്ള വിജയം

ദൈവരാജ്യം, ഒരു വശത്ത്, ശാന്തിയും സമാധാനവുമാണ്. എന്നാൽ മറുവശത്ത് പോരാട്ടവുമാണ്. ഇവിടെ പോരാട്ടം ജഡരക്തങ്ങളോടല്ല, പൈശാചിക ശക്തികളോടാണ്: 'വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടുമത്രേ' (എഫേ. 6:12). ലോകത്തെ അന്ധകാരത്തിൽ നിലനിർത്തുന്ന പൈശാചികശക്തികളോടു പോരാടി വിജയം വരിക്കുമ്പോഴാണ് ദൈവരാജ്യം സംസ്ഥാപിതമാവുക. മരുഭൂമിയിൽ പിശാചുമായുള്ള പോരാട്ടത്തിൽ വിജയിച്ച് പരിശുദ്ധാത്മ നിറവോടെ ലോകത്തിൽ ശുശ്രൂഷ ആരംഭിക്കുന്ന കർത്താവ് കപ്പർന്നഹൂമിൽ വച്ച് ഒരു മനുഷ്യനിൽ നിന്നു പിശാചിനെ ബഹിഷ്ക്കരിക്കുന്ന സംഭവമാണ് വി. മർക്കോസ് രേഖപ്പെടുത്തുന്ന ആദ്യത്തെ അതിശയപ്രവർത്തനം (മർക്കോസ് 1:21–28). ദൈവരാജ്യാഗമനത്തിന്റെ ദൃശ്യ സൂചനയാണിത് (മത്തായി 12:28;

ലൂക്കോസ് 14:20). മനുഷ്യനെയും സമസ്ത സൃഷ്ടിയെയും പിശാചിന്റെ അടിമത്തത്തിൽ നിന്നും അന്ധകാരത്തിൽ നിന്നും വിമോചിപ്പിച്ച് ദൈവ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിലേക്കും തേജസ്സിലേക്കും കൊണ്ടുവരിക യാണ് യേശുവിന്റെ രക്ഷാകര പ്രവർത്തനത്തിന്റെ ലക്ഷ്യം.

### (iii) ദൈവരാജ്യം സഹനത്തിലൂടെ

ശക്തിയിലൂടെ സ്ഥാപിതമായി നിലനിർത്തപ്പെടുന്നതാണ് ലോകസങ്ക ല്പത്തിലെ രാജ്യം. സഹനത്തിലൂടെ സ്ഥാപിക്കപ്പെടുന്നതാണ് യേശു ക്രിസ്തുവിന്റെ രാജ്യം. സമവീക്ഷണ സുവിശേഷങ്ങളിലെ വിവരണമനു സരിച്ചു യേശുവിന്റെ ശുശ്രൂഷ പലസ്തീനിന്റെ വടക്കേ പ്രവിശ്യയായ ഗലീലയിൽ നിന്ന് ആരംഭിച്ചു തെക്കേ പ്രവിശ്യയായ യഹൂദ്യയിലെ യറു ശലേമിൽ അവസാനിക്കുന്നു. യറുശലേം യഹൂദജനത്തിന്റെ ആദ്ധ്യാ ത്മികവും ഭൗതികവുമായ ജീവിതത്തിന്റെ കേന്ദ്രമാണ്. യിസ്രായേൽ ജനത മിസ്രയീമിൽ നിന്നുള്ള വിമോചനം അനുസ്മരിക്കുന്ന പെസഹാ പെരു ന്നാളാണ് യേശു യറുശലേമിൽ പ്രവേശിക്കുന്ന സന്ദർഭം. എല്ലാ അർത്ഥ ത്തിലും രാജ്യസ്ഥാപനത്തിന് അതു യോജിച്ച അവസരമായിക്കണ്ട ശിഷ്യ ന്മാർ യേശുവിൽ അത്തരത്തിലുള്ള പ്രതീക്ഷ വച്ചു പുലർത്തി. എന്നാൽ ഭൗതികമായ രാജ്യം സ്ഥാപിക്കുകയായിരുന്നില്ല യേശുവിന്റെ ലക്ഷ്യം. സഹനത്തിലൂടെ പൈശാചിക ശക്തികളിന്മേൽ വിജയം നേടി ഒരു പുതിയ ദൈവരാജ്യത്തിന്റെ പ്രമാണം യേശു ലോകത്തിനു കാണിച്ചു കൊടുക്കു കയായിരുന്നു. ശിഷ്യന്മാരുടെ മനോഗതി മനസ്സിലാക്കിയ കർത്താവ് പല വുരു അവരുടെ ധാരണകൾ തിരുത്താൻ ശ്രമിക്കുന്നുണ്ട്. 'ഇതാ ഞാൻ യറുശലേമിലേക്കു പോകുന്നു; അവിടെ മനുഷ്യപുത്രൻ മഹാപുരോഹി തന്മാരുടേയും ശാസ്ത്രിമാരുടേയും കൈയിൽ ഏല്പിക്കപ്പെടും....' (മർക്കോ. 10:33 cf.; 8:31; 9:31). ഈ മാർഗം യേശു സ്വീകരിക്കുന്നതിൽ അസഹിഷ്ണുവായിത്തീർന്ന പത്രോസിനെ കർത്താവ് കഠിനമായി ശാസി ക്കുന്നുണ്ട് (മർക്കോ. 8:33). സെബദി മക്കളായ യാക്കോബും യോഹ ന്നാനും യേശു സ്ഥാപിക്കാനിരിക്കുന്ന രാജ്യത്തിൽ അഗ്രാസനങ്ങൾ ആവ ശ്യപ്പെടുമ്പോൾ കർത്താവ് അവരോടു ചോദിക്കുന്നു, ഞാൻ കുടിപ്പാനി രിക്കുന്ന പാനപാത്രം കുടിപ്പാൻ നിങ്ങൾക്കു കഴിയുമോ? (മത്തായി 20:22 cf. മർക്കോ. 10:38). പീഡാനുഭവത്തിന്റെ പാനപാത്രമാണ് കർത്താവ് ഉദ്ദേ ശിക്കുന്നത്. യശെയ്യാവ് 53-ലെ സഹനദാസനെപ്പറ്റിയുള്ള പ്രവചന കീർത്തനം യേശുവിൽ പൂർത്തീകരിക്കപ്പെടുകയാണ്. നമ്മുടെ രോഗങ്ങൾ വഹിച്ചും വേദനകൾ ചുമന്നും നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറി വേറ്റും അക്രമങ്ങൾ നിമിത്തം തകർന്നും ക്രൂശിൽ നമുക്കു വേണ്ടി ബലി യായി സ്വയം ഹോമിക്കുന്ന സഹനദാസനാണ് പുതിയനിയമത്തിന്റെ രാജാവ്. അവന്റെ സഹനത്തിന്റെ ക്രൂശാണ് ദൈവരാജ്യത്തിന്റെ ചിഹ്നം.

## 3. ദൈവരാജ്യത്തിന്റെ വലിയ വിരുന്ന്

ദൈവരാജ്യത്തിന്റെ വിവിധ ഭാവങ്ങൾ പ്രസ്പഷ്ടമാക്കുന്നതിന് യേശു ധാരാളം ഉപമകൾ ഉപയോഗിക്കുന്നുണ്ട്. അവയിൽ ശ്രദ്ധേയവും അന്വർത്ഥ വുമായതു വിരുന്നിന്റെ ഉപമയാണ്. ദൈവരാജ്യത്തിന്റെ സൗഹൃദവും സഖി ത്തവും സന്തോഷവും പ്രകാശിപ്പിക്കുന്നതിന് പര്യാപ്തമാണ് വിരുന്നിന്റെ ഉപമ. ദൈവരാജ്യം നന്മയും സമൃദ്ധിയും ഐശ്വര്യവും നിറഞ്ഞതാണ് (യെശ. 25:6–9). ആ നിറവിൽ പങ്കുകാരാവുന്നതിന് ദൈവം എല്ലാവരേയും ക്ഷണിക്കുന്നു. ഈ ക്ഷണം സമസ്ത ജാതികൾക്കും വേണ്ടിയുള്ളതാണ് (മത്താ. 22:9, ലൂക്കോ. 14:21). വിരുന്നിലേക്കുള്ള പ്രവേശനത്തിന് ഒരേ യൊരു യോഗ്യതയേ വേണ്ടൂ, കല്യാണവസ്ത്രം (മത്താ. 22:11, 12). ആ വിശേഷ വസ്ത്രം 'വിശുദ്ധന്മാരുടെ നീതിപ്രവർത്തികൾ' ആണ് (വെളി. 19:9).

യേശുവിന്റെ കാലത്ത് മശിഹായുടെ വരവിനു വേണ്ടി കാത്തിരുന്ന ഒരു സമൂഹമായിരുന്നു, ചാവുകടൽ തീരത്തു താമസിച്ചിരുന്ന കുമ്രാൻ സമൂഹം. ദൈവം തന്റെ അഭിഷിക്തനെ (മശിഹായെ) അയയ്ക്കുമ്പോൾ അവനുമൊത്ത് ഒരു വലിയ വിരുന്നിൽ സമൂഹം സംബന്ധിക്കും. ആ വിരു ന്നിന്റെ ക്രമീകരണത്തെ സംബന്ധിച്ച് അവരുടെ സമൂഹ നിയമാവലിയിൽ പ്രത്യേകം വിവരിക്കുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ വേണം പുതിയനിയ മത്തിലെ വിരുന്നിന്റെ ഉപമ മനസ്സിലാക്കാൻ.

വെളിപ്പാട് 19:7–9 ഭാഗത്തു മണവാളനായ ക്രിസ്തുവും മണവാട്ടിയായ സഭയുമായുള്ള സമാഗമനത്തിന്റെയും സഖിത്വത്തിന്റെയും ഐക്യത്തി ന്റെയും അവസരമാണ് വിരുന്ന്.

വി. കുർബാന ദൈവരാജ്യത്തിന്റെ വിരുന്നാണ്. ഈ വിരുന്നിൽ സംബ ന്ധിക്കുന്നതിലൂടെ ഇവിടെ, ഇക്കാലത്തിൽ തന്നെ ദൈവരാജ്യത്തിന്റെ അനുഭവങ്ങളിൽ നാം പങ്കാളികളായിത്തീരുന്നു. സ്വർഗരാജ്യത്തിലെ നിത്യ വിരുന്നിനായുള്ള പ്രത്യാശ നാം നിരന്തരം പുതുക്കുകയും ചെയ്യുന്നു.

### ചോദ്യങ്ങൾ

1. 'ദൈവരാജ്യത്തിലേക്കുള്ള പ്രവേശനം ദൈവതേജസ്സിലേക്കുള്ള പ്രവേശനമാണ്' വിശദമാക്കുക.
2. ദൈവരാജ്യം വന്നതും വരാനിരിക്കുന്നതുമാണെന്ന് പറയുന്നതെന്തു കൊണ്ട്? വിവരിക്കുക.
3. ദൈവരാജ്യത്തെ ഭൗമിക രാജ്യത്തിൽ നിന്നും വേർതിരിക്കുന്ന ഘട കങ്ങൾ (ദൈവരാജ്യത്തിന്റെ മൗലികത) ഏവ?

4. വിരുന്നിന്റെ ഉപമയിലൂടെ സ്പഷ്ടമാകുന്ന ദൈവരാജ്യത്തിന്റെ സ്വഭാവം എന്തെല്ലാം?

## കുറിപ്പ്

1. മലയാള വേദപുസ്തകത്തിലെ വിവർത്തനം 'തന്റെ രാജ്യത്തിന്നും മഹത്വത്തിന്നും' എന്നാണ്. ഇവിടെയും മറ്റു പല ഉദ്ധരണികളിലും 'മഹത്വം' എന്നതിനു പകരം 'തേജസ്സ്' എന്ന് ഉപയോഗിച്ചിരിക്കുന്നു. doxa എന്ന ഗ്രീക്കു മൂലത്തിന്റെ ശരിയായ തർജമ 'തേജസ്സ്' എന്നാണ്. 'മഹത്വം' എന്നു തർജമ ചെയ്യാമെങ്കിലും അത് ഒരു അർത്ഥതലം മാത്രമേ പ്രകാശിപ്പിക്കുന്നുള്ളു. തേജസ്സ് എന്ന പദം കൂറേക്കൂടെ അർത്ഥവ്യാപ്തിയുള്ളതാണ്.

'രാജ്യത്തിലേക്കും തേജസ്സിലേക്കും' – ഈ തർജമ വിളിയുടെ ലക്ഷ്യം കുറെക്കൂടെ സ്പഷ്ടമാക്കുന്നു. 'രാജ്യത്തിന്നും തേജസ്സിന്നും' എന്നു വിവർത്തനം ചെയ്യാം; രാജ്യവും തേജസ്സും ലക്ഷ്യം മാത്രമല്ല അവകാശവുമാണ്.

2. 'നിങ്ങളുടെ ഇടയിൽ തന്നെയുണ്ട്' എന്നു മലയാള വേദപുസ്തക വിവർത്തനം. ദൈവരാജ്യത്തിന്റെ ആന്തരിക സ്വഭാവം കാണിക്കുന്നതിന് 'നിങ്ങളിൽ' എന്ന് വിവർത്തനം ചെയ്യുകയാവും യുക്തം; മൂലത്തോട് ഇത് അടുത്തുവരികയും ചെയ്യുന്നു.

3. 'രാജ്യം' എന്ന പദത്തിന്റെ ഗ്രീക്കു മൂലത്തിന് (Basileia) 'രാജ്യം' എന്നും 'വാഴ്ച' എന്നും അർത്ഥം കൊടുക്കാം. എന്നാൽ ഇതിനു തത്തുല്യമായ എബ്രായ – അറമായ പദം (മൽക്കൂത്) ദൈവവുമായി ബന്ധപ്പെടുത്തി ഉപയോഗിക്കുമ്പോൾ 'രാജ്യം' എന്ന് ഒരിക്കലും അർത്ഥമാക്കുന്നില്ല. 'വാഴ്ച' എന്നാണർത്ഥം. യഹോവ വാഴുന്നു (സങ്കീ. 47:2; 93:1; 96:10; 97:1; 99:1) എന്ന ആശയത്തിൽ യഹൂദ പണ്ഡിതന്മാർ ഉപയോഗിച്ചുവന്ന സാങ്കേതിക പ്രയോഗം ആണ് 'ദൈവവാഴ്ച' (ദൈവരാജ്യം).

## പാഠം 2

# അവന്റെ ശരീരമായ സഭ

❑ സഭയും ദൈവരാജ്യവും ❑ സഭയുടെ വിവിധ പ്രതീകങ്ങൾ ❑ സഭ – ക്രിസ്തുവിന്റെ ശരീരം ❑ അവയവങ്ങൾ പലതും ശരീരം ഒന്നും ❑ ശിരസ്സും ശരീരവും ❑ സഭ – ദൈവസമ്പൂർണത ❑ പശ്ചാത്തല ചിന്താധാരകൾ

### 1. സഭയും ദൈവരാജ്യവും

സഭ ദൈവരാജ്യമല്ല; സഭയ്ക്കുള്ളിൽ ദൈവരാജ്യത്തെ ഒതുക്കി നിർത്താനാവില്ല. ദൈവരാജ്യത്തിലേക്കു വിളിക്കപ്പെട്ടവരുടെ സംഘമാണു സഭ; ദൈവരാജ്യത്തിന്റെ അനുഭവം ജീവിച്ചറിയുന്ന ദൈവരാജ്യത്തിന്റെ മക്കൾ. ഈ നിലയിൽ ദൈവരാജ്യത്തിന്റെ ആദ്യഫലമാണു സഭ എന്നു പറയാം. മാത്രമല്ല, ദൈവരാജ്യം ലോകത്തിൽ സ്ഥാപിക്കപ്പെടുന്നതിനു ദൈവരാജ്യത്തിന്റെ സുവിശേഷം വഹിക്കുന്ന ദൈവകരങ്ങളിലെ ഉപകരണമാണു സഭ. യേശുക്രിസ്തുവിലൂടെ ദൈവരാജ്യം വെളിപ്പെട്ടതുപോലെ സഭയിലൂടെയും ദൈവരാജ്യം വെളിപ്പെടണം. 'ദൈവരാജ്യം നിങ്ങളിൽത്തന്നെയുണ്ട്' എന്ന കർത്താവിന്റെ വചനം ഇപ്രകാരം അന്വർത്ഥമായിത്തീരുന്നു. ദൈവരാജ്യത്തിന്റെ സ്വഭാവം തത്ത്വസംഹിതകളിലൂടെയല്ല നാം മനസ്സിലാക്കുക. യേശുക്രിസ്തു ദൈവരാജ്യത്തിന്റെ ജീവിക്കുന്ന മാതൃകയായിരുന്നു. അതുപോലെ സഭയും ജീവിതത്തിലൂടെ ദൈവരാജ്യത്തിന്റെ സ്വഭാവം പ്രതിഫലിപ്പിക്കണം. ഇങ്ങനെ സഭ ദൈവരാജ്യത്തിന്റെ ജീവിക്കുന്ന മാതൃകയും സൂചിക (ചിഹ്നം) യുമായി ലോകത്തിൽ നിലകൊള്ളുന്നു. ചുരുക്കത്തിൽ, സഭ ദൈവരാജ്യത്തിന്റെ ആദ്യഫലവും ഉപകരണവും മാതൃകയും സൂചികയുമാണ്.

### 2. സഭയുടെ വിവിധ പ്രതീകങ്ങൾ

സഭയുടെ സ്വഭാവം വിശദമാക്കുന്നതിനു പുതിയനിയമത്തിൽ പല പ്രതീകങ്ങളും ഉപയോഗിക്കുന്നുണ്ട്. പുതിയ യിസ്രായേൽ, മന്ദിരം, മണവാട്ടി, ക്രിസ്തുശരീരം എന്നിവയാണ് അവയിൽ പ്രധാനമായവ. എന്നാൽ, ക്രിസ്തുവും സഭയും തമ്മിലും അംഗങ്ങൾ അന്യോന്യവുമുള്ള അഭേദ്യബന്ധവും ഐക്യവും പ്രസ്പഷ്ടമാക്കുന്നവയാണു മന്ദിരം, മണവാട്ടി, ക്രിസ്തുശരീരം എന്നിവ. ക്രിസ്തുവാകുന്ന മൂലക്കല്ലോട് നാം ജീവനുള്ള കല്ലുകൾ എന്നപോലെ ചേർന്നു സഭയാകുന്ന മന്ദിരം നിർമ്മിക്കപ്പെടുന്നു (1 പത്രൊ. 2:4-5; 4:17; എഫേ. 2:19-22). ഒരുമയും സ്നേഹവും നിറഞ്ഞ കൂട്ടായ നിലനിൽപ്പാണു സഭാമന്ദിരത്തിന്റെ നിലനിൽപ്പിന് ആധാരം. മണവാളനും മണവാട്ടിയും തമ്മിലുള്ള ആത്മശരീരമനസ്സുകളുടെ ഐക്യം

പോലെ സുദൃഢമാണു ക്രിസ്തുവും സഭയും തമ്മിലുള്ള ഐക്യം. സ്നേഹവും ത്യാഗവും പങ്കാളിത്തവുമാണു ഭാര്യാഭർത്തൃ ബന്ധത്തിനടിസ്ഥാനമെങ്കിൽ, സ്വയം ത്യജിക്കുന്ന ക്രൂശിലെ സ്നേഹമാണു ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തിനടിസ്ഥാനം (എഫേ. 5:22 – 33; വെളി. 19:7– 9). 'ക്രിസ്തുശരീരം' സഭയുടെ വെറുമൊരു പ്രതീകം മാത്രമാണെന്നു പറയാനാവില്ല, സഭ ക്രിസ്തുശരീരം തന്നെയാണ്.

## 3. സഭ – ക്രിസ്തുവിന്റെ ശരീരം

ഗ്രീക്കു ഭാഷയിൽ 'ശരീരം' എന്ന പദത്തിനു മനുഷ്യശരീരം എന്ന അർത്ഥത്തിനു പുറമേ ആലങ്കാരികമായ ഒരർത്ഥവും കൂടെ ഉണ്ടായിരുന്നു. ഒരു സംഘത്തിന്റെയോ സൈന്യത്തിന്റെയോ ലോകത്തിന്റെ തന്നെയോ ഐക്യവും ഒരുമയും ഉള്ള സംഘടിതരൂപം കാണിക്കുന്നതിന് ഉപയോഗിച്ചിരുന്നു (ഇംഗ്ലീഷ് ഭാഷയിൽ Body എന്ന പദത്തിന് ഈ ആലങ്കാരിക അർത്ഥം ഉണ്ട്). ശരീരം വിവിധ അവയവങ്ങൾ ചേർന്നുള്ളതായതു പോലെ പല അംഗങ്ങൾ സംഘടിച്ചു സംഘമോ സൈന്യമോ അതുപോലെയുള്ള സംഘടനകളോ ഉണ്ടാവുന്നു. 'പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും എല്ലാവരും തമ്മിൽ അവയവങ്ങളും ആകുന്നു' എന്നു വി. പൗലോസ് പറയുമ്പോൾ (റോമർ 12:5) പ്രത്യക്ഷത്തിൽ ഏതാണ്ട് ഈ അർത്ഥമാണു ധ്വനിക്കുന്നത്. എന്നാൽ വി. പൗലോസിന്റെ ക്രിസ്തുശരീരം എന്ന പ്രയോഗത്തിൽ ആഴമായ അർത്ഥം അടങ്ങിയിട്ടുണ്ട്. ഗ്രീക്കുഭാഷയിലെ ശരീരവും സഭയാകുന്ന ശരീരവും തമ്മിലുള്ള വ്യത്യാസം ആദ്യത്തേത്, പല അംഗങ്ങൾ ചേർന്നുണ്ടാവുന്ന ഒരു സമാജമാണെങ്കിൽ രണ്ടാമത്തേത് ക്രിസ്തുവിന്റെ ശരീരം ആണെന്നുള്ളതാണ്. ആദ്യത്തേത്, ശരീരം പോലെ സംഘടിതമായ സമാജം എന്ന അർത്ഥത്തിൽ ഒരു സാധർമ്യപ്രയോഗമാണെങ്കിൽ രണ്ടാമത്തേത്, സഭയെ ക്രിസ്തുശരീരത്തോടു താദാത്മ്യപ്പെടുത്തുകയാണ് (കൊലോ. 1:24; 'സഭയായ അവന്റെ ശരീരം'; എഫേ. 1:23, 'അവന്റെ ശരീരമായ സഭ').

## 4. അവയവങ്ങൾ പലതും ശരീരം ഒന്നും

കൊരിന്തിലെ സഭയിൽ പരിശുദ്ധാത്മവരങ്ങളുടെ അടിസ്ഥാനത്തിൽ ചിലർ വലിപ്പം ഭാവിച്ചതിന്റെ ഫലമായി സഭാംഗങ്ങൾ തമ്മിൽ ഭിന്നിപ്പുണ്ടായി. ഈ സന്ദർഭം ക്രിസ്തുശരീരത്തിലെ ഐക്യത്തിന്റെ മർമ്മം, സാധാരണ മനുഷ്യശരീരത്തിൽ ശരീരവും അവയവങ്ങളും തമ്മിലുള്ള അഭേദ്യബന്ധവുമായി താരതമ്യപ്പെടുത്തി വി. പൗലോസ് അവർക്കു മനസ്സിലാക്കി ക്കൊടുക്കുന്നതിനു ശ്രമിക്കുന്നു. സഭ വെറും ഒരു സംഘടിത ശക്തിയല്ല, സംഘടിതരൂപം അതിനുണ്ടെങ്കിലും. സഭ ഒരു ജൈവ യാഥാർത്ഥ്യമാണ്. ക്രിസ്തുവുമായും അംഗങ്ങൾ തമ്മിലും സുദൃഢവും

അഭേദ്യവുമായ ഒരു ജൈവബന്ധം സഭയിലുണ്ട്. ശരീരം മുഴുവനും സംക്ര മിക്കുന്ന ഒരേയൊരു ജീവന്റെ പ്രവാഹമാണ് ഈ ബന്ധത്തിനടിസ്ഥാനം. 'യഹൂദന്മാരോ യവനന്മാരോ ദാസന്മാരോ സ്വതന്ത്രരോ നാം എല്ലാവരും ഏക ശരീരമാകുമാറ് ഒരേ ആത്മാവിൽ സ്നാനം ഏറ്റും എല്ലാവരും ഒരേ ആത്മാവിൽ പാനം ചെയ്തുമിരിക്കുന്നു' (റോമർ 12:13). ശരീരത്തിൽ ഒര വയവത്തിനുണ്ടാകുന്ന കഷ്ടതയോ സന്തോഷമോ ശരീരത്തിന്റെ മുഴു വൻ കഷ്ടതയോ സന്തോഷമോ ആയി അനുഭവപ്പെടുന്നതു പോലെയാണ് സഭയിലും (റോമർ 12:26). കാരണം, 'നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തൻ വെവ്വേറെയായി അവയവങ്ങളും ആകുന്നു' (റോമർ. 12:27).

## 5. ശിരസ്സും ശരീരവും

യേശുക്രിസ്തുവും സഭയുമായുള്ള ജൈവബന്ധം കൊലോസ്യർക്കും എഫേസ്യർക്കുമെഴുതിയ ലേഖനങ്ങളിൽ മറ്റൊരു വിധത്തിൽ വി. പൗലോസ് വിവരിക്കുന്നുണ്ട്: ശിരസ്സും ശരീരവും തമ്മിലുള്ള ബന്ധം - ക്രിസ്തു ശിരസ്സും സഭ ശരീരവുമാകുന്നു (കൊലോ. 1:18; 2:10; എഫേ. 1:22; 4:15 - 16; 5:23). തലയും ശരീരവും തമ്മിൽ അഭേദ്യമായ ഒരു ബന്ധ മുണ്ട്. എന്നാൽ അവ തമ്മിൽ ഒരു പ്രധാന വ്യത്യാസവും ഉണ്ട്. തല ശരീരത്തിന്റെ വെറുമൊരു അവയവമല്ല; തല ശരീരത്തിന്റെ കേന്ദ്രമാണ്. ശിരസ്സിന്റെ നിയന്ത്രണമനുസരിച്ചു ശരീരം നീങ്ങുന്നു. തലയിൽ നിന്നും ചൈതന്യം ലഭിച്ചും തലയോട് ഏകീഭവിച്ചും ശരീരം ദൈവീക വളർച്ച പ്രാപിക്കുന്നു (കൊലോ. 2:19; എഫേ. 4:16). അങ്ങനെ ശരീരമാകുന്ന സഭ ക്രിസ്തുവിനെ ലക്ഷ്യമാക്കിയും മാതൃകയാക്കിയും 'ക്രിസ്തു എന്ന തല യോളം' പൂർണതയിലേക്കു വളരുന്നു (എഫേ. 4:15).

## 6. സഭ - ദൈവസമ്പൂർണത

കൊലോസ്യർക്കും എഫേസ്യർക്കുമെഴുതിയ ലേഖനങ്ങളിൽ സഭയെ ദൈവസമ്പൂർണതയുടെ മൂർത്തരൂപമായി കാണുന്നു. ഇത്, ക്രിസ്തുവിന്റെ ശരീരമെന്ന നിലയിൽ ക്രിസ്തുവിൽ നിന്നു സഭ സ്വീകരിക്കുന്നതാണ്. ദൈവ ത്തിന്റെ സമ്പൂർണതയും യേശുക്രിസ്തുവിൽ ദേഹരൂപത്തിൽ വസിക്കുന്നു (കൊലോ. 2:9). എന്നാൽ ഈ ദൈവസമ്പൂർണതയുടെ നിറവു സഭയി ലേക്കും പ്രവഹിക്കുന്നു. കാരണം, സഭ ക്രിസ്തുവിനോട് ഐക്യപ്പെട്ടിരി ക്കുന്നു. യേശുക്രിസ്തുവിൽ പിതാവു നൽകുന്ന സമ്പൂർണത സഭയിലൂടെ പ്രകാശിതമാവുന്നു. ചരിത്രത്തിൽ ക്രിസ്തു തുടങ്ങിവച്ചത് ഇന്നും സഭ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവാ യുള്ളതു സഭയായ അവന്റെ ശരീരത്തിൽ പൂർത്തീകരിക്കപ്പെട്ടുകൊണ്ടിരി ക്കണം. ഇങ്ങനെ സഭ പൂർത്തീകരിക്കേണ്ട കഷ്ടത വി. പൗലോസ് തന്റെ ജഡത്തിൽ പൂർത്തീകരിക്കുന്നുവെന്നു പറയുന്നുണ്ടല്ലോ (കൊലോ. 1:24).

മനുഷ്യവർഗത്തിന്റെയും ഈ പ്രപഞ്ചത്തിന്റെയും സർവ സമ്പൂർണ തയും യേശുക്രിസ്തുവാണ്. ക്രിസ്തു സർവസൃഷ്ടിക്കും ആദ്യജാത നാണ് സകലവും അവൻ മുഖാന്തിരവും അവന്നായിട്ടും സൃഷ്ടിക്കപ്പെട്ടു. സകല സൃഷ്ടിക്കും ആധാരവും ക്രിസ്തു തന്നെ. ലോകത്തിന്റെ പുനർസൃ ഷ്ടിയും ക്രിസ്തുവിലൂടെയാണ് പിതാവ് നിർവഹിച്ചുകൊണ്ടിരിക്കുന്നത്. മരിച്ചവരുടെ ഇടയിൽ നിന്ന് ആദ്യഫലമായി പുനരുത്ഥാനം ചെയ്ത ക്രിസ്തുവിലൂടെ സർവവും പിതാവു തന്നിലേക്കു നിരപ്പിക്കുന്നു (കൊ ലോ. 1:15–22). സഭയുടെ തലയാകുന്ന ക്രിസ്തുവിന്റെ ഈ സമ്പൂർണത അവന്റെ ശരീരമായ സഭയ്ക്കും നൽകിയിരിക്കുന്നു......... അവനെ സർവ ത്തിനും മീതെ തലയാക്കി എല്ലാറ്റിനും എല്ലാം നിറയ്ക്കുന്നവന്റെ നിറവാ യിരിക്കുന്ന അവന്റെ ശരീരമായ സഭയ്ക്കു കൊടുക്കയും ചെയ്തിരിക്കുന്നു' (എഫേ. 1:22–23).

### 7. പശ്ചാത്തല ചിന്താധാരകൾ

സഭ ക്രിസ്തുശരീരമാണെന്നും സർവ്വ മനുഷ്യവർഗവും യേശുക്രിസ്തു വിൽ ഐക്യപ്പെട്ട് ഒരു ശരീരമായിത്തീരുന്നുവെന്നുമുള്ള വി. പൗലോ സിന്റെ ഉപദേശത്തിനു പിൻപിൽ രണ്ടു ചിന്താധാരകൾ നമുക്കു കണ്ടെ ത്താൻ കഴിയും.

#### (i) യഹൂദ പശ്ചാത്തലം

ക്രിസ്ത്യാനികൾ അന്യോന്യവും തങ്ങളുടെ കർത്താവുമായുമുള്ള ഐക്യം പ്രകാശിപ്പിക്കുന്നതിനു വി. പൗലോസ് എങ്ങനെ ശരീരം എന്ന പദം സ്വീകരിക്കാനിടയായി? അതും ഒരു വ്യക്തിയുടെ ശരീരത്തിലുള്ള ഐക്യമായി കാണുന്നതിനു പിമ്പിലെ ചിന്താസ്വാധീനം എന്താണ്? ഇവിടെ, വി. പൗലോസിന്റെ കാലഘട്ടത്തിൽ ജീവിച്ചിരുന്ന യഹൂദ റബി മാരുടെ പാരമ്പര്യത്തിൽ നിന്നുള്ള ഉപദേശങ്ങളിൽ സർവ മനുഷ്യവർഗ ത്തിന്റെയും ആദാമിലുള്ള ഐക്യത്തെക്കുറിച്ചുള്ള ചിന്ത ശ്രദ്ധേയമാണ്. ഈ പാരമ്പര്യമനുസരിച്ച് ആദാമിന്റെ ശരീര ഘടനയും നിർമ്മാണവും മനുഷ്യവർഗം മുഴുവന്റെയും ഐക്യത്തിന്റെ പ്രതീകമാണ്. ലോകത്തെ ല്ലായിടത്തു നിന്നും ശേഖരിക്കപ്പെട്ട മണ്ണു കൊണ്ടാണ് ദൈവം ആദാ മിനെ മനഞ്ഞെടുത്തത്. ആദാം എന്ന പേരു തന്നെ ഒരു വ്യക്തിയുടെ പേരല്ല, മനുഷ്യവർഗത്തിന്റെ പൊതുനാമമാണ്. ഇത് മനുഷ്യജാതിയുടെ മുഴുവൻ ആദാമിലുള്ള ഐക്യം കാണിക്കുന്നു എന്ന് റബിമാർ പഠിപ്പി ച്ചു. ആദാമിൽ നിന്നും സർവ മനുഷ്യവർഗവും ഉൽഭവിക്കുന്നു. ആദാ മിൽ സർവ മനുഷ്യവർഗവും നിലനിൽക്കുന്നു. അങ്ങനെ ആദാം സർവ മനുഷ്യവർഗത്തേയും ഉൾക്കൊള്ളുന്ന ഒരു സഞ്ചിത വ്യക്തിയാണ്.

ഒന്നാമത്തെ ആദാം അവസാനത്തെ ആദാം എന്നിങ്ങനെ ആദാമിനേയും ക്രിസ്തുവിനേയും സംബന്ധിച്ച് വി. പൗലോസിന്റെ പരാമർശനം (1 കൊരി. 15:45) ഈ യഹൂദ പാരമ്പര്യത്തോടു ബന്ധപ്പെട്ടു നിൽക്കുന്നു. ഒന്നാം ആദാം പാപം ചെയ്തതിന്റെ ഫലമായി സകല മനുഷ്യജാതിയും പാപത്തിന് അധീനമായി. അങ്ങനെ പാപവും മരണവും ആദാമിലൂടെ ലോകത്തിലേക്കു വന്നു. ആദാമിന്റെ ഭാഗധേയത്വത്തിൽ സകല മനുഷ്യജാതിയും പങ്കുചേരുന്നു. അതുപോലെ തന്നെ അവസാനത്തെ ആദാമായ ക്രിസ്തുവിൽ ഒരു പുതിയ മനുഷ്യവർഗം രൂപംകൊള്ളുകയാണ്. ആദ്യത്തെ ആദാമിൽ പാപത്തിനും മരണത്തിനും വിധേയമായ മനുഷ്യജാതിയുടെ ഐക്യം കാണുന്നതുപോലെ അവസാനത്തെ ആദാമായ ക്രിസ്തുവിൽ രക്ഷയിലും പുനരുത്ഥാനത്തിലും പ്രവേശിച്ചിരിക്കുന്ന പുതിയ മനുഷ്യജാതിയുടെ ഐക്യം കാണുന്നു. 'ഏക മനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായിത്തീർന്നതുപോലെ 'ഏകന്റെ അനുസരണത്താൽ അനേകർ നീതിമാന്മാരായിത്തീരും' (റോമർ 5:19; റോമർ. 5:12-21 വരെ വായിക്കുക).

ആദ്യ ആദാമാണ് ആദ്യ സൃഷ്ടിയുടെ കേന്ദ്രം. വീണ്ടെടുക്കപ്പെട്ട മനുഷ്യവർഗം ഐക്യപ്പെട്ട് ക്രിസ്തുവിൽ ഒരു സഞ്ചിത വ്യക്തിത്വം (കൂട്ടു വ്യക്തിത്വം) സൃഷ്ടിക്കപ്പെടുന്നു. യഹൂദനും യവനനും ദാസനും സ്വതന്ത്രനും എല്ലാം ഒന്നുചേർന്നു ക്രിസ്തുവിന്റെ ഏകശരീരമായിത്തീരുന്നു (1 കൊരി. 12:13; എഫേ. 2:16).

### (ii) ക്രിസ്തീയ പശ്ചാത്തലം

വി. കുർബാനയിൽ ഒരേ അപ്പത്തിലും പാനപാത്രത്തിലുമുള്ള സഭയുടെ ഒന്നായ സംബന്ധമാണ് സഭ ക്രിസ്തുശരീരം തന്നെയാണെന്ന് പഠിപ്പിക്കുന്നതിന് വി. പൗലോസിനെ പ്രേരിപ്പിച്ചത്. 'നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മയല്ലയോ? നാം നുറുക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മയല്ലയോ? അപ്പം ഒന്നാക കൊണ്ട് പലരായ നാം ഒരു ശരീരമാകുന്നു. നാം എല്ലാവരും ആ ഒരേ അപ്പത്തിന്റെ അംശികളാകുന്നുവല്ലോ (1 കൊരി. 10:16-17). ഒരപ്പത്തിൽ നിന്നു തന്നെ ഭക്ഷിക്കുന്നതു വഴി ക്രിസ്തുവിന്റെ ഏകശരീരത്തിൽ പങ്കാളികളാവുന്നു. അന്ത്യ അത്താഴ സമയത്ത് അപ്പം എടുത്തു വാഴ്ത്തി ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട് 'ഇത് എന്റെ ശരീരം' എന്നു കർത്താവു പറയുന്നുണ്ടല്ലോ (മത്തായി 26:26; മർക്കോസ് 14:22; ലൂക്കോസ് 22:19; 1 കൊരി. 11:24).

ക്രിസ്തുശരീരം മരിച്ച് പുനരുത്ഥാനം ചെയ്ത ശരീരമാണ്. അതു മനുഷ്യജാതിയുടെ വിമോചനത്തിനു വേണ്ടി ക്രൂശിന്മേൽ അർപ്പിക്ക

പ്പെട്ടതും മരണത്തെ ജയിച്ചു പുനരുത്ഥാനത്തിന്റെ തേജസ്സു ധരിച്ചതുമായ ശരീരമാണ്. യാഗാർപ്പണവും തേജസ്കരണവും ക്രിസ്തു ശരീരമാകുന്ന സഭയിലൂടെ ഇന്നും തുടരുന്നു. 'അവന്റെ മരണത്തിന്റെ സാദൃശ്യത്തോട് ഏകീഭവിച്ചവരായെങ്കിൽ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും' (റോമർ 6:5). ഈ രണ്ടു പ്രക്രിയകളും വി. കുർബാനയാൽ കേന്ദ്രീകൃതമായാണ് സഭയിൽ നടക്കുന്നതും. ലോകത്തിനു വേണ്ടി സ്വയം വെറുമയാക്കുന്നതിലൂടെയും പുനരുത്ഥാനത്തിന്റെ തേജസിലേക്കു സ്വയം രൂപാന്തരപ്പെടുകയും ലോകത്തെ രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നതിലൂടെയും സഭ ജീവിതത്തിൽ വി. കുർബാന അർത്ഥപൂർണമാക്കുന്നു. സഭയുടെ യാഗാർപ്പണത്തിന്റെ ദൗത്യം കഷ്ടമനുഭവിക്കുന്നതിലൂടെ 'എന്റെ ജഡത്തിൽ സഭയായ അവന്റെ ശരീരത്തിനു വേണ്ടി പൂരിപ്പിക്കുന്നു' എന്ന് വി. പൗലോസ് പറയുന്നുണ്ടല്ലോ (കൊലോ. 1:24).

വി. കുർബാനയിൽ ക്രിസ്തുവിന്റെ തിരുശരീര രക്തങ്ങൾ അനുഭവിക്കുന്നതു വഴി സഭ മരിച്ച് പുനരുത്ഥാനം ചെയ്ത ക്രിസ്തുവിന്റെ ശരീരമായിത്തീരുകയാണ്. ക്രിസ്തുവിന്റെ ജീവിതവും വ്യക്തിത്വവുമായിത്തീരുകയാണ്. ഈ അനുഭവവും ആയിത്തീരലും നിരന്തരം വി. കുർബാനയിലൂടെ സഭ പൂർത്തീകരിക്കുന്നു. ഈ നിലയിലാണ് ക്രിസ്തുശരീരമായ സഭയും തമ്മിലുള്ള അഭേദ്യബന്ധം വി. പൗലോസ് കാണുന്നത്.

### ചോദ്യങ്ങൾ

1. ദൈവരാജ്യവും സഭയും തമ്മിലുള്ള ബന്ധം എന്ത്?
2. 'ക്രിസ്തുവിന്റെ ശരീരം' സഭയുടെ ഐക്യം എങ്ങനെ പ്രകാശിപ്പിക്കുന്നുവെന്നു വിശദമാക്കുക.
3. 'ക്രിസ്തുവിന്റെ ശരീരം' എന്ന പുതിയനിയമ ചിന്തയുടെ പശ്ചാത്തലങ്ങൾ വിവരിക്കുക.

## പാഠം 3

# ക്രിസ്തുവെന്ന ദൈവത്തിന്റെ രഹസ്യം

❑ സ്വർഗീയ സഭയും ദൈവീക രഹസ്യങ്ങളും ❑ രഹസ്യം പുതിയനിയമത്തിൽ ❑ മറഞ്ഞിരിക്കുന്ന രഹസ്യം ❑ ജാതികളുടെ രക്ഷ ❑ ക്രിസ്തുവിൽ സകലവും ഒന്നായി ചേരുക ❑ വിശുദ്ധ രഹസ്യങ്ങൾ

സഭയുടെ കൂദാശകൾക്ക്, പ്രത്യേകിച്ചും വിശുദ്ധ കുർബ്ബാനയ്ക്കു വിശുദ്ധ രഹസ്യങ്ങൾ എന്നാണു പൗരസ്ത്യ സഭകൾ നാമകരണം ചെയ്യുന്നത്. വിശുദ്ധ കൂദാശകളെ വിശുദ്ധ രഹസ്യങ്ങൾ എന്ന് എന്തുകൊണ്ടു വിളിക്കുന്നു? ഈ പാഠത്തിൽ ഇതിന്റെ വേദപുസ്തകാടിസ്ഥാനം കണ്ടെത്തുന്നതിനു ശ്രമിക്കുകയാണ്. സംക്ഷിപ്തമായി പറഞ്ഞാൽ, പഴയനിയമത്തിലും പുതിയനിയമത്തിലും ദൈവത്തിന്റെ രഹസ്യങ്ങൾ മനുഷ്യനെ സംബന്ധിച്ചും ലോകത്തെ സംബന്ധിച്ചുമുള്ള ദൈവത്തിന്റെ രക്ഷാകരമായ ഉദ്ദേശ്യങ്ങളും ആലോചനകളും പദ്ധതികളുമാണ്. പഴയനിയമകാലത്തു പ്രവാചകന്മാരിലൂടെയും ദൈവമനുഷ്യരിലൂടെയും ദൈവം തന്റെ രഹസ്യങ്ങൾ, ലോകത്തെ സംബന്ധിച്ച ദൈവപദ്ധതി, അതാതു കാലത്തു വെളിപ്പെടുത്തുന്നുണ്ട്. എന്നാൽ അനാദികാലം മുതൽ മറഞ്ഞുകിടന്നിരുന്ന ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ പൂർണത കാലത്തികവിൽ ക്രിസ്തുവിൽ വെളിപ്പെട്ടു. ഇങ്ങനെ ക്രിസ്തുവിൽ പൂർത്തീകരിക്കപ്പെട്ട ദൈവത്തിന്റെ ഈ രക്ഷാപദ്ധതിയിൽ വിശുദ്ധ കൂദാശകളിലൂടെ സഭ പങ്കുചേരുകയും ലോകത്തെ അതിലേക്ക് ആനയിക്കുകയും ചെയ്യുന്നു.

### 1. സ്വർഗീയ സഭയും ദൈവീക രഹസ്യങ്ങളും

പുതിയനിയമത്തിലെ രഹസ്യങ്ങൾ എന്ന പദത്തിനു തുല്യമായ പഴയനിയമ (എബ്രായ) പദം 'സോദ്' ആണ്. ഈ വാക്കിന് രണ്ടർത്ഥങ്ങൾ ഉണ്ട് (1) ദൈവത്തിന്റെ സ്വർഗീയ സഭ (heavenly assembly or council) (2) അതിലെ രഹസ്യ ആലോചനകൾ (Secret Counsels). ഇയ്യോബിന്റെ പുസ്തകം ഒന്നും രണ്ടും അദ്ധ്യായങ്ങളിൽ, യഹോവയുടെ സന്നിധിയിൽ നിൽക്കുന്ന 'ദൈവപുത്രന്മാർ' സങ്കീ. 82:1, 6 –ൽ കാണുന്ന 'ദേവസഭ,' സങ്കീ. 89:5, 7 –ൽ കാണുന്ന 'വിശുദ്ധന്മാരുടെ സഭ' ഇവയെല്ലാം പഴയനിയമത്തിലെ 'ദൈവത്തിന്റെ സോദ്' –ന് ഉദാഹരണങ്ങളായി ചൂണ്ടിക്കാണിക്കാൻ കഴിയും. പഴയനിയമത്തിൽ ഒരു യഥാർത്ഥ പ്രവാചകന്റെ സവിശേഷ ഗുണം ദൈവത്തിന്റെ ആലോചനാസഭയിൽ നിൽക്കുന്നവൻ എന്നുള്ളതാണ്. കള്ളപ്രവാചകനിൽ നിന്നും ഒരു യഥാർത്ഥ പ്രവാചകനെ തിരിച്ചറിയാനുള്ള മാനദണ്ഡവും ഇതാണ്. കള്ളപ്രവാചകന്മാരുടെ വാക്കുകൾക്കു ചെവികൊടുക്കരുതെന്ന് ജനത്തെ താക്കീതു ചെയ്തുകൊണ്ട്

യിരമ്യാ പ്രവാചകൻ പറയുന്നതു ശ്രദ്ധിക്കുക: 'യഹോവയുടെ വചനം ദർശിച്ചുകേൾപ്പാൻ തക്കവണ്ണം അവന്റെ ആലോചനാസഭയിൽ (സോദ്) നിന്നവൻ ആർ?' (യിര. 23:18). ഇതേ ആശയം തന്നെ ഇയ്യോബിന്റെ പുസ്തകത്തിലും കാണാം. ഏലീഫസ് ഇയ്യോബിനോടു ചോദിക്കുന്നു, 'നീ ദൈവത്തിന്റെ മന്ത്രിസഭയിൽ (സോദ്) കൂടീട്ടുണ്ടോ?' (ഇയ്യോബ് 15:8). ഇങ്ങനെ ദൈവത്തിന്റെ സഭയിലേക്കു പ്രവേശിക്കുന്ന പ്രവാചകന്മാർ ലോകത്തെപ്പറ്റിയുള്ള ദൈവഹിതം ഗ്രഹിക്കുന്നു. ഇതിനും 'സോദ്' എന്ന വാക്കു തന്നെയാണ് ഉപയോഗിച്ചിരിക്കുന്നത്. ആമോസ് 3:7 -ൽ അക്കാലത്തു സാധാരണ പറയാറുണ്ടായിരുന്ന ഒരു ചൊല്ല് പ്രവാചകൻ രേഖപ്പെടുത്തുന്നു, 'യഹോവയായ കർത്താവ് പ്രവാചകന്മാരായ തന്റെ ദാസന്മാർക്കു തന്റെ 'രഹസ്യം' (സോദ് – ആലോചന) വെളിപ്പെടുത്താതെ ഒരു കാര്യവും ചെയ്കയില്ല.'

ഇങ്ങനെ 'സോദ്' എന്ന പദത്തിനു യഹോവയുടെ രഹസ്യ സ്വർഗ്ഗീയ സഭ, അതിന്റെ രഹസ്യ ആലോചനകൾ – മനുഷ്യനെയും ലോകത്തെയും സംബന്ധിച്ചുള്ള ദൈവപദ്ധതി എന്നീ അർത്ഥങ്ങളാണുള്ളത്.

പുതിയനിയമത്തിലെ രഹസ്യങ്ങൾ (മർമ്മങ്ങൾ) എന്ന പദത്തിന്റെ അർത്ഥം മനസ്സിലാക്കുന്നതിനു സഹായകമായ മറ്റൊരു പഴയനിയമ ഭാഗമാണ് ദാനിയേലിന്റെ പുസ്തകം രണ്ടാം അദ്ധ്യായം. ഇതിന്റെ മൂലഭാഷ അറമായ ആണ് (ദാനിയേൽ 2:4 – 7:28 വരെ അറമായ ഭാഷയിലാണ് എഴുതപ്പെട്ടത്). ഈ അദ്ധ്യായത്തിൽ എട്ടു പ്രാവശ്യം 'രഹസ്യം' എന്ന പദം ഉപയോഗിച്ചിരിക്കുന്നു. 'റാസ്' ആണ് അറമായ വാക്ക്. നെബുക്കദ്നേസർ രാജാവ് കണ്ട ദർശനവും അതിന്റെ അർത്ഥവും വെളിപ്പെടുത്തി കൊടുക്കുന്നതിനു വിദ്വാന്മാർക്കോ മന്ത്രവാദികൾക്കോ കഴിയുന്നില്ല. നെബുക്കദ്നേസർ രാജാവിന്റെ രാജത്വത്തിന്റെ ഭാവിയെ സംബന്ധിച്ച ദൈവിക 'രഹസ്യം' – ദൈവിക നിശ്ചയം, ദൈവികപദ്ധതി, വിദ്വാന്മാർക്കോ മന്ത്രവാദികൾക്കോ വെളിപ്പെടുത്താൻ കഴിയുന്നില്ല (2:27). 'രഹസ്യങ്ങളെ വെളിപ്പെടുത്തുന്ന ഒരു ദൈവം സ്വർഗ്ഗത്തിൽ ഉണ്ട്.... രഹസ്യങ്ങളെ വെളിപ്പെടുത്തുന്നവൻ സംഭവിപ്പാനുള്ളത് അറിയിച്ചുമിരിക്കുന്നു (2:28–29). ഈ ദൈവിക രഹസ്യം അറിയുന്നതിനും അതു രാജാവിനെ അറിയിക്കുന്നതിനും ദാനിയേലിനു കഴിഞ്ഞു. ഇവിടെ ദൈവത്തിന്റെ സ്വർഗ്ഗീയ സഭയിലേക്കു പ്രവേശിച്ച് ദൈവത്തിന്റെ ഭാവി പദ്ധതികളുടെ രഹസ്യം അറിയുന്ന പുരാതന പ്രവാചകന്മാരുടെ നിരയിലാണ് ദാനിയേലിനെയും കാണാൻ കഴിയുക. യഹോവ തന്റെ ദാസന്മാരായ പ്രവാചകന്മാർക്ക് തന്റെ രഹസ്യം വെളിപ്പെടുത്തുന്നു എന്ന ആമോസിന്റെ വാക്കുകൾ ഇവിടെയും അന്വർത്ഥമായിരിക്കുന്നു.

## 2. രഹസ്യം പുതിയനിയമത്തിൽ

പുതിയനിയമത്തിൽ 17 പ്രാവശ്യം രഹസ്യം - രഹസ്യങ്ങൾ (മർമ്മം/ മർമ്മങ്ങൾ) - മിസ്റ്റീറിയോൻ - എന്ന പദം ഉപയോഗിച്ചിരിക്കുന്നു. അവയിൽ 20 പ്രാവശ്യവും വി. പൗലോസിന്റെ ലേഖനങ്ങളിലാണു കാണുക. അതുകൊണ്ടു പുതിയനിയമത്തിൽ ഈ വാക്കിന്റെ അർത്ഥം പ്രധാനമായും വി. പൗലോസിന്റെ ലേഖനങ്ങളിൽ നിന്നു തന്നെയാവും കണ്ടെത്തേണ്ടത്.

## 3. മറഞ്ഞിരുന്ന രഹസ്യം

ലോകത്തെ സംബന്ധിച്ചു ദൈവത്തിന്റെ രക്ഷാപദ്ധതി ദൈവത്തിന്റെ അനന്തമായ ജ്ഞാനത്തിലുള്ളതാണ്. ഇത് ലോകസൃഷ്ടിക്കു മുമ്പു തന്നെ ദൈവം മുൻനിയമിച്ചതും പൂർവ്വകാലങ്ങൾക്കും തലമുറകൾക്കും മറഞ്ഞു കിടന്നിരുന്നതുമാണ് (1 കൊരി. 2:7; റോമ. 16:24; കൊലോ. 1:26; എഫേ. 3:5, 9). ദൈവം തന്നെ സ്നേഹിക്കുന്നവർക്കു വേണ്ടി അവരുടെ തേജസ്സിന്നായി ഒരുക്കിയിട്ടുള്ള രക്ഷാകരപദ്ധതിയാണ് (1 കൊരി. 2:7, 9). ഈ ജ്ഞാനം ദൈവത്തിന്റെ രഹസ്യമാണ്. അത് എല്ലാവർക്കും ലഭിക്കുന്നില്ല. ദൈവിക രഹസ്യങ്ങളിലേക്കു പ്രവേശിക്കുന്നതിന് ആദ്ധ്യാത്മിക വളർച്ച പ്രാപിച്ചിട്ടുള്ള പക്വമതികൾ (തികഞ്ഞവർ) ക്കു മാത്രമേ ഈ ജ്ഞാനം ലഭിക്കുന്നുള്ളു. അതുകൊണ്ട് ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ ജ്ഞാനം അപ്പോസ്തോലന്മാർ രഹസ്യമായി (മർമ്മമായി) പ്രസ്താവിക്കുന്നു എന്ന് വി. പൗലോസ് പറയുന്നു (1 കൊരി. 2:6–8). 'രഹസ്യമായി പ്രസ്താവിക്കുന്നു' എന്നു പറയുമ്പോൾ പൗലോസ് ശ്ലീഹാ ഉദ്ദേശിക്കുന്നതു ലൗകീകർക്കു മറഞ്ഞിരിക്കുന്നതും, 'നമുക്കോ ദൈവം തന്റെ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്ന'തുമായ (1 കൊരി. 2:10) ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ രഹസ്യം എന്ന അർത്ഥത്തിലാണ്. ദൈവത്തിന്റെ ജ്ഞാനം മൂടിവയ്ക്കപ്പെട്ട രൂപത്തിലേ സാധാരണക്കാർക്കു കാണപ്പെടുന്നുള്ളു. ദൈവിക ജ്ഞാനത്തിന്റെ ഈ രഹസ്യസ്വഭാവമാണ് അതിന് 'രഹസ്യം' എന്നു പേരു നൽകുന്നത്.

സമവീക്ഷണ സുവിശേഷങ്ങളുടെ വെളിച്ചത്തിൽ ഇതു കുറേക്കൂടെ വ്യക്തമാക്കാൻ കഴിയും. ദൈവരാജ്യത്തെ സംബന്ധിച്ച രഹസ്യജ്ഞാനം ശിഷ്യന്മാർക്കു മാത്രമേ കർത്താവു വെളിപ്പെടുത്തുന്നുള്ളു. 'ദൈവരാജ്യത്തിന്റെ മർമ്മം നിങ്ങൾക്കു നൽകപ്പെട്ടിരിക്കുന്നു; പുറത്തുള്ളവർക്കോ സകലവും ഉപമകളാൽ ലഭിക്കുന്നു' (മർക്കോ. 4:11; cf മത്തായി 13:11; ലൂക്കോ. 8:10). അജ്ഞത കൊണ്ടും മുൻവിധി കൊണ്ടും അന്ധരായിരിക്കുന്നവർക്കു ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ രഹസ്യം വെളിപ്പെടുന്നില്ല. അവർ കണ്ടിട്ടും അറിയാതെയും കേട്ടിട്ടും ഗ്രഹിക്കാതെയുമിരിക്കുന്നു (മർക്കോ. 4:12).

## 4. ക്രിസ്തു എന്ന രഹസ്യം

ജഡധാരണം മുതൽ തേജസ്സോടെ സ്വർഗാരോഹണം ചെയ്യുന്നതു വരെയുള്ള ക്രിസ്തുവിന്റെ രക്ഷാകരജീവിതവും പ്രവർത്തനങ്ങളും ആണു പ്രധാനമായും പുതിയനിയമത്തിൽ ദൈവിക രഹസ്യത്തിന്റെ ഉള്ളടക്കം. 1 തിമോ. 3:16 –ൽ വി. പൗലോസ് ക്രിസ്തുവിന്റെ ജീവിതത്തിൽ ആറു പ്രധാനപ്പെട്ട ഘട്ടങ്ങൾ കാണുന്നു. (1) അവൻ ജഡത്തിൽ വെളിപ്പെട്ടു. (2) ആത്മാവിൽ നീതീകരിക്കപ്പെട്ടു. (3) ദൂതന്മാർക്കു പ്രത്യക്ഷനായി. (4) ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു. (5) ലോകത്തിൽ വിശ്വസിക്കപ്പെട്ടു. (6) തേജസ്സിൽ എടുക്കപ്പെട്ടു. ഇവയെ ദൈവഭക്തിയുടെ (ക്രിസ്തീയ വിശ്വാസത്തിന്റെ) രഹസ്യം എന്നു പൗലോസ് വിശേഷിപ്പിക്കുന്നു. ഈ വിശ്വാസത്തിന്റെ രഹസ്യം ശുദ്ധമനസ്സാക്ഷിയിൽ സൂക്ഷിക്കണമെന്നു വി. പൗലോസ് ശുശ്രൂഷകരെ (ശെമ്മാശ്ശന്മാരെ) പ്രബോധിപ്പിക്കുന്നുണ്ട് (1 തിമോ. 3:9).

ക്രിസ്തുവിന്റെ ജീവിതവും പ്രവർത്തനങ്ങളും എന്നല്ല, ക്രിസ്തു തന്നെ ദൈവത്തിന്റെ രഹസ്യം ആണെന്നു പൗലോസ് അപ്പോസ്തോലൻ പറയുന്നു (കൊലോ. 2:2; 4:3; എഫേ. 3:4).

## 5. ജാതികളുടെ രക്ഷ

എഫേ. 3: 2 – 10 വരെയുള്ള ഭാഗം ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ ഒരു പ്രധാന ഘടകം എടുത്തു പറയുന്നുണ്ട്. യഹൂദന്മാർ മാത്രമാണു ദൈവത്തിന്റെ ജനമെന്നും ദൈവരാജ്യാവകാശികളുമെന്ന ധാരണ തിരുത്തിക്കൊണ്ടു ദൈവം ജാതികളെയും യേശുക്രിസ്തുവിലൂടെ രക്ഷയ്ക്കു പങ്കാളികളാക്കുന്നു. യേശുക്രിസ്തുവിനെ സംബന്ധിച്ച രഹസ്യം, 'ജാതികൾ സുവിശേഷത്തിൽ ക്രിസ്തുയേശുവിൽ കൂട്ടവകാശികളും ഏക ശരീരസ്ഥരും വാഗ്ദത്തത്തിൽ പങ്കാളികളും ആകേണം എന്നുള്ളതു തന്നെ' (എഫേ. 3:6 cf റോമ. 16:16; കൊലോ. 1:25–27).

## 6. ക്രിസ്തുവിൽ സകലവും ഒന്നായി ചേർക്കുക

ക്രിസ്തുവിൽ പൂർത്തീകരിക്കപ്പെടുന്ന ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ മറ്റൊരു സുപ്രധാന തലത്തിലേക്ക് എഫേസ്യ ലേഖനം വിരൽ ചൂണ്ടുന്നുണ്ട്. 'ഭൂമിയിലുള്ളതും സ്വർഗത്തിലുള്ളതും എല്ലാം പിന്നേയും ക്രിസ്തുവിൽ ഒന്നായി ചേർക്കുക' എന്ന 'ദൈവഹിതത്തിന്റെ രഹസ്യ'മാണത് (എഫേ. 1:9–10). ദൈവത്തിന്റെ രക്ഷാപദ്ധതിയിൽ മനുഷ്യവർഗം മാത്രമല്ല ഉൾപ്പെടുന്നത്, സ്വർഗത്തിലും ഭൂമിയിലുമുള്ള ദൃശ്യവും അദൃശ്യവുമായ സകലവും ആണ്. ഇവിടെ 'സ്വർഗത്തിലുള്ള' എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നതു വാഴ്ചകൾ, അധികാരങ്ങൾ, ശക്തികൾ

എന്നിങ്ങനെ മറ്റു സന്ദർഭങ്ങളിൽ പൗലോസ് വിവരിക്കുന്ന ദൂതന്മാരുടെ ശക്തികളെക്കുറിച്ചാണ് (എഫേ. 1:21; 3:10; 6:12). ഈ ശക്തികൾ മനുഷ്യന്റെ മേൽ അധികാരം നടത്തുന്നുവെന്നും അവയുടെ മേലുള്ള വിജയം ദൈവത്തിന്റെ രക്ഷാകരപ്രവൃത്തിയുടെ ലക്ഷ്യമാണെന്നും പൗലോസ് വിവക്ഷിക്കുന്നു. ഭൂമിയിലുള്ള എന്ന പദം കൊണ്ട് മനുഷ്യർ മാത്രമല്ല സമസ്ത സൃഷ്ടിയെയും ഉൾക്കൊള്ളുന്ന ഒരു വിശ്വവീക്ഷണവും ദൈവത്തിന്റെ രക്ഷാപദ്ധതിക്കുണ്ടെന്ന് വി. പൗലോസ് ചൂണ്ടിക്കാണിക്കുന്നു. ദൈവത്തിന്റെ ഈ രക്ഷാപദ്ധതി 'കാലസമ്പൂർണതയിൽ' ക്രിസ്തുവിലൂടെ പൂർത്തീകരിക്കപ്പെടും (എഫേ. 1:10).

## 7. വിശുദ്ധ രഹസ്യങ്ങൾ

ക്രിസ്തുവർഷം നാലാം നൂറ്റാണ്ടു മുതൽക്കേ രഹസ്യം (രഹസ്യങ്ങൾ) എന്ന പദം വ്യക്തമായും കൂദാശകൾക്കു പകരമായി ഉപയോഗിച്ചിരുന്നുള്ളു. 1. കൊരി. 4:1 –ൽ 'ദൈവമർമ്മങ്ങളുടെ (രഹസ്യങ്ങളുടെ) ഗൃഹവിചാരകന്മാർ' എന്ന് അപ്പോസ്തോലന്മാരെക്കുറിച്ചു വി. പൗലോസ് പറയുന്നുണ്ട്. ഇതിന്റെ പ്രതിധ്വനിയെന്നോണം 'യേശുക്രിസ്തുവിന്റെ രഹസ്യങ്ങളുടെ ശുശ്രൂഷകർ' എന്ന് ശെമ്മാശന്മാരെ സംബന്ധിച്ച് വി. ഇഗ്നാത്തിയോസ് ത്രാലിയർക്കെഴുതിയ ലേഖനത്തിൽ പറയുന്നു (2:3). രണ്ടിടത്തും 'രഹസ്യങ്ങൾ' വി. കുർബാനയെ സംബന്ധിച്ചാണു പറയുന്നതെന്ന് തീർത്തു പറയാനാവില്ല. വി. ഇഗ്നാത്തിയോസിന്റെ പരാമർശം വി. കുർബാനയെ സംബന്ധിച്ചായിരിക്കാം എന്നു സന്ദർഭം കൊണ്ടു പറയാൻ കഴിയും. ജസ്റ്റിൻ മാർട്ടിയറും തെർത്തുല്യനും കൂദാശകൾക്ക് 'രഹസ്യങ്ങൾ' എന്നു പറയുന്നില്ലെങ്കിലും പുറജാതികളുടെ 'രഹസ്യങ്ങൾ' ക്രിസ്ത്യാനികളുടെ കൂദാശകളുടെ പൈശാചികമായ അനുകരണമാണെന്നു പറയുന്നു. 'Mystery religions' എന്നു പറഞ്ഞുവരുന്ന പുറജാതി മതങ്ങളിലെ ആരാധനകളുടെ ഉദ്ദേശ്യം ദേവന്മാരുടെ ജീവിതത്തിലും പ്രവർത്തനത്തിലും പങ്കുചേരുക എന്നതായിരുന്നു. ക്രിസ്തീയ കൂദാശകളുടെ ലക്ഷ്യം യേശുക്രിസ്തുവിലൂടെ പൂർത്തീകരിക്കപ്പെട്ട ദൈവത്തിന്റെ രക്ഷാപ്രവർത്തനങ്ങളിൽ പങ്കാളികളായിത്തീരുക എന്നതാണല്ലോ.

വേദപുസ്തകത്തിൽ, ദൈവത്തിന്റെ രക്ഷാപദ്ധതി ദൈവത്തിന്റെ രഹസ്യമാണ്. യേശുക്രിസ്തുവും അവിടുത്തെ രക്ഷാകരപ്രവർത്തനങ്ങളും പൂർവകാലങ്ങളിൽ മറഞ്ഞുകിടന്നതും കാലത്തികവിൽ വെളിപ്പെട്ടതുമായ ദൈവത്തിന്റെ രഹസ്യമാണ്. സഭയുടെ കൂദാശകൾ യേശുവിന്റെ ജീവിതത്തെയും രക്ഷാകരപ്രവർത്തനങ്ങളെയും ആരാധനാനുഷ്ഠാനങ്ങളിലൂടെ പുനരാവിഷ്ക്കരിച്ച് ഈ കാലത്തിൽ ജീവിക്കുന്നവർക്ക് അനുഭവവേദ്യമാക്കുന്നു. ഇങ്ങനെ ദൈവത്തിന്റെ രക്ഷാകരമായ രഹസ്യങ്ങളുടെ

ഉള്ളറിയുന്നതിനും അവയിൽ പങ്കാളികളാകുന്നതിനും കൂദാശകൾ ക്രമീകരിക്കപ്പെട്ടിരിക്കുന്നു. ഈ അർത്ഥത്തിലാണു പ്രധാനമായും അവയെ 'വിശുദ്ധ രഹസ്യങ്ങൾ' എന്നു വിളിക്കുന്നത്.

'മിസ്റ്ററിയോൺ' (രഹസ്യം) എന്ന ഗ്രീക്കു പദത്തിന്റെ മൂലത്തിന്റെ അർത്ഥം 'ഉപനയനം ചെയ്യുക' (to intiate into - ഉൾപ്രവേശിക്കുക) എന്നാണ്. ദൈവസന്നിധിയിലേക്ക് ഉൾപ്രവേശിക്കുന്നവർക്കു മാത്രമേ ദൈവിക രഹസ്യം വെളിപ്പെടുന്നുള്ളു. അതുകൊണ്ട് ഒരു വിധത്തിൽ സാധാരണ ലോകത്തിനു മുമ്പിൽ ഇന്നും ദൈവത്തിന്റെ രക്ഷാപദ്ധതി മറഞ്ഞു കിടക്കുന്നു. എന്നാൽ ദൈവം സഭയെ ക്രിസ്തുവിലൂടെ തന്റെ സ്വർഗ്ഗീയ സന്നിധിയിലേക്കു പ്രവേശിപ്പിച്ചിരിക്കുന്നു. ദൈവിക രഹസ്യങ്ങളുടെ പൊരുൾ അറിയിച്ചിരിക്കുന്നു. അങ്ങനെ ദൈവത്തിന്റെ സ്വർഗീയ സഭയിലേക്ക് ഉപനീതരായി ദൈവിക രഹസ്യങ്ങൾ - മനുഷ്യനെയും ലോകത്തെയും സംബന്ധിച്ച ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ രഹസ്യം അറിയുന്നതിനും യേശുക്രിസ്തുവിലൂടെ വെളിപ്പെട്ട ആ രക്ഷാപദ്ധതിയിൽ പങ്കുചേരുന്നതിനും സഭയ്ക്കു കഴിയുന്നു. ഈ പ്രക്രിയ വിശുദ്ധ രഹസ്യങ്ങളിലൂടെ നിരന്തരം സഭയിൽ പൂർത്തീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

സഭയുടെ കൂദാശകളിൽ വി. സ്നാനത്തിനും (വി. മൂറോനഭിഷേകം ഉൾപ്പെടെ) വി. കുർബാനയ്ക്കുമാണു പ്രധാനമായും വി. രഹസ്യങ്ങൾ എന്നു പറഞ്ഞുവരുന്നത്. വി. സ്നാനം ദൈവത്തിന്റെ സ്വർഗീയ സഭയിലേക്കുള്ള, ദൈവരാജ്യത്തിലേക്കുള്ള പ്രവേശനവും ക്രിസ്തുവിന്റെ രക്ഷാകരമായ മരണത്തോടും പുനരുത്ഥാനത്തോടുമുള്ള ഏകീഭാവവുമാണ്. വിശുദ്ധ കുർബാനയിലൂടെ യേശുക്രിസ്തുവിന്റെ രക്ഷാകരമായ ജീവിതവും പ്രവർത്തനങ്ങളും ഇക്കാലത്ത്, നാം വീണ്ടും ജീവിച്ചറിയുന്നു; ക്രൂശിലെ യാഗാർപ്പണത്തിലും പുനരുത്ഥാനത്തിന്റെ തേജസ്സിലും പങ്കാളികളാവുന്നു; തിരുശരീരരക്തങ്ങൾ അനുഭവിക്കുന്നതു വഴി ക്രിസ്തുവെന്ന ദൈവികരഹസ്യം നാം ഉൾക്കൊള്ളുകയും ചെയ്യുന്നു.

### ചോദ്യങ്ങൾ

1. പഴയനിയമത്തിലെ സോദ്, റാസ് എന്നീ പദങ്ങളുടെ അർത്ഥം വിശദമാക്കുക.
2. പുതിയനിയമത്തിൽ 'രഹസ്യം' എന്ന പദത്തിന്റെ അർത്ഥം വിവരിക്കുക.
3. സഭയുടെ കൂദാശകൾക്കു 'വിശുദ്ധ രഹസ്യങ്ങൾ' എന്ന് എന്തുകൊണ്ടു പറയുന്നു?

## പാഠം 4

# എന്റെ ഓർമ്മയ്ക്കായി

❑ ഓർമ്മ പഴയനിയമത്തിൽ (i) ഓർമ്മയും രക്ഷാപ്രവൃത്തിയും (ii) ഓർമ്മയും ഉടമ്പടിയുടെ പുതുക്കവും (iii) ഓർമ്മയും ആരാധനാനുഷ്ഠാനങ്ങളും ❑ ഓർമ്മ പുതിയനിയമത്തിൽ

വിശുദ്ധ കുർബാന സ്ഥാപിക്കുമ്പോൾ 'എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ' എന്നു പറഞ്ഞ് കർത്താവ് ശിഷ്യന്മാരെ ഭരമേൽപ്പിക്കുന്നു (1 കൊരി. 11:24, 25; ലൂക്കോ. 22:19). ഇവിടെ 'ഓർമ്മ' എന്ന പദത്തിന് നമ്മുടെ ഭാഷയിലുള്ള സാധാരണ വ്യവഹാരാർത്ഥം ............. വി. കുർബാന ഓർമ്മ നിലനിർത്തുന്ന ശുശ്രൂഷയായും (Memorial - സ്മാരകം) ക്രിസ്തുവിന്റെ ശരീരരക്തങ്ങളെ ഓർമ്മപ്പെടുത്തുന്ന പ്രതീകമായും (symbol) കാണുന്ന സമീപനം പല ക്രിസ്തീയ വിഭാഗങ്ങളും സ്വീകരിക്കുന്നു. എന്നാൽ വേദപുസ്തകത്തിൽ, പഴയനിയമത്തിലും പുതിയനിയമത്തിലും 'ഓർമ്മ'യ്ക്കു കുറേക്കൂടെ ആഴമായ അർത്ഥമുണ്ട്. ചരിത്രത്തിൽ ഇടപ്പെട്ട് പ്രവർത്തിച്ച ദൈവത്തേയും അവന്റെ രക്ഷാകര പ്രവർത്തനങ്ങളെയും ആരാധനാനുഷ്ഠാനങ്ങളിലൂടെ ഓർക്കുമ്പോൾ ഇക്കാല ചരിത്രത്തിൽ സന്നിഹിതനായി രക്ഷാകര പ്രവർത്തനങ്ങൾ നിർവഹിക്കുന്ന ദൈവത്തെ ആരാധനാ സമൂഹം അഭിമുഖീകരിക്കുകയും അനുഭവിച്ചറിയുകയുമാണ്. അതുകൊണ്ടു ക്രിസ്തുവിന്റെ 'ഓർമ്മ' അവന്റെ സാന്നിദ്ധ്യം സാക്ഷാൽക്കരിക്കപ്പെടുന്ന സന്ദർഭവും ജീവനും രക്ഷയും നൽകുന്ന ശരീരരക്തങ്ങളിലുള്ള സംബന്ധവുമാണ്. അങ്ങിനെ, വേദപുസ്തകത്തിൽ 'ഓർമ്മ' സാന്നിദ്ധ്യവും സംബന്ധവുമാണ്.

### 1. 'ഓർമ്മ' പഴയനിയമത്തിൽ

#### (i) ഓർമ്മയും രക്ഷാപ്രവൃത്തിയും

പഴയനിയമത്തിൽ 'ഓർക്കുക' (എബ്രായപദം: 'സാക്കർ' - zkr; സുറിയാനി പദം: ദ്ക്കാർ) എന്നാൽ ഓർമ്മ തലത്തിൽ മാത്രം നടക്കുന്നതല്ല; അതോടുചേർന്ന് എപ്പോഴും പ്രവൃത്തിയും ഉണ്ടായിരിക്കും. ദൈവം 'നോഹയെ ഓർത്തു'; 'അബ്രഹാമിനെ ഓർത്തു'; 'റാഹേലിനെ ഓർത്തു' എന്നിങ്ങനെ പഴയനിയമത്തിൽ പല ഭാഗങ്ങളിലും കാണാം. ഇവിടെയെല്ലാം യഹോവ മനുഷ്യരെ ഓർക്കുന്നത് അവർക്കു വേണ്ടി കരുണ പ്രവർത്തിക്കുന്നതിനാണ്. യഹോവ നോഹയെ ഓർത്തു: ജലപ്രളയം അവസാനിപ്പിച്ചു നോഹയെയും കുടുംബത്തെയും രക്ഷിക്കുന്നു (ഉല്പത്തി 8:1). യഹോവ അബ്രഹാമിനെ ഓർത്തു. ലോത്തിനെ നാശത്തിൽ നിന്നും രക്ഷിക്കുന്നു (ഉല്പത്തി 19:29). യഹോവ റാഹേലിനെ ഓർത്തു: അവളുടെ

വന്ധ്യത നീക്കി സന്താനസൗഭാഗ്യം നൽകുന്നു (ഉല്പ. 30:22). ഈ സന്ദർഭങ്ങളിലെല്ലാം ഓർമ്മയോടു ബന്ധിച്ച് രക്ഷാകര പ്രവർത്തനങ്ങളും ഉണ്ട്.

### (ii) ഓർമ്മയും ഉടമ്പടിയുടെ പുതുക്കവും

ദൈവം മനുഷ്യനുമായി പല സന്ദർഭങ്ങളിലും ഉടമ്പടിയിലേർപ്പെടുന്നതായി പഴയനിയമത്തിൽ കാണാം. ദൈവം സ്വയമേവ ഈ ഉടമ്പടിയിലേക്കു മനുഷ്യനെ വിളിച്ച് അടിപ്പിക്കുകയാണ്. നോഹയുമായും (ഉല്പ. 9:8-17) അബ്രഹാമുമായും (ഉല്പ. 15:18) യിസ്രായേൽ ജനവുമായും (ഉല്പ. 24:8) യഹോവ ഉടമ്പടി ചെയ്തിരുന്നു. യഹോവയെ അനുസരിയ്ക്കുകയും വിശ്വസ്തരായി ജീവിക്കുകയും ചെയ്യുമ്പോൾ ദൈവം തന്റെ ജനവുമായി ഉണ്ടാക്കിയ ഉടമ്പടി (നിയമം) ഓർക്കുന്നു. എന്നാൽ ജനം ഈ ഉടമ്പടിയിൽ നിന്ന് അകന്നു ജീവിക്കുമ്പോൾ യഹോവ അവരെ മറക്കുന്നു. ഈ അവസ്ഥയിൽ തന്റെ ജനത്തെ ഓർക്കണമെന്നു യിസ്രായേൽ യഹോവയോട് അപേക്ഷിക്കുന്നു. 'യഹോവേ നീ അറിയുന്നു; എന്നെ ഓർത്തു സന്ദർശിക്കേണമേ' (യിര. 15:15). യിസ്രായേൽ യഹോവയെ ഓർക്കണമെന്നു പ്രവാചകന്മാർ ആവർത്തിച്ച് ഉദ്ബോധിപ്പിക്കുന്നുണ്ട്. ഈ ഓർമ്മയുടെ അർത്ഥം യഹോവയുമായുള്ള ഉടമ്പടി അവരുടെ ജീവിതത്തിൽ പുതുക്കണമെന്നും അനുതാപത്തിലേക്ക് അവരുടെ ജീവിതത്തെ തിരിക്കണമെന്നുമാണ്. 'യാക്കോബേ, ഇതു ഓർത്തുകൊൾക; യിസ്രായേലേ, നീ എന്റെ ദാസനല്ലോ; ഞാൻ നിന്നെ നിർമ്മിച്ചു: .... യിസ്രായേലേ, ഞാൻ നിന്നെ മറന്നുകളകയില്ല. ... എങ്കലേക്കു തിരിഞ്ഞുകൊൾക; ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു' (യിര. 44:21).

### (iii) ഓർമ്മയും ആരാധനാനുഷ്ഠാനങ്ങളും

യഹൂദന്മാരുടെ ആരാധനയിലെ സവിശേഷ ഘടകം ഓർമ്മയാണ്. യഹോവ ചരിത്രത്തിൽ നിർവഹിച്ചിട്ടുള്ള വൻ പ്രവൃത്തികളെ ഓർക്കുകയാണ് ആരാധനയുടെ പ്രധാന ലക്ഷ്യം. യാഗങ്ങളും പെരുന്നാളുകളും എല്ലാം ഇതിനു വേണ്ടിയുള്ളതാണ്. പെസഹാപ്പെരുന്നാൾ (പുറ. 12, 13), കൂടാരപ്പെരുന്നാൾ (ലേവ്യ 23:33-44), പുരീം പെരുന്നാൾ (എസ്തേർ 9:18-28), ശബതാചാരണം (പുറ. 20:8-11) ഇവയെല്ലാം തന്നെ ദൈവം ഓരോ ഘട്ടത്തിലും ചരിത്രത്തിൽ ഇടപെട്ടു പ്രവർത്തിച്ചതിന്റെ ഓർമ്മ നിർവഹിക്കുന്നതിനു വേണ്ടിയുള്ളതാണ്. പെസഹാപ്പെരുന്നാളിനെ സംബന്ധിച്ച പഴയനിയമ ഭാഗത്ത് ഇതു വ്യക്തമായി കാണാം. 'ഈ ദിവസം നിങ്ങൾക്ക് ഓർമ്മനാളായിരിക്കണം. ... തലമുറ തലമുറയായും നിത്യനിയമമായും നിങ്ങൾ അതു ആചരിക്കേണം' എന്ന് പെസഹായുടെ ആചരണത്തെക്കുറിച്ചു യഹോവ കല്പിക്കുന്നു. യിസ്രായേൽ ജനം ദൈവത്തെ ഓർക്കുന്നതിനും ദൈവം യിസ്രായേൽ ജനത്തെ ഓർക്കുന്നതിനും പ്രത്യേക

കാലങ്ങൾ മാത്രമല്ല സ്ഥലങ്ങളും വേർതിരിച്ചു നിശ്ചയിച്ചിരിക്കുന്നു. മണ്ണു കൊണ്ട് ഒരു യാഗപീഠം നിർമ്മിക്കണമെന്നു നിർദേശിച്ചുകൊണ്ട് യഹോവ കൽപിക്കുന്നു, 'ഞാൻ എന്റെ നാമത്തിൽ സ്മരണ സ്ഥാപിക്കുന്ന ഏതു സ്ഥലത്തും ഞാൻ നിന്റെ അടുക്കൽ വന്ന് നിന്നെ അനുഗ്രഹിക്കും' (പുറ. 20:22, 24).

ദൈവത്തിന്റെ രക്ഷാകര പ്രവർത്തനങ്ങൾ അനുസ്മരിക്കുന്നതിനും അവ ഈ കാലത്തിൽ അനുഭവത്തിലാക്കുന്നതിനും പ്രത്യേകം അനുഷ്ഠാനങ്ങളും പ്രാർത്ഥനകളും പ്രബോധനങ്ങളും ക്രമീകരിച്ചിട്ടുണ്ട്. കഴിഞ്ഞ കാല സംഭവങ്ങൾ പുനരാവിഷ്കരിക്കുന്നതിന് മതിയായ അനുഷ്ഠാനങ്ങൾ, അവ സംബന്ധിച്ചു തിരുവെഴുത്തുകളിൽ നിന്നുള്ള വായന, വാമൊഴിയായി ലഭിച്ചിട്ടുള്ള പാരമ്പര്യങ്ങളിൽ നിന്നുള്ള വിവരണം, പ്രബോധനം ഇവയെല്ലാം ആരാധനയുടെ ഘടകങ്ങളാണ്. ആരാധകസമൂഹം ഇവയെല്ലാം ശ്രദ്ധാപൂർവം ശ്രവിക്കുകയും അനുഷ്ഠാനങ്ങളിൽ പങ്കുകൊള്ളുകയും ചെയ്യുന്നു. ഈ ആചരണങ്ങളുടെ അർത്ഥം ഇളംതലമുറക്കു മുതിർന്ന തലമുറ പറഞ്ഞുകൊടുക്കുന്നതിനും ചരിത്രത്തോടും ചരിത്രത്തിൽ ഇടപെട്ടു പ്രവർത്തിക്കുന്ന ദൈവത്തോടും ഓരോ തലമുറയേയും ബന്ധിപ്പിച്ചു ദൈവത്തിലുള്ള പ്രത്യാശയോടെ ഭാവിയെ ഉറ്റുനോക്കുന്നതിനുമുള്ള അവസരമാണ് പെരുന്നാളുകളിലും അതുപോലെ മറ്റവസരങ്ങളിലുമുള്ള ആരാധനാനുഷ്ഠാനങ്ങൾ. 'ഞാൻ മിസ്രയിമിൽ നിന്നു പുറപ്പെടുമ്പോൾ യഹോവ എനിക്കു വേണ്ടി ചെയ്ത കാര്യം നിമിത്തം ആകുന്നു ഇങ്ങനെ ചെയ്യുന്നത് എന്ന് നീ ആ ദിവസത്തിൽ നിന്റെ മകനോട് അറിയിക്കേണം' (പുറ. 13:8).

ദൈവം കഴിഞ്ഞ കാലങ്ങളിൽ ചെയ്ത കാര്യങ്ങൾ ഓർക്കുന്നതിനു കാലികമായ ഒരു പ്രസക്തിയുണ്ട്. 'എല്ലായ്പ്പോഴും നമുക്കു നന്നായിരിക്കേണ്ടതിനും ഇന്നത്തെപ്പോലെ അവൻ നമ്മെ ജീവനോടെ രക്ഷിക്കേണ്ടതിനുമായി നാം നമ്മുടെ ദൈവമായ യഹോവയെ ഭയപ്പെടുവാനും ഈ എല്ലാ ചട്ടങ്ങളേയും ആചരിപ്പാനും യഹോവ നമ്മോടു കല്പിച്ചു (ആവ. 6:24). പിതാക്കന്മാരുടെ കാലത്തു ദൈവം ചെയ്തിട്ടുള്ള രക്ഷാകര പ്രവർത്തനങ്ങളിൽ സജീവമായി പങ്കുചേർന്ന് അവയെ ആനുകാലികമാക്കിത്തീർക്കുന്നതിനു പഴയനിയമം പ്രബോധിപ്പിക്കുന്നു: 'നമ്മുടെ ദൈവമായ യഹോവ ഹോറേബിൽ വച്ചു നമ്മോട് ഒരു നിയമം ചെയ്തുവല്ലോ. ഈ നിയമം യഹോവ നമ്മുടെ പിതാക്കന്മാരോടല്ല നമ്മോട്, ഇന്ന് ഇവിടെ ജീവനോടിരിക്കുന്ന നമ്മോട് ഒക്കെയും തന്നെ ചെയ്തത്' (ആവ. 5:2, 3). പെസഹാ ആചരണത്തെ സംബന്ധിച്ചു 'മിഷ്ന' എന്ന യഹൂദ ഗ്രന്ഥത്തിലെ ഒരു ഭാഗം ശ്രദ്ധിക്കുക: 'ഈ പെരുന്നാൾ ആചരിക്കുമ്പോൾ നാം തന്നെ ഈജിപ്തിൽ നിന്നു പുറപ്പെടുന്നുവെന്ന വിധം വേണം അതു

ചെയ്യുവാൻ' (Pesahim 10:5). ചരിത്രത്തിൽ വൻകാര്യങ്ങൾ പ്രവർത്തിച്ച ദൈവത്തെ സമൂഹം ആരാധനയിൽ അഭിമുഖീകരിക്കുന്നു; ഈ കാലഘട്ടത്തിലും സഹായവും സംരക്ഷയും നൽകുന്നതും അവൻ തന്നെ എന്നു ഘോഷിക്കുന്നു. 'വന്നു ദൈവത്തിന്റെ പ്രവൃത്തികളെ നോക്കുവിൻ. ... അവൻ സമുദ്രത്തെ ഉണങ്ങിയ നിലമാക്കി; അവർ കാൽനടയായി കടന്നുപോയി. ... അവൻ നമ്മെ ജീവനോടെ കാക്കുന്നു; നമ്മുടെ കാലടികൾ വഴുതുവാൻ സമ്മതിക്കുന്നതുമില്ല' (സങ്കീ. 66:5-9).

ഈ ചർച്ചയുടെ വെളിച്ചത്തിൽ ഓർമ്മ ഗതകാല സംഭവങ്ങൾ ആരാധനാനുഷ്ഠാനങ്ങളിലൂടെ പുനരാവിഷ്ക്കരിച്ച് അവ ആനുകാലികമാക്കുകയും പുനരുജ്ജീവിച്ചറിയുകയുമാണ് എന്നു മനസ്സിലാക്കാം.

## 2. ഓർമ്മ പുതിയനിയമത്തിൽ

'ഓർമ്മ' എന്നതിനു പുതിയനിയമം ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്നത് 'അനമ്നേസിസ്' (Anamnesis) എന്ന പദം ആണ്. 'ഓർമ്മയിൽ കൊണ്ടുവരുന്ന പ്രവർത്തനം' എന്നാണിതിനർത്ഥം. പഴയനിയമത്തിൽ ഓർമ്മ എന്ന ആശയത്തോടു ബന്ധിച്ചു നാം കണ്ട എല്ലാ കാര്യങ്ങളും പുതിയ നിയമത്തിലും പ്രസക്തമാണ്. പഴയനിയമ ചിന്താധാരയുടെ വെളിച്ചത്തിൽ മാത്രമേ പുതിയനിയമത്തിലെ മറ്റേത് ആശയവുമെന്നതുപോലെ ഈ ആശയവും വ്യക്തമാവുന്നുള്ളു.

'എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ' എന്ന ക്രിസ്തുവിന്റെ അനുശാസനം പഴയനിയമ പെസഹാ ആചരണം സംബന്ധിച്ച്, 'ഈ ദിവസം നിങ്ങൾക്ക് ഓർമ്മനാളായിരിക്കേണം; നിങ്ങളതു യഹോവയ്ക്കു ഉത്സവമായി ആചരിക്കേണം' (പുറ. 12:14) എന്നു പറഞ്ഞുകൊണ്ടു യഹോവ നൽകുന്ന കല്പനയ്ക്കു സമാനമായി കാണാവുന്നതാണ്. മിസ്രേയിമിൽ നിന്നു കനാനിലേയ്ക്കുള്ള പുറപ്പാടാണു പെസഹായുടെ പശ്ചാത്തലമെങ്കിൽ ക്രൂശും പുനരുത്ഥാനവുമാണു വി. കുർബാന സ്ഥാപനത്തിന്റെ പശ്ചാത്തലം. പുതിയനിയമ വ്യാഖ്യാനത്തിൽ വി. കുർബാന പുതിയനിയമത്തിന്റെ പെസഹായാണ്. പുറപ്പാടിന്റെ തലേരാത്രിയാണു പഴയനിയമ പെസഹാ സ്ഥാപിക്കുന്നത്. ക്രൂശുമരണത്തിന്റെ തലേ രാത്രിയാണു വി. കുർബാന സ്ഥാപനവും.

പഴയനിയമത്തിൽ നിന്നു വ്യത്യസ്തമായി രണ്ടു കാര്യങ്ങൾ പുതിയ നിയമ ഓർമ്മയിൽ അടങ്ങിയിരിക്കുന്നു: (1) വി. കുർബാന സ്ഥാപിച്ചുകൊണ്ടുള്ള കർത്താവിന്റെ വചനങ്ങൾ രേഖപ്പെടുത്തിയ ശേഷം, വി. കുർബാനാനുഷ്ഠാനത്തിലൂടെ 'കർത്താവു വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു' എന്ന വ്യാഖ്യാനവും കൂടെ വി. പൗലോസ് നൽകുന്നുണ്ട്. എന്നാൽ 'എന്റെ ഓർമ്മയ്ക്കായി' എന്നു പറയുമ്പോൾ

ക്രിസ്തുവിന്റെ രക്ഷാകര പ്രവർത്തനങ്ങൾ മാത്രമല്ല, ക്രിസ്തുവിനെത്തന്നെയാണു നാം ഓർക്കുന്നത്. ജഡധാരണം ചെയ്ത ക്രിസ്തുവിന്റെ മുഴുവൻ വ്യക്തിത്വവുമായി വി. കുർബാനയിലൂടെ നാം ബന്ധപ്പെടുന്നു. ശരീരരക്തങ്ങളിലുള്ള സംബന്ധം വഴി ക്രിസ്തുവിനെത്തന്നെ സ്വാംശീകരിച്ച് അവന്റെ വ്യക്തിത്വത്തിന് അനുരൂപമായി നാം വളരുന്നു.

(2) വി. കുർബാനയിൽ ക്രിസ്തുവുമായുള്ള സംബന്ധവും രക്ഷാകര പ്രവർത്തനങ്ങളിലുള്ള പങ്കാളിത്തവും ഇന്നും സാധ്യമാകുന്നതു പരിശുദ്ധാത്മാവിന്റെ പ്രവർത്തനം കൊണ്ടാണ്; മനുഷ്യപ്രയത്നം കൊണ്ടല്ല. സകലവും സഭയെ ഓർമ്മപ്പെടുത്തുന്ന പരിശുദ്ധാത്മാവ് ക്രിസ്തുവിനെ ആനുകാലികമാക്കിത്തീർക്കുന്നു. 'എങ്കിലും പിതാവ് എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചു തരികയും ഞാൻ നിങ്ങളോടു പറഞ്ഞത് ഒക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും' (യോഹ. 14:26). വി. കുർബാനയിൽ പരിശുദ്ധാത്മാവിനെ വിളിച്ചുകൊണ്ടുള്ള പ്രാർത്ഥന (Epiclesis) ഈ നിലയിലാണു സഭ ക്രമീകരിച്ചിരിക്കുന്നത്.

ചുരുക്കത്തിൽ, ഓർമ്മയെ സംബന്ധിച്ച പുതിയനിയമ ചിന്ത ഇങ്ങനെ സമാഹരിക്കാം. ആരാധനാനുഷ്ഠാനങ്ങളിലൂടെ ദൈവത്തിന്റെ രക്ഷാപദ്ധതി ചരിത്രത്തിൽ പൂർത്തീകരിച്ച് ക്രിസ്തുവിനോട് ഇക്കാലത്തിൽ ജീവിക്കുന്ന സഭ നിരന്തരം ബന്ധപ്പെടുകയും എക്കാലവും അവനെ രക്ഷാദാതാവായി അനുഭവിച്ചറിഞ്ഞു കൊണ്ടു രക്ഷാ പരിപൂർത്തിയുടെ പ്രത്യാശയിൽ വളരുകയും ചെയ്യുന്നു. ഇങ്ങനെ സഭ ഭൂതവർത്തമാനഭാവി കാലങ്ങൾ യേശുക്രിസ്തുവിൽ സമന്വയിപ്പിച്ച് അവ തമ്മിലുള്ള അകലവും അന്തരവും അവസാനിപ്പിക്കുകയും ഇക്കാല ജീവിതത്തിൽ തന്നെ നിത്യതയുടെ അനുഭവത്തിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നു.

### ചോദ്യങ്ങൾ

1. ഓർമ്മയും ആരാധനയും തമ്മിലുള്ള ബന്ധം പഴയനിയമത്തിന്റെ വെളിച്ചത്തിൽ വിശദമാക്കുക.
2. പുതിയനിയമത്തിൽ ഓർമ്മയെ സംബന്ധിച്ച പ്രധാന ആശയങ്ങൾ എന്തെല്ലാം?

## പാഠം 5

# ക്രിസ്തുവിന്റെ സംബന്ധത്തിലേക്ക്

❑ യേശുക്രിസ്തുവിനോടുള്ള ബന്ധം ❑ പരിശുദ്ധാത്മാവിന്റെ ബന്ധം ❑ ദിവ്യസ്വഭാവത്തിലുള്ള പങ്കാളിത്തം ❑ വിശ്വാസികൾ അന്യോന്യമുള്ള സംബന്ധവും പങ്കാളിത്തവും ❑ സംബന്ധം വി. കുർബാനയിലൂടെ

'തന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിന്റെ സംബന്ധത്തിലേക്ക് നിങ്ങളെ വിളിച്ചിരിക്കുന്ന ദൈവം വിശ്വസ്തൻ' (1 കൊരി. 1:9). ഈ വാക്യത്തിൽ സംബന്ധം എന്ന പദത്തിനു പകരം മലയാള വേദപുസ്തകത്തിൽ കൊടുത്തിരിക്കുന്നത് 'കൂട്ടായ്മ' എന്നാണ്. 'കൊയ്നോനിയ' എന്ന ഗ്രീക്കു പദം മലയാള വേദപുസ്തകത്തിൽ പൊതുവെ 'കൂട്ടായ്മ' എന്നു വിവർത്തനം ചെയ്തിരിക്കുന്നു. കൂട്ടായ്മയ്ക്കു കൂടിച്ചേരൽ, കൂട്ടായ അവസ്ഥ എന്നീ ധ്വനികൾ ഉണ്ട്. എന്നാൽ അവ കൊയ്നോനിയയുടെ ഉപരിതലത്തിലുള്ള അർത്ഥം മാത്രമേ വ്യഞ്ജിപ്പിക്കുന്നുള്ളു. ഒരു പൊതു സ്രോതസ്സിൽ നിന്ന് ഉൾക്കൊണ്ടും അതിലേക്കു കൊടുത്തും ആഴമായ ഐക്യവും പരസ്പര പങ്കാളിത്തവുമുള്ള കൂട്ടായ ജീവിതമാണ് കൊയ്നോനിയ എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത്. പുതിയനിയമത്തിൽ യേശുക്രിസ്തുവിനോടുള്ള സംബന്ധം, വി. കുർബാനയിൽ തിരുശരീര രക്തങ്ങളിലുള്ള സംബന്ധം, ദൈവിക സ്വഭാവത്തിലുള്ള പങ്കാളിത്തം, ക്രിസ്തുവിനോടുള്ള ഐക്യത്തിന്റെയും സംബന്ധത്തിന്റെയും പ്രതിഫലനമായി വിശ്വാസികൾ അന്യോന്യമുള്ള ബന്ധവും ഭൗതിക വസ്തുവകകൾ പരസ്പരം പങ്കിടുന്നതും ഇവയെല്ലാം പ്രകാശിപ്പിക്കുന്നതിന് 'കൊയ്നോനിയ' എന്ന പദം ഉപയോഗിച്ചിരിക്കുന്നു. ഈ പദത്തിന്റെ സുറിയാനി തത്സമം 'ശവ്തോഫൂസോ' ആണ്. സുറിയാനി പുതിയനിയമത്തിൽ ഉടനീളം 'കൊയ്നോനിയ', 'ശവ്തോഫൂസോ' എന്ന് വിവർത്തനം ചെയ്തിരിക്കുന്നു. 'സംബന്ധം' എന്നാണ് 'ശവ്തോഫൂസോ' യുടെ അർത്ഥം.

വിശുദ്ധ കുർബാനയ്ക്കു സുറിയാനിയിലുള്ള മറ്റൊരു പേര് ശവ്തോഫൂസോ ആണെന്നതും ശ്രദ്ധേയമാണ്. മലയാളത്തിൽ 'സംബന്ധം' ആഴമായ ബന്ധത്തെ കുറിക്കുന്ന പദമാണ്. വിവാഹത്തിന് ഹൈന്ദവർ ഉപയോഗിക്കുന്ന സാധാരണപദം 'സംബന്ധം' എന്നാണല്ലോ. അതുകൊണ്ടു 'കൊയ്നോനിയ'യ്ക്കു കുറെക്കൂടെ അനുയോജ്യമായ തത്സമം 'സംബന്ധ'മായിരിക്കാം. 'പങ്കാളിത്തം' എന്നും അവസരോചിതം പോലെ ഉപയോഗിക്കാം.

## യേശുക്രിസ്തുവിനോടുള്ള സംബന്ധം

യേശുക്രിസ്തുവിന്റെ സംബന്ധത്തിലേക്ക് നാം വിളിക്കപ്പെട്ടിരിക്കുന്നു എന്ന് വി. പൗലോസ് പറയുന്നു (1 കൊരി. 1:9). ക്രിസ്തുവിനോടുള്ള ആഴമായ ബന്ധം എങ്ങനെയെന്ന് ഒലിവിന്റെയും കാട്ടൊലിവിന്റെയും ഉപമയിലൂടെ വി. പൗലോസ് ചൂണ്ടിക്കാണിക്കുന്നുണ്ട്. പുറജാതികൾ ഫലം പുറപ്പെടുവിക്കാത്ത കാട്ടൊലിവായിരുന്നു. അവരെ ഫലം നൽകുന്ന ഒലിവായ ക്രിസ്തുവിനോട് ഒട്ടിച്ചുചേർത്തു. അങ്ങനെ 'ഒലിവുമരത്തിന്റെ ഫലപ്രദമായ വേരിന് പങ്കാളികളായി തീർന്നു' (റോമർ 11:17).

യേശുക്രിസ്തുവിനോടുള്ള സംബന്ധത്തിന്റെ സുപ്രധാനമായ വശം യേശുക്രിസ്തുവിന്റെ ജീവിതത്തിലുള്ള പങ്കാളിത്തമാണ്. ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിൽ നാം പങ്കാളികളാണ് എന്ന് ഫിലി. 3:10 ൽ വി. പൗലോസ് പറയുന്നു. കഷ്ടാനുഭവങ്ങളിലുള്ള പങ്കാളിത്തം പുനരുത്ഥാനത്തിന്റെ പങ്കാളിത്തത്തിലേയ്ക്ക് നമ്മെ നയിക്കുന്നു. ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളിൽ പങ്കാളികളാവുന്നവർ അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ സന്തോഷിക്കും (1 പത്രോ. 4:13; cf റോമ. 8:17). 'വെളിപ്പെടുവാനുള്ള തേജസിന്റെ പങ്കാളി' എന്ന വി. പത്രോസ് സ്വയം വിളിക്കുന്നു. ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങൾ സ്വയംവഹിക്കുന്ന വി. പൗലോസിന് കൊരിന്തിലെ സഭ പങ്കാളിയാണ്. അതുപോലെ തന്നെ ദൈവം നൽകുന്ന ആശ്വാസത്തിനും അവർ പങ്കാളികളായിത്തീരുന്നു (2 കൊരി. 1:5, 7).

## പരിശുദ്ധാത്മാവിന്റെ സംബന്ധം

പരിശുദ്ധാത്മാവിനെ ലഭിച്ച ആദിമസഭയുടെ ജീവിതത്തിന്റെ ഒരു സുപ്രധാന സ്വഭാവം അന്യോന്യമുള്ള സംബന്ധവും പങ്കാളിത്തവുമായിരുന്നു. പരിശുദ്ധാത്മാവിനോടുള്ള സംബന്ധം സഭാജീവിതത്തിൽ പ്രതിഫലിക്കുന്നത് യേശുക്രിസ്തുവിനോടും അന്യോന്യവുമുള്ള ബന്ധത്തിലൂടെയാണ്. അപ്പോസ്തോല പ്രവൃത്തികൾ 2-ാം അദ്ധ്യായത്തിൽ പരിശുദ്ധാത്മാവിന്റെ ആഗമനത്തെത്തുടർന്ന് ആദിമസഭയിൽ കാണുന്ന പരസ്പര പങ്കാളിത്തവും ഐക്യവും പ്രത്യേകം ശ്രദ്ധയർഹിക്കുന്നു (അപ്പോ. പ്ര. 2:42, 45). 'പരിശുദ്ധാത്മാവിന്റെ സംബന്ധം' എന്ന പ്രയോഗം പുതിയനിയമത്തിൽ രണ്ടു ഭാഗങ്ങളിൽ കാണുന്നു (2 കൊരി. 13:14; ഫിലി. 2:1). ഈ പ്രയോഗത്തിന് രണ്ട് അർത്ഥതലങ്ങൾ ഉണ്ട്. (i) പരിശുദ്ധാത്മാവിനോടുള്ള സംബന്ധം, (ii) പരിശുദ്ധാത്മാവിലുള്ള (പരിശുദ്ധാത്മനൽവരങ്ങളിലുള്ള) പങ്കാളിത്തം. ഇവ രണ്ടും പരിശുദ്ധാത്മാവിന്റെ സംബന്ധമാണ്. 2 കൊരി. 13:14 ൽ ത്രിത്വ നാമത്തിലുള്ള വാഴ്‌വിലാണ് പരിശുദ്ധാത്മാവിന്റെ സംബന്ധത്തെക്കുറിച്ച് പറയുന്നത്. ഫിലി. 2:1-2 ൽ ആത്മാവിന്റെ സംബന്ധം വിശ്വാസികൾ അന്യോന്യമുള്ള ആഴമായ ഐക്യത്തിലേക്കു വഴി

നയിക്കുന്നു എന്ന് വി. പൗലോസ് ഊന്നിപ്പറയുന്നു, '..... ആത്മാവിന്റെ വല്ല സംബന്ധവും ഉണ്ടെങ്കിൽ..... നിങ്ങൾ ഏകമനസ്സുള്ളവരായി ഏക സ്നേഹം പൂണ്ട് ഐകമത്യപ്പെട്ട് ഏകഭാവമുള്ളവരായി ഇങ്ങനെ എന്റെ സന്തോഷം പൂർണമാക്കുവിൻ.'

## ദിവ്യസ്വഭാവത്തിലുള്ള പങ്കാളിത്തം

യേശുക്രിസ്തുവിലുള്ള രക്ഷ ദിവ്യ സ്വഭാവത്തിലുള്ള പങ്കാളിത്തമാണ്. പാപത്തിനടിമയായ മനുഷ്യന് നാശവും ജീർണതയും സംഭവിക്കുന്നു. എന്നാൽ യേശുക്രിസ്തുവിനോടുള്ള സംബന്ധം വഴി നാം ദൈവിക സ്വഭാവത്തിനു പങ്കാളികളായി രൂപാന്തരപ്പെട്ടു വളരുന്നു (2 പത്രോ. 1:4). മനുഷ്യനു മുമ്പിൽ എപ്പോഴും രണ്ടു സാധ്യതകൾ ഉണ്ട്. ഒന്നുകിൽ അവന് ദിവ്യസ്വഭാവത്തിൽ പങ്കാളിയാവാം. അല്ലെങ്കിൽ തിന്മയ്ക്കു പങ്കാളിയാവാം. എന്നാൽ രണ്ടും കൂടെ ഒന്നിച്ചു കൊണ്ടുപോകാൻ കഴിയുകയില്ല. 'വെളിച്ചത്തിനു ഇരുളിനോട് എന്തു സംബന്ധം' (2 കൊരി. 5:14). ദൈവ സ്വഭാവത്തിന് പങ്കാളിയാവാൻ വിളിക്കപ്പെട്ടവൻ തിന്മയോട് വിടപറയുക തന്നെ വേണം. വി. പൗലോസ് പല സന്ദർഭങ്ങളിലും ഈ പ്രബോധനം നൽകുന്നുണ്ട്. 'അന്യന്മാരുടെ പാപത്തിൽ പങ്കാളിയാവരുത്' (1 തിമോ. 5:22 cf, 2 യോഹ. 11). 'ഇരുളിന്റെ നിഷ്ഫല പ്രവൃത്തികളിൽ പങ്കാളികൾ ആകരുത്' (എഫേ. 5:11). 'അവനോടു കൂട്ടായ്മ ഉണ്ട് എന്നു പറയുകയും ഇരുട്ടിൽ നടക്കുകയും ചെയ്താൽ നാം ഭോഷ്ക്കു പറയുന്നു' (1 യോഹ. 1:6) എന്ന് വിശുദ്ധ യോഹന്നാനും പറയുന്നുണ്ട്. തിന്മയുടെ പ്രതീകമായ ബാബിലോൺ വിട്ടുപോരുന്നതിന് വെളിപാടു ഗ്രന്ഥം ആഹ്വാനം ചെയ്യുന്നു. കാരണം അവരുടെ പാപങ്ങളിൽ പങ്കാളികളാവുന്നതിന് ഇട വരും (വെളി. 18:4).

## വിശ്വാസികൾ അന്യോന്യമുള്ള സംബന്ധവും പങ്കാളിത്തവും

(i) യേശുക്രിസ്തുവിനോടും പരിശുദ്ധാത്മാവിനോടുമുള്ള സംബന്ധം വിശ്വാസികൾ അന്യോന്യമുള്ള സംബന്ധത്തിലൂടെയും പങ്കാളിത്തത്തിലൂടെയുമാണ് സഭയിൽ പ്രതിഫലിക്കുന്നത്. വി. പൗലോസ് ഫിലേമോനെയും (ഫിലെ. 17) തീത്തോസിനെയും (2 കൊരി. 8:23) 'പങ്കാളി' എന്ന് വിളിക്കാനും ഇത് സ്നേഹബന്ധത്തിൽ നിന്നു മാത്രം ഉണ്ടായ സംബോധന വാക്കല്ല, യേശുക്രിസ്തുവിനോടുള്ള സംബന്ധത്തിൽ അവർ അനുഭവിച്ചറിയുന്ന ആഴമായ ആത്മാവിന്റെ ഐക്യത്തിൽ നിന്നും ഉരുത്തിരിഞ്ഞുവന്നിട്ടുള്ളതാണ്. യഹൂദന്മാരും പുറജാതികളും തമ്മിലും ഇത്തരത്തിലുള്ള സംബന്ധം വി. പൗലോസ് കാണുന്നുണ്ട്. ഈ ബന്ധം ഭൗതികാവശ്യങ്ങളിലുള്ള പങ്കാളിത്തത്തിലൂടെയും പ്രകാശിതമാവണം എന്നു വി. പൗലോസ് പ്രബോധിപ്പിക്കുന്നു (റോമ. 12:13; 15:27). അന്യോന്യമുള്ള

പങ്കാളിത്തത്തെക്കുറിച്ചുള്ള ധാരണ ആദിമസഭയിൽ ദൃഢപ്പെടുന്നതിനുള്ള ഒരു പ്രത്യേക പശ്ചാത്തലം സഭ നേരിട്ട കഷ്ടതകളും പീഡനവുമായി രുന്നു. 'കൃപയിൽ പങ്കാളികളായ' ഫിലിപ്പ്യയിലെ വിശ്വാസികൾ തന്റെ കഷ്ടതയിലും പങ്കാളികളാണെന്ന് വി. പൗലോസ് പറയുന്നു (ഫിലി. 1:7; 4:14). പീഡനമനുഭവിക്കുന്നവർക്ക് പങ്കാളികളായി കഷ്ടങ്ങളാൽ വളരെ പോരാട്ടം കഴിച്ച സഭയെ സംബന്ധിച്ച് എബ്രാ. 10:33 ൽ പരാമർശിച്ചിരി ക്കുന്നു.

(ii) വി. യോഹന്നാന്റെ ഒന്നാം ലേഖനത്തിൽ വിശ്വാസികൾ തമ്മിലുള്ള സജീവമായ ബന്ധം എടുത്തു കാണിക്കുന്നതിന് 'സംബന്ധം' (കൊയ്നോ നിയ) എന്ന പദം ഉപയോഗിച്ചിരിക്കുന്നു. ഇവിടെയും ദൈവത്തോടുള്ള സംബന്ധമാണു വിശ്വാസികൾ തമ്മിലുള്ള ബന്ധത്തിന്റെയും അടിസ്ഥാനം (1 യോഹ. 1:3-7).

(iii) 'കൊയ്നോനിയ' എന്ന ഗ്രീക്കു പദത്തിന് 'പങ്കാളിത്തം' എന്ന് അർത്ഥം നൽകാം എന്ന് നാം കണ്ടു കഴിഞ്ഞു. എന്നാൽ സാധാരണ ഗ്രീക്കു വ്യവഹാര ഭാഷയിൽ കൊയ്നോനിയ (പങ്കാളിത്തം) എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത് 'പങ്കു പറ്റുക' എന്നാണ്. പങ്കു നൽകുക എന്ന അർത്ഥ ത്തിൽ വളരെ വിരളമായേ 'കൊയ്നോനിയ' ഉപയോഗിച്ചു കാണുന്നുള്ളു. എന്നാൽ വി. പൗലോസ് രണ്ടിനും ഒരുപോലെ പ്രാധാന്യം കൊടുത്തു കൊണ്ടാണ് 'കൊയ്നോനിയ' എന്ന വാക്കുപയോഗിക്കുന്നത്. അന്യോന്യം പങ്കു പറ്റുകയും പങ്കു നൽകുകയും ചെയ്യുമ്പോൾ മാത്രമേ പങ്കാളിത്തം പൂർണ്ണമാവുന്നുള്ളു. യറുശലേമിലെ യഹൂദ ക്രിസ്ത്യാനികൾക്ക് ക്ഷാമം നേരിട്ടപ്പോൾ അവരെ സഹായിക്കുന്നതിന് ധനശേഖരണം നടത്തണമെന്ന് പൗലോസ് പുറജാതി ക്രിസ്ത്യാനികളോട് ആവശ്യപ്പെടുന്നു (1 കൊരി. 16:1, 2; 2 കൊരി. 9:5-14; അപ്പോ. 24:17). ഇത് ഒരു ഭൗതിക കാര്യമായിട്ടല്ല വി. പൗലോസ് കാണുന്നത്. യഹൂദ ക്രിസ്ത്യാനികളും പുറജാതി ക്രിസ്ത്യാനികളും തമ്മിൽ യേശുക്രിസ്തുവിലുള്ള ഐക്യത്തിന്റെയും സംബന്ധത്തിന്റെയും പ്രതിഫലനമായിട്ടാണ്. അതുകൊണ്ടു ധനശേഖര ണത്തെ വി. പൗലോസ് പങ്കാളിത്തമായിത്തന്നെ കാണുന്നു (റോമ. 15:26-27; 2 കൊരി. 8:3, 4:13) എന്നാൽ ഈ ഭൗതികാവശ്യങ്ങളിലുള്ള പങ്കാളിത്ത ത്തിന്റെ അടിസ്ഥാനം എപ്പോഴും അന്യോന്യമുള്ള ഐക്യം ആണെന്ന കാര്യം വി. പൗലോസ് ഊന്നിപ്പറയുന്നുമുണ്ട്.

### സംബന്ധം വി. കുർബാനയിലൂടെ

സഭ യേശുക്രിസ്തുവിനോടും അന്യോന്യവുമുള്ള സംബന്ധം സാക്ഷാൽക്കരിച്ച് അനുഭവിച്ചറിയുന്നത് സർവപ്രധാനമായും വി. കുർബാ നയിലൂടെയാണ്. യിസ്രായേല്യരുടെയും ജാതികളുടെയും യാഗങ്ങളുമായി

താരതമ്യപ്പെടുത്തി ഈ ആശയം വി. പൗലോസ് വ്യക്തമാക്കുന്നതിനു ശ്രമിക്കുന്നു (1 കൊരി. 10:16–22). യിസ്രായേല്യരുടെ മതമനുസരിച്ച് യാഗാർപ്പിതം ഭക്ഷിക്കുന്നവൻ യാഗപീഠത്തിന്റെ സംബന്ധികളാവുന്നു (10:18). പുറജാതികൾ ഭൂതങ്ങൾക്കു ബലിയർപ്പിക്കുന്നു; ആ വിഗ്ര ഹാർപ്പിതം ഭക്ഷിക്കുന്നവർ ഭൂതങ്ങളുടെ സംബന്ധികളായിത്തീരുന്നു (10:20). ഇത് നിലവിലിരിക്കുന്ന പൊതുവിശ്വാസമാണ്. അതുപോലെ കർത്തൃമേശയിൽ നിന്ന് ഭക്ഷിക്കുന്നവർ ക്രിസ്തുവിന്റെ ശരീരരക്തങ്ങ ളിൽ സംബന്ധികളായിത്തീരുന്നു. ക്രിസ്തുവിനോടു തന്നെ സംബന്ധി കളായിത്തീരുന്നു. ഇങ്ങനെ കർത്തൃമേശയിലുള്ള സംബന്ധത്തിലൂടെ ക്രിസ്തുവുമായി സജീവബന്ധത്തിലേക്കു പ്രവേശിക്കുന്നതു കൊണ്ട് വിഗ്ര ഹാർപ്പിതങ്ങളിൽ നിന്നും ഒഴിഞ്ഞിരിക്കണമെന്ന് പൗലോസ് നിർദേശി ക്കുന്നു (10:21). 17 -ാം വാക്യത്തിൽ കർത്തൃമേശയിൽ സംബന്ധിക്കുന്ന തു വഴി വിശ്വാസികൾ അന്യോന്യവും ഒരു സജീവബന്ധം സ്ഥാപിക്ക പ്പെടുന്നുവെന്ന് പറയുന്നു. ഈ ബന്ധം യേശുക്രിസ്തുവുമായുള്ള സംബ ന്ധത്തിൽ നിന്നു തന്നെ ഉൽഭവിക്കുന്നതാണ്. കാരണം ഒരേ അപ്പത്തിൽ ആണു നാം എല്ലാവരും ഭാഗഭാക്കാകുന്നത്. അപ്പം ഒന്നാക കൊണ്ടു പല രായ നാം ഒരു ശരീരം ആകുന്നു.

**ചോദ്യങ്ങൾ**

1. യേശുക്രിസ്തുവിനോടും പരിശുദ്ധാത്മാവിനോടുമുള്ള സംബന്ധം (പങ്കാളിത്തം) വിശദീകരിക്കുക.
2. വിശ്വാസികൾ അന്യോന്യമുള്ള സംബന്ധവും പങ്കാളിത്തവും സഭാ ജീവിതത്തിൽ എന്തെല്ലാം നിലകളിൽ പ്രതിഫലിച്ചു കാണുന്നു.

## പാഠം 6

# ശുശ്രൂഷയും ശിഷ്യത്വവും

❑ കൂട്ടുകാരൻ ആര്? ❑ ശുശ്രൂഷകരുടെ ശുശ്രൂഷകൻ ❑ ആരാണു വലിയവൻ ❑ യേശുവിനു നൽകുന്ന ശുശ്രൂഷ ❑ സ്വയത്യാഗ ശുശ്രൂഷ ❑ ശിഷ്യത്വം ❑ ശിഷ്യത്വത്തിന്റെ വില ❑ ശിഷ്യത്വത്തിന്റെ പൂർണ്ണത

'മറ്റൊരാളെ ശുശ്രൂഷിച്ചു കഴിയുന്ന ഒരാൾക്ക് എങ്ങനെ സന്തോഷി ക്കാൻ കഴിയും?' ഇത് ഗ്രീക്കു തത്ത്വജ്ഞാനികൾ ഉന്നയിച്ചിരുന്ന ഒരു ചോദ്യമാണ്. ഇതിലൂടെ ശുശ്രൂഷയോടുള്ള ഗ്രീക്കുകാരുടെ മനോഭാവം

പ്രകടമാവുന്നു; ശുശ്രൂഷ ദാസ്യവർത്തിയാണ്; ശുശ്രൂഷ ചെയ്യുന്നവൻ സ്വതന്ത്രനല്ല; അസ്വതന്ത്രന് എങ്ങനെ സന്തോഷിക്കാനാവും! എന്നാൽ യഹൂദർ ശുശ്രൂഷയ്ക്ക് മാന്യത കല്പിച്ചിരുന്നു. പ്രത്യേകിച്ചും യജമാനൻ ഉന്നതെങ്കിൽ ശുശ്രൂഷകനും മാന്യതയേറും. യജമാന – ദാസ ബന്ധങ്ങൾ യഹൂദ സമൂഹത്തിൽ സ്വീകാര്യമായിരുന്നു. മനുഷ്യനും ദൈവവുമായുള്ള ബന്ധം പ്രകാശിപ്പിക്കുന്നതിനു ദൈവമുമ്പിൽ ശുശ്രൂഷ ചെയ്യുന്ന ദാസന്റെ ചിത്രമാണ് അനുയോജ്യമായി കണ്ടിരുന്നത്.

### കൂട്ടുകാരൻ ആര്?

'കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം' എന്ന ദൈവീക കല്പന (ലേവ്യ 19:18) യിൽ കൂട്ടുകാരനു ശുശ്രൂഷ ചെയ്യുന്നതിനുള്ള ഒരുക്കം വ്യക്തമാണ്. ഇത് യിസ്രായേൽ ജനതയുടെ ഒരു ശ്രേഷ്ഠ സംസ്കാര പൈതൃകം തന്നെയാണ്. എന്നാൽ പില്ക്കാലത്തു പരീശന്മാർ എന്ന വിഭാഗം യഹൂദ മതത്തിൽ ആവിർഭവിച്ചതോടെ ഈ കല്പന പ്രയോഗത്തിൽ വളരെ സങ്കുചിതമായിത്തീർന്നു. ആരാണ് കൂട്ടുകാരൻ? ഈ ചോദ്യത്തിന് യഹോവയുടെ കല്പനകൾ അനുഷ്ഠിക്കുന്ന നീതിമാനാണ് കൂട്ടുകാരൻ എന്ന് നിർവചനം കൊടുത്തതിന്റെ ഫലമായി ആരെയും നിരുപാധികം സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യേണ്ടതില്ല എന്നു വന്നു. കൂട്ടുകാരനെ ശുശ്രൂഷിക്കുക ദൈവമുമ്പിൽ നിന്ന് പ്രീതി ലഭിക്കുന്ന സുകൃതമായി കണക്കാക്കിയതിനാൽ ശുശ്രൂഷയിൽ അടങ്ങിയിരിക്കുന്ന ത്യാഗമനോഭാവം നഷ്ടമായി. അയോഗ്യനായ ഒരാളെ, പ്രത്യേകിച്ചും മേശയിൽ ശുശ്രൂഷിക്കേണ്ടതില്ല എന്ന നിബന്ധനയും ഉണ്ടായി. ഈ മൂന്നു കാര്യങ്ങൾ 'കൂട്ടുകാരനെ സ്നേഹിക്കുക' എന്ന പ്രമാണത്തിന്റെ മുഴുവൻ സത്തയും ചോർത്തിക്കളഞ്ഞു. ഈ സാഹചര്യത്തിലാണ്, 'എന്റെ കൂട്ടുകാരൻ ആര്' എന്ന ന്യായശാസ്ത്രിയുടെ ചോദ്യത്തിന് നല്ല ശമരിയാക്കാരന്റെ ഉപമ കർത്താവു പറയുന്നത് (ലൂക്കോ. 10:25-37). വേദനയിലും വിഷമതയിലുമായി വലയുന്നവർ ആരായിരുന്നാലും അവരെ കൂട്ടുകാരായി കാണണം എന്ന് കർത്താവ് ആ ഉപമയിലൂടെ പഠിപ്പിക്കുന്നു. ശുശ്രൂഷയെ സംബന്ധിച്ച് യേശുവിന്റെ കാഴ്ചപ്പാട് ഒരു വശത്ത് പഴയനിയമ കാലത്തോടു ബന്ധപ്പെട്ടു നിൽക്കുന്നു. അതേസമയം യഹൂദ മതത്തിൽ കടന്നുവന്ന തെറ്റായ ധാരണകൾ യേശു നീക്കുക മാത്രമല്ല പുതിയൊരു വീക്ഷണഗതി നൽകുക കൂടി ചെയ്തു. യവനരുടെ ധാരണയുമായി തട്ടിച്ചു നോക്കുമ്പോൾ യേശുവിന്റെ ഉപദേശം തീർത്തും പുതുതായിരുന്നു.

### ശുശ്രൂഷയുടെ ശുശ്രൂഷകൻ

പുതിയനിയമത്തിൽ ശുശ്രൂഷ എന്ന പദത്തിന്റെ പ്രാഥമികമായ

അർത്ഥം മേശയിൽ (ഭക്ഷണത്തിന്) ശുശ്രൂഷിക്കുക എന്നാണ് (ലൂക്കോ. 17:8; യോഹ. 12:2). യജമാനൻ (മാന്യവ്യക്തി) ഇരിപ്പിടത്തിൽ ചാരിയിരിക്കുകയും ശുശ്രൂഷകൻ അരകെട്ടി ജാഗ്രതയോടും, സ്ത്രീകളെങ്കിൽ സൂക്ഷ്മതയോടും മേശ യ്ക്കരികെ ശുശ്രൂഷിച്ചു നിൽക്കുന്നു (ലൂക്കോ. 17:2; യോഹ. 12:21). ഇവിടെ യജമാനനും ദാസനും തമ്മിലുള്ള അന്തരം വളരെ വ്യക്തമാണ്. ഇതാണ് സാധാരണ ലോകത്തിന്റെ ക്രമമെങ്കിൽ ദൈവരാജ്യത്തിൽ മറ്റൊരു ക്രമമുണ്ടെന്നും വ്യത്യസ്തമായൊരു മൂല്യബോധമുണ്ടെന്നും കർത്താവു പഠിപ്പിച്ചു. കർത്താവു രണ്ടാമതും വരുമ്പോൾ ദൈവരാജ്യത്തിൽ ഉണർവോടെ ശുശ്രൂഷിക്കുന്ന ദാസന്മാരെ കർത്താവ് ഭക്ഷണത്തിനിരുത്തി സ്വയം അരകെട്ടി അവരെ ശുശ്രൂഷിക്കും (ലൂക്കോ. 12:37). ഇവിടെ നാഥൻ ശുശ്രൂഷകരുടെ ശുശ്രൂഷകനാണ്. ദൈവരാജ്യത്തിന്റെ ഈ മഹത്തായ അനുഭവം അന്ത്യ അത്താഴ സമയം ശിഷ്യന്മാരുടെ കാലുകൾ കഴുകി തുടച്ചുകൊണ്ട് കർത്താവു കാണിച്ചു കൊടുക്കുന്നു (യോഹ. 13:4-5).

### ആരാണ് വലിയവൻ?

ശുശ്രൂഷിക്കുന്നവനും ശുശ്രൂഷിക്കപ്പെടുന്നവനും സമൂഹം നൽകുന്ന വിലയും നിലയും കീഴ്മേൽ മറിക്കുന്നതായിരുന്നു കർത്താവിന്റെ ഉപദേശങ്ങളും പ്രവർത്തികളും. ആരാണ് വലിയവൻ എന്ന തർക്കം ശിഷ്യന്മാരുടെ ഇടയിൽ ഉദ്ഭവിച്ചപ്പോൾ യേശു നൽകുന്ന ഉപദേശം ഇത് വ്യക്തമാക്കുന്നുണ്ട്. ലോകത്തിൽ അധികാരികൾ കർത്തൃത്വം നടത്തിയും മഹത്തുക്കൾ അധികാരം നടത്തിയും മേല്ക്കോയ്മ നിലനിർത്തുന്നു. 'നിങ്ങളോ അങ്ങനെയല്ല; നിങ്ങളിൽ വലിയവൻ ഇളയവനെപ്പോലെയും നായകൻ ശുശ്രൂഷിക്കുന്നവനെപ്പോലെയും ആകട്ടെ' (ലൂക്കോ. 22:26). യേശു തുടർന്നു ചോദിക്കുന്നു. 'ആരാകുന്നു വലിയവൻ; ഭക്ഷണത്തിനിരിക്കുന്നവനോ ശുശ്രൂഷിക്കുന്നവനോ?' ഈ ചോദ്യത്തിനു സാധാരണ മനുഷ്യന്റെ ഉത്തരം വ്യക്തമാണ്. ഭക്ഷണത്തിനിരിക്കുന്നവൻ തന്നെയാണ് വലിയവൻ. ഈ അഭിപ്രായത്തോട് യേശുവും യോജിച്ചുകൊണ്ട് പറയുന്നു. 'ഞാനോ നിങ്ങളുടെ ഇടയിൽ ശുശ്രൂഷിക്കുന്നവനെപ്പോലെ ആകുന്നു' (ലൂക്കോ. 22:27). യേശു ദൈവരാജ്യത്തിന്റെ നാഥനും രാജ്യാവകാശത്തിലേക്ക് ശിഷ്യന്മാരെ വിളിക്കുന്നവനും സിംഹാസനസ്ഥരായി യിസ്രായേലിനെ ന്യായവിധി നടത്തേണ്ടതിന് അവരെ അധികാരപ്പെടുത്തുന്നവനുമാണ്. ഇത്ര ശ്രേഷ്ഠനായവൻ തന്റെ ശിഷ്യന്മാരുടെ മധ്യേ ശുശ്രൂഷകനായി നിലകൊള്ളുന്നു. ഈ അത്യുദാത്തമാതൃക മനുഷ്യബന്ധങ്ങളിലുണ്ടാവേണ്ട സമഗ്രരൂപാന്തരത്തെയാണ് സൂചിപ്പിക്കുന്നത്. ഒരു ക്രിസ്ത്യാനിക്കു മഹത്വത്തിലേക്കു ഉയരുന്നതിന് ഒറ്റ മാർഗ്ഗമേയുള്ളു. 'അവൻ ശുശ്രൂഷകനും എല്ലാവർക്കും ദാസനും ആകേണം' (ലൂക്കോ. 9:35; 10:44).

## യേശുവിനു നൽകുന്ന ശുശ്രൂഷ

സഹോദര സ്നേഹത്തിൽ നിന്ന് ഉൽഭവിക്കുന്ന എല്ലാ പ്രവൃത്തികളും ശുശ്രൂഷയാണ്. സമൂഹത്തിൽ എത്ര നിസ്സാരനെന്ന് ഗണിക്കപ്പെടുന്നവനും സഹോദരനും ശുശ്രൂഷ അർഹിക്കുന്നവനുമാണ്. അവനു നൽകുന്ന ശുശ്രൂഷ യേശുവിനു നൽകുന്ന ശുശ്രൂഷയാണ്. അവനു നാം ശുശ്രൂഷ നിരാകരിക്കുന്നെങ്കിൽ അതു യേശുവിനു നൽകേണ്ട ശുശ്രൂഷ നിരാകരിക്കുകയാവും. അതിന് നാം അന്ത്യ ന്യായവിധിയിൽ ദൈവമുമ്പാകെ ഉത്തരം ബോധിപ്പിക്കേണ്ടിവരും. കർത്താവു തന്നെ പറയുന്നതു ശ്രദ്ധിക്കുക: 'എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നില്ല; ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നില്ല, അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടില്ല, നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചില്ല, രോഗിയും തടവിലും ആയിരുന്നു, നിങ്ങൾ എന്നെ കാണ്മാൻ വന്നില്ല എന്ന് അരുളിച്ചെയ്യും. അതിന് അവൻ കർത്താവേ, ഞങ്ങൾ നിന്നെ വിശന്നവനോ ദാഹിക്കുന്നവനോ അതിഥിയോ, നഗ്നനോ, രോഗിയോ, തടവിലോ ആയി എപ്പോൾ കണ്ടു നിനക്കു ശുശ്രൂഷ ചെയ്യാതിരുന്നു എന്ന് ഉത്തരം പറയും. അവൻ അവരോട്, ഈ ഏറ്റവും ചെറിയവരിൽ ഒരുത്തന് നിങ്ങൾ ചെയ്യാഞ്ഞിടത്തോളമെല്ലാം എനിക്കാണ് ചെയ്യാഞ്ഞത് എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു എന്ന് ഉത്തരം അരുളും' (മത്തായി 26:42-45).

## സ്വയത്യാഗത്തോളമെത്തുന്ന ശുശ്രൂഷ

അര കെട്ടി മേശയിൽ ശുശ്രൂഷ ചെയ്യുന്നതു ശുശ്രൂഷയുടെ ഉൽകൃഷ്ട മാതൃകയാണ്. സഹോദരന് സ്നേഹശുശ്രൂഷ ചെയ്യുന്നതും ശ്രേഷ്ഠം തന്നെ. എന്നാൽ ശുശ്രൂഷ സ്വയത്യാഗത്തോളമെത്തുന്നതാവണം എന്ന് യേശു ജീവിതത്തിലൂടെ പഠിപ്പിച്ചു. 'മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കു വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുക്കാനും അത്രെ വന്നത്' (മർക്കോ. 10:45). കോതമ്പുമണി നിലത്തുവീണ് സ്വയം ഇല്ലാതാകുന്നു. എന്നാൽ ഈ ഇല്ലാതാകൽ അതിൽത്തന്നെ ഒരന്ത്യമല്ല. ആ സ്വയത്യാഗത്തിലൂടെ പുതിയ ജീവൻ ഉയിർക്കൊള്ളുകയും സമൃദ്ധിയായ ഫലം പുറപ്പെടുകയും ചെയ്യുന്നു (യോഹ. 12:24). ഇങ്ങനെ സ്വയത്യാഗത്തിലൂടെ കർത്താവിന് ശുശ്രൂഷ ചെയ്യുന്നതിനു പ്രതിജ്ഞയെടുക്കുന്നവനു മാത്രമേ കർത്താവിനെ അനുഗമിക്കാനാവൂ. അവന് കർത്താവ് പ്രതിഫലം നൽകുകയും ചെയ്യും. കർത്താവു പറയുന്നു, എനിക്കു ശുശ്രൂഷ ചെയ്യുന്നവൻ എന്നെ അനുഗമിക്കട്ടെ. ഞാൻ ഇരിക്കുന്നേടത്ത് എന്റെ ശുശ്രൂഷക്കാരനും, ഇരിക്കും; എനിക്കു ശുശ്രൂഷ ചെയ്യുന്നവനെ പിതാവു മാനിക്കും' (യോഹ. 12:26).

## ശിഷ്യത്വം

'എനിക്കു ശുശ്രൂഷ നൽകുന്നവൻ എന്നെ അനുഗമിക്കട്ടെ. ഈ വാക്കുകളിലൂടെ തന്നെ അനുഗമിക്കാനിച്ഛിക്കുന്ന ശിഷ്യൻ അവനു ശുശ്രൂഷ ചെയ്യണമെന്ന് യേശു ആവശ്യപ്പെടുന്നു. ശിഷ്യത്വത്തിന്റെ അളവുകോൽ ശുശ്രൂഷയാണ്. സ്വയത്യാഗത്തിലൂടെയാണ് ശുശ്രൂഷ ഉദാത്തമാവുന്നതെന്നും നാം കണ്ടുകഴിഞ്ഞു.

## ശിഷ്യത്വത്തിന്റെ വില

ശിഷ്യത്വത്തെ സംബന്ധിച്ചു കർത്താവു പഠിപ്പിക്കുമ്പോഴെല്ലാം സ്വയത്യാഗത്തിന്റെ പ്രാധാന്യം ഊന്നിപ്പറയുന്നതായി കാണുന്നു. 'എന്റെ അടുക്കൽ വരികയും അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരികളെയും സ്വന്തജീവനെയുംകൂടെ പകയ്ക്കാതിരിക്കുകയും ചെയ്യുന്നവന് എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല. തന്റെ ക്രൂശെടുത്തു കൊണ്ട് എന്റെ പിന്നാലെ വരാത്തവനും എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല' (ലൂക്കോ. 14:26–27; മർക്കോ. 8:34). 'വന്ന് എന്നെ അനുഗമിക്കുക' എന്നാണല്ലോ ശിഷ്യപദവിയിലേക്കു വിളിച്ചുകൊണ്ടു കർത്താവ് ആവശ്യപ്പെടുന്നത്' (മർക്കോ. 1:17; 2:14; 10:21; മത്താ. 4:19; ലൂക്കോ. 9:59; യോഹ. 1:43). യേശുവിന്റെ ആഹ്വാനം കേട്ട് ശീമോനും അന്ത്രയോസും 'വല വിട്ട് യേശുവിനെ അനുഗമിച്ചു' (മർക്കോ. 2:18). യാക്കോബും യോഹന്നാനും അപ്പനായ സെബദിയെ കൂലിക്കാരോടു കൂടെ പടകിൽ വിട്ടു അവനെ അനുഗമിച്ചു (മർക്കോ. 1:20). കർത്താവിന്റെ ശിഷ്യനായി സ്വയം സമർപ്പിക്കുന്ന ഒരാൾ അതിനു വിഘാതം സൃഷ്ടിക്കുന്ന എല്ലാ ജീവിത സാഹചര്യങ്ങളെയും ഉപേക്ഷിക്കണമെന്നു കർത്താവ് ആവശ്യപ്പെടുന്നു. സർവവും സമർപ്പിച്ചുകൊണ്ടു യേശുവിനെ അനുഗമിക്കുന്നതിന് ഇറങ്ങിപ്പുറപ്പെടുമ്പോൾ മാത്രമേ ശിഷ്യത്വത്തിന്റെ ആഴമായ അനുഭവത്തിലേക്കു നാം പ്രവേശിക്കുന്നുള്ളു. കണക്കുകൂട്ടലുകൾ ഒത്തുവരികയും സാഹചര്യങ്ങൾ അനുകൂലമാവുകയും ചെയ്യുമ്പോൾ യേശുവിനെ അനുഗമിക്കാനാഗ്രഹിക്കുന്ന ഒരാൾക്ക് യേശുവിന്റെ ശിഷ്യനായിരിപ്പാൻ കഴിയുന്നില്ല (ലൂക്കോ. 9:57–62). ക്രമീകൃതമായ ഒരു ജീവിതപദ്ധതിയോ ലക്ഷ്യമോ, തത്ത്വസംഹിതകളിലും ആദർശങ്ങളിലും അടിസ്ഥാനപ്പെടുത്തി രൂപപ്പെടുത്തിയെടുത്ത ചിന്താപദ്ധതിയോ യേശുവിന്റെ ശിഷ്യത്വം വാഗ്ദാനം ചെയ്യുന്നില്ല. ഒരു വശത്ത്, യേശുവിനോടുള്ള സംബന്ധവും സഖിത്വവും മറുവശത്ത് അതോടുചേർന്നു സഹനവും ശുശ്രൂഷയും സ്വയത്യാഗവും ആണു ശിഷ്യനു ലഭിക്കുന്നത്.

## ശിഷ്യത്വത്തിന്റെ പൂർണത

യഹൂദ റബിമാരുടെ ശിഷ്യന്മാർ പഠനം പൂർത്തിയാക്കി നിയമ ഗുരുക്കന്മാരാകും. പിന്നീട് അവർ ശിഷ്യർ എന്നു വിളിക്കപ്പെടുന്നില്ല. യേശുവിന്റെ ശിഷ്യർ എന്നും ശിഷ്യർ തന്നെയാണ്. ശിഷ്യത്വത്തിന്റെ പൂർണതയിലേക്ക് ആയിരിക്കും നിരന്തരം അവർ വളരുക. ശുശ്രൂഷയും സഹനവും പരിത്യാഗവും കർത്തൃശിഷ്യരിൽ തെളിഞ്ഞു വരണം. യേശുവിന്റെ ക്രൂശ് ശിഷ്യത്വത്തിന്റെ മാറ്ററുരച്ചു നോക്കുന്നു. വി. ലൂക്കോസിന്റെ സുവിശേഷത്തിൽ ഗത്സമനയിലെ രംഗം വരെ (22:45) 'ശിഷ്യന്മാർ' എന്ന പദം വി. ലൂക്കോസ് ഉപയോഗിക്കുന്നു. എന്നാൽ അതിനുശേഷം 'അവനോടു കൂടെയുള്ളവർ' (22:49, 56, 58, 59) 'അവന്റെ പരിചയക്കാർ' (23:49) എന്നിങ്ങനെ മാത്രമേ പറയുന്നുള്ളു. യേശുവിന്റെ ക്രൂശിന്റെ പീഡനത്തിലും സഹനത്തിലും പങ്കാളിയായി അവനു ശുശ്രൂഷ ചെയ്യുന്നതിൽ നിന്നും ശിഷ്യന്മാർ ഓടി അകന്നതുകൊണ്ടാവണം വി. ലൂക്കോസ് അവരെ 'ശിഷ്യന്മാർ' എന്നു വിളിക്കാൻ കൂട്ടാക്കാത്തത്. വി. ലൂക്കോസ് പിന്നീടു ശിഷ്യന്മാർ എന്ന പദം ഉപയോഗിക്കുന്നത് അപ്പോസ്തോല പ്രവൃത്തികൾ 6:1 ആണ്; ഇവിടെ പന്തിരുവർ മാത്രമല്ല ക്രിസ്തുവിന്റെ അനുഗാമികളായിത്തീർന്ന എല്ലാവരെയും ശിഷ്യന്മാർ എന്നു വിളിക്കുന്നു. പുനരുത്ഥാനവും പരിശുദ്ധാത്മാവിന്റെ ആഗമനവും ശിഷ്യന്മാരെ രൂപാന്തരപ്പെടുത്തി. ശിഷ്യത്വത്തിന്റെ വില കൊടുക്കുവാൻ അവർ സന്നദ്ധരായിത്തീർന്നു. ആ സന്ദർഭത്തിൽ മാത്രമേ ശിഷ്യത്ത്വത്തിന്റെ അനുഭവം പൂർണ്ണരൂപത്തിൽ അവർക്കു വെളിപ്പെടുന്നുള്ളു. തിരസ്കരണവും പീഡനവും രക്തസാക്ഷിമരണവുമാകുന്ന ക്രൂശെടുത്തു യേശുവിനെ അനുഗമിക്കുന്ന അവന്റെ ശുശ്രൂഷകരും ശിഷ്യന്മാരുമായിത്തീരുന്നതിന് അവർക്കു കഴിഞ്ഞു.

### ചോദ്യങ്ങൾ

1. യേശുവിനെ 'ശുശ്രൂഷകരുടെ ശുശ്രൂഷകൻ' എന്നു വിളിക്കുന്നതിന്റെ അടിസ്ഥാനം എന്ത്?
2. യേശുവിനു നൽകുന്ന യഥാർത്ഥ ശുശ്രൂഷ ഏത്?
3. ശിഷ്യന്മാർ യേശുവിന്റെ ശിഷ്യത്വത്തിനു നൽകിയ വില എന്തായിരുന്നു?

# യൂണിറ്റ് 2

# നിന്റെ തേജസ്സ് എന്നെ കാണിക്കേണമേ

## പാഠം 1

## ഞാൻ നിന്നെ അറിയുമാറാകട്ടെ

❑ അറിയുക - അനുഭവിച്ചറിയുക ❑ ദൈവത്തെ അഭിമുഖീകരിച്ചറിയുക ❑ ദൈവത്തെ തന്റെ പ്രവർത്തികളിലൂടെ തിരിച്ചറിയുക ❑ നന്മയുടെ പൂർണ്ണതയിൽ ദൈവത്തെ അറിയുക ❑ സ്നേഹിക്കുന്നവൻ ദൈവത്തെ അറിയുന്നു ❑ ദൈവജ്ഞാനവും ധാർമ്മികജീവിതവും

### അറിയുക - അനുഭവിച്ചറിയുക

അറിവ് അല്ലെങ്കിൽ ജ്ഞാനം എന്ന പദം കൊണ്ടു സാധാരണയായി ഉദ്ദേശിക്കുന്നതു ബുദ്ധിപരമായ അറിവാണ്. യഥാർത്ഥ അറിവ് വസ്തുനിഷ്ഠ (objective) മാണെന്ന് ആത്മനിഷ്ഠ (subjective) മാകാൻ പാടില്ലെന്നുമാണു വിവക്ഷ. അറിവു നേടുന്ന ആൾ അറിയുന്ന വസ്തുവിനെയോ, വ്യക്തിയേയോ അടുത്ത് ആഴമായി അനുഭവിച്ചറിയുകയോ അവയുമായി ആത്മബന്ധം സ്ഥാപിക്കുകയോ ചെയ്യാതെ അകന്നുനിന്നു പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ആയിരിക്കും വസ്തുനിഷ്ഠമായ അറിവ് ആർജിക്കുക. ഉദാഹരണമായി പരീക്ഷണശാലയിൽ പ്രത്യേക പരിതോവസ്ഥയിൽ രണ്ടു രാസപദാർത്ഥങ്ങൾ തമ്മിൽ സംയോജിപ്പിക്കുമ്പോഴുണ്ടാകുന്ന മാറ്റങ്ങൾ പരീക്ഷിച്ചു നിരീക്ഷിച്ചറിയുന്നു. ആത്മനിഷ്ഠമായ അറിവു പരിശോധിച്ച് വിലയിരുത്താൻ ദൃശ്യമായ അളവുകോലുകൾ ഇല്ല. അതുകൊണ്ട് ആത്മനിഷ്ഠമായ അറിവിനു വിശ്വാസ്യത കുറയുന്നു. ഇങ്ങനെ, വസ്തുനിഷ്ഠമായ അറിവിൽ അടിസ്ഥാനപ്പെടുത്തിയായതിനാൽ ശാസ്ത്രം വിശ്വസനീയത കൂടുതലുള്ളതും ആത്മനിഷ്ഠമായ അറിവിൽ അടിസ്ഥാനപ്പെടുത്തിയായതിനാൽ മതം വിശ്വസനീയത കുറവുള്ളതുമായി ഗണിക്കപ്പെടുന്നു. അറിവ്, വസ്തുനിഷ്ഠമെന്നും ആത്മനിഷ്ഠമെന്നും പരസ്പരം ബന്ധമില്ലാത്ത രണ്ടു തട്ടുകളിലാക്കിക്കാണുന്ന ഈ പ്രവണത ഇപ്പോൾ മാറി വരികയാണ്. ഇങ്ങനെയൊരു തരംതിരിവ് ശരിയല്ലെന്ന് ശാസ്ത്രതലത്തിൽ തന്നെ പറഞ്ഞു തുടങ്ങിയിരിക്കുന്നു. ഏതറിവും വസ്തുനിഷ്ഠവും ആത്മനിഷ്ഠവുമാണ്. ഉദാഹരണമായി, പനിനീർപ്പൂവ് എനിക്ക് മനോഹരമായി അനുഭവപ്പെടുന്നു. ഈ അറിവ് വസ്തുനിഷ്ഠമോ ആത്മനിഷ്ഠമോ? രണ്ടുമാണ്. എത്രതന്നെ വസ്തുനിഷ്ഠമെന്ന് പറയുന്ന

അറിവിലും അറിവു നേടുന്ന വ്യക്തിയുടെ ആത്മാംശം അടങ്ങിയിരിക്കും. അറിവാർജിക്കുന്നയാളും അറിയുന്ന വസ്തുവും (വ്യക്തിയും) തമ്മിൽ സ്ഥാപിക്കപ്പെടുന്ന ഗാഢമായ ബന്ധത്തിൽ നിന്നാണ് അറിവ് ഉരുത്തിരിഞ്ഞു വരുന്നത്.

വേദപുസ്തകത്തിൽ, അറിവ് ബുദ്ധിയുടെ കസർത്തു കൊണ്ടു ലഭിക്കുന്നതല്ല; അറിവിനെ ആത്മനിഷ്ഠമെന്നോ വസ്തുനിഷ്ഠമെന്നോ രണ്ടായി കാണുന്നുമില്ല. അനുഭവിച്ചറിയുന്നതാണ് അറിവ്. വേദപുസ്തകത്തിൽ, അറിവു കേവലം ബുദ്ധിപരമല്ലെന്നും ആഴമായ ബന്ധം അനുഭവിച്ചറിയുകയാണെന്നുമുള്ളതിന് വ്യക്തമായ ഉദാഹരണം സ്ത്രീ പുരുഷ ബന്ധത്തിന് ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നുവെന്നതാണ്. ഉല്പത്തി 4:1, 17; 19; 8:1; 25; ലൂക്കോ. 1:34 തുടങ്ങിയ ഭാഗങ്ങളിൽ പരിഗ്രഹിക്കുക എന്ന് വിവർത്തനം ചെയ്തിരിക്കുന്നുവെങ്കിലും മൂലഭാഷകളിൽ 'അറിയുക' എന്നു തന്നെയാണ് ഉപയോഗിച്ചിരിക്കുന്നത് ('യാദ' എന്ന എബ്രായപദവും 'ഗിനോസ്കോ' എന്ന ഗ്രീക്കു പദവും).

ദൈവത്തിന്റെ നിത്യമായ ഉണ്മ, അസ്തിത്വം എന്നിവയെ സംബന്ധിച്ച താത്വികമായ അന്വേഷണത്തിൽ നിന്നോ മനനത്തിൽ നിന്നോ ഉണ്ടാവുന്നതല്ല ദൈവികജ്ഞാനം. ദൈവത്തെ അഭിമുഖീകരിച്ച് ദൈവവുമായി ആഴമായ ബന്ധത്തിലേക്ക് പ്രവേശിക്കുന്നതിലൂടെ ദൈവത്തെ അറിയുന്നു. ലോകത്തിൽ ദൈവം നിർവഹിക്കുന്ന രക്ഷാകര പ്രവർത്തനങ്ങളിലൂടെ ദൈവത്തെ അറിയുന്നു. ദൈവേഷ്ടം അനുസരിച്ചുകൊണ്ടുള്ള ജീവിതത്തിലൂടെ ദൈവത്തെ അറിയുന്നു. സഹോദരനെ സ്നേഹിക്കുന്നതിലൂടെ ദൈവത്തെ അറിയുന്നു.

## ദൈവത്തെ അഭിമുഖീകരിച്ചറിയുക

'ഒരുത്തൻ തന്റെ സ്നേഹിതനോടു സംസാരിക്കുന്നതു പോലെ യഹോവ മോശയോട് അഭിമുഖമായി സംസാരിച്ചു' (പുറ. 33:11). യഹോവയുമായി ഇത്ര അടുത്ത ആഴമായ ബന്ധത്തിലേക്ക് പ്രവേശിക്കാൻ കഴിഞ്ഞ മോശയെ സംബന്ധിച്ച് യഹോവ മോശയെ 'അടുത്തറിഞ്ഞിരിക്കുന്നു' (പുറ. 33:2,17)എന്നും യഹോവാ 'അഭിമുഖമായി അറിഞ്ഞ' മോശയെപ്പോലെ ഒരു പ്രവാചകൻ യിസ്രായേലിൽ എഴുന്നേറ്റിട്ടില്ലാ എന്നും (ആവ. 34:12) രേഖപ്പെടുത്തിയിരിക്കുന്നു. ദൈവം മനുഷ്യനെ അറിയുന്നതും മനുഷ്യൻ ദൈവത്തെ അറിയുന്നതും പരസ്പരം ബന്ധപ്പെട്ടു നിൽക്കുന്നു. 'ഞാൻ നിന്നെ അടുത്തറിഞ്ഞിരിക്കുന്നു' (പുറ. 33:12, 17) എന്ന് മോശയോട് യഹോവാ കല്പിക്കുമ്പോൾ 'ഞാൻ നിന്നെ അറിയുമാറാകട്ടെ', 'നിന്റെ തേജസ്സ് എനിക്കു കാണിച്ചു തരേണമേ' (പുറ. 33:13, 18) എന്നിങ്ങനെ മോശ യഹോവയോട് അപേക്ഷിക്കുന്നു. തുടർന്ന് ദൈവം

മോശയ്ക്ക് തന്റെ തേജസ്സ് കാണിച്ചുകൊടുക്കുന്നു (പുറ. 33:19–23). ദൈവ തേജസ്സു കൊണ്ടു മോശ പ്രശോഭിതനായിത്തീരുന്നു (പുറ. 34:29). ദൈവത്തെ അറിയുക, ദൈവത്തെ അഭിമുഖീകരിക്കുകയും ദൈവത്തെ കാണുകയുമാണ്. ഈ വിധത്തിൽ ദൈവത്തെ അറിയുക, ദൈവത്തെ കാണുക എന്നീ ആശയങ്ങൾക്ക് ഒരേ അർത്ഥം തന്നെയാണുള്ളത്.

## ദൈവത്തെ തന്റെ പ്രവർത്തികളിലൂടെ തിരിച്ചറിയുക

ലോകത്തിൽ ദൈവം നിർവഹിക്കുന്ന രക്ഷാകരപ്രവർത്തനങ്ങൾ ആണ് മനുഷ്യൻ ദൈവത്തെ തിരിച്ചറിയുന്ന മറ്റൊരു പ്രധാനപ്പെട്ട തലം. മരുഭൂമിയിൽ വിശന്നു വലഞ്ഞ യിസ്രായേൽ ജനം യഹോവ നൽകിയ മന്നയും കാടപ്പക്ഷിയും കൊണ്ടു തൃപ്തരാകുമ്പോൾ അവരെ കരുതുന്ന ദൈവത്തെ അവർ തിരിച്ചറിയുന്നു; 'നിങ്ങൾ വൈകുന്നേരത്തു മാംസം തിന്നും പ്രഭാതകാലത്ത് അപ്പം കൊണ്ടും തൃപ്തരാകും; ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു എന്ന് നിങ്ങൾ അറിയും' (പുറ 16:12). നമ്മുടെ ജീവിതത്തിൽ ഇടപെട്ട് രക്ഷ പ്രവർത്തിക്കുന്ന ദൈവമാണ് നാം അറിയുന്ന നമ്മുടെ ദൈവം. പഴയനിയമത്തിൽ, പലപ്പോഴും ദൈവത്തെ അറിയുന്നതിനുള്ള ആഹ്വാനം ചരിത്രത്തിൽ പ്രവർത്തിച്ച ദൈവത്തിങ്കലേക്ക് തിരിയുന്നതിനുള്ള ആഹ്വാനമാണ്. 'അവൻ മിസ്രയീമിന്റെ മദ്ധ്യേ മിസ്രയീം രാജാവായ ഫറവോനോടും അവന്റെ സകല ദേശത്തോടും ചെയ്ത അവന്റെ അടയാളങ്ങൾ, അവന്റെ പ്രവർത്തികൾ.... എന്നിങ്ങനെയുള്ളവ അറിയാത്തവരും കാണാത്തവരുമായ നിങ്ങളുടെ മക്കളോടല്ല ഞാൻ സംസാരിക്കുന്നതു എന്ന് നിങ്ങൾ അറിഞ്ഞുകൊൾവീൻ. യഹോവ ചെയ്ത മഹാപ്രവർത്തികൾ ഒക്കെയും  നിങ്ങൾ കണ്ണാലെ കണ്ടിരിക്കുന്നുവല്ലോ' (ആവ. 11:3–7). ഇങ്ങനെ അറിഞ്ഞിരിക്കുന്ന ദൈവത്തെ അവർ അനുസരിക്കണമെന്നും 'അറിഞ്ഞിട്ടില്ലാത്ത ദൈവങ്ങളെ' ഉപേക്ഷിക്കണമെന്നും മോശ യിസ്രായേൽ ജനത്തോട് ആവശ്യപ്പെടുന്നു. രണ്ടു സാധ്യതകൾ യിസ്രായേലിനു മുമ്പാകെ യഹോവ വയ്ക്കുന്നു. അനുഗ്രഹവും ശാപവും. അവർ അറിഞ്ഞ ദൈവത്തെ അനുസരിക്കുന്നതു വഴി അനുഗ്രഹം ലഭിക്കും. അവർ അറിഞ്ഞിട്ടില്ലാത്ത അന്യ ദൈവങ്ങളെ അനുഗമിക്കുന്നതു വഴി ശാപവും ലഭിക്കും (ആവ. 11:26–28).

പുതിയനിയമത്തിൽ ദൈവം തന്റെ രക്ഷാകര പ്രവർത്തനം പൂർത്തീകരിക്കുന്നത് യേശുക്രിസ്തുവിലൂടെയാണ്. യേശുവിനു പിതാവിനോടുള്ള ഐക്യവും ബന്ധവും ലോകം അറിയുന്നത് യേശുവിന്റെ പ്രവർത്തനങ്ങളിലൂടെയാണ്.... 'പിതാവ് എന്നിലും ഞാൻ പിതാവിലും എന്ന് നിങ്ങൾ ഗ്രഹിച്ച് അറിയേണ്ടതിന് പ്രവൃത്തിയെ വിശ്വസിപ്പിൻ' (യോഹ. 10:38).

### നന്മ പൂർണ്ണതയിൽ ദൈവത്തെ അറിയുക

ദൈവത്തെ അഭിമുഖീകരിച്ചറിയുകയും ജീവിതത്തിൽ ഇടപെട്ടു പ്രവർത്തിക്കുന്ന ദൈവത്തെ തിരിച്ചറിയുകയും ചെയ്യുന്നത് ദൈവത്തെ അറിയുന്നതിൽ സുപ്രധാനമാണ്. എന്നാൽ ഈ അറിവിനു ജീവിതം പ്രയോഗരൂപം നൽകണം. വേദപുസ്തകം എപ്പോഴും ഇത് ഊന്നിപ്പറയുന്നു. ദൈവത്തെ അറിയുന്നുവെന്നതിന്റെ ദൃശ്യമായ അളവുകോൽ രൂപാന്തരം വന്ന ജീവിതം തന്നെയാണ്. നീതി, ന്യായം, സത്യം, വിശുദ്ധി, സ്നേഹം തുടങ്ങിയ സുകൃതങ്ങൾ ദൈവത്തെ അറിയുന്ന വ്യക്തിയുടെ പ്രത്യേകതകളാണ്. ദുർമ്മാർഗ്ഗവും ദ്രോഹവും വ്യാജവും നിറഞ്ഞ ജനം യഹോവയെ അറിയുന്നില്ല. 'അവൻ ഒരു ദോഷം വിട്ടു മറ്റൊരു ദോഷത്തിനു പുറപ്പെടുന്നു. അവർ എന്നെ അറിയുന്നില്ല എന്ന് യഹോവയുടെ അരുളപ്പാട്' (യിരെ. 9:3). നീതിയും ന്യായവും നിലനിർത്തുന്ന സമൂഹം ദൈവത്തെ അറിയുന്നു. 'അവൻ എളിയവനും ദരിദ്രനും ന്യായം പാലിച്ചുകൊടുത്തു; അന്ന് അവന്നു നന്നായിരുന്നു; ഇതല്ലയോ എന്നെ അറിയുക എന്നുള്ളത്?' (യിരെ. 22:16). വിശുദ്ധി നിറഞ്ഞ ജീവിതത്തിൽ മാത്രമേ ദൈവികജ്ഞാനം തെളിഞ്ഞു വരുന്നുള്ളൂ. 'പാപം ചെയ്യുന്നവനാരും അവനെ കണ്ടിട്ടുമില്ല, അറിഞ്ഞിട്ടുമില്ല' (1 യോഹ. 3:6). മശിഹായുടെ ആഗമനത്തോടെ ലോകം ദൈവജ്ഞാനം കൊണ്ടു നിറയുകയും മനുഷ്യൻ സകല തിന്മകളിൽ നിന്നും അകന്നു നിൽക്കുകയും ചെയ്യും എന്ന് യശയ്യാ പ്രവാചകൻ മുൻ കാണുന്നു; 'ഭൂമി യഹോവയുടെ പരിജ്ഞാനം കൊണ്ടു പൂർണ്ണമായിരിക്കയാൽ എന്റെ വിശുദ്ധ പർവ്വതത്തിൽ എങ്ങും ഒരു ദോഷമോ നാശമോ ആരും ചെയ്കയില്ല' (11:9).

### സ്നേഹിക്കുന്നവൻ ദൈവത്തെ അറിയുന്നു

വി. യോഹന്നാൻ ശ്ലീഹായുടെ ഒന്നാം ലേഖനത്തിൽ ദൈവത്തെ അറിയുക എന്നതിന്റെ ഏറ്റം പ്രധാനപ്പെട്ട പ്രയോഗരൂപം സഹോദരസ്നേഹമാണ്. സ്നേഹിക്കുന്നവനെല്ലാം ദൈവത്തെ അറിയുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല; ദൈവം സ്നേഹം തന്നെ' (1 യോഹ. 4:7, 8) എന്ന് വി. യോഹന്നാൻ ശക്തമായി പറയുന്നു. സ്നേഹമാണ് ദൈവത്തിന്റെ കല്പനകളുടെ അന്തഃസത്ത. 'അവന്റെ കല്പനകളെ പ്രമാണിക്കുന്നുവെങ്കിൽ നാം അവനെ അറിഞ്ഞിരിക്കുന്നു എന്ന് അതിനാൽ അറിയാം' (1 യോഹ. 2:3).

### ദൈവജ്ഞാനവും ധാർമ്മിക ജീവിതവും

മുൻപറഞ്ഞ കാര്യങ്ങളിൽ നിന്നും വ്യക്തമാവുന്ന ഒരു സുപ്രധാന ആശയം ദൈവികജ്ഞാനവും ധാർമ്മിക ജീവിതവും പരസ്പരം

ബന്ധപ്പെട്ടു നിൽക്കുന്നുവെന്നതാണ്. ജീവിതം സത്യസന്ധവും നന്മ പൂർണ്ണവുമായി വളരുമ്പോൾ ദൈവത്തെ അടുത്തറിയുന്നതിനു തുട ങ്ങുന്നു. ദൈവത്തെ അറിയുന്തോറും ജീവിതം നന്മപൂർണ്ണമാവുക തന്നെ ചെയ്യും. ദൈവത്തിന്റെ ഇഷ്ടം അന്വേഷിച്ചറിഞ്ഞ് പ്രവർത്തിക്കുകയാണ് ദൈവത്തെ അറിയുക എന്നു പറയുന്നത്. ദൈവനാമം ഉരുവിടുന്നവരും പ്രവചനം, വീര്യപ്രവർത്തി എന്നീ ആദ്ധ്യാത്മിക ശക്തികൾ അവകാശ പ്പെടുന്നവരെയുമല്ല ദൈവം അംഗീകരിക്കുന്നതെന്ന് യേശു പറയുന്നു (മത്തായി 7:21–22). വൃക്ഷത്തെ ഫലം കൊണ്ടു തിരിച്ചറിയണം (മത്താ യി. 7:16–20). ദൈവത്തിന്റെ ഇഷ്ടം പ്രവർത്തിക്കുന്നവരെ ദൈവം അറിഞ്ഞ് അംഗീകരിക്കുന്നു. ദൈവത്തിന്റെ ഇഷ്ടം പ്രവർത്തിക്കാത്ത അധർമ്മിക ളോട് അന്ത്യനാളിൽ, 'ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല' എന്ന് കർത്താവ് കഠിനമായി കല്പിക്കും (മത്തായി 7:23).

### ചോദ്യങ്ങൾ

1. വേദപുസ്തകത്തിൽ 'അറിവ്' അല്ലെങ്കിൽ 'ജ്ഞാനം' എന്ന പദം കൊണ്ട് അർത്ഥമാക്കുന്നതെന്ത്?
2. ദൈവത്തെ അറിയുക, തിരിച്ചറിയുക എന്നീ ആശയങ്ങൾ വിശദീ കരിക്കുക.
3. ദൈവത്തെ അറിയുക എന്നത് ജീവിതത്തിൽ പ്രയോഗത്തിൽ വരു ത്തുന്നതെങ്ങനെ?

## പാഠം 2

# ഹൃദയശുദ്ധിയുള്ളവർ ദൈവത്തെ കാണും

❑ ആമുഖം ❑ അകക്കണ്ണും പുറങ്കണ്ണും ❑ കണ്ടിട്ടും കാണാതിരി ക്കുന്നവർ ❑ ദൈവദർശനം ❑ മേഘാവരണവും മൂടിയ കണ്ണുകളും ❑ കാണാനാവില്ലെന്നു കണ്ടെത്തുക ❑ ക്രിസ്തുദർശനവും ദൈവദർശനവും ❑ സ്നേഹത്തിലും വിശുദ്ധിയിലും കാണപ്പെടുന്ന ദൈവം.

### ആമുഖം

'അറിയുക', കാണുക എന്നീ പദങ്ങൾ വേദപുസ്തകത്തിൽ അർത്ഥ സാമ്യമുള്ളവയാണ്. 'കാണുക' എന്ന പദത്തിന് പല സന്ദർഭങ്ങളിലും

'അറിയുക' എന്ന് അർത്ഥം കൊടുക്കാം. അറിയുക എന്ന പദത്തിന് വേദപുസ്തകത്തിൽ 'അനുഭവിച്ചറിയുക' എന്ന അർത്ഥമാണുള്ളതെന്നു കഴിഞ്ഞ പാഠത്തിൽ നാം കണ്ടു. കണ്ണുകൾ കൊണ്ടു നോക്കിക്കാണുന്നതിനു മാത്രമല്ല 'കാണുക' എന്ന പദം വേദപുസ്തകത്തിൽ ഉപയോഗിക്കുന്നത്. ബാഹ്യേന്ദ്രിയങ്ങൾ കൊണ്ടും ബുദ്ധി, മനസ്സ്, ആത്മാവ് എന്നിവ കൊണ്ടും അനുഭവിച്ചറിയുന്നതിനെല്ലാം 'കാണുക' എന്നും പറയുന്നു. 'വാളോ ക്ഷാമമോ കാണുകയില്ല' (യിരെ. 5:12; 14:13) എന്നു പറഞ്ഞാൽ യുദ്ധാനുഭവങ്ങൾ ഉണ്ടാവുകയില്ല എന്നാണർത്ഥം. 'നന്മ കാണുക' നന്മ അനുഭവിച്ചറിയുകയാണ് (ഇയ്യോ. 7:7; സങ്കീ. 26:13; യിരെ. 17:6); 'ദ്രവത്വം കാണുക' (സങ്കീ. 16:10), ദ്രവത്വത്തിന്റെ അനുഭവം ഉണ്ടാവുകയാണ്; 'മരണം കാണുക' (സങ്കീ. 89:48), മരണം അനുഭവിക്കുകയാണ്. വേദപുസ്തക ഭാഷകളിൽ മാത്രമല്ല മിക്കവാറും എല്ലാ ഭാഷകളിലും ഈ പ്രയോഗരീതി സാധാരണമാണ്.

## അകക്കണ്ണും പുറങ്കണ്ണും

പുറങ്കണ്ണു കൊണ്ട് ഈ ബാഹ്യലോകം കാണാം. എന്നാൽ ദൈവിക രഹസ്യങ്ങൾ അറിയുന്നതിനും ദൈവിക ദർശനങ്ങൾ ലഭിക്കുന്നതിനും ദൈവത്തെ കാണുന്നതിനും അകക്കണ്ണു തുറക്കണം. ഏലീശാ പ്രവാചകന്റെ ഭൃത്യൻ അരാം സൈന്യം പട്ടണം വളഞ്ഞിരിക്കുന്നതു കണ്ടു ഭ്രമിക്കുമ്പോൾ ഏലീശാ പറയുന്നു, 'പേടിക്കേണ്ട; നമ്മോടു കൂടെയുള്ളവർ അവരോടു കൂടെയുള്ളവരേക്കാൾ അധികം' (2 രാജാ. 6:16). ദൈവപുരുഷനായ ഏലീശാ കാണുന്ന ദൈവത്തിന്റെ കരുതൽ ഭൃത്യനു കാണാൻ കഴിയുന്നില്ല. 'യഹോവേ, ഇവൻ കാണത്തക്കവണ്ണം ഇവന്റെ കണ്ണു തുറക്കേണമേ' എന്ന് പ്രവാചകൻ പ്രാർത്ഥിച്ചപ്പോൾ യഹോവാ അവന്റെ കണ്ണു തുറന്നു; 'ഏലീശായുടെ ചുറ്റും അഗ്നിമയമായ കുതിരകളും രഥങ്ങളും കൊണ്ട് മല നിറഞ്ഞിരിക്കുന്നതും അവൻ കണ്ടു' (6.17). ഇവിടെ പ്രവാചകഭൃത്യൻ സാധാരണ മനുഷ്യന്റെ പ്രതിനിധിയാണ്. ബാഹ്യലോകത്തിനപ്പുറം അവൻ ഒന്നും കാണുന്നില്ല. ഏലിശയാകട്ടെ ബാഹ്യലോകത്തിനും അതിന്റെ നിയമങ്ങൾക്കും അതീതമായി പ്രവർത്തിക്കുന്ന ദൈവത്തിന്റെ രക്ഷാകര പ്രവർത്തനങ്ങളും ദൈവദർശനങ്ങളും കാണുന്നതിന് ഉൾക്കാഴ്ച ലഭിച്ച ദൈവപുരുഷനാണ്. ബേർശേബ മരുഭൂമിയിൽ ഉഴന്നുനടന്ന ഹാഗാർ ദാഹിച്ചു വലഞ്ഞപ്പോൾ ദൈവത്തിന്റെ കരുതൽ കാണുന്നതിന് ദൈവം അവളുടെ കണ്ണു തുറന്നു: 'ദൈവം അവളുടെ കണ്ണു തുറന്നു. അവൾ ഒരു നീരുറവ കണ്ടു' (ഉത്പ. 21:19). ന്യായാധിപസംഘത്തിനു മുമ്പിൽ വിസ്താരത്തിനു നിന്ന സ്തേഫാനോസ് ദൈവതേജസ്സും ദൈവത്തിന്റെ വലത്തു ഭാഗത്തു നിൽക്കുന്ന യേശുവിനെയും കാണുന്നു (അപ്പോ. 7:55). 'സ്നാനം കഴിഞ്ഞ് വെള്ളത്തിൽ നിന്നു കയറുമ്പോൾ

യേശു സ്വർഗ്ഗം പിളരുന്നതും ആത്മാവ് പ്രാവു പോലെ തന്റെമേൽ വരുന്നതും കണ്ടു' (മർക്കോ. 1:10). ഈ ദർശനങ്ങൾ ചുറ്റും നിന്നവർക്ക് പ്രാപ്യമായിരുന്നില്ല. വേദപുസ്തകം ഇത്തരം ദർശനങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുന്നു. പ്രകൃതിനിയമങ്ങൾക്കതീതമായി മാത്രമല്ല ഇക്കാണാറായ പ്രപഞ്ചത്തിലൂടെയും ദൈവം വ്യാപരിക്കുന്നു, പ്രവർത്തിക്കുന്നു. ഉൾക്കണ്ണുകൾ തെളിയുന്നവർക്കു മാത്രമേ അവ കാണാനാവുന്നുള്ളു.

## കണ്ടിട്ടും കാണാതിരിക്കുന്നവർ

ദൈവത്തിന്റെ രക്ഷാകര പ്രവർത്തനങ്ങൾ പുറംകണ്ണുകൊണ്ടു കാണുന്നുവെങ്കിലും ഉൾക്കണ്ണുകൾ അടഞ്ഞിരിക്കുന്നതു കൊണ്ട് തിരിച്ചറിഞ്ഞ് ബോദ്ധ്യപ്പെടാതിരിക്കുന്നവരാണ് കണ്ടിട്ടും കാണാതിരിക്കുന്നവർ. യിസ്രായേൽ ജനം ഇങ്ങനെയൊരു പതനത്തിലെത്തിയ സന്ദർഭത്തിലാണ് യെശയ്യാവിനെ യഹോവ പ്രവാചകദൗത്യം ഭരമേല്പിക്കുന്നത്; 'നിങ്ങൾ കേട്ടുകൊണ്ടിട്ടും തിരിച്ചറികയില്ല; നിങ്ങൾ കണ്ടുകൊണ്ടിട്ടും ഗ്രഹിക്കയുമില്ല' (യെശ. 6:9). ഹൃദയകാഠിന്യമാണ് അവരുടെ ഈ മന്ദതയ്ക്കും അന്ധതയ്ക്കും കാരണം (6:10). യേശുവിന്റെ കാലത്തെ യഹൂദജനത്തെയും ഇതേ അവസ്ഥയിൽ തന്നെ യേശു കാണുന്നു. വിത്തു വിതയ്ക്കുന്നവന്റെ ഉപമയുടെ അർത്ഥം ഗ്രഹിക്കുന്നതിനുള്ള ഉൾക്കാഴ്ച അവർക്കില്ല. എന്നാൽ, ശിഷ്യന്മാർക്ക് ഉപമയുടെ പൊരുൾ നൽകിക്കൊണ്ടു കർത്താവു പറയുന്നു. 'നിങ്ങളുടെ കണ്ണുകാണുന്നതു കൊണ്ടും ചെവി കേൾക്കുന്നതു കൊണ്ടും ഭാഗ്യമുള്ളവ' (മത്താ. 13:17). മറ്റൊരു സന്ദർഭത്തിലും യഹൂദജനത്തിന്റെ ആദ്ധ്യാത്മികാന്ധതയെ യേശു പരാമർശിക്കുന്നുണ്ട്. പിറവിയിലെ കുരുടനായിരുന്നവന് കാഴ്ച ലഭിച്ചത് യഹൂദന്മാർ കാണുന്നു. എന്നാൽ അത് അംഗീകരിക്കുന്നതിനും ആ സംഭവത്തിലൂടെ വ്യാപരിച്ച ദൈവകൃപ തിരിച്ചറിഞ്ഞ് ഉൾക്കൊള്ളുന്നതിനും അവർക്കു കഴിയുകയില്ല. അവർ യേശുവിനെത്തന്നെ നിരാകരിക്കുന്നു. കാണുന്നുവെന്ന് അവകാശപ്പെടുന്നുവെങ്കിലും അവർ കുരുടർ തന്നെ ആണെന്ന് യേശു ചൂണ്ടിക്കാണിക്കുന്നു (യോഹ. 9:41).

## ദൈവദർശനം

### (i) മേഘാവരണവും മൂടിയ കണ്ണുകളും

വേദപുസ്തകത്തിൽ, ദൈവദർശനം ആദ്ധ്യാത്മിക ജീവിതത്തിന്റെ പരമോന്നതമായ അനുഭവമാണ്. ദൈവദർശനം ലഭിച്ചവരിൽ പ്രധാനികളായി മോശയേയും ഏലിയാവിനേയും പഴയനിയമത്തിൽ കാണുന്നു. എന്നാൽ ഇവർക്കു ലഭിച്ച ദൈവദർശനത്തിന്റെ വിശദാംശങ്ങളിലേക്കു കടക്കുമ്പോൾ അവർ ദൈവത്തെ ഒരു മറയ്ക്കിപ്പുറം നിന്നു മാത്രമേ

കാണുന്നുള്ളൂ എന്നു ബോധ്യമാവും. ഹോരേബു പർവ്വതത്തിൽ എരിയുന്ന മുൾപ്പടർപ്പിൽ യഹോവ മോശയ്ക്കു പ്രത്യക്ഷനാവുമ്പോൾ മോശ ദൈവത്തെ നോക്കുവാൻ 'ഭയപ്പെട്ടു' 'മുഖം മൂടി'ച്ചെന്നു കാണുന്നു (പുറ. 3:6). മോശയും അഹരോനും നാദാബും അബാഹുവും യിസ്രായേൽ മൂപ്പന്മാരിൽ എഴുപതു പേരും സീനായ് പർവ്വതത്തിൽ 'ദൈവത്തെ കണ്ടു' എന്നു പറഞ്ഞിരിക്കുന്നു. എന്നാൽ അവർ കണ്ടത് യഹോവയുടെ പാദത്തിൻകീഴെ വലയം ചെയ്തിരുന്ന അനന്തപ്രകാശത്തെയാണെന്ന് തുടർന്നുള്ള വിശദീകരണത്തിൽ നിന്നു മനസ്സിലാക്കാം (പുറ. 24:10). യഹോവയുടെ തേജസ്സ് പർവ്വതത്തിനു മുകളിൽ കത്തുന്ന തീ പോലെ താഴ്‌വരയിൽ നിന്നു യിസ്രായേൽ ജനം കാണുന്നു (പുറ. 24.15–17). എന്നാൽ ദൈവസന്നിധിയിലേക്ക് അടുത്തുവരുന്ന മോശ 'മേഘത്തിന്റെ നടുവിൽ പർവ്വതത്തിൽ കയറി' എന്നു രേഖപ്പെടുത്തിയിരിക്കുന്നു (പുറ. 24:18). പിന്നീട് മോശ ദൈവദർശനത്തിന്റെ ആഴമായ അനുഭവത്തിനായി ദൈവത്തോടു പ്രാർത്ഥിക്കുന്നതായും യഹോവ മോശയ്ക്കു തന്റെ തേജസ്സ് കാണിച്ചു കൊടുക്കുന്നതായും പുറ. 33:18–23 ൽ കാണാം.

ഈ ഭാഗത്ത് ദൈവത്തെ കാണുക, ദൈവതേജസ്സു കാണുക, ദൈവമുഖം കാണുക എന്നീ പ്രയോഗങ്ങൾക്കെല്ലാം ഒരേ അർത്ഥം തന്നെയാണുള്ളത്. ദൈവം മോശയെ ഒരു പാറയുടെ പിളർപ്പിൽ ആക്കി: ദൈവതേജസ്സു കടന്നുപോകുന്നതു വരെ കൈ കൊണ്ട് മറച്ചു. കടന്നുപോയ ദൈവതേജസ്സ് പിൻപിൽ നിന്നു കാണുന്നതിനു മാത്രമേ മോശയ്ക്കു കഴിഞ്ഞുള്ളു. ഏലിയാ പ്രവാചകന്റെ ദൈവദർശനവും ഏതാണ്ട് ഇതേ രീതിയിൽ തന്നെ ആയിരുന്നു. ഹോരേബ് പർവതത്തിൽ ഗുഹാമുഖത്തു വന്നു നിന്നു മുഖം മൂടികൊണ്ട് ഏലിയാവ് ദൈവത്തെ അഭിമുഖീകരിക്കുന്നു (1 രാജാ. 19:13). യെശയ്യാ പ്രവാചകന്റെ ദർശനത്തിൽ ചിറകുകൾ കൊണ്ട് മുഖവും കാലുകളും മൂടി ശരീരം മറച്ച് ദൈവസന്നിധിയിൽ സ്തുതിഗീതമുതിർക്കുന്ന സറാഫുകളെ കാണുന്നു (യെശ. 6:2). ദൈവത്തെ കണ്ടു എന്ന് മോശ പറയുന്നുണ്ടെങ്കിലും ദൈവത്തെ ആവരണം ചെയ്തിരുന്ന തേജോവസ്ത്രത്തിന്റെ പ്രഭയാണ് യഥാർത്ഥത്തിൽ യെശയ്യാവു കണ്ടത് (യെശ. 6:1). മോശയും ഏലിയാവും യെശയ്യാവും എല്ലാം ദൈവത്തെ കാണുക തന്നെ ആയിരുന്നു. പഴയനിയമത്തിലും യഹൂദ പാരമ്പര്യത്തിലും ഇത് ഊന്നിപ്പറയുന്നുമുണ്ട്. എന്നാൽ സ്വയം മറച്ചു മാത്രമേ ദൈവം മനുഷ്യ നയനങ്ങൾക്കു മുമ്പിൽ പ്രത്യക്ഷപ്പെടുന്നുള്ളു. ഇക്കാരണത്താലാണ് ദൈവതേജസ്സും മേഘതമസ്സും ദൈവദർശനത്തിന്റെ അവിഭാജ്യഘടകങ്ങളായി പഴയനിയമത്തിലും പുതിയനിയമത്തിലും കാണുന്നത് (പുറ. 40:34; 1 രാജാ. 8:10; ലൂക്കോ. 9:34; മർക്കോ. 13:26).

### (ii) കാണാനാവില്ലെന്നു കണ്ടെത്തുക

ദൈവദർശനത്തിന്റെ പരമോന്നതശ്രേണിയിൽ നിൽക്കുന്ന മോശയും ഏലിയാവും മേഘാവരണത്തിലൂടെയോ മൂടിയ കണ്ണുകളോടെയോ മാത്രമേ ദൈവത്തെ അഭിമുഖീകരിക്കുന്നുള്ളു എന്നു നാം കണ്ടു. ഈ ദർശനത്തിന്റെ 'ദർശനമല്ലായ്മ' ദൈവദർശനത്തിൽ സുപ്രധാനമാണ്. രണ്ടു മൂന്നു വിധത്തിൽ ഇതിനു വിശദീകരണം നൽകാൻ കഴിയും: (a) ഒന്നാമത് ദൈവം ആയിരിക്കുന്ന പ്രകാരം ആർക്കും ദൈവത്തെ കാണാനാവില്ല (പുറ. 33:20). അങ്ങനെ പ്രാപ്യനായ ഒരു ദൈവം ദൈവമാവുകയില്ല. (b) രണ്ടാമത്; മനുഷ്യസങ്കല്പങ്ങളിലേതു പോലെ ഒരു രൂപം ദൈവത്തിനില്ല (ആവ. 4:12). രൂപങ്ങൾ സ്വീകരിച്ചുകൊണ്ട് ദൈവം സ്വയം മനുഷ്യനു വെളിപ്പെടുത്തിക്കൊടുക്കുന്ന സന്ദർഭങ്ങൾ ഉണ്ട്. ദൈവം മെമ്രയുടെ തോപ്പിൽ വച്ച് അബ്രഹാമിനു വെളിപ്പെട്ടത് ഇതിന് ഉദാഹരണമാണ് (ഉല്പ. 18). എന്നാൽ ദൈവദർശനത്തിന്റെ ഉയർന്നപടിയിൽ രൂപമില്ലായ്മയിൽ ദൈവം സ്വയം വെളിപ്പെടുത്തുന്നു. (c) മൂന്നാമത്, വെളിച്ചത്തിന്റെ ആധിക്യത്തിൽ കാഴ്ച അസാധ്യമാവുന്നതു പോലെ ദൈവതേജസ്സിന്റെ പ്രഭാപൂരത്തിൽ നഗ്നനയനങ്ങൾ അന്ധമായിത്തീരുന്നു.

ദൈവത്തെ അടുത്തറിയുന്തോറും മനുഷ്യബുദ്ധിക്കും മനുഷ്യനയനങ്ങൾക്കും ദൈവം അപ്രാപ്യനാണെന്ന ബോധം വർദ്ധിച്ചുവരുന്നു. ദൈവത്തെ അറിയാനാവില്ലെന്ന് അറിയുകയാണ് ദൈവജ്ഞാനം; ദൈവത്തെ കാണാനാവില്ലെന്ന് കണ്ടെത്തുകയാണ് ദൈവദർശനം. ഇതിനെ അറിഞ്ഞ അജ്ഞാനമെന്ന് പിതാക്കന്മാർ വിശേഷിപ്പിക്കുന്നു.

### (iii) ക്രിസ്തുദർശനവും ദൈവദർശനവും

'കർത്താവേ, പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരേണം' എന്ന് പീലിപ്പോസ് ആവശ്യപ്പെടുമ്പോൾ 'എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു' എന്ന് ഉത്തരം നൽകുന്നു (യോഹ. 14:9 cf. 12:45). യോഹന്നാന്റെ സുവിശേഷത്തിൽ ക്രിസ്തുദർശനം ദൈവദർശനം തന്നെയാണ്. ദൈവദർശനത്തിൽ അടങ്ങിയിരിക്കുന്ന വൈരുദ്ധ്യം പഴയനിയമത്തിലേതു പോലെ തന്നെ പുതിയനിയമത്തിലും കാണാം. 'ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും' (മത്താ. 5:8) എന്ന് ഒരുവശത്ത് ഊന്നിപ്പറയുമ്പോൾ മറുവശത്ത് "ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല' എന്ന് യോഹന്നാൻ ആവർത്തിച്ചു പ്രഖ്യാപിക്കുന്നു (യോഹ. 1:18; 6:46; 1 യോഹ. 4:12). ഇപ്പോൾ നമുക്കു സാധ്യമാവുന്ന ദൈവദർശനം കണ്ണാടിയിൽ എന്നപോലെ മാത്രമാണ്; ദൈവരാജ്യത്തിന്റെ പൂർണ്ണതയിൽ ദൈവത്തെ മുഖാമുഖമായി കാണും (1 കൊരി. 13:12).

### (iv) സ്നേഹത്തിലും വിശുദ്ധിയിലും കാണപ്പെടുന്ന ദൈവം

വി. യോഹന്നാന്റെ ഒന്നാം ലേഖനത്തിൽ സ്നേഹത്തെ ദൈവദർശനമായി ബന്ധിപ്പിച്ചിരിക്കുന്നു. ദൈവം അദൃശ്യനും അപ്രാപ്യനുമെങ്കിലും സ്നേഹം നമ്മിൽ നിറയുമ്പോൾ ദൈവം നമ്മിൽ അധിവസിക്കും (4:12). കാണപ്പെടാത്ത ദൈവത്തോടുള്ള സ്നേഹം കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കുന്നതിലൂടെയാണ് പ്രകാശിപ്പിക്കപ്പെടുക (4:20).

മുൾപ്പടർപ്പിൽ പ്രത്യക്ഷനായ യഹോവയെ അടുത്തു കാണാനെത്തുന്ന മോശയോട് ലോകമാലിന്യത്തിന്റെ ചെരിപ്പ് നീക്കിക്കളയുന്നതിന് ദൈവം ആവശ്യപ്പെടുന്നു (പുറ. 3:5). സീനായ് പർവ്വതത്തിൽ ദൈവം പ്രത്യക്ഷനാവുമ്പോൾ യിസ്രായേൽ ജനം സ്വയം വിശുദ്ധീകരിച്ച് ദൈവദർശനത്തിനായി കാത്തിരിക്കുന്നു (പുറ. 19:10). 'ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല' എന്ന് എബ്രായലേഖന കർത്താവും (12:14) 'പാപം ചെയ്യുന്നവനാരും അവനെ കണ്ടിട്ടുമില്ല അറിഞ്ഞിട്ടുമില്ല' എന്ന് വി. യോഹന്നാനും (1 യോഹ. 3:3) ഊന്നിപ്പറയുന്നു. 'ശുദ്ധീകരണം ദൈവദർശനത്തിലേക്ക് നയിക്കുന്നതോടൊപ്പം ദൈവദർശനം കൂടുതൽ ശുദ്ധീകരണത്തിലേക്കും നയിക്കുന്നു. ദൈവദർശനം ലഭിച്ച യെശയ്യാവ് നിലവിളിച്ചു പറയുന്നു, 'എനിക്ക് അയ്യോ കഷ്ടം; ഞാൻ നശിച്ചു; ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളോരു മനുഷ്യൻ; ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ജനത്തിന്റെ നടുവിൽ വസിക്കുന്നു; എന്റെ കണ്ണ് സൈന്യങ്ങളുടെ യഹോവയായ രാജാവിനെ കണ്ടുവല്ലോ' (യെശ. 6:5). ദൈവസാന്നിധ്യം ആഴമായി അനുഭവിച്ചുതുടങ്ങുമ്പോൾ മാത്രമേ കൂടുതൽ ശുദ്ധീകരണത്തിന്റെ ആവശ്യം ബോദ്ധ്യമാവുന്നുള്ളു. ശുദ്ധീകരിക്കപ്പെടുന്തോറും ഹൃദയം തെളിഞ്ഞ് ദൈവദർശനം ലഭിക്കുന്നു, 'ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും' (മത്താ. 5:8).

**ചോദ്യങ്ങൾ**

1. കണ്ടിട്ടും കാണാതിരിക്കുന്നവർ ആരെന്ന് വിശദീകരിക്കുക.
2. മോശയുടെയും ഏലിയാവിന്റെയും ദൈവദർശനം എപ്രകാരമായിരുന്നുവെന്ന് വിവരിക്കുക.
3. സ്നേഹത്തിലും വിശുദ്ധിയിലും ദൈവം എങ്ങനെ കാണപ്പെടുന്നു.

## പാഠം 3

# നിങ്ങൾ സ്വാതന്ത്ര്യത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു

❑ ആമുഖം ❑ പാപം, നിയമം, മരണം എന്നിവയിൽ നിന്നുള്ള സ്വാതന്ത്ര്യം ❑ സ്വാതന്ത്ര്യം ക്രിസ്തുവിലും പരിശുദ്ധാത്മാവിനാലും ❑ സ്നേഹത്തിലും ശുശ്രൂഷയിലും തെളിയുന്ന സ്വാതന്ത്ര്യം ❑ സ്വാതന്ത്ര്യം തേജോപൂർണ്ണമായ നിത്യജീവനിലേക്ക്

**ആമുഖം**

സ്വതന്ത്രന് സ്വ 'തന്ത്രം' ഉണ്ട്; സ്വന്തമായ അഭിപ്രായവും നിലനില്പുമുണ്ട്. അയാൾക്ക് സ്വേച്ഛയാ പ്രവർത്തിക്കാം. അടിമയാകട്ടെ, തനിക്കു തന്നെ ഉള്ളവനല്ല; തനതായ നിലനില്പുമില്ല. ഒരു ബാഹ്യശക്തിയുടെ വരുതിക്ക് കീഴിൽ പ്രവർത്തിക്കാൻ അയാൾ നിർബന്ധിതനാവുന്നു; അയാളുടെ അടിമത്വം ഏതെങ്കിലും രാഷ്ട്രീയ മേൽക്കോയ്മയോടാകാം. സാമൂഹ്യ യജമാനന്മാരോടാകാം, തിന്മയുടെ ശക്തികളോടുമാവാം; സ്വാതന്ത്ര്യം, അടിമത്വം എന്നിവയെ സംബന്ധിച്ച നമ്മുടെ ധാരണ ഇങ്ങനെ പോവുന്നു. ഗ്രീക്കു ചിന്തയിൽ ബാഹ്യപ്രേരണകൾക്ക് വശംവദനാകാതെ മനസ്സിനെ ബോധപൂർവ്വം നിയന്ത്രിക്കാൻ കഴിവുള്ള ആളാണ് സ്വതന്ത്രൻ. അയാൾ ബാഹ്യലോകത്തു നിന്നും തന്നിലേക്കു തന്നെ പിൻവാങ്ങുകയും മനസ്സിന്റെ ചപലതകൾ സൂക്ഷ്മമായി നിരീക്ഷിച്ചറിഞ്ഞ് അതിന്മേൽ നിയന്ത്രണം നേടുകയും ചെയ്യുന്ന സിദ്ധനാണ്. യഥാർത്ഥ സ്വാതന്ത്ര്യം നേടുന്നതിന് സംയമനം സുപ്രധാനമാണെന്ന് പുതിയനിയമം ഊന്നിപ്പറയുന്നുണ്ട്. ക്രിസ്തീയ മതത്തിൽ മാത്രമല്ല, എല്ലാ മതങ്ങൾക്കും, ഈ തത്വം ഉണ്ട്. എന്നാൽ പുതിയനിയമം സ്വാതന്ത്ര്യത്തിന് അടിസ്ഥാനമായി രണ്ടു കാര്യങ്ങൾ പ്രധാനമായും ഊന്നിപ്പറയുന്നു. ഒന്നാമത്, മനുഷ്യവർഗം മുഴുവൻ തിന്മയുടെയും പിശാചിന്റെയും അധീശത്വത്തിലാണ്. മനുഷ്യൻ പാപത്തിന്റെ അടിമത്വത്തിലായിരിക്കുന്നിടത്തോളം, സ്വയം ഉള്ളിലേക്കു വലിഞ്ഞ് മനസ്സിനെ നിയന്ത്രിക്കുന്നതുകൊണ്ട് മാത്രം യഥാർത്ഥ സ്വാതന്ത്ര്യം ലഭിക്കുന്നില്ല. സ്വാതന്ത്ര്യത്തിന്റെ ഒരു പുതിയ തലത്തിലേക്ക് ക്രിസ്തു നമ്മെ വിളിച്ചിരിയ്ക്കുന്നു; ക്രിസ്തു തന്റെ ജീവിതം, മരണം, പുനരുത്ഥാനം എന്നിവ മൂലം പാപത്തിന്റെ അടിമത്വത്തിൽ നിന്ന് നമ്മെ വീണ്ടെടുത്ത് പുതുജീവന്റെ സ്വാതന്ത്ര്യം നമുക്കു നൽകിയിരിക്കുന്നു. രണ്ടാമത്, മനുഷ്യൻ മാത്രമല്ല ഈ സ്വാതന്ത്ര്യത്തിൽ പങ്കാളിയാവുന്നത്. സമസ്ത സൃഷ്ടിയും ദ്രവത്വത്തിന്റെ ദാസ്യത്തിൽ നിന്നു വിടുതലും ദൈവമക്കളുടെ തേജസ്സാകുന്ന സ്വാതന്ത്ര്യവും' പ്രാപിക്കണം (റോമ. 8: 20).

### 1. പാപം, നിയമം, മരണം എന്നിവയിൽ നിന്നുള്ള സ്വാതന്ത്ര്യം

പുതിയനിയമത്തിൽ സ്വാതന്ത്ര്യം പ്രധാനമായും പാപത്തിൽ നിന്നും (റോമ. 6:18–23; 8:31–36) നിയമാവലികളിൽ നിന്നും (റോമ. 7:3–4; 8:2; ഗലാ. 4:21–31; 5:1, 13) മരണത്തിൽ നിന്നുമുള്ള (റോമ. 6:21–22; 8:21) സ്വാതന്ത്ര്യ മാണ്.

ഓരോ വ്യക്തിയുടെയും പാപവും അതിൽ നിന്നുള്ള സ്വാതന്ത്ര്യവും പുതിയനിയമത്തിൽ പ്രധാനം തന്നെയാണ്. എന്നാൽ പാപത്തിന്റെ സാർവ ത്രികതയിൽ നിന്നുകൊണ്ടാണ് വ്യക്തിഗത പാപത്തെ നോക്കിക്കാണു ന്നത്. പാപത്തോടു ചേർന്ന് മരണവും ഉണ്ട്. 'പാപത്തിന്റെ ശമ്പളം മരണ മത്രേ' (റോമ. 6:23). ആദാമിലൂടെ പാപവും മരണവും ലോകത്തിലേക്കു കടന്നു (റോമ. 5:12). മനുഷ്യവർഗം മുഴുവനും അങ്ങനെ പാപത്തിന്റെയും മരണത്തിന്റെയും ദാസ്യത്തിലായിത്തീർന്നു; 'ഒരു വ്യത്യാസവുമില്ല, എല്ലാ വരും പാപം ചെയ്തു ദൈവതേജസ്സില്ലാത്തവരായിത്തീർന്നു' (റോമ. 3:23). ക്രിസ്തുവിന്റെ മരണവും പുനരുത്ഥാനവും പാപത്തിന്റെയും മരണത്തി ന്റെയും ദാസ്യത്തിൽ നിന്നു മനുഷ്യരാശിയെ സ്വതന്ത്രരാക്കി നീതികര ണവും നിത്യജീവനും നൽകുന്നു.

നിയമം ദൈവദത്തമാണ്. അത് അതിൽ തന്നെ നല്ലതും വിശുദ്ധവും ന്യായവുമാണ് (റോമ. 7:12); ജീവനു വേണ്ടി ഉദ്ദേശിച്ചിരുന്നതും ആത്മീ കവുമാണത് (റോമ. 7:10, 14). മനുഷ്യനിൽ നിന്നു ദൈവം എന്തു പ്രതീ ക്ഷിക്കുന്നുവെന്നു നിയമം ചൂണ്ടിക്കാണിക്കുന്നു. എന്നാൽ ജഡത്തിൽ ബലഹീനനായ മനുഷ്യനെ പാപത്തിൽ നിന്നും മരണത്തിൽ നിന്നും ഉദ്ധ രിച്ച് ജീവൻ നൽകുന്നതിനു നിയമത്തിനു പ്രാപ്തിയില്ല. മനുഷ്യൻ പാപി യാണെന്നും അതിനാൽ മരണാർഹനാണെന്നും വിധിക്കാൻ മാത്രമേ നിയ മത്തിനു കഴിയൂ. സ്വതന്ത്രനാകാൻ കഴിയുകയില്ല. മനുഷ്യന്റെ ബാഹ്യ പ്രവർത്തനങ്ങൾക്കു മേൽ വിധി കല്പിക്കാൻ നിയമത്തിനു കഴിയും. എന്നാൽ ഹൃദയത്തിന്റെ ചലനങ്ങൾ നിയന്ത്രിക്കാനോ രൂപാന്തരപ്പെടു ത്താനോ നിയമത്തിനു സാദ്ധ്യമല്ല. കൊല ചെയ്യരുത്, മോഷ്ടിക്കരുത് എന്നിങ്ങനെ നിയമം അനുശാസിക്കുന്നു. എന്നാൽ സഹോദരനോടുള്ള പകയുടെയും അത്യാഗ്രഹത്തിന്റെയും ചിന്തകൾ നിയന്ത്രിക്കുന്നതിന് നിയ മമില്ല. തിന്മയുടെ ആന്തരീയ ശക്തികളിൽ നിന്നുള്ള വിമോചനം പ്രാപി ക്കാതെ മനുഷ്യൻ പാപത്തിൽ നിന്ന് സ്വതന്ത്രനാവുന്നില്ല. പ്രവൃത്തിക ളുടെ ബാഹ്യരൂപം നിയന്ത്രിച്ചുകൊണ്ടു നിയമത്തിനു മുമ്പിൽ 'നല്ല പിള്ള' യാവാൻ കഴിയും. അതുകൊണ്ടു നിയമത്തിൽ എപ്പോഴും സ്വയ നീതീക രണത്തിന്റെ അബദ്ധം മറഞ്ഞു കിടക്കുന്നു. ഇക്കാരണങ്ങളാൽ നിയമത്തെ 'പാപത്തിന്റെയും മരണത്തിന്റെയും പ്രമാണം' (റോമ. 8:2) എന്നും ന്യായ

വിധിയുടെയും മരണത്തിന്റെയും ശുശ്രൂഷ' (2 കൊരി. 3:7-9) എന്നും വി. പൌലോസ് വിളിക്കുന്നു. ക്രിസ്തു നൽകുന്ന സ്വാതന്ത്ര്യം, അതുകൊണ്ട്, നിയമത്തിൽ നിന്നുള്ള സ്വാതന്ത്ര്യവും കൂടിയാണ്. തിന്മയുടെ ബാഹ്യവും ആന്തരീയവുമായ ശക്തികളെ ജയിക്കുന്നതിനും യഥാർത്ഥ സ്വാതന്ത്ര്യം പ്രാപിക്കുന്നതിനും മറ്റൊരു പ്രമാണം ക്രിസ്തു നമുക്കു തന്നിരിക്കുന്നു – ജീവന്റെ ആത്മാവിന്റെ പ്രമാണം (റോമ. 8:2). ന്യായവിധിയിലേക്കും മരണത്തിലേക്കും നയിക്കുന്ന നിയമത്തിന്റെ ശുശ്രൂഷ നീക്കി ജീവനിലേക്കും തേജസ്സിലേക്കും നയിക്കുന്ന ആത്മാവിന്റെ ശുശ്രൂഷ (2 കൊരി. 3:6-11) ക്രിസ്തു സ്ഥാപിച്ചു എന്നും, കർത്താവിന്റെ ആത്മാവുള്ളേടത്ത് സ്വാതന്ത്ര്യം ഉണ്ട് എന്നും (2 കൊരി. 3:17) പരിശുദ്ധ പൗലൊസ് ശ്ലീഹാ പറയുന്നു.

## 2. സ്വാതന്ത്ര്യം ക്രിസ്തുവിലും പരിശുദ്ധാത്മാവിനാലും

'സ്വാതന്ത്ര്യത്തിനായി ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി' (ഗലാ. 5:1); 'ക്രിസ്തുവിൽ നമുക്ക് സ്വാതന്ത്ര്യം ഉണ്ട്' (ഗലാ. 2:4) എന്നിങ്ങനെ വി. പൗലോസും 'പുത്രൻ നിങ്ങൾക്കു സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രരാകും' എന്ന് വി. യോഹന്നാനും (8:36) യേശുക്രിസ്തു നമുക്കു നൽകുന്ന സ്വാതന്ത്ര്യത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നു. ക്രിസ്തു നമുക്കുവേണ്ടി ക്രൂശിന്മേൽ സ്വയം ശാപമായിത്തീർന്നുകൊണ്ടു പാപശാപത്തിൽ നിന്നു നമ്മെ സ്വതന്ത്രരാക്കി (ഗലാ. 3:13; 4:14). ക്രിസ്തുവിന്റെ ഈ രക്ഷാകരമായ പ്രവർത്തിയാണ് നമ്മുടെ സ്വാതന്ത്ര്യത്തിന് അടിസ്ഥാനം. ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം പൂർണമാക്കുന്നത് പരിശുദ്ധാത്മാവാണ്. പാപദാസ്യത്തിൽ നിന്നു ജഡത്തെ സ്വതന്ത്രമാക്കാൻ നിയമത്തിനു കഴിയുന്നില്ല. നമ്മിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവ് ജഡസ്വഭാവികളായ നമ്മെ ആത്മസ്വഭാവികളാക്കി രൂപാന്തരപ്പെടുത്തുന്നു. അതുകൊണ്ട്, നാം ഇനിയും ആത്മസ്വഭാവമുള്ളവരാണ്. 'നിങ്ങളോ, ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നു വരികിൽ ജഡസ്വഭാവമുള്ളവരല്ല, ആത്മസ്വഭാവമുള്ളവരത്രേ' (റോമ. 8:9).

ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം സഭയിലെ വി. രഹസ്യങ്ങളിലൂടെയാണ് നാം അനുഭവവേദ്യമാക്കുന്നത്. ഇതു പരിശുദ്ധാത്മാവിന്റെ ഒരു പ്രവർത്തനവുമാണ്. റോമർക്കെഴുതിയ ലേഖനം 6-ാം അദ്ധ്യായം സ്നാനത്തെ സംബന്ധിച്ച ഒരു പ്രബോധനമാണ്. 6:17, 18 -ൽ സ്നാനപ്പെടുമ്പോൾ സ്നാനാർത്ഥിക്കു സഭ നൽകുന്ന ഉപദേശ സംഗ്രഹത്തെക്കുറിച്ചു പരാമർശിക്കുന്നു. സ്നാനോപദേശം അനുസരിച്ചു ജീവിക്കുന്നതിന്റെ ഫലമായി പാപത്തിൽനിന്നു സ്വാതന്ത്ര്യം ലഭിക്കുന്നു എന്നു വി. പൗലോസ് പറയുന്നു.

പുത്രത്വത്തിന്റെ സ്വാതന്ത്ര്യമാണു ക്രിസ്തുവിലുള്ള സ്വാതന്ത്ര്യത്തിന്റെ ഒരു സുപ്രധാന ഘടകം. യഹൂദന്മാർ, 'ഞങ്ങൾ അബ്രഹാമിന്റെ സന്തതി, ആർക്കും ഒരു നാളും ദാസന്മാരായിരുന്നിട്ടില്ല' (യോഹ. 8:33) എന്ന് അഭിമാനം കൊള്ളുന്നു. എന്നാൽ കർത്താവ് അവരോടു ശക്തമായി പറയുന്നു, 'പാപം ചെയ്യുന്നവനെല്ലാം പാപത്തിന്റെ ദാസൻ ആകുന്നു' (യോഹ. 8:34); 'നിങ്ങൾ പിശാചെന്ന പിതാവിന്റെ മക്കൾ' (യോഹ. 8:44). എന്നാൽ, 'ദൈവാത്മാവു നടത്തുന്നവർ ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു' (റോമ. 8:14). നമുക്കിനിയും പിതാവാം ദൈവത്തെ മക്കളുടെ സ്വാതന്ത്ര്യത്തോടെ 'അപ്പാ' എന്നു വിളിച്ച് അഭിമുഖീകരിക്കാം (റോമ. 8:15; ഗലാ. 4:6). നാം പിതാവിന്റെ ഭവനാവകാശികളും പുത്രനായ ക്രിസ്തുവിന്റെ കൂട്ടവകാശികളുമായിത്തീർന്നിരിക്കുന്നു (റോമ. 8:17). പുത്രത്വത്തിന്റെ സ്വാതന്ത്ര്യത്തിനും അവകാശത്തിനും നമ്മെ പ്രാപ്തരാക്കുന്നതു പരിശുദ്ധാത്മാവാണ് (റോമ. 8:14-17).

## 3. സ്നേഹത്തിലും ശുശ്രൂഷയിലും തെളിയുന്ന സ്വാതന്ത്ര്യം

മറ്റുള്ളവരുമായി ജീവിതം പങ്കുവയ്ക്കുന്ന സ്നേഹത്തിന്റെയും ശുശ്രൂഷയുടെയും പ്രവർത്തനങ്ങളിലൂടെയാണ് നാം സ്വാതന്ത്ര്യത്തിൽ വളരുന്നത്. മറ്റുള്ളവരുമായുള്ള ബന്ധങ്ങൾ അറുത്ത് അകന്നു നിൽക്കുന്നതിലൂടെയല്ല നമുക്കു സ്വാതന്ത്ര്യം അനുഭവിക്കാൻ കഴിയുന്നത്; സ്നേഹത്തിൽ നിന്നും ഉയിർക്കൊള്ളുന്ന ത്യാഗപ്രവർത്തനങ്ങളിലൂടെ മറ്റുള്ളവരുമായി നമ്മെ സ്വയം ബന്ധിപ്പിക്കുവാൻ കഴിയുമ്പോഴാണ്. വിശുദ്ധ പൗലോസ് ഇങ്ങനെ പ്രബോധിപ്പിക്കുന്നു: 'സഹോദരന്മാരേ, നിങ്ങൾ സ്വാതന്ത്ര്യത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു; ഈ സ്വാതന്ത്ര്യം ജഡത്തിന്നു അവസരമാക്കുക മാത്രം ചെയ്യാതെ സ്നേഹത്താൽ അന്യോന്യം സേവിപ്പിൻ' (ഗലാ. 5:13). സ്നേഹത്താൽ പ്രേരിതനായി സ്വന്തം ജീവിതത്തിന്റെ സുരക്ഷിതത്വത്തേയും അവകാശങ്ങളേയും വി. പൗലോസ് ത്യജിച്ചു സഹോദരനു ശുശ്രൂഷ ചെയ്യുന്നതിനു സ്വയം സമർപ്പിക്കുന്നു; 'ഇങ്ങനെ ഞാൻ കേവലം സ്വതന്ത്രനെങ്കിലും അധികംപേരെ നേടേണ്ടതിനു ഞാൻ എന്നെത്തന്നെ എല്ലാവർക്കും ദാസനാക്കി' (1 കൊരി. 9:19). സ്വതന്ത്രനായിരിക്കെ ദാസരൂപം ധരിക്കുന്ന ഈ സ്നേഹം ക്രിസ്തുവിന്റെ മഹത്തായ മാതൃക തന്നെയാണ് (ഫിലി. 2:7).

## 4. സ്വാതന്ത്ര്യം - തേജോപൂർണ്ണമായ നിത്യജീവനിലേക്ക്

പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യം മരണത്തിൽ നിന്നുള്ള സ്വാതന്ത്ര്യമാണ്. പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യം നിത്യജീവനിലേക്കുള്ള പ്രവേശനം ആണ് (റോമ. 6:22). ഈ സ്വാതന്ത്ര്യത്തിന്റെയും നിത്യജീവന്റെയും അടിസ്ഥാനവും ആദ്യഫലവും പുനരുത്ഥാനം ചെയ്ത ക്രിസ്തു

തന്നെയാണ്. ക്രിസ്തുവിന്റെ പുനരുത്ഥാനം ദ്രവത്വത്തിൽ നിന്നും മരണത്തിൽ നിന്നുമുള്ള പുനരുത്ഥാനമാണ്. വി. രഹസ്യങ്ങളിലൂടെ ക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ പങ്കുചേരുന്ന നാം ദ്രവത്വത്തിന്റെയും മരണത്തിന്റെയും ദാസ്യത്തിൽ നിന്നു സ്വതന്ത്രരായി പുനരുത്ഥാനത്തിന്റെ തേജസ്സിൽ വളരുന്നു. മനുഷ്യനു മാത്രമുള്ളതല്ല ഈ തേജസ്സിന്റെ സ്വാതന്ത്ര്യം; സൃഷ്ടി മുഴുവനും വേണ്ടിയുള്ളതാണ്. ദൈവമക്കളുടെ ഈ മഹത്തായ അനുഭവത്തിൽ പങ്കുചേരുന്നതിനു സർവ്വ സൃഷ്ടിയും ആകാംക്ഷയോടെ കാത്തിരിക്കുന്നു.

**ചോദ്യങ്ങൾ**

1. പാപം, നിയമം, മരണം എന്നിവയിൽ നിന്നുള്ള സ്വാതന്ത്ര്യത്തെക്കുറിച്ചു ചുരുക്കമായി പ്രതിപാദിക്കുക.
2. ക്രിസ്തുവിലും പരിശുദ്ധാത്മാവിനാലുമുള്ള സ്വാതന്ത്ര്യം നാം എങ്ങനെ അനുഭവവേദ്യമാക്കുന്നു എന്നു വിവരിക്കുക?
3. സ്വാതന്ത്ര്യം സ്നേഹത്തിലൂടെയും ശുശ്രൂഷയിലൂടെയും തെളിയിച്ചെടുക്കുന്നതെങ്ങനെ?

## പാഠം 4

# സമൃദ്ധിയായ ജീവൻ

❑ ആമുഖം ❑ ജീവൻ യേശുക്രിസ്തുവിൽ ❑ നിത്യജീവൻ ❑ നിത്യജീവൻ - പഴയനിയമത്തിലും യഹൂദമത ഗ്രന്ഥങ്ങളിലും ❑ നിത്യജീവൻ - പുതിയനിയമത്തിൽ ❑ നിത്യജീവനിലേക്കു നിലനില്ക്കുന്ന ആഹാരം ❑ ജീവനും തേജസ്സും ❑ ത്യാഗത്തിൽ നിന്നുയിർക്കുന്ന ജീവൻ ❑ നിത്യജീവൻ - ഇക്കാലാനുഭവവും വരുംകാല പ്രതീക്ഷയും

**ആമുഖം**

പുതിയനിയമം പരാമർശിക്കുന്ന യേശുക്രിസ്തുവിലുള്ള ജീവൻ പ്രകൃത്യായുള്ള ജീവനല്ല. പ്രാകൃതജീവൻ ദൈവത്തിന്റെ അതിമഹത്തായ ദാനം തന്നെ. എന്നാൽ ക്രിസ്തുവിൽ നാം പങ്കിടുന്ന ജീവൻ ദൈവത്തിന്റെ പ്രത്യേക ദാനമാണ്. ദൈവത്തിന്റെ തന്നെ ജീവനിലുള്ള പങ്കാളിത്തമാണ്. ഈ പുതുജീവന്റെ പങ്കാളിത്തം പ്രാകൃതജീവിതത്തിൽ നാം നേരിടുന്ന ജീവനും മരണവും തമ്മിലുള്ള സംഘർഷത്തിൽ നിന്നും നമ്മെ

വിമോചിപ്പിക്കുന്നു; ക്ഷയോന്മുഖവും മരണവിധേയവുമായ പ്രാകൃതജീവനെ അക്ഷയതയും അമർത്യതയും കൊണ്ട് അലങ്കരിക്കുന്നു. ഇക്കാരണത്താൽ, ജീവൻ (നിത്യജീവൻ), പുതിയനിയമത്തിൽ, പ്രത്യേകിച്ചും യോഹന്നാന്റെ കൃതികളിൽ ഒരു മുഖ്യപ്രമേയമായിത്തീർന്നു. പുതിയനിയമത്തിൽ 135 പ്രാവശ്യം ജീവൻ (നിത്യജീവൻ) എന്ന പദം കാണുന്നുവെങ്കിൽ അവയിൽ 66 പ്രാവശ്യവും വി. യോഹന്നാൻ എഴുതിയ കൃതികളിലാണ് (സുവിശേഷം, 3 ലേഖനങ്ങൾ, വെളിപാട്). യോഹന്നാൻ എഴുതിയ സുവിശേഷത്തെ 'ജീവന്റെ സുവിശേഷം' എന്നു ചില വേദപണ്ഡിതന്മാർ വിശേഷിപ്പിക്കുന്നുണ്ട്. 'യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിന്നും വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്ക് ജീവൻ ഉണ്ടാകേണ്ടതിന്നും ആണ്' സുവിശേഷം എഴുതിയിരിക്കുന്നതെന്നു വി. യോഹന്നാൻ തന്നെ പറഞ്ഞിരിക്കുന്നു (യോഹ. 20:31).

## ജീവൻ യേശുക്രിസ്തുവിൽ

ജീവൻ പിതാവിലും പുത്രനിലും ഒരുപോലെ വ്യാപരിക്കുന്നു. പിതാവിന് തന്നിൽ തന്നെ ജീവനുള്ളതുപോലെ പുത്രനും തന്നിൽ തന്നെ ജീവനുണ്ട്. ക്രിസ്തു ജീവൻ തന്നെ ആകുന്നു (യോഹ. 1:4; 5:26; 6:57; 1 യോഹ. 1:1–2; 5:11, 20). ഈ ജീവൻ മരിച്ചവരുടെ വെളിച്ചമായിരുന്നു (യോഹ. 1:4). ക്രിസ്തു സ്വയം ജീവൻ (യോഹ.11:25; 14:6) എന്നും ജീവന്റെ അപ്പം (യോഹ. 6:35, 48), ജീവനുള്ള അപ്പം (യോഹ. 6:51), ജീവന്റെ വെളിച്ചം (യോഹ. 8:12); ജീവജലം നൽകുന്നവൻ (യോഹ. 4:10–11; 4:14) എന്നിങ്ങനെയും പറയുന്നു. അവന്റെ വചനം ആത്മവും ജീവനും ആകുന്നു (യോഹ. 6:63); അവന്റെ പക്കൽ നിത്യജീവന്റെ വചനങ്ങൾ ഉണ്ട് (യോഹ. 6:68); അവൻ ജീവൻ നൽകുന്നതിനായി ലോകത്തിലേക്കു വന്നു (യോഹ. 6:63; 10:10; 1 യോഹ. 4:9). ക്രിസ്തുവിൽ വിശ്വസിക്കുന്നവന് നിത്യജീവനുണ്ട്; അവൻ മരണത്തിൽ നിന്ന് നിത്യജീവനിലേക്കു കടന്നിരിക്കുന്നു (യോഹ. 5:25; 1 യോഹ 3:14). നിത്യജീവനിലേക്കു പൊങ്ങിവരുന്ന നീരുറവയും (1 യോഹ. 4:14) നിത്യജീവനിലേക്കു നിലനിൽക്കുന്ന ആഹാരവുമാണ് (യോഹ. 6:27) ക്രിസ്തു. വി. പൗലോസ് അപ്പോസ്തോലനും, ക്രിസ്തുവിൽ വിശ്വാസമർപ്പിച്ച ഒരാളുടെ ജീവിതം അഥവാ ക്രിസ്തീയജീവിതം, ക്രിസ്തുവിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നുവെന്നു പല സന്ദർഭങ്ങളിലും പറയുന്നുണ്ട്: 'ഇനി ജീവിക്കുന്നതു ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നത്' (ഗലാ. 2:20); യേശുവിന്റെ ജീവൻ നമ്മിലുണ്ട് (2 കൊരി. 4:10–11); നാം ക്രിസ്തുവിൽ ജീവിക്കുന്നു (റോമ. 6:11); നാം അവനിൽ ജീവിക്കും (2 കൊരി. 13:4); ക്രിസ്തുവിലാണു നമ്മുടെ ജീവൻ (റോമ. 8:2).

യേശുക്രിസ്തുവിൽ നാം കണ്ടെത്തുന്ന പുതുജീവന്റെ പ്രത്യാശ ക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ അടിസ്ഥാനമായിരിക്കുന്നു. ദൈവം ക്രിസ്തുവിലൂടെ മനുഷ്യജാതിയെ പുനരുജ്ജീവിപ്പിക്കുന്നുവെന്നതാണു ക്രിസ്തുവിന്റെ പുനരുത്ഥാനം ചൂണ്ടിക്കാണിക്കുന്നത്. മരിച്ചവൻ ജീവിച്ചെഴുന്നേറ്റിരിക്കുന്നു; മരണവിധേയരായ മനുഷ്യരും ക്രിസ്തുവിൽ പുനരുത്ഥാനത്തിന്റെ ജീവൻ പങ്കിടും.

## നിത്യജീവൻ

### (i) നിത്യജീവൻ - പഴയനിയമത്തിലും യഹൂദ മതഗ്രന്ഥങ്ങളിലും

'ജീവൻ' എന്ന പദം പഴയനിയമത്തിൽ സാധാരണയാണെങ്കിലും നിത്യജീവൻ എന്ന പദം ഒരിടത്തു മാത്രമേ കാണുന്നുള്ളു (ദാനി. 12:2). 'നിലത്തിലെ പൊടിയിൽ നിദ്ര കൊള്ളുന്നവരിൽ പലരും ചിലർ നിത്യജീവനായും ചിലർ ലജ്ജയ്ക്കും നിത്യനിന്ദയ്ക്കുമായും ഉണരും.' മരണാനന്തര ജീവിതത്തോടു ബന്ധിച്ചാണു നിത്യജീവനെ സംബന്ധിച്ച് ഇവിടെ പരാമർശിച്ചിരിക്കുന്നത്. മരണാനന്തരജീവിതത്തെ സംബന്ധിച്ചു മക്കാബിയരുടെ രണ്ടാം പുസ്തകത്തിലും (12:34-44), മഹാജ്ഞാനത്തിലും (3:2-4; 5:15); വ്യക്തമായി പരാമർശനമുണ്ട്. മക്കാബിയരുടെ ഒന്നും രണ്ടും പുസ്തകങ്ങളും മഹാജ്ഞാനവും നമ്മുടെ സാധാരണ ഉപയോഗത്തിലിരിക്കുന്ന വേദപുസ്തകത്തിലില്ലെങ്കിലും ഓർത്തഡോക്സ് സഭയുടെ കാനോനിക വേദപുസ്തകത്തിൽ ഉള്ളവയാണ്. ഈ മൂന്നു ഗ്രന്ഥങ്ങളും ക്രിസ്തുവിനു മുമ്പുള്ള രണ്ടു നൂറ്റാണ്ടുകളിലായി എഴുതപ്പെട്ടിട്ടുള്ളവയാണ്. ഈ കാലഘട്ടത്തിലാണ് നിത്യജീവൻ, മരണാനന്തരജീവിതം, പുനരുത്ഥാനം എന്നിവയെ സംബന്ധിച്ച് യഹൂദമതത്തിൽ വ്യക്തമായ ചിന്ത വേരൂന്നുന്നതിനിടയായത്. കർത്താവിന്റെ കാലത്തുണ്ടായിരുന്ന കുമ്റാൻ സമൂഹം മശിഹായുടെ ആഗമനത്തോടെ ഭൂമിയിൽ തന്നെ പുതിയ യറുശലേം സ്ഥാപിക്കപ്പെടുമെന്നും 'പ്രകാശപുത്രന്മാർ' അനന്തജീവിതത്തിൽ നിത്യസന്തോഷം അനുഭവിക്കുമെന്നും വിശ്വസിച്ചു. ഈ അനുഭവം തീർത്തും ഒരു ഭാവി പ്രതീക്ഷയല്ല, ഇപ്പോൾ തന്നെ അത് അനുഭവിച്ചു തുടങ്ങിയിരിക്കുന്നുവെന്നും അവർ അവകാശപ്പെട്ടിരുന്നു. യഹൂദറബിമാരുടെ പല ഗ്രന്ഥങ്ങളിലും നിത്യജീവൻ ലോകജീവിതത്തിൽ നിന്നും ഭിന്നമാണെന്നു പറയുന്നു. ലോകജീവിതം താൽക്കാലികമാണെങ്കിൽ നിത്യജീവന് അവസാനമില്ല. എന്നാൽ യഹൂദന്മാരുടെ 'വെളിപാടു ഗ്രന്ഥങ്ങളിൽ' (അപ്പോക്കലിപ്റ്റിക് ഗ്രന്ഥങ്ങൾ) നിത്യജീവൻ അനന്തമെന്നു മാത്രമല്ല, ജീവന്റെ സ്വഭാവം തന്നെ വ്യത്യസ്തമാണെന്നും അത് ഇക്കാല ജീവിതത്തിന്റെ വെറും തുടർച്ചയല്ല, ഒരു പുതുയുഗപ്പിറവിയാണെന്നും പ്രതിപാദിച്ചിരിക്കുന്നു. മശിഹായുടെ ആഗമനത്തോടെ ഈ പുതുയുഗം

ഈ ലോകത്തിൽ തന്നെ സമാരംഭിക്കുകയും മനുഷ്യൻ നിത്യജീവനിലേക്കു പ്രവേശിക്കുകയും ചെയ്യും. പുതിയനിയമത്തിൽ, യുഗാന്തം, നിത്യജീവൻ എന്നിവയെ സംബന്ധിച്ച ചിന്ത യഹൂദന്മാരുടെ 'വെളിപാടു ഗ്രന്ഥങ്ങളോ'ടു വളരെ അടുത്തു നിൽക്കുന്നു.

**(ii) നിത്യജീവൻ – പുതിയനിയമത്തിൽ**

നിത്യജീവൻ പ്രാകൃതജീവനിൽ നിന്നും വ്യത്യസ്തമാണ്. ശാരീരിക മരണത്തെ അതിജീവിക്കുന്നതാണു നിത്യജീവൻ. നിത്യജീവന്റെ യഥാർത്ഥ ശത്രു ശാരീരിക മരണമല്ല, പാപമാണ്. 'പാപം ചെയ്യുന്നവന്റെ ഉള്ളിൽ നിത്യജീവൻ വസിക്കുന്നില്ല' എന്ന് വി. യോഹന്നാൻ പറയുന്നു (1 യോഹ. 3:14; 5:6). നിത്യജീവൻ വരുംയുഗത്തിന്റെ ജീവനാണ്. ഈ യുഗം യേശുക്രിസ്തുവിൽ ഇവിടെ ഇപ്പോൾതന്നെ സമാരംഭിച്ചിരിക്കുന്നു. തീർത്തും ഭാവിയിൽ സാക്ഷാത്ക്കരിക്കാനിരിക്കുന്ന ജീവനെ സംബന്ധിച്ചല്ല കർത്താവു പഠിപ്പിച്ചത്. ഇക്കാലത്ത് ഈ ലോകത്തുതന്നെ സമാരംഭിച്ചതും പൂർണതയിലേക്ക് ഉറ്റുനോക്കുന്നതുമായ ജീവിതമാണത്. പൂർണതയിൽ ശാരീരികമരണവും ഇല്ലാതായിത്തീരും.

**(iii) നിത്യജീവനിലേക്കു നിലനിൽക്കുന്ന ആഹാരം**

വി. യോഹന്നാന്റെ സുവിശേഷം 6–ാം അദ്ധ്യായം വി. കുർബാനയെ സംബന്ധിച്ചു സുദീർഘമായ ഒരു പ്രബോധനമാണ്. അഞ്ചപ്പം കൊണ്ട് 5000 പേരെ പോഷിപ്പിച്ച സംഭവത്തിൽ ആകൃഷ്ടരായി അടുത്തുകൂടുന്ന സാമാന്യജനത്തിന്റെ പ്രതീക്ഷ കർത്താവ് അറിഞ്ഞു. ഭൗതിക ജീവൻ നിലനിർത്താനുള്ള ആഹാരം ആയാസം കൂടാതെ കിട്ടുമെന്ന് അവർ മോഹിച്ചു. എന്നാൽ കർത്താവ് അവരെ തിരുത്തുന്നു: 'നശിച്ചുപോകുന്ന ആഹാരത്തിനായിട്ടല്ല, നിത്യജീവനിലേക്കു നിലനില്ക്കുന്ന ആഹാരത്തിനായിട്ടുതന്നെ പ്രവർത്തിപ്പീൻ, (6:27). മരുഭൂമിയിൽ യിസ്രായേല്യർക്കു ലഭിച്ച മന്നാ നിത്യജീവൻ പ്രദാനം ചെയ്യുന്നതായിരുന്നില്ല. എന്നാൽ സ്വർഗത്തിൽ നിന്നിറങ്ങിവന്നു ജീവൻ കൊടുക്കുന്ന അപ്പം ക്രിസ്തുവാണ്. വി. കുർബാനയിലൂടെ ക്രിസ്തു നമുക്കായി സ്വയം നൽകുന്നു. അവന്റെ തിരുശരീരരക്തങ്ങൾ അനുഭവിക്കുന്ന നാം നിത്യജീവനിലേക്കു പ്രവേശിച്ചിരിക്കുന്നു; 'എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവന്നു നിത്യജീവനുണ്ട്.'

**ജീവനും തേജസ്സും**

ദൈവരാജ്യത്തിന്റെ അനുഭവങ്ങളാണു ജീവനും തേജസ്സും. ഈ രണ്ടു പദങ്ങളും ഒരേ അർത്ഥത്തിൽ മാറിമാറി ഉപയോഗിക്കാവുന്നവയാണ്. ഉദാഹരണമായി, 1 പത്രോ. 5:4 ൽ 'തേജസ്സിന്റെ വാടാത്ത കിരീടം' എന്നു

പറയുമ്പോൾ യാക്കോ. 1:12 ലും വെളി. 2:10 ലും 'ജീവകിരീടം' എന്ന് പറഞ്ഞിരിക്കുന്നു. 2 കൊരി. 3:6–11 ൽ ജീവനും തേജസ്സും തമ്മിലുള്ള ബന്ധം കാണാവുന്നതാണ്. നിയമം നിർജീവമായിപ്പോയിരിക്കണം. നിയമത്തിന്റെ ശുശ്രൂഷ ശിക്ഷാവിധിയും മരണവുമാണ് നൽകുന്നത്. എന്നാൽ ആത്മാവ് ജീവൻ നൽകുന്നു. ജീവിപ്പിക്കുന്ന ആത്മാവിന്റെ ശുശ്രൂഷ അതിമഹത്തായ തേജസ്സു പ്രദാനം ചെയ്യുന്നു. 'ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു' എന്ന് യോഹ. 1:4 ൽ പറയുന്നുണ്ടല്ലോ. അതേ രീതിയിൽത്തന്നെ ചിന്തിക്കുമ്പോൾ ദൈവിക ജീവന്റെ സ്ഫുരണമാണ് ദൈവതേജസ്സ്.

## ത്യാഗത്തിൽ നിന്നുയിർക്കുന്ന ജീവൻ

'ത്യാഗത്തിലാണ് ജീവന്റെ തുടക്കം' എന്ന് ഒരു ചൊല്ലു തന്നെയുണ്ടല്ലോ. ഗോതമ്പുമണി നിലത്തു വീണു സ്വയം ഇല്ലാതാകുമ്പോൾ അതിൽനിന്നും പുതിയ ജീവൻ ഉയിർകൊള്ളുന്നു (യോഹ. 12:24). ഈ ഉപമയിലൂടെ കർത്താവ് തന്റെ ക്രൂശ്മരണത്തിലേക്ക് വിരൽചൂണ്ടുന്നു. ക്രൂശിലെ മരണവും ത്യാഗവും പുനരുത്ഥാനത്തിന്റെ ജീവനിലേക്കും തേജസ്സിലേക്കുമാണ് വഴിനയിക്കുന്നത്. നിത്യജീവൻ നേടുന്നതിന് ആഗ്രഹിക്കുന്നയാൾ നിത്യജീവൻ ത്യജിക്കുക തന്നെ വേണം (യോഹ. 12:25). ക്രിസ്തുവിനെപ്രതി ബന്ധുമിത്രാദികളെയും സർവസമ്പാദ്യങ്ങളെയും വിട്ടുകളയുന്നവന് അവയെല്ലാം നൂറുമടങ്ങ് ലഭിക്കുമെന്നും നിത്യജീവൻ അവകാശമാക്കുമെന്നും കർത്താവു തന്നെ പറയുന്നു (മത്താ. 19:29). സുവിശേഷത്തിനു വേണ്ടി നിരന്തരം പീഡനമനുഭവിക്കുന്ന അപ്പോസ്തോലന്മാർ യേശുക്രിസ്തുവിന്റെ മരണം അവരുടെ ജീവനുള്ള ശരീരത്തിൽ വഹിക്കുകയാണ്. തന്മൂലം അവരുടെ മർത്യശരീരത്തിൽ യേശുവിന്റെ ജീവൻ വെളിപ്പെടും (2 കൊരി. 4:10–11). 'മരിക്കുന്നവരെന്നിട്ടും ഇതാ ഞങ്ങൾ ജീവിക്കുന്നു' എന്നു വി. പൗലോസ് തുടർന്നു പറയുന്നു (2 കൊരി. 6:9).

## ജീവൻ - ഇക്കാലാനുഭവവും വരുംകാല പ്രതീക്ഷയും

ക്രിസ്തുവിന്റെ മരണത്തെ അതിജീവിക്കുന്ന പുനരുത്ഥാനം ഒരു സുപ്രധാന കാര്യം നമ്മെ പഠിപ്പിക്കുന്നു. മരണത്തെ ജയിക്കുന്ന ജീവൻ ഇക്കാല ചരിത്രത്തിൽ തന്നെ കടന്നുവന്നിരിക്കുന്നു. എന്നാൽ അതേസമയം തന്നെ മരണം പൂർണമായും ഇല്ലാതായിത്തീരുന്ന അന്ത്യപുനരുത്ഥാനത്തിലേക്കു നാം വളരുകയുമാണ്. അങ്ങനെ ക്രിസ്തു നൽകുന്ന ജീവൻ ഒരേ സമയം ഇക്കാലാനുഭവവും വരുംകാല പ്രതീക്ഷയുമാണ്. ഇവ രണ്ടും പുതിയനിയമത്തിലുടനീളം കൂടിച്ചേർന്നു വരുന്നതു കാണാം. ഉദാഹരണത്തിന്, 1 തിമോ. 6:12 –ൽ 'നിത്യജീവനെ പിടിച്ചുകൊൾക എന്നു വർത്തമാന കാലത്തെക്കുറിച്ചു പറയുന്നുവെങ്കിൽ; 6:19 –ൽ 'സാക്ഷാലുള്ള ജീവനെ

പിടിച്ചുകൊള്ളേണ്ടതിന്ന്' എന്നു ഭാവിയെ സംബന്ധിച്ചു പറയുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്നവൻ മരണത്തിൽ നിന്ന് ജീവനിലേക്കു കടന്നിരിക്കുന്നു (യോഹ. 5:24); ഇത് ഇപ്പോഴുള്ള അനുഭവമെങ്കിൽ നന്മ ചെയ്തവർ ജീവന്നായി പുനരുത്ഥാനം ചെയ്‌വാനുള്ള നാഴിക നാം കാത്തിരിക്കുകയുമാണ് (യോഹ. 5:29).

**ചോദ്യങ്ങൾ**

1. ക്രിസ്തുവിൽ നമ്മുടെ ജീവൻ അടിസ്ഥാനമായിരിക്കുന്നുവെന്നതു പുതിയനിയമ വെളിച്ചത്തിൽ വിവരിക്കുക.
2. പുതിയനിയമത്തിൽക്കാണുന്ന നിത്യജീവൻ എന്ന ആശയത്തിന്റെ യഹൂദമത പശ്ചാത്തലം എന്ത്?
3. ദൈവരാജ്യവും നിത്യജീവനും എങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു?

**പാഠം 5**

# നാഥാ, രക്ഷിക്കേണമേ

❑ യഹോവ - യിസ്രായേലിന്റെ രക്ഷ ❑ യഹോവ - യിസ്രായേലിന്റെ വീണ്ടെടുപ്പുകാരൻ ❑ ദൈവം സമ്പാദിച്ച ജനം ❑ 'രക്ഷ' എന്ന പദം പുതിയ നിയമത്തിൽ ❑ രോഗശാന്തിയും രക്ഷയും ❑ പാപത്തിൽ നിന്നുള്ള രക്ഷ ❑ രക്ഷയും നിത്യജീവനും ❑ ദൈവകോപത്തിൽ നിന്ന് ദൈവതേജസ്സിലേക്ക്

## യഹോവ - യിസ്രായേലിന്റെ രക്ഷ

പഴയനിയമത്തിൽ 'രക്ഷിക്ക' എന്ന പദത്തിന്റെ പ്രാഥമികാർത്ഥം 'ഞെരുക്കത്തിൽ നിന്ന് വിശാലതയിലേക്കു കൊണ്ടുവരിക' എന്നാണ്. മർദ്ദിച്ചതായി നിർത്തിയിരിക്കുന്ന അവസ്ഥയിൽ നിന്നും, തടവറയിൽ നിന്നും വിമോചിപ്പിച്ച് സ്വാതന്ത്ര്യത്തിന്റെ വിശാലതയിലേക്കു കൊണ്ടുവരുന്നതാണ് രക്ഷ. വ്യക്തിപരവും സാമൂഹ്യവുമായ, ആദ്ധ്യാത്മികവും ഭൗതികവുമായ എല്ലാ തിന്മകളിൽ നിന്നും, തിന്മയുടെ ശക്തികളിൽ നിന്നുമുള്ള വിമോചനം പഴയനിയമത്തിൽ രക്ഷ എന്ന പദത്തിൽ ഉൾക്കൊള്ളുന്നുണ്ട്.

യഹോവയാണ് യിസ്രായേലിന്റെ യഥാർത്ഥ രക്ഷകൻ. യുദ്ധത്തിൽ

വിജയം നേടുന്നത് യിസ്രായേൽ സൈന്യമല്ല. വിമോചകനായ യഹോവ തന്നെയാണ് (സങ്കീ. 44:3-4), ശത്രുവിന്റെ മുമ്പിൽ സ്വയം രക്ഷാമാർഗം അന്വേഷിക്കയില്ല. രക്ഷകനായ യഹോവ ഇടപ്പെട്ടു പ്രവർത്തിക്കുമെന്നു വിശ്വസിച്ചു ശാന്തമായി കാത്തിരിക്കുകയാണ് വേണ്ടതെന്ന് യെശയ്യാവ് ഉപദേശിക്കുന്നു; 'മനം തിരിഞ്ഞ് അടങ്ങിയിരുന്നാൽ നിങ്ങൾ രക്ഷിക്കപ്പെടും' (യെശ. 30:15); ചരിത്രത്തിലേക്കു തിരിഞ്ഞുനോക്കുമ്പോൾ 'യിസ്രായേൽ യഹോവയാൽ രക്ഷിക്കപ്പെട്ട ജന'മെന്ന് ഉറപ്പിച്ചുപറയാൻ കഴിയും (ആവ. 33:29). ഈജിപ്റ്റിൽ നിന്നു ദൈവം അവരെ രക്ഷിച്ചതു മുതൽ അന്യജാതികളിൽ നിന്നും രാജാക്കന്മാരിൽ നിന്നും തുടർന്നും യഹോവ അവരെ രക്ഷിച്ചുകൊണ്ടിരിക്കുന്നു (പുറ. 15:2; സങ്കീ. 74:12; 106:10, 21; 1 ശമു. 11:13; 14:23; 2 ശമു. 8:6, 14). രാഷ്ട്രത്തിന്റെ രക്ഷയ്ക്കായി മാത്രമല്ല യഹോവ എത്തുന്നത്; രോഗങ്ങളിൽ നിന്നും അനർത്ഥങ്ങളിൽ നിന്നും അന്യായമായി വിധിക്കുന്നവരിൽ നിന്നും തടവിൽ നിന്നും ദാരിദ്ര്യത്തിൽ നിന്നും, മർദ്ദകരിൽ നിന്നും, മരണത്തിൽ നിന്നും, ഇങ്ങനെ മനുഷ്യനെ ബന്ധനത്തിലും ദുരിതത്തിലുമാഴ്ത്തുന്ന എല്ലാറ്റിൽ നിന്നും യഹോവ രക്ഷ നൽകുന്നു. സങ്കീർത്തനങ്ങളുടെ മുഖ്യപ്രമേയവും ഇതുതന്നെയാണ്. 'യഹോവേ രക്ഷിക്കണമേ' എന്ന ഭക്തരുടെ നിലവിളി സങ്കീർത്തനങ്ങളിലുടനീളം മുഴങ്ങി കേൾക്കുന്നു (സങ്കീ 12:1; 20:9; 28:9; 60:5; 86:16; 108:6; 109:26; 119:94).

## യഹോവ - യിസ്രായേലിന്റെ വീണ്ടെടുപ്പുകാരൻ

യിസ്രായേലിൽ സഹോദരങ്ങൾക്കിടയിൽ ഒരു വീണ്ടെടുപ്പു വ്യവസ്ഥയുണ്ടായിരുന്നു; 'ഒരു സഹോദരൻ ദരിദ്രനായിത്തീർന്നു തന്റെ അവകാശത്തിൽ ഏതാനും വിറ്റാൽ അവന്റെ അടുത്ത ചാർച്ചക്കാരൻ വന്ന് സഹോദരൻ വിറ്റത് വീണ്ടുകൊള്ളണം' (ലേവ്യ. 25:23-55). ഇതുപോലെ അന്യാധീനമായിപ്പോകുന്ന യിസ്രായേലിനെ വീണ്ടെടുക്കുന്നവനാണ് യഹോവ. മിസ്രയീമിലെ അടിമത്തത്തിൽ നിന്നും യിസ്രായേല്യരെ വീണ്ടെടുത്ത യഹോവ യിസ്രായേലിന്റെ വീണ്ടെടുപ്പുകാരനാണ് (പുറ. 6:6-7; ആവ. 7:6-8; സങ്കീ. 43:1-7; 111:10). ബാബേലിലെ അടിമത്തത്തിൽ നിന്നും യഹോവ അവരെ വീണ്ടെടുക്കുമെന്ന് പ്രവാസകാലത്തെ പ്രവാചകന്മാർ പ്രബോധിപ്പിക്കുന്നു. 'നിന്റെ വീണ്ടെടുപ്പുകാരൻ യിസ്രായേലിന്റെ പരിശുദ്ധൻ തന്നെ' (യെശ. 41:14; cf. 43:14; 44:16; 47:4; സങ്കീ. 19:14; 78:35). യഹോവയുടെ നാൾ വരുമ്പോൾ സകല ദാസ്യത്തിൽ നിന്നും സ്വജനത്തെ വിമോചിപ്പിക്കുന്നതിന് യഹോവ വീണ്ടെടുപ്പുകാരനായി വരും എന്ന് പ്രവാചകന്മാർ മുന്നറിയിക്കുന്നു (യെശ. 59:20; സങ്കീ. 130:7-8; ഹോശ. 13:14). ഈ പ്രത്യാശ യേശുക്രിസ്തുവിൽ നിറവേറ്റുന്നതായി പുതിയനിയമം സാക്ഷിക്കുന്നു (ലൂക്കോ. 2:38; 24:21; എഫേ. 1:14; 4:30; 2 പത്രൊ. 2:9).

ക്രിസ്തുവിനെ 'വീണ്ടെടുപ്പുകാരൻ' എന്ന് പുതിയനിയമം നേരിട്ടു വിശേഷിപ്പിക്കുന്നില്ലെങ്കിലും ക്രിസ്തുവിൽ നമുക്കുള്ള വീണ്ടെടുപ്പിനെ സംബന്ധിച്ച് പലയിടത്തും പരാമർശനമുണ്ട്. വി. പൗലോസ് പറയുന്നു: 'അവനിൽ നമുക്ക് അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പുണ്ട്' (എഫെ. 1:7 cf.; കൊലൊ. 1:14; റോമ. 3:24). ക്രിസ്തു നമ്മുടെ വീണ്ടെടുപ്പു തന്നെയാണെന്നും വി. പൗലോസ് പറയുന്നു (1 കൊരി. 1:30).

## ദൈവം സമ്പാദിച്ച ജനം

'ദൈവം സ്വജനത്തെ വീണ്ടെടുക്കുന്നു' എന്ന ആശയത്തോടു ബന്ധപ്പെട്ടു പോകുന്നവയാണ്, 'ദൈവം സ്വജനത്തെ സമ്പാദിക്കുന്നു,' 'സ്വന്തമാക്കുന്നു,' 'വിലയ്ക്കു വാങ്ങുന്നു' എന്നീ ആശയങ്ങൾ. മിസ്രയിമിലെ അടിമത്തത്തിൽ നിന്നും വിടുവിച്ച് യഹോവ സമ്പാദിച്ച ജനമാണ് യിസ്രായേൽ (പുറ. 15:16). അങ്ങനെ യിസ്രായേൽ സകലജാതികളിലും വച്ച് യഹോവയുടെ സമ്പത്തായിത്തീർന്നു (പുറ. 19.5). ഇവിടെയെല്ലാം, യഹോവ രക്ഷാകര പ്രവർത്തനത്തിലൂടെയാണ് യിസ്രായേലിനെ സ്വജനമായി സമ്പാദിക്കുന്നതെന്ന് കാണുന്നു.

ക്രിസ്ത്യാനികൾ വിലയ്ക്കു വാങ്ങപ്പെട്ടവരാണെന്നു വി. പൗലോസ് പറയുന്നു (1 കൊരി. 6:19; 7:22). ക്രൂശിന്മേൽ സ്വയം ബലിയായർപ്പിച്ച് രക്ഷാകരപ്രവർത്തനത്തിലൂടെ ക്രിസ്തു തനിക്കായി സമ്പാദിച്ചവരാണ് ക്രിസ്ത്യാനികൾ. ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്നും ക്രിസ്തു നമ്മെ വിലയ്ക്കു വാങ്ങി. പുത്രത്വത്തിന്റെ അവകാശത്തിലേക്കു കൊണ്ടുവന്നിരിക്കുന്നുവെന്നു ഗലാത്യ ലേഖനത്തിൽ വി. പൗലോസ് പറയുന്നു (3:13; 4:5).

## 'രക്ഷ' എന്ന പദം പുതിയനിയമത്തിൽ

പുതിയനിയമത്തിൽ 'രക്ഷ' എന്ന പദം പ്രധാനമായും ആദ്ധ്യാത്മികമായ രക്ഷയാണ് സൂചിപ്പിക്കുന്നത്. ചുരുക്കം ചില സന്ദർഭങ്ങളിൽ ഭൗതികജീവൻ അപകടത്തിലാവുമ്പോൾ അതിൽ നിന്നുള്ള വിമോചനത്തിന് 'രക്ഷ' എന്ന വാക്ക് ഉപയോഗിക്കുന്നുണ്ട്. ഉദാഹരണമായി, പടക് കടലിൽ മുങ്ങിപ്പോകുമെന്ന നിലവന്നപ്പോൾ ശിഷ്യന്മാരും കടലിന്മീതെ നടക്കുമ്പോൾ വെള്ളത്തിലേക്ക് ആഴ്ന്നുപോവുന്ന സന്ദർഭം പത്രോസും 'കർത്താവേ രക്ഷിക്കണമേ' എന്ന് നിലവിളിക്കുന്നു (മത്താ. 8:25; 14:30; cf. അപ്പോ. പ്ര. 27; 20, 31, 34). വി. പൗലോസിന്റെ ലേഖനങ്ങളിൽ മനുഷ്യന് ദൈവം നൽകുന്ന ആദ്ധ്യാത്മികാനുഭവത്തെക്കുറിച്ചു പ്രതിപാദിക്കുന്നതിന് 'രക്ഷ' എന്ന പദം നീക്കിവച്ചിരിക്കുന്നതായിക്കാണാം. ഇവിടെ 'രക്ഷ',

ആത്മാവിൽ മാത്രം എന്ന് അർത്ഥമാക്കുന്നില്ല. പുതിയനിയമത്തിൽ രക്ഷ മനുഷ്യന്റെ ആത്മാവിനെ മാത്രം സ്പർശിക്കുന്നതല്ല. രക്ഷ മനുഷ്യന്റെ വ്യക്തിത്വം മുഴുവന്റെയും വിമോചനവും ഉത്ഗ്രഥനവുമാണ്.

## രോഗശാന്തിയും രക്ഷയും

സമവീക്ഷണ സുവിശേഷങ്ങളിൽ യേശുവിന്റെ രോഗശാന്തി ശുശ്രൂഷ രക്ഷയുമായി ബന്ധിപ്പിച്ചിരിക്കുന്നു. പല സന്ദർഭങ്ങളിലും രോഗശാന്തി നൽകിയശേഷം കർത്താവ് 'നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു' എന്നു പറയുന്നതായിക്കാണാം (മർക്കോ. 5:34; 10:52; ലൂക്കോ. 7:50; 17:19). രോഗശാന്തി ശുശ്രൂഷയിലൂടെ കർത്താവു ശാരീരിക സൗഖ്യം മാത്രമല്ല നൽകുന്നത്. രോഗശാന്തിയോടൊപ്പം യേശു പാപത്തിൽ നിന്നുള്ള രക്ഷയും നൽകുന്നു. യഥാർത്ഥത്തിൽ പാപത്തിൽ നിന്നുള്ള രക്ഷയാണ് രോഗശാന്തിയിലേക്കു നയിക്കുന്നത്. ഉദാഹരണമായി, യറീഹോവിൽ വച്ച്, കുരുടനായ ബർത്തിമായിയോട്, 'പോക, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു' എന്നു മാത്രമാണു കർത്താവ് പറയുന്നത് (മർക്കോ. 10:52). രക്ഷയുടെ അനന്തരഫലമെന്നോണം അവനു കാഴ്ച ലഭിക്കുന്നു. പാപവും രോഗവും തമ്മിലുള്ള ബന്ധം യഹൂദ മതം വളരെ ശക്തമായി ഊന്നിപ്പറയുന്നു. യേശുവും അതു പ്രധാനമായി കാണുന്നുണ്ട്. ഇവിടെ ഒരു വ്യക്തിയുടെ പാപം അയാളെ രോഗിയാക്കുന്നു എന്നു പറയുകയല്ല; രോഗവും ജീർണതയും പാപത്തിന്റെ ഫലമാണ്, മനുഷ്യന്റെ പാപാവസ്ഥയെയാണ് അതു സൂചിപ്പിക്കുന്നത്. പാപത്തിൽ നിന്നുള്ള രക്ഷയിലൂടെ മാത്രമേ ശാരീരികസൗഖ്യം പൂർണമായും ലഭിക്കുകയുള്ളു. വി. യാക്കോബ് ശ്ലീഹായും ഇത് ഊന്നിപ്പറയുന്നുണ്ട്. എന്നാൽ നിങ്ങൾക്കു രോഗശാന്തി വരേണ്ടതിനു തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞ് ഒരുവന്നു വേണ്ടി ഒരുവൻ പ്രാർത്ഥിപ്പീൻ' (5:16). പാപിനിയായ സ്ത്രീക്കു പാപമോചനം നൽകുമ്പോഴും രക്തസ്രാവക്കാരിയായ സ്ത്രീക്കു രോഗശാന്തി നൽകുമ്പോഴും കർത്താവു പറയുന്ന വചനം ഒന്നു തന്നെയാണ്, 'നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു' (മർക്കോ. 5:34; ലൂക്കോ. 7:50).

## പാപത്തിൽ നിന്നുള്ള രക്ഷ

യേശുക്രിസ്തുവിന്റെ കാലത്തെ യഹൂദന്മാരുടെ ചിന്തയിൽ മശിഹാ നൽകുന്ന രക്ഷയിൽ പാപമോചനത്തിനു വലിയ പ്രാധാന്യം നൽകിക്കാണുന്നില്ല. എന്നാൽ പുതിയനിയമത്തിൽ പാപത്തിൽ നിന്നുള്ള രക്ഷ സുപ്രധാനമാണ്. യോഹന്നാൻ സ്നാപകൻ 'പാപമോചനത്തിൽ രക്ഷാപരിജ്ഞാനം കൊടുപ്പാനായി' ക്രിസ്തുവിനു മുമ്പായി നടക്കും എന്നു സഖര്യാവിന്റെ സ്തുതിഗീതത്തിൽ പറഞ്ഞിരിക്കുന്നു (ലൂക്കോ. 1:77). മത്തായി 1:21 –ൽ യേശു എന്ന പേരിന്റെ അർത്ഥം വിശദമാക്കുമ്പോഴും

പാപത്തിൽ നിന്നുള്ള രക്ഷയ്ക്കു പ്രാധാന്യം കൊടുത്തു കാണുന്നു; 'അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്ക കൊണ്ടു നീ അവനു യേശു എന്നു പേരിടേണം.'

പുതിയനിയമത്തിൽ കാണുന്ന ഈ ഊന്നൽ ശ്രദ്ധേയമാണ്. പഴയനിയമത്തിൽ, രാഷ്ട്രീയവും ഭൗതികവുമായ വിമോചനം രക്ഷയുടെ സുപ്രധാനമായ ഭാഗമാണ്. ക്രിസ്തുവിന്റെ രക്ഷാകര പ്രവർത്തനം നേരിട്ട് അങ്ങനെയൊരു ലക്ഷ്യം വച്ചു കൊണ്ടുള്ളതായിരുന്നില്ല. എന്നാൽ പാപത്തിൽ നിന്നു വിമോചിതരായി ക്രിസ്തുവിൽ രക്ഷ കണ്ടെത്തുന്ന സമൂഹം രാഷ്ട്രീയവും ഭൗതികവുമായ ഘടനകളെ സമഗ്രമായി രൂപാന്തരപ്പെടുത്താനും പുനഃസൃഷ്ടി ചെയ്യാനും കഴിവുള്ളതായിരിക്കും.

## രക്ഷയും നിത്യജീവനും

പാപത്തിൽ നിന്നുള്ള വിമോചനം മാത്രമല്ല യേശുക്രിസ്തുവിലുള്ള രക്ഷ നമുക്കു നൽകുന്നത്. രക്ഷ ദൈവരാജ്യത്തിലേക്കുള്ള പ്രവേശനവും നിത്യജീവന്റെ അവകാശവുമാണ്. ഒരു പ്രമാണി കർത്താവിനോട്, നിത്യജീവനെ അവകാശമാക്കുവാൻ എന്തു ചെയ്യണം എന്നു ചോദിക്കുന്നതിനെ തുടർ ന്നുള്ള വേദഭാഗത്ത് ഇതു വ്യക്തമായിക്കാണാൻ കഴിയും (മർക്കോ. 10:17–27). ഇവിടെ, 'നിത്യജീവനെ അവകാശമാക്കുക' (10:17), 'ദൈവരാജ്യത്തിൽ കടക്കുക' (10:23–25), 'രക്ഷ പ്രാപിക്കുക' (10:26) ഈ ആശയങ്ങളെല്ലാം ഒരേ അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്.

## ദൈവകോപത്തിൽ നിന്നു ദൈവതേജസ്സിലേക്ക്

ക്രിസ്തുവിൽ നാം അനുഭവിച്ചറിയുന്ന രക്ഷയ്ക്കു വി. പൗലോസ് രണ്ടു വശങ്ങൾ കാണുന്നു. ഒന്നാമതു രക്ഷ വരാനുള്ള ദൈവകോപത്തിൽ നിന്നുള്ള മോചനം ആണ് (റോമ. 5:9; 1 കൊരി. 3:15; 5:5;1 തെസ്സ. 5:9). ഈ മോചനം, ഒരു വശത്ത് ന്യായവിധിനാളിൽ ആണു നാം പ്രാപിക്കുക (2 കൊരി. 5:10). മറുവശത്ത്, ദൈവം നമ്മെ നമ്മുടെ പാപങ്ങളിൽ നിന്നു നീതികരിച്ചു രക്ഷിച്ചിരിക്കുന്നതിനാൽ ഇപ്പോൾ തന്നെ നാം ദൈവകോപത്തിൽ നിന്നു വിമോചിതരായിരിക്കുന്നു (റോമ. 5:9–10).

രക്ഷിക്കപ്പെടാത്ത മനുഷ്യന്റെ അവസ്ഥ അവൻ തേജസ്സ് നഷ്ടപ്പെടുത്തിയിരിക്കുന്നു എന്നുള്ളതാണ് (റോമ. 3:23). രക്ഷിക്കപ്പെട്ട മനുഷ്യൻ ക്രിസ്തുവിന്റെ രൂപത്തോട് അനുരൂപപ്പെട്ട് തേജസ്സ് ധരിക്കുന്നു. ഇതാണു രക്ഷയുടെ രണ്ടാമത്തെ വശം. ഇത് ഇപ്പോഴുള്ള അനുഭവം തന്നെയാണെന്ന് വി. പൗലോസ് റോമാ. 28:30 -ൽ പറയുന്നു. 2 തെസ്സ. 2:14 -ൽ പൗലോസ് പറയുന്നതു ശ്രദ്ധിക്കുക, 'നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ തേജസ്സു പ്രാപിപ്പാനല്ലോ അവൻ ഞങ്ങളുടെ

സുവിശേഷഘോഷണത്താൽ നിങ്ങളെ രക്ഷയ്ക്കു വിളിച്ചത്.' ഇതിന്റെ പൂർണത കർത്താവിന്റെ രണ്ടാമത്തെ വരവിൽ നാം അനുഭവിക്കും എന്നു വി. പൗലോസ് മറ്റൊരവസരത്തിൽ പറയുന്നു; അവൻ 'നമ്മുടെ താഴ്മയുള്ള ശരീരത്തെ തന്റെ തേജസ്സുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടുത്തും' (ഫിലി. 4:20-21).

### ചോദ്യങ്ങൾ

1. യഹോവ രക്ഷകനെന്നു യിസ്രായേൽ ജനം അനുഭവിച്ചറിഞ്ഞതെങ്ങനെ?
2. രോഗശാന്തിയും രക്ഷയും തമ്മിലുള്ള ബന്ധം എന്ത്?
3. രക്ഷ, ദൈവകോപത്തിൽ നിന്നു ദൈവതേജസ്സിലേക്കുള്ള പ്രയാണമെന്നു സമർത്ഥിക്കുക.

## പാഠം 6

# നിങ്ങൾക്കു സമാധാനം

❑ സമാധാന വന്ദനം ❑ ശാലോം ❑ സമാധാന പ്രഭു ❑ ക്രിസ്തു നമ്മുടെ സമാധാനം ❑ രക്ഷയും സമാധാനവും ❑ വിശുദ്ധിയും സമാധാനവും ❑ സമാധാനവും നീതിയും

### സമാധാന വന്ദനം

'നിങ്ങൾക്ക് (നിനക്ക്) സമാധാനം!' എന്നുച്ചരിച്ചുകൊണ്ടാണ് യേശുവിന്റെ കാലത്തെ യഹൂദന്മാർ പരസ്പരം അഭിവാദ്യമർപ്പിച്ചിരുന്നത്. യഹൂദരും അറബികളും ഇന്നും ഈ വന്ദനവാക്യം ഉപയോഗിക്കുന്നു. പഴയനിയമത്തിൽ, വ്യക്തികൾ പരസ്പരം കണ്ടുമുട്ടുമ്പോൾ, 'സമാധാനമായിരിക്കുന്നുവോ' (സുഖമായിരിക്കുന്നുവോ) എന്നു കുശലാന്വേഷണം നടത്തുന്നതായിക്കാണാം (ഉല്പ. 29:6; 43:27; 2 ശമു. 18:29; 20:9). ഗബ്രിയേൽ മാലാഖ കന്യകമറിയാമിനു പ്രത്യക്ഷപ്പെടുമ്പോൾ, 'കൃപ ലഭിച്ചവളേ നിനക്കു സമാധാനം' (ലൂക്കോ. 1:28) എന്നും പുനരുത്ഥാനം ചെയ്ത ക്രിസ്തുശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുമ്പോൾ 'നിങ്ങൾക്കു സമാധാനം' (യോഹ. 20:19, 21, 26) എന്നും ഉച്ചരിക്കുന്നുണ്ടല്ലോ. ഈ സന്ദർഭങ്ങളിൽ ഈ വന്ദനവാക്യം വെറും അഭിവാദനം മാത്രമല്ല. രക്ഷകനായ ക്രിസ്തുവിന്റെ പിറവിയെക്കുറിച്ചുള്ള പ്രഖ്യാപനം സമാധാനം നൽകുന്ന രക്ഷാ

ദൂതാണ്. പുനരുത്ഥാനം ചെയ്ത ക്രിസ്തു മരണഭീതിയെ ജയിക്കുന്ന സമാധാനം ലോകത്തിനു നൽകുന്നു. വി. പൗലോസ്, ലേഖനങ്ങളാരംഭിക്കുമ്പോൾ നേരുന്ന സമാധാനം (റോമ. 1:4; 1 കൊരി. 1:3 etc.) പുനരുത്ഥാനം ചെയ്ത ക്രിസ്തുവിന്റെ സമാധാന വചനത്തിന്റെ പ്രതിധ്വനിയാണ് നമ്മുടെ കാതുകളിൽ പതിക്കുന്നത്.

**ശാലോം**

ഗ്രീക്കു ഭാഷയിൽ, 'സമാധാനം' യുദ്ധം ശമിച്ചു ശാന്തമായ അവസ്ഥയാണ്. 'ശാലോം' (സമാധാനം) എന്ന എബ്രായ പദത്തിന്റെ മൂലാർത്ഥം 'ക്ഷേമം' അല്ലെങ്കിൽ 'ഐശ്വര്യം' എന്നാണ്. ഭൗതികമായ ക്ഷേമൈശ്വര്യം എന്ന അർത്ഥം 'ശാലോം' എന്ന പദത്തിന് പഴയനിയമത്തിൽ പ്രധാനമാണ്. പല സന്ദർഭങ്ങളിലും ശാരീരികസൗഖ്യം (സ്വസ്ഥത) എന്ന അർത്ഥത്തിൽ ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നു (സങ്കീ. 38:3; 73:3; യിര. 6:14; യെശ. 57:18-19). ഒരു രാഷ്ട്രമോ സമൂഹമോ ക്ഷേമൈശ്വര്യത്തിലും സമാധാനത്തിലും കഴിയുന്ന അവസ്ഥ 'ശാലോം' ആണ് (2 രാജാ. 20:19: 2 ശമു. 17:3; 1 രാജാ. 2:5). 'ശാലോം' എന്ന വാക്കിന് 'രക്ഷ' എന്നും അർത്ഥം കൊടുത്തിരിക്കുന്നു (ലേവ്യ. 25:6). ക്ഷേമം, ഐശ്വര്യം, നന്മ, ദൈവീക രക്ഷ ഈ അർത്ഥങ്ങളെല്ലാം സമാധാനം എന്ന പദം ഉൾക്കൊള്ളുന്നു. പുതിയനിയമം ഗ്രീക്കുഭാഷയിലാണ് എഴുതപ്പെട്ടതെങ്കിലും 'ശാലോം' എന്ന എബ്രായപദം ഉൾക്കൊള്ളുന്ന അർത്ഥങ്ങൾ തന്നെയാണ് പുതിയനിയമത്തിലും കാണാൻ കഴിയുക.

വേദപുസ്തകത്തിൽ, പ്രത്യേകിച്ചും പഴയനിയമത്തിൽ, സമാധാനം ഒരു വ്യക്തിയുടെ അനുഭവം എന്ന നിലയിലല്ല, ഒരു രാഷ്ട്രത്തിന്റെയോ സമൂഹത്തിന്റെയോ അനുഭവം എന്ന നിലയിലാണ് കാണാൻ കഴിയുക. ശാരീരിക സ്വസ്ഥതയും ആന്തരീയശാന്തിയും സമാധാനത്തിന്റെ അവിഭാജ്യഘടകങ്ങൾ ആണ്. സമാധാനം മനുഷ്യന്റെ സമൂഹത്തിന്റെ ആന്തരീയവും ബാഹ്യവുമായ, ആദ്ധ്യാത്മികവും ഭൗതികവുമായ മുഴുവൻ ജീവിതത്തെയും സ്പർശിക്കുന്നു. ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ദൈവികമായ രക്ഷ ആഴമായി അനുഭവിച്ചറിയുന്ന സമൂഹം സമാധാനപൂർണമായിരിക്കും.

**സമാധാനപ്രഭു**

ദൈവം ചരിത്രത്തിൽ ഇടപെട്ട് രക്ഷ പ്രവർത്തിക്കുമെന്നും നിത്യമായ സമാധാനം സ്ഥാപിക്കുമെന്നും യിസ്രായേൽ ജനം പ്രത്യാശിച്ചു. ദൈവം തന്റെ അഭിഷിക്തനിലൂടെ ഇത് നിർവഹിക്കുമെന്ന പ്രതീക്ഷ പ്രവാചക ഗ്രന്ഥങ്ങളിൽ ഉടനീളം കാണാം. ദൈവത്തിന്റെ അഭിഷിക്തൻ 'സമാധാന പ്രഭു' എന്നു വിളിക്കപ്പെടുമെന്നും 'അവന്റെ സമാധാനത്തിന് അവസാനം

ഉണ്ടാവുകയില്ല' എന്നും യശയ്യാവ് പ്രവചിക്കുന്നു (യെശ. 9:6, 7). യഹോവയുടെ അഭിഷിക്തൻ സമാധാനം സ്ഥാപിക്കുന്നവനും അത് എന്നാളും നിലനിർത്തുന്നവനുമാണ്. സഖര്യാ പ്രവചനത്തിൽ കഴുതപ്പുറത്തു കയറിവരുന്ന യഹോവയുടെ അഭിഷിക്തനായ രാജാവിന്റെ ചിത്രം കാണാം (9:9–10). കുതിര, ശക്തിയുടെയും യുദ്ധത്തിന്റെയും പ്രതീകമാണെങ്കിൽ കഴുകൻ താഴ്മയുടെയും സമാധാനത്തിന്റെയും പ്രതീകമാണ്. പടച്ചട്ടയണിഞ്ഞ് പടക്കോപ്പുകളുമായി കുതിരപ്പുറത്തു വരുന്ന യുദ്ധവീരനായ അഭിഷിക്തനു പകരം നീതിമാനും ജയശാലിയും താഴ്മയുള്ളവനുമായി കഴുതപ്പുറത്തു കയറി വരുന്ന യഹോവയുടെ അഭിഷിക്തനെയാണ് സഖര്യാ പ്രവാചകൻ മുൻകാണുന്നത്. അവൻ യുദ്ധവും യുദ്ധസന്നാഹവും നീക്കി 'ജാതികളോടു സമാധാനം കല്പിക്കും.' മീഖാ പ്രവാചകനും യഹോവയുടെ അഭിഷിക്തൻ സമാധാനം സ്ഥാപിക്കും എന്ന പ്രത്യാശ ആവർത്തിച്ചുറപ്പിച്ചുകൊണ്ട് 'അവൻ സമാധാനമാകും' (5:5) എന്ന് പറഞ്ഞിരിക്കുന്നു.

### ക്രിസ്തു നമ്മുടെ സമാധാനം

'അവൻ നമ്മുടെ സമാധാനം; അവൻ ഇരുപക്ഷത്തെയും ഒന്നാക്കി, ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്ന ശത്രുത്വം തന്റെ ജഡത്താൽ നീക്കി വേർപാടിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞത് സമാധാനം ഉണ്ടാക്കിക്കൊണ്ട് ഇരുപക്ഷത്തെയും തന്നിൽ ഓരോ പുതുമനുഷ്യനാക്കി സൃഷ്ടിപ്പാനും ക്രൂശിൽ വച്ച് ശത്രുത്വം ഇല്ലാതാക്കി അതിനാൽ ഇരുപക്ഷത്തെയും ഏകശരീരത്തിൽ ദൈവത്തോടു നിരപ്പിപ്പാനും തന്നെ' (എഫെ. 2:14–99). യഹൂദനെന്നും യവനനെന്നും രണ്ടു ചേരികളിലായി നിന്നിരുന്ന മനുഷ്യവർഗത്തെ ക്രിസ്തു ഒന്നാക്കി. വേർതിരിവിനു കാരണമായ ന്യായപ്രമാണം ക്രിസ്തു നീക്കി വേർപാടിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞ് സമാധാനം സ്ഥാപിച്ചു. മനുഷ്യർ തമ്മിലുള്ള ശത്രുത്വം അവസാനിച്ച് യേശുക്രിസ്തുവിൽ മനുഷ്യവർഗം ഒരു പുതുമനുഷ്യനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ഇവിടെ ക്രിസ്തു സ്ഥാപിച്ച സമാധാനം മനുഷ്യർ തമ്മിലുള്ളതു മാത്രമല്ല, മനുഷ്യരും ദൈവവും തമ്മിലുള്ള സമാധാനവും കൂടിയാണ്. ക്രിസ്തു ഇരുപക്ഷത്തെയും തന്റെ ഏകശരീരത്തിൽ ഒന്നാക്കി ദൈവത്തോടു നിരപ്പിച്ചു. അങ്ങനെ, അവൻ ദൂരസ്ഥരായിരുന്ന ജാതികളോടും സമീപസ്ഥരായിരുന്ന യഹൂദരോടും ഒരുപോലെ സമാധാനം സുവിശേഷിച്ചു (എഫേ. 2:13, 17). ഈ ഭാഗത്ത് മനുഷ്യന് ദൈവത്തോടുള്ള സമാധാനം ഭാഗികമായി മാത്രമേ വ്യക്തമാവുന്നുള്ളുവെങ്കിൽ റോമ 5:1 -ൽ വി. പൗലോസ് അത് വളരെ സ്പഷ്ടമായി ചൂണ്ടിക്കാണിക്കുന്നുണ്ട്. 'വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ട് നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം നമുക്കു ദൈവത്തോടു സമാധാനം ഉണ്ട്.' തുടർന്നു 5:10 -ൽ ഈ സമാധാനം എങ്ങനെ ലഭിച്ചു എന്നും വി. പൗലോസ്

വിശദമാക്കുന്നു. 'നമുക്ക് അവന്റെ പുത്രന്റെ മരണത്താൽ ദൈവത്തോടു നിരപ്പു വന്നു.' സമാധാനം ദൈവവും മനുഷ്യനും തമ്മിലുള്ള വെറും ഒരു ബന്ധമല്ല അർത്ഥമാക്കുന്നത്; അതിലുപരി ദൈവസന്നിധിയിലേക്കുള്ള മനുഷ്യന്റെ പ്രവേശനവും സാമീപ്യവുമാണ്.

## രക്ഷയും സമാധാനവും

ദൈവം നൽകുന്ന രക്ഷ തന്നെയാണ് ദൈവികസമാധാനം 'ഞാൻ ദേശത്തു സമാധാനം തരും' (ലേവ്യ. 26:6) എന്ന് യഹോവ യിസ്രായേൽ ജനത്തോടു പറയുമ്പോൾ, അതിന്റെ അർത്ഥം കനാനിൽ ശത്രുക്കളിൽ നിന്നും വന്യമൃഗങ്ങളിൽ നിന്നും ദൈവം അവർക്കു സംരക്ഷ നൽകും എന്നാണ്. സഖര്യാവിന്റെ സ്തുതിഗീതത്തിൽ, 'നമ്മുടെ കാലുകളെ സമാധാനമാർഗത്തിൽ നടത്തേണ്ടതിന് ഉദയം നമ്മെ സന്ദർശിച്ചിരിക്കുന്നു' എന്ന് പറഞ്ഞിരിക്കുന്നു (ലൂക്കോ. 1:79). ഇവിടെ സമാധാനമാർഗ്ഗം ദൈവം നൽകുന്ന രക്ഷയാണ്. 'ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം' എന്ന മാലാഖമാരുടെ ഗാനശകലം ക്രിസ്തുവിലൂടെ ലോകത്തിനു രക്ഷ കൈവന്നിരിക്കുന്നു എന്ന സുവാർത്താദൂതു തന്നെയാണ് (ലൂക്കോ. 2:14). രക്ഷയും സമാധാനവും തമ്മിലുള്ള ബന്ധം പ്രസ്പഷ്ടമാക്കുന്നതിന് ഇങ്ങനെ ധാരാളം ഉദാഹരണങ്ങൾ വേദപുസ്തകത്തിൽ നിന്ന് എടുത്തുകാണിക്കാൻ കഴിയും.

രക്തസ്രവക്കാരിയായ സ്ത്രീക്ക് ശാരീരികസൗഖ്യം നൽകിക്കഴിഞ്ഞ ശേഷവും (മർക്കോ. 5:34) പാപിനിയായ സ്ത്രീക്കു പാപമോചനം നൽകിയ ശേഷവും (ലൂക്കോ. 7:50) 'സമാധാനത്തോടെ പോവുക' എന്നു കർത്താവു പറയുന്നു. സമാധാനം മനുഷ്യന്റെ സമഗ്രമായ രക്ഷയാണ്; ശരീരത്തിന്റെയും ആത്മാവിന്റെയും, മുഴുവൻ വ്യക്തിത്വത്തിനും രക്ഷ നൽകുന്നതാണ് ക്രിസ്തു നൽകുന്ന സമാധാനം.

## വിശുദ്ധിയും സമാധാനവും

ആന്തരീയ വിശുദ്ധി യഥാർത്ഥ സമാധാനത്തിന് സുപ്രധാനമാണ്; 'അവൻ നിങ്ങളെ കറയും കളങ്കവും ഇല്ലാത്തവരായി സമാധാനത്തോടെ കാണ്മാൻ ഉത്സാഹിച്ചുകൊണ്ട് നമ്മുടെ കർത്താവിന്റെ ദീർഘക്ഷമയെ രക്ഷയെന്നു വിചാരിപ്പിൻ' (1 പത്രോ. 3:14). എബ്രാ. 13:20 -ൽ സമാധാനത്തിന്റെ ദൈവം നമ്മെ എല്ലാ നന്മയിലും യഥാസ്ഥാനപ്പെടുത്തുന്നുവെന്ന് പറയുന്നു. 1 തെസ്സ. 5:23 -ൽ സമാധാനത്തിന്റെ ദൈവം നമ്മുടെ ആത്മാവും പ്രാണനും ദേഹവും അങ്ങനെ നമ്മെ മുഴുവനും ശുദ്ധീകരിച്ച് ക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യരായി നിർത്തും എന്ന് വി. പൗലോസ് പറയുന്നു.

## സമാധാനവും നീതിയും

സമാധാനം ദൈവികരക്ഷയുടെ ആന്തരികമായ അനുഭവം മാത്രമല്ല, അതൊരു സാമൂഹ്യവ്യവസ്ഥിതി കൂടിയാണ്. നീതി സമാധാനത്തിന് ഒഴിച്ചുകൂടാനാവില്ല. ദൈവത്തിന്റെ വാഗ്ദത്തദേശത്തെ സംബന്ധിച്ച സങ്കീർത്തനക്കാരന്റെ ദർശനം ഇവിടെ പ്രസക്തമാണ്: 'ദയയും വിശ്വസ്തതയും തമ്മിൽ എതിരേറ്റിരിക്കുന്നു; നീതിയും സമാധാനവും തമ്മിൽ ചുംബിച്ചിരിക്കുന്നു' (85:10). ഇതോടൊപ്പം, ദൈവത്തിന്റെ പുതിയ നഗരത്തെ സംബന്ധിച്ചു യശയ്യാവു കാണുന്ന ദർശനവും ശ്രദ്ധേയമാണ്. 'ഞാൻ സമാധാനത്തെ നിനക്കു നായകന്മാരും നീതിയെ നിനക്ക് അധിപതിമാരും ആക്കും' (യശ. 60:17). സമൂഹത്തിനു വെളിയിൽ നിന്നുള്ള അക്രമഭീഷണി മാത്രമല്ല സമാധാനത്തിനു ശത്രു. സമൂഹത്തിനുള്ളിൽ തന്നെയുള്ള അനീതിയും അസമത്വവും അക്രമവും അതിന്റെ സമാധാനം നഷ്ടപ്പെടുത്തിക്കളയുന്നു. തിന്മകൾ കൊണ്ട് ദൂഷിതമായ ഘടനകളും വ്യവസ്ഥകളും ദൂരീകരിച്ചു നീതിയിലേക്കും സത്യത്തിലേക്കും നന്മയിലേക്കും മടങ്ങുമ്പോൾ മാത്രമേ സമൂഹത്തിൽ സമാധാനം പുനഃസ്ഥാപിക്കപ്പെടുകയുള്ളൂ. നീതിയും സമാധാനവും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് വി. യാക്കോബ് പറയുന്നു: 'സമാധാനം ഉണ്ടാക്കുന്നവർ സമാധാനത്തിൽ വിതച്ച് നീതി എന്ന ഫലം കൊയ്യും' (3:18).

### ചോദ്യങ്ങൾ

1. പഴയനിയമത്തിൽ 'ശാലോം' എന്ന പദത്തിന്റെ അർത്ഥം എന്ത്?
2. ക്രിസ്തു നമ്മുടെ സമാധാനമെന്ന് വി. പൗലോസ് എങ്ങനെ വിശദീകരിക്കുന്നു?
3. സമാധാനവും നീതിയും തമ്മിലുള്ള ബന്ധം എന്തെന്ന് വ്യക്തമാക്കുക.

# യൂണിറ്റ് 3

# വിശ്വസിച്ചാൽ നീ ദൈവതേജസ്സു കാണും

## പാഠം 1

## ക്രിസ്തുവിൽ നാം നീതിമാന്മാർ

❑ അനുതപിക്കുന്ന പാപിയെ ദൈവം നീതികരിക്കുന്നു ❑ ന്യായപ്രമാണത്തിലുള്ള നീതീകരണം ❑ നീതിമാൻ ആരുമില്ല ❑ ക്രിസ്തുവിൽ നാം നീതിമാന്മാരായിത്തീരുന്നു ❑ വിശ്വാസവും നീതീകരണവും

### അനുതപിക്കുന്ന പാപിയെ ദൈവം നീതീകരിക്കുന്നു

വി. ലൂക്കോസിന്റെ സുവിശേഷം 18:9-14 ഭാഗത്ത് കർത്താവിന്റെ ഉപമകളിൽ ഒന്ന് രേഖപ്പെടുത്തിയിരിക്കുന്നു. സ്വയം നീതിമാന്മാർ എന്നുറച്ചു മറ്റുള്ളവരെ ധിക്കാരപൂർവ്വം താഴ്ത്തിക്കാണുന്ന ആളുകളെ ഉദ്ദേശിച്ചാണ് ആ ഉപമയെന്ന് ആമുഖമായി പറഞ്ഞിട്ടുണ്ട്. രണ്ടു മനുഷ്യർ പ്രാർത്ഥിപ്പാൻ ദേവാലയത്തിൽ പോയി; ഒരാൾ പരീശനും മറ്റെയാൾ ചുങ്കക്കാരനും. പരീശൻ ന്യായപ്രമാണം അക്ഷരംപ്രതി അനുഷ്ഠിക്കുന്നതിൽ ശ്രദ്ധാലുവാണ്. ഈ അഭിമാനവും അഹന്തയും സ്വയനീതീകരണവും മുറ്റിനിൽക്കുന്ന ഹൃദയത്തോടെ പള്ളിയിൽ മുൻനിരയിൽത്തന്നെ നിന്നുകൊണ്ട് അയാൾ പ്രാർത്ഥിക്കുന്നു. ചുങ്കക്കാരൻ റോമാ ഗവൺമെന്റിനു വേണ്ടി അന്യായമായി നികുതി പിരിക്കുന്ന ആളാണ്. പാപബോധം കൊണ്ട് സ്വർഗത്തേക്കു നോക്കുവാൻ അയാൾക്കു ധൈര്യമില്ല. തലകുനിച്ച് അയാൾ ദൂരെ നിന്നു പ്രാർത്ഥിക്കുന്നു. പരീശന്റെ പ്രാർത്ഥന, 'ദൈവമേ, പിടിച്ചുപറിക്കാർ, നീതികെട്ടവർ, വ്യഭിചാരികൾ മുതലായ ശേഷം മനുഷ്യരെപ്പോലെയോ ഈ ചുങ്കക്കാരനെപ്പോലെയോ ഞാൻ അല്ലായ്കയാൽ നിന്നെ വാഴ്ത്തുന്നു. ആഴ്ചയിൽ രണ്ടുവട്ടം ഉപവസിക്കുന്നു; നേടുന്നതിൽ ഒക്കെയും പതാരം കൊടുക്കുന്നു' എന്നിങ്ങനെ ആയിരുന്നു. ചുങ്കക്കാരനാകട്ടെ, പാപബോധവും അനുതാപവും കൊണ്ട്, അയാളുടെ ഹൃദയം ആർദ്രമായി; മാറത്തടിച്ചുകൊണ്ട് അയാൾ പ്രാർത്ഥിച്ചു: 'ദൈവമേ, പാപിയായ എന്നോടു കരുണയുണ്ടാകണമേ.' ചുങ്കക്കാരൻ നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്കു പോയി.

ഇവിടെ, പരീശന്റെ ആദ്ധ്യാത്മിക വീക്ഷണത്തിൽ അടിസ്ഥാനപരമായ ചില പിശകുകൾ കടന്നുകൂടിയിട്ടുണ്ട്. ഒന്നാമത് ദൈവകൃപയാണ് മനുഷ്യനെ നീതിയിൽ നിലനിർത്തുന്നതെന്ന ബോധ്യം അയാൾക്കില്ല.

തിന്മയ്ക്കു വിധേയനാകുവാനുള്ള സാധ്യത മനുഷ്യനിൽ എപ്പോഴും ഉണ്ടെന്നുള്ള ബോധ്യം ആദ്ധ്യാത്മിക ജീവിതത്തിൽ സുപ്രധാനമാണ്. ആദ്ധ്യാത്മിക ജീവിതത്തിൽ ആഴ്ന്നിറങ്ങുന്ന ഒരാൾ ആന്തരീയ പോരാട്ടം എന്തെന്നും എത്ര ശക്തമെന്നും അറിയുന്നു. അതിനെ അതിജീവിക്കുന്നതിന് ദൈവകൃപ മാത്രമേ ശരണമായുള്ളു എന്നും അയാൾ അനുഭവത്തിൽ നിന്നും പഠിക്കുന്നു. ഈ ബോധ്യത്തിലെത്തിയ ആൾ ദൈവാശ്രയവും താഴ്മയുമുള്ളവനായിരിക്കാം. ഇവയാണ് പരീശനിൽ ഇല്ലാതിരുന്നതും. രണ്ടാമത്, ന്യായപ്രമാണ കല്പനകൾ അനുസരിച്ച് ജീവിക്കുന്നയാൾ ന്യായപ്രമാണപ്രകാരം നീതിമാൻ തന്നെ. എന്നാൽ ഈ ആദ്ധ്യാത്മികത ഉപരിതലസ്പർശിയായി മാത്രം നിൽക്കുന്നു; ഹൃദയത്തെ രൂപാന്തരപ്പെടുത്തുന്നില്ല. അനുതാപവും താഴ്മയും ദൈവാശ്രയവുമുള്ള ഹൃദയം ആന്തരികമായി ദൈവത്തോട് അടുക്കുന്നു. അതുകൊണ്ടാണ് കർത്താവ് പറയുന്നത്, 'ഞാൻ നീതിമാന്മാരെയല്ല പാപികളെ അത്രേ വിളിപ്പാൻ വന്നത്' (മർക്കോ. 2:17; മത്താ. 9:13; ലൂക്കോ. 5:32) എന്നും 'മാനസാന്തരം കൊണ്ട് ആവശ്യമില്ലാത്ത തൊണ്ണൂറ്റൊൻപത് നീതിമാന്മാരെക്കുറിച്ചുള്ളതിനേക്കാൾ മാനസാന്തരപ്പെടുന്ന ഒരു പാപിയെച്ചൊല്ലി സ്വർഗത്തിൽ അധികം സന്തോഷമുണ്ടാകും' (ലൂക്കോ. 15:7) എന്നും. ന്യായപ്രമാണവും അതിന്റെ അനുഷ്ഠാനങ്ങളും ഒരാളെ യഥാർത്ഥ നീതിമാനാക്കുന്നില്ല. അനുതാപവും താഴ്മയുമുള്ള ഹൃദയവുമായി ദൈവത്തിലാശ്രയം വയ്ക്കുന്ന ആരെയും ദൈവം നീതിമാനായി സ്വീകരിക്കുന്നു. ഈ ദൈവനീതിയുടെ അനുഭവത്തിൽ നിന്നും പുറപ്പെടുന്ന സൽഫലങ്ങളാവണം പ്രമാണങ്ങളും അനുഷ്ഠാനങ്ങളും.

## ന്യായപ്രമാണത്താലുള്ള നീതീകരണം

മുൻപറഞ്ഞ ഉപമയിൽ കാണുന്ന പരീശൻ അന്നത്തെ യഹൂദ മതത്തിന്റെ പ്രതിനിധിയാണ്. എങ്ങനെ നീതീകരണം ലഭിക്കും; എങ്ങനെ നീതിമാനായിത്തീരാം? ഈ ചോദ്യത്തിനു യേശുക്രിസ്തുവിന്റെ കാലത്തെ യഹൂദൻ നൽകുന്ന ഉത്തരം ന്യായപ്രമാണം അനുഷ്ഠിക്കുന്നതു വഴി നീതിമാനായിത്തീരാം എന്നായിരിക്കും. ഈ ധാരണ യേശു തിരുത്തുന്നു. റോമർക്കും ഗലാത്യർക്കും എഴുതിയ ലേഖനങ്ങളിൽ വി. പൗലോസും സുദീർഘമായി ഈ വിഷയം ചർച്ച ചെയ്യുന്നുണ്ട്. ന്യായപ്രമാണത്താലല്ല, വിശ്വാസത്താലാണ് ദൈവം നമ്മെ നീതീകരിക്കുന്നത് എന്ന് വി. പൗലോസ് ആവർത്തിച്ചു പറയുന്നു (റോമ. 3:24).

ന്യായപ്രമാണം പ്രധാനമായും മോശയുടെ അഞ്ചു പുസ്തകങ്ങൾ ആണ്. ഈ പുസ്തകങ്ങൾ കൂടാതെ മറ്റു പഴയനിയമ ഗ്രന്ഥങ്ങളും വാമൊഴിയായും വരമൊഴിയായും ലഭിച്ച പാരമ്പര്യങ്ങളും ന്യായ

പ്രമാണത്തിൽ ഉൾപ്പെടുന്നു. ഇവയിൽ നിന്നെല്ലാം ക്രോഡീകരിച്ചെടുത്ത 613 നിയമങ്ങളും നിയമവ്യാഖ്യാനങ്ങളും അടങ്ങുന്ന 'മിഷ്ന'യാണ് യഹൂദന്മാരുടെ പ്രധാന മതഗ്രന്ഥം. ഈ ഗ്രന്ഥത്തെ ആറു ഖണ്ഡങ്ങളായി തിരിച്ചിരിക്കുന്നു: (1) കൃഷിയുല്പന്നങ്ങളിൽ നിന്ന് പുരോഹിതർക്കും പാവപ്പെട്ടവർക്കും മറ്റും നൽകേണ്ട വിഹിതം സംബന്ധിച്ച നിയമങ്ങൾ, (2) യഹൂദന്മാർ ആചരിക്കേണ്ട ഉത്സവങ്ങളുടെ അനുഷ്ഠാനക്രമം, (3) സ്ത്രീകളെ സംബന്ധിച്ച നിയമങ്ങൾ, (4) ശബത്തിന്മേലുള്ള അവകാശവും അതേ സംബന്ധിച്ച നിയമപരമായ നടപടികളും, (5) ദേവാലയ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനെ സംബന്ധിച്ച ചട്ടങ്ങൾ, (6) ശുദ്ധീകരണ നിയമങ്ങൾ. സീനായി മലയിൽ വച്ച് ദൈവം മോശയ്ക്ക് 10 കല്പനകൾ അടങ്ങിയ കല്പലകകൾ നൽകുമ്പോൾ ഈ നിയമങ്ങളും വാമൊഴിയായി നൽകി എന്നും അവയാണ് ക്രമേണ മിഷ്ന എന്ന ഗ്രന്ഥത്തിൽ കാണുന്നവിധം ക്രോഡീകരിക്കപ്പെട്ടതെന്നും യഹൂദന്മാർ വിശ്വസിക്കുന്നു.

നീതിമാനാകുന്നതിന് ആഗ്രഹിക്കുന്ന യഹൂദൻ ഈ നിയമങ്ങൾ എല്ലാം അനുഷ്ഠിക്കണം. ഓരോ നിയമവും അനുഷ്ഠിക്കുമ്പോഴും അതാതിന്റെ ഫലസിദ്ധിയുണ്ടാവും. കൂടുതൽ നിയമങ്ങൾ വിധിപ്രകാരം സൂക്ഷ്മതയോടെ അനുഷ്ഠിക്കുന്നയാൾ കൂടുതൽ ഫലസിദ്ധി നേടുന്നു; നീതിമാനായിത്തീരുന്നതിനുള്ള അർഹത അയാൾക്കു കൂടുതലുണ്ട്. അന്ത്യന്യായവിധിയിൽ ന്യായപ്രമാണം പാലിക്കുന്നതു വഴി നേടിയ ഫലസിദ്ധിയോ ന്യായപ്രമാണ ലംഘനമോ, ഏതിനാണോ മുൻതൂക്കം അതനുസരിച്ചിരിക്കും നീതീകരണവും.

## നീതിമാൻ ആരുമില്ല

നീതീകരണം സംബന്ധിച്ച യെഹൂദന്മാരുടെ വിശ്വാസത്തെ പൂർണമായും ഉലയ്ക്കുന്നതാണ് 'നീതിമാൻ ആരുമില്ല, ഒരുത്തൻ പോലുമില്ല' (റോമ. 3:10) എന്ന പ്രഖ്യാപനം. ന്യായപ്രമാണം പാലിക്കുന്ന യെഹൂദനും ന്യായപ്രമാണം ബാധകമല്ലാത്ത പുറജാതിയും ദൈവസന്നിധിയിൽ ഒരുപോലെ പാപികളാണ്; ദൈവതേജസ്സില്ലാത്തവരാണ് (റോമ. 3:23). ന്യായപ്രമാണത്തിന് മനുഷ്യനെ നീതീകരിക്കാനാവില്ല. അതിന് രണ്ടു കാരണങ്ങളാണുള്ളത്; ഒന്ന് നിയമത്തിന്റെ എല്ലാ വശങ്ങളും പൂർത്തീകരിക്കാൻ ഒരു മനുഷ്യനും സാധ്യമല്ല. ദൈവത്തിന്റെ പ്രതീക്ഷക്കനുസരണമായി താൻ ഇന്നുവരെ എത്തിയിട്ടില്ലെന്ന് ബോധ്യപ്പെടുത്താൻ മാത്രമേ നിയമത്തിനു കഴിയൂ. യേശുക്രിസ്തു തന്റെ ഉപദേശത്തിൽ നിയമത്തിന്റെ രണ്ടാമത്തെ പരിമിതി ചൂണ്ടിക്കാണിക്കുന്നു. ന്യായപ്രമാണം ഒരാളുടെ ബാഹ്യപ്രവർത്തനങ്ങൾക്കു മാത്രമേ വിധി കല്പിക്കാനാവൂ. ഒരാളുടെ ഹൃദയത്തിന്റെ ചായ്വുകളും മനോവ്യാപാരങ്ങളും അളക്കാൻ അതിനു കഴിവില്ല.

'കൊല ചെയ്യരുത്' എന്ന് നിയമമുണ്ട്. എന്നാൽ സഹോദരനോട് കോപവും വിദ്വേഷവും മത്സരവും ഹൃദയത്തിൽ വച്ചു പുലർത്തുന്നതിനെതിരേ നിയമത്തിന് ഒന്നും ചെയ്യാനാവില്ല. ഇക്കാരണങ്ങളാൽ ന്യായപ്രമാണം അടിസ്ഥാനമാക്കി ആരെയും നീതിമാനെന്ന് വിളിക്കാൻ കഴിയുകയില്ല.

## ക്രിസ്തുവിൽ നാം നീതിമാന്മാരായിത്തീരുന്നു

യെഹൂദനെന്നും പുറജാതിയെന്നും വ്യത്യാസമില്ലാതെ ദൈവകോപത്തിനും മരണത്തിനും വിധേയരായിരുന്ന മനുഷ്യവർഗ്ഗം നശിച്ചു പോകുവാൻ ദൈവസ്നേഹം അനുവദിച്ചില്ല. മനുഷ്യവർഗ്ഗത്തെ നീതിയിലേക്കു വഴിനടത്തുവാൻ ദൈവം സ്വപുത്രനെ ലോകത്തിലേക്കയച്ചു. യേശുക്രിസ്തുവിലൂടെ ഒരു പുതിയ മനുഷ്യവർഗ്ഗം നീതീകരിക്കപ്പെട്ട് തേജസ്സിലേക്ക് വളരുന്നു. 'മുന്നിയമിച്ചവരെ വിളിച്ചും വിളിച്ചവരെ നീതീകരിച്ചും നീതീകരിച്ചവരെ തേജസ്കരിച്ചുമിരിക്കുന്നു' (റോമ. 8:30). ന്യായപ്രമാണം ആരേയും നീതിമാന്മാരാക്കുന്നതിന് കഴിവുള്ളതല്ല. എന്നാൽ യേശുക്രിസ്തുവിനോട് ബന്ധിക്കപ്പെടുന്ന നാം അവന്റെ നീതിയിലും പങ്കാളികളാകുന്നു. ക്രിസ്തുവിന്റെ നീതി അവന്റെ ശരീരമായ സഭയിലേക്കും വ്യാപരിക്കുന്നു. പരിശുദ്ധാത്മാവ് ആണ് നമ്മെ ക്രിസ്തുവിനോടുള്ള സംയോജിപ്പിനും നീതിയുള്ള പങ്കാളിത്തത്തിനും നിരന്തരം പ്രാപ്തരാക്കിത്തീർക്കുന്നത്.

## വിശ്വാസവും നീതീകരണവും

ന്യായപ്രമാണത്തിന്റെ പ്രവർത്തികളാലല്ല വിശ്വാസത്താലാണ് നീതീകരിക്കപ്പെടുന്നത് എന്ന് വി. പൗലോസ് ആവർത്തിച്ചു പറയുന്നു (റോമ. 3:4; ഗലാ. 2:3). യഥാർത്ഥത്തിൽ പഴയനിയമത്തിൽ യിസ്രായേലിന് ദൈവവുമായുള്ള ബന്ധം വെറും നിയമപരമായിരുന്നില്ല. പിൽക്കാലത്ത് അങ്ങനെ ആയിത്തീരുകയായിരുന്നു. ദൈവത്തിന്റെ വലിയ കൃപ നിരന്തരം അനുഭവിച്ചറിഞ്ഞ യിസ്രായേൽ ദൈവത്തോടുള്ള അവരുടെ നന്ദി പ്രകാശിപ്പിച്ചിരുന്നത് ദൈവത്തെ ആരാധിച്ചും, കൃതജ്ഞതാനിർഭരമായ സ്തുതിഗീതങ്ങൾ അർപ്പിച്ചും, ദൈവകൃപയിൽ ആഹ്ളാദിച്ചും കൊണ്ടായിരുന്നു. ദൈവത്തെ സ്നേഹിക്കുന്ന തന്റെ ജനത്തിന് വഴികാട്ടിയായാണ് ദൈവം ന്യായപ്രമാണം നൽകിയത്. യഹോവയിലുള്ള ആശ്രയവും വിശ്വാസവും മുറുകെപ്പിടിക്കുകയും യഹോവയെ കർത്താവായി സ്വീകരിച്ച് വിധേയപ്പെടുകയും ചെയ്യുന്നവർ അവന്റെ കല്പനകൾ അനുസരിക്കുന്നു. ഈ ബന്ധത്തിൽ നിന്ന് അകന്നുനിൽക്കുന്നവർക്ക് ന്യായപ്രമാണം പ്രസക്തമാവുന്നില്ല. വി. പൗലോസ് മോശയുടെ ന്യായപ്രമാണത്തെ തള്ളിക്കളയുകയല്ല യെഹൂദമതത്തിൽ പിൽക്കാലത്തു വന്നുചേർന്ന മതജീർണ്ണത ചൂണ്ടിക്കാണിക്കുകയും ക്രിസ്തുവിലൂടെ ദൈവനീതിയിലേക്കു വളരുന്ന

ഒരു പുതിയ മനുഷ്യവർഗം രൂപപ്പെട്ടു വരുന്നു എന്ന് ലോകത്തെ അറിയിക്കുകയുമാണ്.

നീതിമാന്മാരായിത്തീരുന്നതിന് പ്രവർത്തികളല്ല വിശ്വാസമാണ് ആവശ്യമെന്ന് വ്യാഖ്യാനിക്കുന്ന രീതി ചില ക്രിസ്ത്യാനികൾ സ്വീകരിച്ചു കാണുന്നുണ്ട്. റോമ. 3:27 ആണ് ഇതിന് അടിസ്ഥാനമായി അവർ സ്വീകരിക്കുന്നത്. പ്രവർത്തിയും വിശ്വാസവും തമ്മിൽ ഒരു വൈരുദ്ധ്യം വി. പൗലൊസ് ഉദ്ദേശിക്കുന്നില്ല. വിശ്വാസത്തിൽ നിന്നും ഉൽഭവിക്കാത്ത പ്രവർത്തനങ്ങൾ ദൈവം സ്വീകരിക്കുന്നില്ല എന്നാണ് വി. പൗലോസ് പഠിപ്പിക്കുന്നത്. യഥാർത്ഥവിശ്വാസം പ്രവർത്തിയിലൂടെ പ്രതിഫലിക്കുന്നു. അതുകൊണ്ടാണ് യാക്കോബ് ശ്ലീഹാ പറയുന്നത്: 'അങ്ങനെ മനുഷ്യർ വെറും വിശ്വാസത്താലല്ല പ്രവൃത്തികളാൽത്തന്നെ നീതീകരിക്കപ്പെടുന്നു' (2:24) എന്ന്. പരസ്പരം വിരുദ്ധമെന്ന് പുറമെ തോന്നുമെങ്കിലും വി. പൗലോസും വി. യാക്കോബും ഒന്നുതന്നെയാണ് പഠിപ്പിക്കുന്നത്.

**ചോദ്യങ്ങൾ**

1. അനുതപിക്കുന്ന പാപിയെ ദൈവം നീതികരിക്കുന്നുവെന്ന് വിശദമാക്കുക.
2. ന്യായപ്രമാണത്താലുള്ള നീതീകരണം സംബന്ധിച്ച് യെഹൂദന്മാരുടെ വിശ്വാസം എന്തായിരുന്നു?
3. വിശ്വാസവും നീതീകരണവും തമ്മിലുള്ള ബന്ധം വ്യക്തമാക്കുക.

## പാഠം 2

# എന്റെ കൃപ നിനക്കു മതി

❑ ആമുഖം ❑ യഹൂദമതത്തിന്റെ പ്രതിസന്ധി ❑ ക്രിസ്തുവിൽ വെളിപ്പെട്ട ദൈവകൃപ ❑ സൗജന്യമായ ദൈവകൃപ ❑ കൃപയും സ്വാതന്ത്ര്യവും ❑ ദൈവത്തിന്റെ കൃപാതിരേകം

**ആമുഖം**

എത്ര തന്നെ പാപിയായിരുന്നാലും പാപങ്ങളും പോരായ്മകളും കണക്കിലെടുക്കാതെ സൗജന്യമായും ഉപാധികൾ കൂടാതെയും ദൈവം മനുഷ്യന്റെ മേൽ ധാരാളമായി കൃപ ചൊരിയുന്നു. ക്രിസ്തീയ സുവിശേഷത്തിന്റെ അന്തസത്തയാണിത്. പഴയനിയമത്തിൽ 'ദൈവകൃപ' ധാരാളം

പ്രതിപാദിക്കപ്പെടുന്ന വിഷയമാണെങ്കിലും അതിനു പൂർണ്ണമായ അർത്ഥ വികാസം കൈവരുന്നത് പുതിയനിയമത്തിലാണ്. യേശുക്രിസ്തുവിൽ പ്രകടമാകുന്ന ദൈവകൃപയുടെ അർത്ഥവും പ്രസക്തിയും എന്തെന്ന് പുതിയനിയമത്തിൽ പൗലോസ് അപ്പോസ്തോലനാണ് വിശദമായി വിചിന്തനം ചെയ്യുന്നത്. ദൈവകൃപയെ സംബന്ധിച്ചു ക്രിസ്തീയ വിശ്വാസത്തിൽ തെളിഞ്ഞുകാണുന്ന ഉപദേശങ്ങൾ വി. പൗലോസിന്റെ സംഭാവനയാണെന്നു പറയാം.

## യഹൂദമതത്തിന്റെ പ്രതിസന്ധി

യഹൂദമതത്തിൽ നിന്നും ക്രിസ്തീയ മതത്തെ വേർതിരിച്ചു നിർത്തുന്നത്, അത് ദൈവകൃപയ്ക്കു നൽകുന്ന സ്ഥാനമാണ്. ഒരു തികഞ്ഞ പരീശനും റബിയുമായിരുന്ന വി. പൗലോസിന് ഈ വ്യത്യാസം വളരെ സ്പഷ്ടമായിക്കാണുന്നതിനു കഴിഞ്ഞു. യഹൂദമതത്തിൽ ആദ്ധ്യാത്മികമായ ഒരു പ്രതിസന്ധി വി. പൗലോസ് കാണുന്നു. യഹൂദന്മാർക്കു ന്യായപ്രമാണത്തിന്റെ അനുഷ്ഠാനമാണു ആദ്ധ്യാത്മിക ജീവിതത്തിന്റെ പൂർണ്ണത. ന്യായപ്രമാണത്തിൽ കേന്ദ്രീകൃതമായിരുന്നു അവരുടെ ജീവിതം. എന്നാൽ, മുൻപാഠത്തിൽ നാം കണ്ടതുപോലെ ന്യായപ്രമാണത്തിനു ജീവിതത്തെ രൂപാന്തരപ്പെടുത്താനാവില്ല. ജീവിതത്തിനു ചില മാർഗനിർദ്ദേശങ്ങൾ നൽകാൻ മാത്രമേ നിയമത്തിനു കഴിയൂ. മാത്രമല്ല, ന്യായപ്രമാണവിധികൾ മുഴുവൻ പിഴവു കൂടാതെ അനുഷ്ഠിക്കാനും ആർക്കും കഴിയുകയില്ല. ന്യായപ്രമാണത്തിനു മുമ്പിൽ മനുഷ്യൻ എപ്പോഴും ശിക്ഷാർഹൻ തന്നെ. മനുഷ്യനെ പാപിയെന്നും മരണാർഹനുമെന്നും വിധിച്ച് ശാപഗ്രസ്തനായി നിർത്തുന്നതിനു മാത്രമേ ന്യായപ്രമാണത്തിനു കഴിയുന്നുള്ളുവെങ്കിൽ രക്ഷയുടെ പ്രത്യാശ എവിടെ കണ്ടെത്താനാവും? ഈ വിഷമസന്ധിക്കു മുമ്പിലാണ് യേശുക്രിസ്തുവിലൂടെ വെളിപ്പെട്ട ദൈവകൃപ അർത്ഥപൂർണ്ണവും പ്രസക്തവുമായിത്തീരുന്നത്. ക്രിസ്തീയ സുവിശേഷം യേശുക്രിസ്തുവിലൂടെ ദൈവം മനുഷ്യജാതിയുടെ മേൽ ചൊരിയുന്ന കൃപാദാനത്തിന്റെ ദൂതാണ്. ദൈവം തന്റെ ആർദ്രകരുണയാൽ മനുഷ്യജാതിയെ സന്ദർശിച്ചിരിക്കുന്നു; പാപമോചനവും വീണ്ടെടുപ്പും ദൈവം സൗജന്യമായി നൽകിയിരിക്കുന്നു; ഇതാണ് സുവിശേഷത്തിന്റെ ഉള്ളടക്കം.

## ക്രിസ്തുവിൽ വെളിപ്പെട്ട ദൈവകൃപ

വി. പൗലോസ് ശ്ലീഹായുടെ വീക്ഷണത്തിൽ, ദൈവകൃപ യേശുക്രിസ്തുവിലൂടെ വെളിപ്പെട്ട കൃപയാണ്. അതുകൊണ്ട് 'ദൈവകൃപ' എന്നതിനു പകരം 'കർത്താവായ യേശുക്രിസ്തുവിന്റെ കൃപ' എന്ന് അദ്ദേഹം കൂടുതലായി ഉപയോഗിക്കുന്നു. 2 കൊരി. 13:14 ൽ കാണുന്ന ത്രിത്വനാമത്തിലുള്ള ആശീർവാദത്തിൽ കൃപ കർത്താവായ യേശുക്രിസ്തുവിന്റേ തെന്ന്

പറഞ്ഞിരിക്കുന്നു. പല ലേഖനങ്ങളുടെയും അവസാനഭാഗത്ത് 'കർത്താവായ ക്രിസ്തുവിന്റെ കൃപ ഉണ്ടാകട്ടെ' എന്ന ആശംസാവചനം കാണാം (റോമ. 16:20; 1 കൊരി. 16:23; ഗലാ. 6:18; ഫിലി. 4:23 .... etc.). പല ലേഖനങ്ങളുടെയും ആദ്യഭാഗങ്ങളിൽ 'പിതാവായ ദൈവത്തിൽ നിന്നും കർത്താവായ യേശുക്രിസ്തുവിൽ നിന്നും' കൃപയും സമാധാനവും നേരുന്നു (റോമ. 1:4; 1 കൊരി. 1:3; 2 കൊരി. 1:2; ഗലാ. 1:3-4 .... etc.). കൃപയുടെ സ്രോതസ്സ് ദൈവമാണ്. എന്നാൽ ക്രിസ്തുവിലൂടെയാണ് കൃപ മനുഷ്യനിലേക്കു വ്യാപിക്കുന്നത്.

ക്രിസ്തുവിന്റെ മനുഷ്യാവതാരവും മരണവും പുനരുത്ഥാനവും ദൈവകൃപയുടെ പ്രകാശനങ്ങൾ ആണ്. 'നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിനു നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ' (2 കൊരി. 8:9) എന്ന് വി. പൗലോസ് ശ്ലീഹാ പറഞ്ഞിരിക്കുന്നു. ക്രിസ്തു പാപികളായ മനുഷ്യരിൽ ഒരുവനേപ്പോലെ ആയിത്തീർന്നതുതന്നെ ദൈവത്തിന്റെ വലിയ കൃപയാണ്. മനുഷ്യൻ അർഹനായതുകൊണ്ടല്ല; അനർഹനായിരിക്കെ ദൈവം കാണിച്ച മഹാകൃപയാണ് ക്രിസ്തുവിൽ വെളിപ്പെട്ടത്.

## സൗജന്യമായ ദൈവകൃപ

നമ്മുടെ മേന്മകൾക്കോ സൽപ്രവൃത്തികൾക്കോ ദൈവം നൽകുന്ന പ്രതിഫലമല്ല ദൈവകൃപ. നമ്മുടെ അനർഹതയിൽ ദൈവം ചൊരിയുന്ന സൗജന്യമായ ഭാഗമാണിത്. പാപികളായ നമ്മെ നമ്മുടെ അതിക്രമം കണക്കിടാതെ നീതിമാന്മാരായി ദൈവം സ്വീകരിക്കുന്നു. ഇതാണ് ദൈവത്തിന്റെ വലിയ കൃപ. 'അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പുമൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്' (റോമ. 3:24) എന്ന് വി. പൗലോസ് പഠിപ്പിക്കുന്നു.

വി. പൗലോസിന്റെ സമകാലീനരായ യഹൂദന്മാർ, ന്യായപ്രമാണകല്പനകൾ അനുഷ്ഠിക്കുന്നതു മൂലം മനുഷ്യൻ നീതികരിക്കപ്പെടുമെന്ന് വിശ്വസിച്ചിരുന്നു. എന്നാൽ അതിന്റെ അർത്ഥശൂന്യത പൗലോസിനു ബോദ്ധ്യമായി. സ്വപ്രയത്നം കൊണ്ട് ദൈവഹിതം പൂർണ്ണമായി നിർവഹിക്കുവാൻ ആർക്കും കഴിയുകയില്ല. മാത്രമല്ല, വന്നുപോയ വീഴ്ചകൾ ദൈവം കണക്കിടുന്നുവെങ്കിൽ ആർക്കു ദൈവമുമ്പിൽ നീതിമാനായി നിൽക്കാൻ കഴിയും? ദൈവകൃപയ്ക്കു മാത്രമേ നമ്മെ നീതിമാന്മാരായി നിലനിർത്താനാവൂ. 'കൃപയാലത്രേ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു' എന്ന് എഫേസ്യലേഖനത്തിൽ (2:5, 8) കാണുന്നു. കൃപയാൽ നീതീകരിക്കപ്പെട്ടിരിക്കുന്നുവെന്നും (റോമ. 3:24) കൃപയാൽ രക്ഷിക്കപ്പെട്ടിരിക്കുന്നുവെന്നും (എഫേ.

2:5, 8) വി. പൗലോസ് പറഞ്ഞിരിക്കുന്നത് ഒരേ അർത്ഥത്തിൽ തന്നെ യാണ്. കൃപ ദൈവത്തിന്റെ സൗജന്യമായ ദാനമാണെന്നും (റോമ. 4:4; എഫേ. 2:8; 5:15, 2 കൊരി. 9:15; എഫെ. 3:7; 4:7) കവിഞ്ഞൊഴുകുന്ന ദൈവത്തിന്റെ ദാനമാണെന്നും വി. പൗലോസ് പറഞ്ഞിരിക്കുന്നു (റോമ. 5:16; 2 കൊരി. 4:15).

## കൃപയും സ്വാതന്ത്ര്യവും

ദൈവത്തിന്റെ കൃപ താൻ മുൻനിർണയിച്ചു തിരഞ്ഞെടുത്തവരിലേക്കു നിർവിഘ്നം ഒഴുകുന്നുവെന്നും മനുഷ്യനു സ്വയമേവ അതു നിഷേധിച്ചു തള്ളിക്കളയാനാവില്ലെന്നും വ്യാഖ്യാനിക്കുന്ന ചില ക്രിസ്തീയ ചിന്തക രുണ്ട്. ഈ വീക്ഷണത്തിൽ മനുഷ്യന്റെ സ്വാതന്ത്ര്യത്തിന് സ്ഥാനമില്ല; ദൈവകൃപ മനുഷ്യരിലേക്കു യാന്ത്രികമായി പ്രവഹിക്കുകയാണ്. എന്നാൽ, മനുഷ്യനു ദൈവകൃപ തടുക്കുന്നതിനും വ്യർത്ഥമാക്കുന്നതിനും കഴിയും എന്ന് വി. പൗലോസ് തന്നെ പറയുന്നു. 'നിങ്ങൾക്കു ദൈവത്തിന്റെ കൃപ ലഭിച്ചതു വ്യർത്ഥമായിത്തീരരുത്' എന്ന് വി. പൗലോസ് കൊരിന്തുസഭയെ പ്രബോധിപ്പിക്കുന്നു (2 കൊരി. 9:1). 'നിങ്ങൾ കൃപയിൽ നിന്നു വീണു പോയി' എന്ന് ഗലാത്യസഭയെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു (ഗലാ. 5:4). മനുഷ്യന്റെ സ്വതന്ത്രമായ ഇച്ഛാശക്തിയെ നിർവീര്യമാക്കുന്നതോ ഉത്തരവാദിത്വത്തെ തള്ളിക്കളയുന്നതോ അല്ല ദൈവകൃപ. സ്വേച്ഛയാ തന്നെ ദൈവകൃപയിൽ ശരണം വയ്ക്കുന്നവർക്കു ദൈവം നൽകുന്ന ദാനമാണിത്. ദൈവകൃപയ്ക്കായുള്ള ഈ ഉൾപ്രേരണ തന്നെ പരിശു ദ്ധാത്മ വ്യാപരത്തിന്റെയും ദൈവകൃപയുടെയും ഫലമാണെന്ന് പറയാൻ കഴിയും. മനുഷ്യസ്വാതന്ത്ര്യമോ ദൈവകൃപയോ ഏതാണ് ആദ്യം പ്രവർത്തിക്കുന്നതെന്ന ചോദ്യം അപ്രസക്തമാണ്. രണ്ടുപേരും ഒരുപോലെ പ്രവർത്തിക്കുന്നു.

'പാപം പെരുകിയേടത്തു കൃപ അത്യന്തം വർദ്ധിച്ചു' (റോമ. 5:20) എന്ന് പറയുമ്പോൾ കൃപ യാന്ത്രികമായി മനുഷ്യനിൽ പ്രവർത്തിക്കുന്നു എന്ന അബദ്ധധാരണ ഉണ്ടാവാനിടയുണ്ട്. അതുകൊണ്ട് വി. പൗലോസ് തന്നെ തിരുത്തുന്നു, 'ആകയാൽ നാം എന്തു പറയേണ്ടൂ? കൃപ പെരുകേണ്ടതിനു പാപം ചെയ്തുകൊണ്ടിരിക്കണമെന്നോ? ഒരുനാളും അരുത്' (റോമ. 6:1). പാപിയായ മനുഷ്യനോടു ദൈവം കൃപ ചെയ്യുന്നു എന്നതിന്റെ അർത്ഥം, അവൻ എന്നാളും പാപത്തിൽ തന്നെ നിലകൊള്ളുകയും ദൈവകൃപ അവനെ സഹായിക്കുകയും ചെയ്യും എന്നല്ല എന്ന് വി. പൗലോസ് നമ്മെ പഠിപ്പിക്കുന്നു. പാപിയായ മനുഷ്യനെ ദൈവം തന്റെ അളവറ്റ കൃപ മൂലം സ്വീകരിച്ചു ക്രിസ്തുവിനോടു ബന്ധിപ്പിച്ച് പുതുമനുഷ്യനാക്കി ത്തീർക്കുന്നു. ഇനിയും അവൻ പാപത്തിലേക്കു തിരിയാൻ പാടില്ല.

## ദൈവത്തിന്റെ കൃപാതിരേകം

ദൈവത്തിന്റെ കൃപാതിരേകം പ്രസ്പഷ്ടമാക്കുന്ന ഉപമകളും ഉപദേശങ്ങളും ക്രിസ്തു പല സന്ദർഭങ്ങളിലും നൽകുന്നുണ്ട്. 'കൃപ' എന്ന വാക്കു നേരിട്ട് ഉപയോഗിക്കുന്നില്ലെങ്കിലും ആശയം വ്യക്തമാക്കുന്ന ഭാഗങ്ങളാണവ. ധൂർത്തപുത്രനെ നിരുപാധികം ഭവനത്തിലേക്കു സ്വീകരിക്കുന്ന പിതാവിന്റെ കൃപാവായ്പ് അനുതപിച്ചു തിരിച്ചുവരുന്ന പാപികളോടു കാട്ടുന്ന ദൈവകൃപയ്ക്കു മകുടോദാഹരണമാണ് (ലൂക്കോ. 15:11–24). ദൈവസന്നിധിയിൽ സ്വന്തമായ മേന്മകളൊന്നും അവകാശമായി പറയാനില്ലാതെ ദൈവകൃപയിൽ മാത്രം ശരണം തേടുന്ന ചുങ്കക്കാരനെ ദൈവം നീതിമാനായി സ്വീകരിക്കുന്നു (ലൂക്കോ. 18:14). മുന്തിരിത്തോട്ടത്തിൽ വേല ചെയ്യുന്നവർക്കു സാധാരണ നീതിക്കതീതമായി പ്രതിഫലം നൽകുന്ന വീട്ടുടയവന്റെ കൃപാതിരേകം ദൈവത്തിന്റെ സ്വഭാവം തന്നെയാണ് (മത്താ. 20:1–15). 'നന്ദികെട്ടവരോടും ദുഷ്ടന്മാരോടും ദയാലുവായ' (ലൂക്കോ. 6:35) കർത്താവു നാം അർഹിക്കുന്നതിലും പ്രതീക്ഷിക്കുന്നതിലും അധികമായി 'അമർത്തിക്കുലുക്കി കവിഞ്ഞൊരു നല്ല അളവ്' നൽകുന്ന ദയാനിധിയായ ദൈവമാണ് (ലൂക്കോ. 6:38). ഈ കൃപാതിരേകത്തിന്റെ മൂർത്തീകരണം തന്നെയാണല്ലോ ക്രൂശിൽ നാം കാണുന്നതും. 'എന്റെ കൃപ നിനക്കു മതി' എന്ന് വി. പൗലോസിനു കർത്താവു നൽകുന്ന സാന്ത്വനവചനം കടുത്ത പരീക്ഷണങ്ങളെ അഭിമുഖീകരിക്കുന്ന ഏതൊരാൾക്കും എന്നാളും കർത്താവു നൽകുന്ന കൃപാസംരക്ഷയുടെ ഉറപ്പാണ്.

### ചോദ്യങ്ങൾ

1. യഹൂദമതത്തിന്റെ പ്രതിസന്ധിയും ക്രിസ്തുവിൽ വെളിപ്പെട്ട പോംവഴിയും എന്തെന്നു വിശദമാക്കുക.
2. ദൈവകൃപ സൗജന്യവും ദാനവുമാണെന്നു വി. പൗലോസിന്റെ ഉപദേശങ്ങളിൽ നിന്ന് സമർത്ഥിക്കുക.
3. ദൈവത്തിന്റെ കൃപാതിരേകം സ്പഷ്ടമാക്കുന്ന ക്രിസ്തുവിന്റെ ഉപമകളും ഉപദേശങ്ങളും ഏവ?

## പാഠം 3

# ദൈവത്തിൽ വിശ്വസിപ്പീൻ എന്നിലും വിശ്വസിപ്പീൻ

❑ അബ്രഹാം - വിശ്വാസത്തിന്റെ മഹത്തായ മാതൃക ❑ ദൈവാശ്രയവും ദൈവഭയവും ❑ ഉലഞ്ഞുപോകാത്ത വിശ്വാസം ❑ വിശ്വാസനായകനായ യേശു ❑ വിശ്വാസവും ന്യായപ്രമാണത്തിന്റെ പ്രവൃത്തികളും ❑ വിശ്വാസവും പ്രവൃത്തിയും

### അബ്രഹാം - വിശ്വാസത്തിന്റെ മഹത്തായ മാതൃക

പഴയനിയമത്തിൽ വിശ്വാസത്തിന്റെ മഹത്തായ മാതൃകയാണ് അബ്രഹാം. വി. പൗലോസിന്റെ വീക്ഷണത്തിൽ യിസ്രായേലിനു മാത്രമല്ല, സകല ജാതിക്കും അബ്രഹാം പിതാവാണ്. കാരണം, പരിച്ഛേദന സ്വീകരിച്ചു ദൈവത്തിന്റെ പ്രത്യേകജനമെന്ന പദവിയിലേക്ക് അബ്രഹാം വരുന്നതിനു മുമ്പു തന്നെ അവന്റെ വിശ്വാസത്തെക്കുറിച്ചു പറയുന്നത്, 'അവൻ യഹോവയിൽ വിശ്വസിച്ചു; അത് അവൻ അവന്നു നീതിയായി കണക്കിട്ടു' (ഉല്പ. 15:6) എന്നാണ്. അതുകൊണ്ട് പരിച്ഛേദന സ്വീകരിച്ചവരെന്നും അല്ലാത്തവരെന്നും വ്യത്യാസം ഇല്ലാതെ വിശ്വസിക്കുന്ന ഏവർക്കും അബ്രഹാം പിതാവാണെന്ന് വി. പൗലോസ് പഠിപ്പിക്കുന്നു (റോമ. 4:9-13).

ഹാരാനിൽ വച്ചു ദൈവം അബ്രഹാമിനു പ്രത്യക്ഷനായി, 'നീ നിന്റെ ദേശത്തെയും ചാർച്ചക്കാരെയും പിതൃഭവനത്തെയും വിട്ടു ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോക' (ഉല്പ. 12:1) എന്ന് അബ്രഹാമിനോടു കല്പിച്ചു. അബ്രഹാം ദൈവവചനം പൂർണ്ണമായി അനുസരിച്ചു. എബ്രായ ലേഖനകർത്താവ് ഇതേ സംബന്ധിച്ച് ഇങ്ങനെ പറയുന്നു: 'വിശ്വാസത്താൽ അബ്രഹാം തനിക്ക് അവകാശമായി കിട്ടുവാനിരുന്ന ദേശത്തേക്കു യാത്രയാവാൻ വിളിക്കപ്പെട്ടാറെ അനുസരിച്ച് എവിടേക്കു പോകുന്നു എന്നറിയാതെ പുറപ്പെട്ടു (11:8). കനാനിലേക്കുള്ള ദൈവവിളി അബ്രഹാമിന് അനിശ്ചിതത്വത്തിന്റെ പാതയായിരുന്നു. ദൈവത്തിലുള്ള വിശ്വാസത്തിന്റെ അർത്ഥം ആദ്യമായി അബ്രഹാം പരീക്ഷിച്ചറിഞ്ഞ സന്ദർഭമായിരുന്നു അത്. വീണ്ടും, മകനായ യിസ്ഹാക്കിലൂടെ തന്റെ വംശത്തെ വലുതാക്കി അനുഗ്രഹിക്കുമെന്നു ദൈവത്തിന്റെ വാഗ്ദാനമുണ്ടായിരിക്കെ, ആ മകനെത്തന്നെ ഹോമയാഗമായി അർപ്പിക്കണമെന്ന ആജ്ഞ സ്വീകരിച്ചു മകനുമായി മോറിയാമല കയറുന്ന അബ്രഹാമിന്റെ ധീരമായ കാൽവയ്പ്പു വേദപുസ്തക ചരിത്രത്തിൽ വിശ്വാസത്തിന്റെ മായാത്ത മുദ്ര പതിപ്പിച്ചിരിക്കുന്നു. ചുറ്റും ചൂഴ്ന്നുനിൽക്കുന്ന കടുത്ത അസന്ദിഗ്ദ്ധതയുടെ നടുവിൽ ദൈവത്തിൽ സമ്പൂർണ്ണമായി

ആശ്രയിക്കുകയും ദൈവസാന്നിധ്യം അനുഭവിച്ചറിയുകയും ചെയ്തു കൊണ്ടാണ് അബ്രഹാം വിശ്വാസത്തിന്റെ പൊരുൾ തിരിച്ചറിയുന്നത്.

ദൈവവചനത്തിനു സമ്പൂർണമായി വിധേയപ്പെട്ട് അതനുസരിക്കുന്നതിന് ഇറങ്ങി പുറപ്പെടുമ്പോൾ തിക്താനുഭവങ്ങൾ തീർച്ചയായും ഉണ്ടാവുന്നു. അവ ദൈവാശ്രയത്തോടെ നേരിടുമ്പോൾ ദൈവസാന്നിദ്ധ്യം അനുഭവിച്ചറിയുന്നു. വിശ്വാസത്തിന്റെ അർത്ഥം ഇങ്ങനെ മാത്രമേ തിരിച്ചറിയാനാവൂ.

### ദൈവാശ്രയവും ദൈവഭയവും

'ദൈവാശ്രയം' 'ദൈവഭയം' എന്നീ രണ്ടു പദങ്ങളിലൂടെയാണ് വേദപുസ്തകത്തിൽ, പ്രത്യേകിച്ചും പഴയനിയമത്തിൽ 'വിശ്വാസ'ത്തിന്റെ അർത്ഥം വിശദീകരിച്ചു കാണുന്നത്. ഇവ രണ്ടും പരസ്പരം ബന്ധപ്പെട്ടും പൊരുത്തപ്പെട്ടും നിൽക്കുന്ന ആശയങ്ങളാണ്. ഉദാഹരണമായി, സങ്കീ. 115:11 കാണുക. 'യഹോവ ഭക്തന്മാരെ (യഹോവയെ ഭയപ്പെടുന്നവരെ) 'യഹോവയിൽ ആശ്രയിപ്പീൻ' (മലയാളം പഴയനിയമത്തിൽ പലേടങ്ങളിലും, 'യഹോവയെ' ഭയപ്പെടുന്നവർ എന്നതിനു യഹോവ ഭക്തന്മാർ എന്നു വിവർത്തനം കൊടുത്തിരിക്കുന്നു - സങ്കീ. 66:16; 115:11; സദൃ. 1:7). ഇയ്യോബ് 4:6 –ൽ 'നിന്റെ ഭക്തി (ദയ - ദൈവഭയം) നിന്റെ ആശ്രയമല്ലയോ' എന്നും പറഞ്ഞിരിക്കുന്നു. ദൈവാശ്രയത്തിലൂടെയും ദൈവഭയത്തിലൂടെയുമാണു ദൈവത്തിലുള്ള വിശ്വാസം വേരുറച്ചു വളരുന്നത്.

സമ്പൂർണമായി ദൈവത്തിൽ ആശ്രയിക്കുന്നതിനുള്ള ആഹ്വാനം പഴയനിയമത്തിൽ ഉടനീളം കാണാം. 'പൂർണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്കുക' (സദൃ. 3:5) എന്ന പ്രബോധനത്തിൽ നമ്മുടെ സംരക്ഷയും അഭയവും യഹോവയിൽ കണ്ടെത്തി ദൈവഹിതത്തിനു പൂർണ്ണമായി സ്വയം സമർപ്പിക്കുക എന്നത്രേ. യഹോവയിൽ വിശ്വാസമർപ്പിച്ച് അവന്റെ വഴികളിൽ നടക്കുന്നവർക്കു പഴയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന വിശേഷണമാണു 'യഹോവയെ ഭയപ്പെടുന്നവർ.' ദൈവത്തിലുള്ള വിശ്വാസത്തിന്റെ ഒരു സുപ്രധാന ഘടകമാണു ദൈവഭയം. ഒരേ അർത്ഥത്തിൽ തന്നെ അവ മാറി മാറി ഉപയോഗിച്ചിരിക്കുന്നതു കാണാം. ദൈവകല്പന അനുസരിച്ചു മകനെ ഹോമയാഗമർപ്പിക്കുന്നതിനു പോലും സന്നദ്ധനാവുന്ന അബ്രഹാമിനോടു യഹോവയുടെ ദൂതൻ പറയുന്നത്, 'നീ ദൈവത്തെ ഭയപ്പെടുന്നു എന്നു ഞാനിപ്പോൾ അറിയുന്നു' എന്നാണ് (ഉല്പ. 22:12). യിസ്രായേൽ ചെങ്കടൽ കടക്കുന്നതിനും മിസ്രയീമ്യർ കടലിൽ മുങ്ങിപ്പോവുന്നതിനും ഇടയായ ദൈവത്തിന്റെ മഹാപ്രവൃത്തികൾ കണ്ടപ്പോൾ 'ജനം യഹോവയെ ഭയപ്പെട്ടു: യഹോവയിലും അവന്റെ ദാസനായ മോശയിലും വിശ്വസിച്ചു' എന്നു രേഖപ്പെടുത്തുന്നു (പുറ. 14:31).

ജീവിതത്തിൽ ഇടപെട്ടു വൻകാര്യങ്ങൾ പ്രവർത്തിക്കുന്ന ദൈവത്തെ ഭയപ്പെട്ട് അവനിൽ ആശ്രയം വയ്ക്കുന്നതാണു വിശ്വാസം.

### ഉലഞ്ഞുപോകാത്ത വിശ്വാസം

എബ്രായ ഭാഷയിൽ വിശ്വസിക്കുക എന്നതിനു 'സ്ഥിരപ്പെടുക, ഉറച്ചു നിൽക്കുക' എന്നീ അർത്ഥങ്ങൾ ഉണ്ട്. ആഴത്തിൽ വേരിറങ്ങി ഉലഞ്ഞു വീണുപോകാതെ നിൽക്കുന്ന ഒരു വൃക്ഷത്തിന്റെ സങ്കല്പം ഈ അർത്ഥം സ്പഷ്ടമാക്കാൻ സഹായിക്കും. ക്രൂശാരോഹണത്തോടടുക്കുന്തോറും, ശിഷ്യന്മാർ ഉൽക്കണ്ഠയും ആശങ്കയും കൊണ്ടു പതറുന്നുവെന്നു കണ്ട യേശു അവരോട്, ദൈവത്തിലും തന്നിലും ആശ്രയംവച്ചു ഉലഞ്ഞു പോകാതെ ഉറച്ചുനിൽക്കുന്നതിന് ഉപദേശിക്കുന്നു, 'നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്, ദൈവത്തിൽ വിശ്വസിപ്പീൻ, എന്നിലും വിശ്വസിപ്പീൻ' (യോഹ. 14:1).

യശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ, വിശ്വാസത്തിൽ അടങ്ങിയിരിക്കുന്ന ഈ സുപ്രധാനമായ ആശയം ശക്തമായി ഊന്നിപ്പറയുന്നതായി കാണുന്നു. ഭീഷണിയുടെയും പ്രതികൂലതയുടെയും നടുവിൽ യഹോവയിലുള്ള വിശ്വാസത്തിൽ ഉറച്ചു നിൽക്കണമെന്നു യശയ്യാവു പ്രബോധിപ്പിക്കുന്നു. രണ്ടു ചരിത്ര സംഭവങ്ങളുടെ പശ്ചാത്തലത്തിലാണ് യശയ്യാവ് ഈ ഉപദേശം നൽകുന്നത്. ക്രി. മു. 734 –ൽ ഇസ്രായേലും സിറിയയും ചേർന്നും 701 –ൽ അസ്സീറിയയും യഹൂദ്യയെ ആക്രമിച്ചു. യറുശലേമിലെ ഭരണാധികാരികൾ ഭ്രമിച്ചുവശായി, ദൈവത്തിങ്കലേക്കു തിരിയുന്നതിനു പകരം രക്ഷപ്പെടുന്നതിനു കുറുക്കുവഴികൾ തേടി. മിസ്രയീം സൈന്യത്തിൽ ആശ്രയിച്ചു ശത്രുവിനെ തുരത്താം എന്നവർ ആലോചിച്ചു. യഹൂദ്യ വിട്ടു മിസ്രയീമിലേക്കും മറ്റും പലായനം ചെയ്യുന്നതിനു ജനം തിടുക്കം കൂട്ടി. യഹോവയിലുള്ള വിശ്വാസമില്ലെങ്കിൽ ജീവിതം സുരക്ഷിതമാവുകയില്ല എന്നു യശയ്യാവ് അവരെ ഉപദേശിക്കുന്നു, 'നിങ്ങൾക്കു വിശ്വാസമില്ലെങ്കിൽ സ്ഥിരവാസവുമില്ല' (7:9). യഹോവയിലാണ് അവരുടെ ആശ്രയമെങ്കിൽ ഓടിപ്പോകാതെ ഉറച്ചുനിൽക്കും എന്നും യശയ്യാവു പ്രബോധിപ്പിക്കുന്നു, 'വിശ്വസിക്കുന്നവൻ ഓടിപ്പോകയില്ല' (28:16). ഏതു സാഹചര്യങ്ങളിലും യഹൂദജനത്തിനു യഹോവയിലുള്ള ആശ്രയത്തിൽ നിന്നും വിശ്വാസത്തിൽ നിന്നും ഉരുത്തിരിയുന്ന രാജ്യതന്ത്രജ്ഞത മാത്രമേ പാടുള്ളു. ആദ്യത്തെ പ്രതിസന്ധിയുടെ ഘട്ടത്തിലാണ് ഇമ്മാനുവേലിന്റെ ജനനം സംബന്ധിച്ച യശയ്യാവു പ്രവചനം നടത്തുന്നത്. 'ദൈവം നമ്മോടുകൂടെ' എന്നർത്ഥം വരുന്ന 'ഇമ്മാനുവേൽ' വിശ്വാസധൈര്യം പകരുന്ന ഒരു സൂക്തമായി യശയ്യാവ് ഉപയോഗിക്കുന്നു (7:14; 8:8, 9). യഹോവയിൽ വിശ്വാസമർപ്പിക്കുന്ന ഒരാൾക്കു സ്ഥിരതയും ശാന്തതയുമുണ്ട്.

അയാൾ ഭ്രമിച്ച് ഇളകി വശാകുന്നില്ല. ദൈവം രക്ഷകനായി പാർശ്വ ത്തുണ്ടെന്ന ഉറപ്പ് അയാളെ ഭരിക്കുന്നതുകൊണ്ട് അയാൾ ധൈര്യവും ബലവും ഉള്ളവനാണ്. അതുകൊണ്ട്, യശയ്യാവു ജനത്തെ ഇങ്ങനെ പ്രബോധിപ്പിക്കുന്നു: 'മനന്തിരിഞ്ഞ് അടങ്ങിയിരുന്നാൽ നിങ്ങൾ രക്ഷി ക്കപ്പെടും. വിശ്രമിക്കുന്നതിലും ആശ്രയിക്കുന്നതിലും നിങ്ങളുടെ ബലം (യശ. 30:15).

### വിശ്വാസനായകനായ യേശു

യെഹൂദനെന്നും പുറജാതിയെന്നും വ്യത്യാസമില്ലാതെ പാപത്തിൽ വീണുപോയ മനുഷ്യവർഗത്തെ വീണ്ടെടുക്കുന്നതിനും നീതിയിലേക്കും രക്ഷയിലേക്കും നയിക്കുന്നതിനും ദൈവം സ്വന്തപുത്രനെത്തന്നെ ലോക ത്തിലേക്കയച്ചു. ദൈവസ്വഭാവമായ നീതി മനുഷ്യന് അനുഭവിച്ചറിയത്ത ക്കവിധം ക്രിസ്തുവിന്റെ ജീവിതത്തിൽ വെളിപ്പെട്ടു (റോമ. 3:21, 25). ഇക്കാ ലത്തിൽ ജീവിക്കുന്ന മനുഷ്യനും അനുഭവവേദ്യമാവുംവിധം ഇന്നും വെളി പ്പെടുന്നു (റോമ. 1:17). യേശുക്രിസ്തുവിലൂടെ ദൈവം നമുക്കു നൽകുന്ന നീതിയും രക്ഷയും ദൈവത്തിന്റെ സൗജന്യമായ കൃപാദാനമാണ്. ദൈവ ത്തിൽ സമ്പൂർണ്ണമായി ആശ്രയിച്ച്, വിശ്വസിച്ച് യേശുക്രിസ്തുവിലുള്ള പുതുജീവിതത്തിലേക്കു പ്രവേശിക്കുന്നവർക്കു നീതിയും രക്ഷയും ലഭി ക്കുന്നു. സ്വന്തം നേട്ടം കൊണ്ടോ പ്രവൃത്തികളുടെ പൂർണത കൊണ്ടോ അർഹതയിൽ നിന്നു ലഭിക്കുന്നതല്ല, ദൈവാശ്രയം കൊണ്ടും വിശ്വാസം കൊണ്ടും ലഭിക്കുന്നതാണവ. വിശ്വാസത്തെ സംബന്ധിച്ച ഈ ദർശന മാണ് യെഹൂദ മതത്തിൽ നിന്നും ക്രിസ്തീയ വിശ്വാസത്തെ വ്യത്യാസ പ്പെടുത്തി നിർത്തുന്ന ഒരു പ്രധാനപ്പെട്ട ഘടകം.

### വിശ്വാസവും ന്യായപ്രമാണത്തിന്റെ പ്രവൃത്തികളും

ക്രിസ്തുവിനു മുമ്പുള്ള രണ്ടു നൂറ്റാണ്ടുകളിലായി യെഹൂദമതത്തിൽ ദൈവത്തിലുള്ള വിശ്വാസം സംബന്ധിച്ചു സാരമായ ഒരു വ്യതിയാനം സംഭ വിച്ചു. പഴയനിയമത്തിൽ ദൈവത്തിലും ചരിത്രത്തിൽ ദൈവം നിർവഹി ക്കുന്ന രക്ഷണ്യപ്രവർത്തനങ്ങളിലും അവയിൽ പങ്കാളികളാകുന്ന മനു ഷ്യന്റെ അനുഭവങ്ങളിലും അടിസ്ഥാനപ്പെടുത്തിയുള്ളതായിരുന്നു വിശ്വാസം. ക്രിസ്തുവിനു മുമ്പുള്ള രണ്ടു നൂറ്റാണ്ടുകളിലായി, വിശ്വാസം എഴുതപ്പെട്ട ന്യായപ്രമാണങ്ങളിൽ കേന്ദ്രീകരിച്ചതായിത്തീർന്നു. വിശ്വാസം ജീവിക്കുന്ന ദൈവത്തിലുള്ള ആശ്രയത്തിൽ നിന്നും ന്യായപ്രമാണ കല്പ നകളിലുള്ള അനുഷ്ഠാനത്തിലേക്കു വഴുതിമാറി. റോമ. 3:27 -ൽ കർമ്മ മാർഗവും വിശ്വാസമാർഗവും തമ്മിലും 11:6 -ൽ കൃപയും പ്രവൃത്തിയും തമ്മിലും വി. പൗലോസ് കാണുന്ന വൈരുദ്ധ്യം ഈ പശ്ചാത്തലത്തിൽ വേണം മനസ്സിലാക്കുവാൻ. ഈ രണ്ടു ഭാഗങ്ങളിലും കർമ്മം (പ്രവൃത്തി)

എന്നതുകൊണ്ടുദ്ദേശിക്കുന്നതു ന്യായപ്രമാണത്തിന്റെ പ്രവൃത്തികൾ (കർമ്മാനുഷ്ഠാനങ്ങൾ) ആണ് (റോമ. 3:28; ഗലാ. 2:16; 3:5, 10).

### വിശ്വാസവും പ്രവൃത്തിയും

വി. യാക്കോബിന്റെ ലേഖനത്തിൽ പ്രവൃത്തിയിൽ നിന്ന് വിശ്വാസ ത്തെയോ വിശ്വാസത്തിൽ നിന്നു പ്രവൃത്തിയേയോ വേർതിരിക്കാനാവി ല്ലെന്ന് ഊന്നിപ്പറയുന്നു (2:14-26). വി. പൗലോസ് ഉപയോഗിക്കുന്ന അർത്ഥ ത്തിലല്ല പ്രവൃത്തി എന്ന പദം വി. യാക്കോബ് ഉപയോഗിക്കുന്നത് എന്ന കാര്യം പ്രത്യേകമായി ശ്രദ്ധിക്കേണ്ടതാണ്. വിശ്വാസത്തിന് എപ്പോഴും ഒരു പ്രയോഗരൂപം ഉണ്ട്. ദൈവത്തിലുള്ള വിശ്വാസത്തിന്റെ പ്രവൃത്തിരൂപങ്ങ ളിൽ സുപ്രധാനമാണ് മനുഷ്യരോടുള്ള സ്നേഹം. മർദ്ദിതരുടെയും ദരി ദ്രരുടെയും ഭൗതികാവശ്യങ്ങൾ കണ്ടില്ലെന്നു വെയ്ക്കുന്ന ആൾ യഥാർത്ഥ ത്തിൽ ദൈവത്തിൽ വിശ്വസിക്കുന്നില്ല. കാരണം പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജ്ജീവവും നിഷ്ഫലവുമാണ് (2:17, 20, 26). 'പ്രവൃത്തി കൂടാതെ വിശ്വാസത്താൽ നീതീകരിക്കപ്പെടുന്നു' (റോമ. 3: 20-28) എന്ന വി. പൗലോസിന്റെ വാക്കുകൾക്കു ഘടകവിരുദ്ധമെന്നു തോന്നുംവിധം വി. യാക്കോബ് പറയുന്നു: 'മനുഷ്യൻ വെറും വിശ്വാസത്താലല്ല പ്രവൃ ത്തികളാൽത്തന്നെ നീതീകരിക്കപ്പെടുന്നു' (2:24). വി. പൗലോസിന്റെ വാക്കുകൾ ദുർവ്യാഖ്യാനം ചെയ്ത് ദരിദ്രരോടുള്ള കടപ്പാട് ഗൗരവമായി എടുക്കാത്ത ഒരുതരം ആദ്ധ്യാത്മികത തിരുത്തുന്നതിന് വി. യാക്കോബ് ശ്രമിക്കുന്നു. മർദ്ദിതരോടും ദരിദ്രരോടുമുള്ള പ്രതിബദ്ധത നിറവേറ്റാത്ത സമൂഹം ഫലത്തിൽ ദൈവത്തിൽ വിശ്വസിക്കുന്നില്ല.

### ചോദ്യങ്ങൾ

1. ദൈവാശ്രയവും ദൈവഭയവും വിശ്വാസത്തിന്റെ സുപ്രധാനമായ ഘടകങ്ങൾ ആണ്, സമർത്ഥിക്കുക.
2. ഉലഞ്ഞുപോകാത്ത വിശ്വാസം എങ്ങനെ നിലനിർത്താൻ കഴിയും?
3. പ്രവൃത്തിയും വിശ്വാസവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് വി. പൗലോസിന്റെയും വി. യാക്കോബിന്റെയും അഭിപ്രായങ്ങൾ എങ്ങനെ പൊരുത്തപ്പെടുത്താം?

പാഠം 4

# പ്രത്യാശയിൽ സന്തോഷിപ്പീൻ

❑ കാണാത്തതിനായി കാത്തിരിക്കുക ❑ ആശയ്ക്കു വിരോധമായി ആശിക്കുക ❑ സ്നേഹം, വിശ്വാസം, പ്രത്യാശ ❑ നമ്മുടെ പ്രത്യാശയായ ക്രിസ്തു ❑ പുനരുത്ഥാനത്തിന്റെ പ്രത്യാശ ❑ ദൈവതേജസ്സിന്റെ പ്രത്യാശ ❑ പ്രത്യാശയിലേക്കു നാം പ്രവേശിച്ചിരിക്കുന്നു ❑ കഷ്ടതയിൽ തെളിഞ്ഞുവരുന്ന പ്രത്യാശ

## കാണാത്തതിനായി കാത്തിരിക്കുക

നമ്മുടെ പ്രത്യാശ ദൈവത്തിന്റെ വിളിയിലും വാഗ്ദാനത്തിലുമാണ് അടിസ്ഥാനമായിരിക്കുന്നത്. വിളിയുടെ ആത്യന്തിക ലക്ഷ്യത്തിൽ നാമിതുവരെ എത്തിച്ചേർന്നിട്ടില്ല. ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന അവകാശത്തിന്റെ പൂർണരൂപം നാം പ്രാപിച്ചിട്ടുമില്ല. ലക്ഷ്യത്തിലേക്കു നാം നടന്നടുക്കുന്നതേയുള്ളു. പൂർണമായ അവകാശാനുഭവത്തിലേക്കു നാം വളർന്നുകൊണ്ടിരിക്കുന്നു. ഈ കാണുന്നതിലുമപ്പുറം നമുക്കൊരു പ്രത്യാശയുണ്ട്; അതിനായി നാം കാത്തിരിക്കുന്നു. വി. പൗലോസ് പറയുന്നത് ശ്രദ്ധിക്കുക, 'പ്രത്യാശയാലല്ലോ നാം രക്ഷിക്കപ്പെട്ടിരിക്കുന്നത്. കാണുന്ന പ്രത്യാശയോ പ്രത്യാശയല്ല; ഒരുത്തൻ കാണുന്നതിനായി ഇനി പ്രത്യാശിക്കുന്നതെന്തിന്? നാം കാണാത്തതിനായി പ്രത്യാശിക്കുന്നു എങ്കിലോ അതിനായി ക്ഷമയോടെ കാത്തിരിക്കുന്നു' (റോമ. 8:25-35 cfc; 2 കൊരി. 4:18).

## ആശയ്ക്കു വിരോധമായി ആശിക്കുക

'നീ ബഹുജാതികൾക്കു പിതാവാകും' എന്ന് ദൈവം അബ്രഹാമിനോടു വാഗ്ദാനം ചെയ്യുമ്പോൾ അവന് തൊണ്ണൂറ്റൊൻപതു വയസ്സായിരുന്നു (ഉല്പ. 17:4). പ്രായാധിക്യത്താൽ അവന്റെ ശരീരവും ഭാര്യയായ സാറായുടെ ഗർഭപാത്രവും നിർജീവമായിരുന്നു. ദൈവത്തിന്റെ വാഗ്ദാനം പോലെ തന്നെ ഭവിക്കുമെന്ന് അബ്രഹാം 'ആശയ്ക്കു വിരോധമായി ആശയോടെ വിശ്വസിച്ചു' എന്നും 'അവൻ വാഗ്ദത്തം ചെയ്തതു പ്രവർത്തിപ്പാൻ ശക്തനെന്നു പൂർണമായി ഉറച്ചു' എന്നും വി. പൗലോസ് രേഖപ്പെടുത്തുന്നു (റോമ. 4:18, 21). ശൂന്യതയിൽ നിന്ന് ജീവനുണ്ടാക്കുവാനും അസാധ്യമെന്ന് കരുതുന്ന സാഹചര്യങ്ങളിൽ പുതിയ പ്രതീക്ഷകൾ ഉണർത്തുന്നതിനും ദൈവം അതിശയം പ്രവർത്തിക്കുമെന്ന് അബ്രഹാം വിശ്വസിച്ചു. ഈ വിശ്വാസവും ദൈവം തന്നെ സ്നേഹിക്കുന്നുവെന്ന ബോദ്ധ്യവുമായിരുന്നു അബ്രഹാമിന്റെ പ്രത്യാശയുടെ അടിസ്ഥാനം.

## സ്നേഹം, വിശ്വാസം, പ്രത്യാശ

കാണാത്തതിനു വേണ്ടി കാത്തിരിക്കുക, അസാദ്ധ്യമായവ സംഭവിക്കുമെന്നു പ്രതീക്ഷിക്കുക. ഇവ രണ്ടും ദൈവത്തിലുള്ള പ്രത്യാശയിൽ അടങ്ങിയിരിക്കുന്ന സുപ്രധാന ഘടകങ്ങൾ ആണ്. പക്ഷേ, കാണാത്തതിനായി നാം എങ്ങനെ കാത്തിരിക്കും? അസാദ്ധ്യമായതിൽ നാമെങ്ങനെ ആശ വയ്ക്കും? വാഗ്ദാനം നൽകുന്ന ദൈവത്തിന്റെ സ്നേഹം അനുഭവിച്ചറിഞ്ഞിരിക്കുന്നതു കൊണ്ടും അവനിലുള്ള ആശ്രയവും വിശ്വാസവും സ്വാർത്ഥകമെന്നു ജീവിതത്തിൽ പരീക്ഷിച്ചറിഞ്ഞിരിക്കുന്നതു കൊണ്ടുമാണ് പ്രത്യാശയിൽ നമുക്കു മുറുകെപ്പിടിക്കാൻ കഴിയുന്നത്. സ്നേഹത്തിൽ നിന്നു വിശ്വാസവും വിശ്വാസത്തിൽ നിന്ന് പ്രത്യാശയും ഉളവാകുന്നു. നമ്മിൽ പ്രബലമായി വളരുന്ന പ്രത്യാശ ദൈവത്തിലുള്ള ആശ്രയവും വിശ്വാസവും വർദ്ധിപ്പിക്കുകയും ദൈവത്തോടുള്ള സ്നേഹം കൊണ്ടു നമ്മെ നിറയ്ക്കുകയും ചെയ്യുന്നു. ഒന്നിൽ നിന്ന് ഒന്നിലേക്കുള്ള ഈ ചാക്രിക ചലനവും അവ തമ്മിലുള്ള പരസ്പര പൂരണവും ആണ് ആദ്ധ്യാത്മിക ജീവിതത്തെ ചൈതന്യവത്താക്കുന്നത്. വി. പൗലോസ് അപ്പോസ്തോലൻ ഈ മൂന്ന് സദ്ഗുണങ്ങളും പലപ്പോഴും ബന്ധിപ്പിച്ചു ചിന്തിക്കുന്നതു ശ്രദ്ധേയമാണ് (റോമ. 5:1–5; 1 കൊരി. 13; എഫേ. 4:1–6; 1 തെസ്സ. 1:1, 5:8).

## നമ്മുടെ പ്രത്യാശയായ ക്രിസ്തു

നമ്മുടെ പ്രത്യാശയുടെ അടിസ്ഥാനവും ലക്ഷ്യവും ദൈവത്തിന്റെ ദാനവും വാഗ്ദത്തവുമായ ദൈവരാജ്യമാണ്. യേശുക്രിസ്തുവിലാണു ഈ പ്രത്യാശ സാക്ഷാത്കരിക്കപ്പെടുന്നത്. യേശുക്രിസ്തുവിന്റെ മനുഷ്യാവതാരവും രക്ഷാകര പ്രവർത്തനങ്ങളും നാളുകളായി പുലർത്തിപ്പോന്നിരുന്ന പ്രത്യാശാനിർഭരമായ കാത്തിരിപ്പിന്റെ മറുപടിയായിരുന്നു. ദൈവത്തിന്റെ അഭിഷിക്തൻ, യിസ്രായേലിനെ വീണ്ടെടുക്കുമെന്ന പ്രത്യാശ യഹൂദന്മാരുടെ ഇടയിൽ വളരെ പ്രബലമായിരുന്നു. ആ പ്രത്യാശയിലാണ് ശിഷ്യന്മാർ യേശുവിനെ അനുഗമിച്ചത് (ലൂക്കോ. 24:21). അതുകൊണ്ടു തന്നെയാണ് കർത്താവിന്റെ ക്രൂശാരോഹണം അവരെ തളർത്തിക്കളഞ്ഞതും. എന്നാൽ ക്രിസ്തുവിന്റെ പുനരുത്ഥാനം ആ പ്രത്യാശ വീണ്ടും ഉറപ്പിക്കുന്നതിനും ശക്തമാക്കുന്നതിനും കഴിഞ്ഞു. മരിച്ചവരുടെ ഇടയിൽ നിന്നുള്ള ക്രിസ്തുവിന്റെ പുനരുത്ഥാനം യിസ്രായേലിന്റെ പ്രത്യാശയുടെ പൂർത്തീകരണമാണെന്ന് വി. പൗലോസ് വാദിക്കുന്നു (അപ്പ. 24:15). ഈ പ്രത്യാശ ഹേതുവായിട്ടാണ് താൻ വിസ്താരത്തിലായിരിക്കുന്നതെന്നും പൗലോസ് അഗ്രിഫാ രാജാവിന്റെ മുമ്പാകെ ബോധിപ്പിക്കുന്നു (അ. പ്ര. 36:6–8).

ദൈവം യേശുക്രിസ്തുവിലൂടെ നല്കുന്ന വാഗ്ദത്താവകാശത്തിന്റെ പ്രത്യാശ യഹൂദന്മാർക്കു മാത്രമുള്ളതല്ല. ഒരു കാലത്ത് ഈ പ്രത്യാശയിൽ നിന്നും അന്യന്മാരായിരുന്ന പുറജാതികൾ ഇപ്പോൾ ക്രിസ്തുവിലൂടെ അതിന് അർഹരായിത്തീർന്നിരിക്കുന്നു (എഫേ. 2:12). യഹൂദനെന്നും പുറജാതിയെന്നുമുള്ള വ്യത്യാസമില്ലാതെ മനുഷ്യവർഗം മുഴുവനെയും ക്രിസ്തുവിലുള്ള വീണ്ടെടുപ്പിന്റെ പ്രത്യാശയിൽ ഒന്നിച്ചുചേർത്തിരിക്കുന്നു. അതുകൊണ്ട് വി. പൗലോസ് പറയുന്നു, 'നിങ്ങളെ വിളിച്ചപ്പോൾ ഏകപ്രത്യാശക്കായി നിങ്ങളെ വിളിച്ചതുപോലെ ശരീരം ഒന്ന്, ആത്മാവ് ഒന്ന്, കർത്താവ് ഒരുവൻ...' (എഫേ. 4:4).

## പുനരുത്ഥാനത്തിന്റെ പ്രത്യാശ

നമ്മുടെ പ്രത്യാശയുടെ ഉള്ളടക്കത്തെക്കുറിച്ചു പുതിയനിയമത്തിൽ പലേടങ്ങളിലും പരാമർശമുണ്ട്. ക്രിസ്തുവിലുള്ള നമ്മുടെ പ്രത്യാശയുടെ അന്തസത്ത അവന്റെ പുനരുത്ഥാനത്തിൽ നാമെല്ലാവരും പങ്കാളികളായിത്തീരും എന്നുള്ളതാണ് (1 കൊരി. 15; തെസ്സ. 4:13-14). മറ്റുള്ളവരിൽ നിന്നും ക്രിസ്ത്യാനികളെ വേർതിരിച്ചു നിർത്തുന്ന കാര്യമാണിത്. ക്രിസ്തുവിൽ മരിച്ചവരെല്ലാവരും കർത്താവിന്റെ രണ്ടാമത്തെ വരവിൽ പുനരുത്ഥാനം ചെയ്യും (1 തെസ്സ. 4:16). ഈ പ്രത്യാശ നമുക്കുള്ളതുകൊണ്ടു നിദ്ര കൊണ്ടവരെക്കുറിച്ചു മറ്റുള്ളവരെപ്പോലെ നാം ദുഃഖിക്കരുത് എന്ന് വി. പൗലോസ് പ്രബോധിപ്പിക്കുന്നു (1 തെസ്സ. 4:13).

## ദൈവതേജസ്സിന്റെ പ്രത്യാശ

പുനരുത്ഥാനത്തിന്റെ പ്രത്യാശയോടു ബന്ധപ്പെട്ടുവരുന്ന ഒരാശയമാണ് തേജസ്സിന്റെ പ്രത്യാശ. പുനരുത്ഥാനം തേജസ്കരണം തന്നെയാണല്ലോ. 'നാം ദൈവതേജസ്സിന്റെ പ്രത്യാശയിൽ പ്രശംസിക്കുന്നു' എന്ന് വി. പൗലോസ് പറയുന്നു (റോമ. 5:2). കർത്താവിന്റെ പുനരാഗമനത്തിൽ നാം രൂപാന്തരപ്പെട്ട് പുനരുത്ഥാനത്തിന്റെ തേജസ്സണിയും (1 കൊരി. 15:43). ദൈവമക്കളുടെ തേജസ്സാകുന്ന സ്വാതന്ത്ര്യം (റോമ. 8:21), ശരീരത്തിന്റെ വീണ്ടെടുപ്പ് (റോമ. 8:23) ദൈവസ്വരൂപത്തിലേക്കുള്ള രൂപാന്തരം (2 കൊരി. 3:12-18) എന്നിങ്ങനെ പല വിധത്തിൽ തേജസ്സിന്റെ പ്രത്യാശയെ വിശദീകരിക്കുന്നതിന് വി. പൗലോസ് ശ്രമിക്കുന്നുണ്ട്. അതുകൊണ്ടാണ് ക്രിസ്തുവിനെ 'തേജസ്സിന്റെ (മഹത്വത്തിന്റെ) പ്രത്യാശയായ ക്രിസ്തു' എന്ന് വി. പൗലോസ് വിളിക്കുന്നത് (കൊലോ. 1:27).

ലാസറിന്റെ ഉയിർത്തെഴുന്നേൽപ്പ് അന്ത്യനാളിലെ പുനരുത്ഥാനത്തിനു തുല്യമല്ല. എങ്കിലും അത് പുനരുത്ഥാനത്തിന്റെ പ്രത്യാശയിലേക്കു വിരൽ ചൂണ്ടുന്ന ഒരു സംഭവമാണ്. ലാസറിനെ ഉയിർപ്പിക്കുന്നതിനു മുമ്പ് മാർത്തയുമായുള്ള സംഭാഷണത്തിൽ കർത്താവു പറയുന്നു, 'ഞാൻ തന്നെ

പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും' (യോഹ. 21:25). വീണ്ടും ചഞ്ചലചിത്തയായി നിൽക്കുന്ന മാർത്തയോടു കർത്താവു പറയുന്നു, 'വിശ്വസിച്ചാൽ നീ ദൈവത്തിന്റെ തേജസ്സ് (മഹത്വം) കാണും' (യോഹ. 11:40). ലാസറിന്റെ ഉയിർപ്പിനെക്കുറിച്ചു മാത്രമല്ല ഈ വചനം പ്രസക്തമാവുന്നത്. അതു മരിച്ചവരും മരണവിധേയരുമായ സർവ്വമനുഷ്യജാതിക്കും കർത്താവു നൽകുന്ന പ്രത്യാശയുടെ വാഗ്ദാനമാണ്.

## പ്രത്യാശയിലേക്കു നാം പ്രവേശിച്ചിരിക്കുന്നു

വി. പത്രോസിന്റെ ഒന്നാം ലേഖനത്തിൽ ഉടനീളം തെളിഞ്ഞു നിൽക്കുന്ന ചിന്ത പ്രത്യാശയാണ്. അതുകൊണ്ട് ഈ ലേഖനത്തെ 'പ്രത്യാശയുടെ ലേഖനം' എന്നും വിളിക്കുന്നു. ഈ ലേഖനത്തിലെ ഒരു സുപ്രധാന ആശയം വി. സ്നാനം ക്രിസ്തുവിലുള്ള പ്രത്യാശയിലേക്കുള്ള വീണ്ടും ജനനമാണെന്നും (1 പത്രോ. 1:3, 5) അതുകൊണ്ടു വരുവാനുള്ള കൃപയിൽ നാം പൂർണ പ്രത്യാശ വച്ചുകൊള്ളണമെന്നുമാണ് (1:13). യേശുക്രിസ്തുവിന്റെ മരിച്ചവരുടെ ഇടയിൽ നിന്നുള്ള പുനരുത്ഥാനമാണു നമ്മുടെ പ്രത്യാശയുടെ ഉറപ്പും അടിസ്ഥാനവും. അതിനാൽ ഈ പ്രത്യാശയെ 'ജീവനുള്ള പ്രത്യാശ' എന്ന് വി. പത്രോസ് വിശേഷിപ്പിക്കുന്നു (1:3). യുഗാന്തത്തിൽ ദൈവം മനുഷ്യജാതിക്കു നൽകിയിരിക്കുന്ന ദാഹമാണ് ക്രിസ്തു. ദൈവം അവനു പുനരുത്ഥാനവും തേജസ്സും നൽകി നമ്മെ വിശ്വാസത്തിലും പ്രത്യാശയിലും ഉറപ്പിച്ചിരിക്കുന്നു (1:20, 21).

ദൈവത്തിന്റെ വാഗ്ദാനം ഭാവിയിലാണ് പൂർത്തീകരിക്കപ്പെടുന്നതെങ്കിലും ഈ ജീവിതത്തിൽ വച്ചു തന്നെ നാം അതിലേക്കു പ്രവേശിച്ചിരിക്കുന്നു. ഇതു പരിശുദ്ധാത്മാവിന്റെ ഒരു പ്രവർത്തനമാണ്. ഭാവിയെ വർത്തമാനകാലാനുഭവമാക്കി മാറ്റുകയും പൂർണതയുടെ പ്രത്യാശയിൽ നമ്മെ ഉറപ്പിക്കുകയും ചെയ്തുകൊണ്ട് പരിശുദ്ധാത്മാവ് നമ്മുടെ ഉള്ളിൽ വസിക്കുന്നു. നാം പ്രത്യാശിക്കുന്നതു പരിശുദ്ധാത്മാവു നമുക്ക് ആദ്യഫലമായി നൽകിയിരിക്കുന്നു (റോമ. 8:23-30; എഫേ. 1:13). അതുകൊണ്ടു നമ്മുടെ പ്രത്യാശ ഉറപ്പുള്ളതാണ്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, നമുക്കു ലഭിച്ചിരിക്കുന്ന കൃപയുടെ പൂർണതയാണു നമ്മുടെ പ്രത്യാശ. നമ്മുടെ പ്രത്യാശ സമൃദ്ധമാക്കിത്തീർത്തതു പ്രത്യാശാനിവൃത്തിക്കായി കാത്തിരിക്കുന്നതിന് ശക്തി പകരുന്നത് പരിശുദ്ധാത്മാവത്രേ (റോമ. 15:13; ഗലാ. 5:5).

## കഷ്ടതയിൽ തെളിഞ്ഞുവരുന്ന പ്രത്യാശ

'ആശയിൽ (പ്രത്യാശയിൽ) സന്തോഷിപ്പിൻ; കഷ്ടതയിൽ സഹിഷ്ണുത കാണിപ്പിൻ' എന്നു വി. പൗലോസ് പ്രബോധിപ്പിക്കുന്നു (റോമ.

12:12). കഷ്ടതയിൽ സഹിഷ്ണുത കാണിക്കാൻ കഴിയുന്നതു പ്രത്യാശയിൽ സന്തോഷിക്കുന്നതു കൊണ്ടാണ്. അതേസമയം തന്നെ കഷ്ടതയുടെ തിക്താനുഭവങ്ങളിലൂടെ കടന്നുപോവുമ്പോഴാണ് സഹിഷ്ണുതയും സിദ്ധതയും നമ്മിൽ വേരുറയ്ക്കുന്നതും (റോമ. 5:3).

വേദപുസ്തകചിന്തയിൽ, സഹോദരരോടും സമൂഹത്തോടുമുള്ള പ്രതിബദ്ധതയിൽ സ്വയം ഇല്ലാതാക്കുന്ന സ്നേഹത്തിലൂടെയും സത്യത്തെയും നീതിയെയും പ്രതി പീഡനങ്ങൾ നേരിടാനുള്ള ത്യാഗസന്നദ്ധതയിലൂടെയും മാത്രമേ എല്ലാ ദൈവിക നൽവരങ്ങളും നമ്മിൽ വേരുറച്ചു വളർന്ന് ഫലം പുറപ്പെടുവിക്കുകയുള്ളു. പീഡനങ്ങളിലും പരീക്ഷണങ്ങളിലും കൂടെയാണ് പ്രത്യാശ നമ്മിൽ ബലപ്പെടുന്നത്. കഷ്ടതയിലൂടെയാണു നാം തേജസ്കരിക്കപ്പെടുന്നതെന്നു വി. പൗലോസ് പറയുന്നുണ്ട് (റോമ. 8:17; 2 കൊരി. 1:3-7).

### ചോദ്യങ്ങൾ

1. കാണാത്തതിനായി കാത്തിരിക്കുക; ആശയ്ക്കു വിരോധമായി ആശിക്കുക - ഈ ആശയങ്ങളിലൂടെ പ്രത്യാശയെ സംബന്ധിച്ചു നിങ്ങൾ എന്തു മനസ്സിലാക്കുന്നു?
2. ദൈവതേജസ്സിന്റെ പ്രത്യാശയെക്കുറിച്ചു ലഘുവിവരണം നൽകുക.
3. കഷ്ടതയിൽ തെളിഞ്ഞുവരുന്ന പ്രത്യാശയെക്കുറിച്ചു നിങ്ങളുടെ അനുഭവത്തിൽ നിന്നും ഒരു കുറിപ്പു തയ്യാറാക്കുക.

## പാഠം 5

# ദൈവം സ്നേഹം തന്നെ

❑ പുതിയോരു കൽപ്പന ഞാൻ നിങ്ങൾക്കു തരുന്നു ❑ എന്റെ സ്നേഹിതൻ ആര്? ❑ നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ ❑ പുതിയ ജീവിതത്തിന്റെ പ്രഘോഷണം ❑ ദൈവം സ്നേഹമാകുന്നു ❑ വി. പൗലോസിന്റെ സ്നേഹഗീതി ❑ പശ്ചാത്തലം ❑ മുഴങ്ങുന്ന ചെമ്പും ചിലമ്പുന്ന കൈത്താളവും ❑ ശ്രേഷ്ഠവരം ❑ ഉപസംഹാരം

### പുതിയോരു കൽപ്പന ഞാൻ നിങ്ങൾക്കു തരുന്നു

'നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്ന് പുതിയൊരു കൽപ്പന ഞാൻ നിങ്ങൾക്കു തരുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതു

പോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു തന്നെ' (യോഹ. 13:34). യേശുവിന്റെ കൽപ്പനയുടെ പുതുമ ഈ വാകൃത്തിന്റെ ആദ്യഭാഗത്തല്ല, രണ്ടാം ഭാഗത്താണു കാണുക. 'കൂട്ടുകാരനെ നിന്നെ പ്പോലെ തന്നെ സ്നേഹിക്കേണം' എന്ന കൽപ്പന പഴയനിയമത്തിൽ തന്നെ യുണ്ട് (ലേവ്യ. 19:18). യേശു നമ്മെ സ്നേഹിച്ചതുപോലെ നാമും അന്യോന്യം സ്നേഹിക്കേണം. യേശു നമ്മോടുള്ള സ്നേഹത്തെപ്രതി എപ്രകാരം സ്വയം യാഗമായി അർപ്പിച്ചുവോ അപ്രകാരം തന്നെ നാം നമ്മുടെ സഹോദരരെയും സ്വജീവനെ ത്യജിച്ചും സ്നേഹിക്കണം. 'സ്നേഹിതർക്കു വേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കുമില്ല' (യോഹ. 15:13).

## എന്റെ സ്നേഹിതൻ ആര്?

ഒരു ന്യായശാസ്ത്രിയാണ്, ഈ ചോദ്യം കർത്താവിന്റെ മുമ്പിൽ ഉന്ന യിക്കുന്നത് (ലൂക്കോ. 10:29). ഈ ചോദ്യത്തിന് അന്നത്തെ യഹൂദമതം നൽകുന്ന ഉത്തരം ന്യായശാസ്ത്രിക്കറിയാം. യഹൂദന്മാരിൽതന്നെ ഉള്ള വരെയാണ് സ്നേഹിതന്മാരായി, സഹോദരന്മാരായി അവർ കണക്കാക്കി യിരുന്നത്. എന്നാൽ, യേശു ഒരു ഉപമയിലൂടെ ന്യായശാസ്ത്രിക്കു മറു പടി നൽകിക്കൊണ്ട് ഈ നിലപാടു തിരുത്തുന്നു. കവർച്ചക്കാരുടെ കയ്യിൽ അകപ്പെട്ട് അർദ്ധപ്രാണനായിക്കിടന്ന മനുഷ്യനെ സഹായിക്കാതെ കട ന്നുപോയ പുരോഹിതനും ലേവ്യനുമല്ല, പ്രഥമശുശ്രൂഷ നൽകിയശേഷം ചികിൽസയ്ക്കുവേണ്ട എല്ലാ ക്രമീകരണങ്ങളും ചെയ്ത ശമരിയാ ക്കാരനാണ് യഥാർത്ഥ സ്നേഹിതൻ എന്ന് യേശു ചൂണ്ടിക്കാണിക്കുന്നു. യഹൂദമതവിധിപ്രകാരം സഹോദരധർമ്മം നിർവഹിക്കേണ്ട പുരോഹി തനും ലേവ്യനുമല്ല, അന്യവംശത്തിൽപ്പെട്ട, യഹൂദന്മാർ ശത്രുക്കളെന്നും ഭ്രഷ്ടരെന്നും കരുതിപ്പോന്നിരുന്ന ശമരിയാക്കാരിൽ, ഒരാളാണ് ഇവിടെ അപകടത്തിൽ പ്പെട്ടയാൾക്കു സ്നേഹിതനായിത്തീർന്നത്. ആർക്കാണോ നിന്റെ സ്നേഹവും ശുശ്രൂഷയും ഏറ്റമധികം ആവശ്യമായിരിക്കുന്നത് അവനാണ് നിന്റെ സ്നേഹിതൻ. ഒരവശ്യ സന്ധിയിൽ ആരാണോ നിന്റെ തുണയ്ക്കെത്തുന്നത്, അവനാണു നിന്റെ സ്നേഹിതൻ. മതം, വംശം, നിറം, രാജ്യം, സംസ്കാരം, ഈ വേലിക്കെട്ടുകളെല്ലാം ഉല്ലംഘിച്ച് മനു ഷ്യവർഗത്തെ മുഴുവൻ സാഹോദര്യത്തിൽ കൂട്ടിയിണക്കുന്ന സ്നേഹമാണ് യേശു നൽകിയത്.

## നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പീൻ

'കൂട്ടുകാരനെ സ്നേഹിക്ക എന്നും ശത്രുവിനെ പകെയ്ക്ക എന്നും' ആയിരുന്നു പഴയ പ്രമാണമെങ്കിൽ കർത്താവ് അതിൽനിന്നും വ്യത്യസ്ത മായി പഠിപ്പിക്കുന്നു, 'നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പീൻ; നിങ്ങളെ

ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പീൻ' (മത്താ. 5:44). യേശു മറ്റു പല പഴയ പ്രമാണങ്ങളും തിരുത്തുകയും തൽസ്ഥാനത്തു പുതിയ ഉപദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. '... എന്ന് പൂർവ്വന്മാരോട് അരുളിചെയ്തത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നത് ....' ഈ പ്രയോഗരീതി അതിനുദാഹരണമാണ് (മത്താ. 5: 21-22; 33-34; 43-44). വിദ്വേഷവും പകയും മൽസരവും നിറഞ്ഞ ഈ ലോകത്തിൽ സ്നേഹത്തിൽ അടിസ്ഥാനപ്പെടുത്തിയ ഒരു പുതിയ സമൂഹം കെട്ടിപ്പടുക്കുന്നതിനാണു കർത്താവ് നമ്മെ വിളിച്ചിരിക്കുന്നത്. ലോകത്തിന്റെ ശത്രുത എതിർപ്പുകൾ കൂടാതെ സന്തോഷത്തോടും അർപ്പണത്തോടും വഹിക്കാൻ കഴിയണം. വിദ്വേഷികൾക്ക് തിന്മയ്ക്കു പകരം നന്മയും ശാപത്തിനു പകരം അനുഗ്രഹവും നൽകുക. പീഡിപ്പിക്കുകയും ദൂഷണം പറകയും ചെയ്യുന്നവർക്കു വേണ്ടി പ്രാർത്ഥിക്കുക, തിരികെക്കിട്ടുമെന്ന് പ്രതീക്ഷിക്കാതെ നല്കുന്ന സ്നേഹം നിലനിർത്തുക. ഇങ്ങനെ ഒരു പുതിയക്രമം രൂപപ്പെടുത്തിയെടുക്കുന്നതിനു ക്രിസ്തു നമ്മെ ആഹ്വാനം ചെയ്യുന്നു (മത്താ. 5; 44-48; ലൂക്കോ. 6: 27-38).

## പുതിയ ജീവിതത്തിന്റെ പ്രഘോഷണം

യഥാർത്ഥത്തിൽ യേശു ഒരു പുതിയ കല്പന നൽകുകയായിരുന്നില്ല. പഴയതിൽ നിന്നും തീർത്തും വ്യത്യസ്തമായ ഒരു പുതിയ ജീവിതാവസ്ഥയിലേക്ക് ലോകത്തെ ആനയിക്കുന്ന ദൈവസ്നേഹം പ്രഘോഷിക്കുകയായിരുന്നു. ദൈവത്തിന്റെ ധാരാളമായ കൃപയും പാപമോചനവും ദൈവത്തിന്റെ മറ്റൊരു രൂപമാണ്. പാപിനിയായ സ്ത്രീയുടെ പാപങ്ങൾ മോചിച്ചുകൊണ്ട് കർത്താവു പറയുന്നു, 'ഇവളുടെ അനേകമായ പാപങ്ങൾ മോചിച്ചിരിക്കുന്നു.... (കാരണം) അവൾ വളരെ സ്നേഹിച്ചുവല്ലോ' (ലൂക്കോ. 7: 47). ഇവിടെ പാപിനിയുടെ സ്നേഹമാണ് അവൾക്കു പാപമോചനം നേടിക്കൊടുത്തതെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ സ്നേഹത്തിന്റെ പ്രവാഹം എവിടെനിന്ന് പുറപ്പെട്ടു വരുന്നതായി അവൾ കണ്ടെത്തിയോ അവിടേക്കുതന്നെ സ്നേഹത്തിന്റെ പ്രതിപ്രവാഹവും അനിർഗളമായി ഒഴുകുകയായിരുന്നു. ആദ്യദർശനത്തിൽത്തന്നെ ദൈവസ്നേഹം അവൾ യേശുവിൽ കണ്ടെത്തി. അതിന്റെ പ്രതികരണമാണ് അവൾ കാണിച്ച സ്നേഹം. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിൽ മാത്രമല്ല, മനുഷ്യൻ അന്യോന്യമുള്ള ബന്ധങ്ങളിലും സ്നേഹത്തിന്റെ ഈ ഭാവം തെളിഞ്ഞു കാണണം. അന്യോന്യം കരുണ കാണിക്കുകയും ക്ഷമിക്കുകയും ചെയ്യുക ദൈവസ്നേഹത്തിന്റെ സ്ഫുരണമാണ്.

## ദൈവം സ്നേഹം ആകുന്നു

വി. യോഹന്നാൻ ക്രിസ്തീയ സഭയ്ക്കു നൽകുന്ന അത്യുൽകൃ

ഷ്ഠമായ ഒരു ദൈവജ്ഞാനമാണ് 'ദൈവം സ്നേഹം തന്നെ' എന്ന സൂക്തം (1 യോഹ. 4:8; 16). യേശുവിനെ കണ്ട് അറിഞ്ഞ യോഹന്നാൻ യേശുവിന്റെ വാക്കുകളും ജീവിതവും തെളിയിക്കുന്ന സത്യം ഇതാണെന്ന് നമ്മെ അറിയിക്കുന്നു. 'കാണ്മീൻ നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവ് നമുക്ക് എത്ര വലിയ സ്നേഹം നല്കിയിരിക്കുന്നു (1 യോഹ. 3:1). ആ വലിയ സ്നേഹം ദൈവസ്നേഹത്തിന്റെ കാണപ്പെട്ട രൂപമായിപ്പിറന്ന യേശുതന്നെയാണ്. യേശുവിന്റെ ക്രൂശ് ദൈവസ്നേഹത്തിന്റെ ആഴം വെളിപ്പെടുത്തുന്നു. 'ക്രിസ്തുവോ നാം പാപികളായിരിക്കുമ്പോൾത്തന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു' എന്നു വി. പൗലോസ് പറഞ്ഞിരിക്കുന്നു (റോമ. 5:8).

ദൈവത്തെ കാണുക, ദൈവത്തെ അറിയുക, ജീവനിലേക്കു കടക്കുക, ദൈവം സ്നേഹമെന്നറിയുക ഇവയെല്ലാം ആർക്കും അവകാശപ്പെടാം. പലപ്പോഴും ഈ അവകാശവാദങ്ങൾ വെറും കാപട്യമോ ആത്മവഞ്ചനയോ ആയിരിക്കും. എന്നാൽ ഇവയെല്ലാം തന്നെ ഒരൊറ്റ അളവുകോൽ കൊണ്ടു തിട്ടപ്പെടുത്തുവാൻ കഴിയുമെന്ന് വി. യോഹന്നാൻ ആവർത്തിച്ചു പറയുന്നു, സഹോദരസ്നേഹം. 'നാം മരണം വിട്ടു ജീവനിലേക്കു കടന്നിരിക്കുന്നുവെന്ന് സഹോദരന്മാരെ സ്നേഹിക്കുന്നതിൽ നമുക്കറിയാം' (1 യോഹ. 3:14). സ്നേഹിക്കുന്നവൻ ദൈവത്തെ അറിയുന്നു എന്നും ദൈവത്തെ നാം സ്നേഹിക്കുന്നുവെന്ന് സഹോദരരെ സ്നേഹിക്കുന്നതിൽ നിന്നും നാം അറിയുന്നു എന്നും വി. യോഹന്നാൻ പഠിപ്പിക്കുന്നു (1 യോഹ. 4:7–8; 20). ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. എന്നാൽ ദൈവം നമ്മിൽ വസിക്കുന്നുവെന്ന് അന്യോന്യമുള്ള സ്നേഹത്തിൽ നിന്നും സ്പഷ്ടമാക്കുന്നു (1 യോഹ. 4:12–13).

## വി. പൗലോസിന്റെ സ്നേഹഗീതി

### (i) പശ്ചാത്തലം

1. കൊരി 13 -ാം അദ്ധ്യായം ഒരു സ്നേഹഗീതിയാണ്. ഇതെഴുതുന്നതിന് ഒരു പ്രത്യേക പശ്ചാത്തലം കൊരിന്തിൽ ഉണ്ടായിരുന്നു (1 കൊരി. 12 ഉം 14 ഉം അദ്ധ്യായങ്ങൾ വായിക്കുക). പരിശുദ്ധാത്മ നൽവരങ്ങൾ കൊണ്ട്, അതിന്റെ എല്ലാ വൈവിദ്ധ്യത്തിലും, അനുഗ്രഹീതമായ ഒരു കൂട്ടമായിരുന്നു കൊരിന്തിലെ സഭ. ജ്ഞാനത്തിന്റെ വചനം, പരിജ്ഞാനത്തിന്റെ വചനം, വിശ്വാസം, രോഗശാന്തി, വീര്യപ്രവൃത്തി, പ്രവചനം, ആത്മാക്കളുടെ വിവേചനം, വിവിധ ഭാഷകൾ, ഭാഷകളുടെ വ്യാഖ്യാനം, വിവിധ സഭാശുശ്രൂഷകൾ, പരിപാലനവരം, സഹായം ചെയ്യുവാനുള്ള വരം, ഇങ്ങനെ നൽവരങ്ങൾ കൊരിന്തു സഭയിൽ സമൃദ്ധിയായി ദൈവം

നൽകിയിരുന്നു (1 കൊരി. 12: 8–10; 28–29). ഓരോരുത്തർക്കും അവനവനു പരിശുദ്ധാത്മ കൃപയനുസരിച്ചുള്ള നൽവരങ്ങൾ ഉണ്ടായിരുന്നു. എന്നാൽ നൽവരങ്ങൾ ലഭിച്ചവർ അഹംഭാവികളായിത്തീരുകയും സ്നേഹത്തിൽ നിന്നും വ്യതിചലിക്കുകയും ചെയ്തു. ഈ അവസരത്തിൽ വി. പൗലോസ് കൊരിന്തുസഭയെ തിരുത്തുന്നതിനു ശ്രമിക്കുന്നു. ഏതു നൽവരവും പൊതു പ്രയോജനത്തിനും സഭയുടെ ആദ്ധ്യാത്മിക വളർച്ചയ്ക്കുമായി ത്തീരണം. ഏതു നൽവരങ്ങളുടെയും അടിസ്ഥാനവും ആത്യന്തികലക്ഷ്യവും സ്നേഹമായിരിക്കണം. എല്ലാവർക്കും എല്ലാ നൽവരവും ഇല്ല; ലഭിച്ചതു ദൈവദത്തമാണു താനും. അതുകൊണ്ട് അസൂയയും ഉന്നതഭാവവും ആവശ്യം ഇല്ല, എന്നാൽ ഈ വരങ്ങളേക്കാൾ എല്ലാം ശ്രേഷ്ഠമായ ഒരു വരം ഉണ്ട് – സ്നേഹം. 'ശ്രേഷ്ഠവരങ്ങളെ വാഞ്ഛിപ്പീൻ; ഇനി അതിശ്രേഷ്ഠമായോരു മാർഗം ഞാൻ നിങ്ങൾക്കു കാണിച്ചുതരാം' എന്ന് പറഞ്ഞശേഷം വി. പൗലോസ് സ്നേഹത്തെക്കുറിച്ച്, ഒരു കാവ്യം തന്നെ ചമയ്ക്കുന്നു (1 കൊരി. 12:31).

### (ii) മുഴങ്ങുന്ന ചെമ്പും ചിലമ്പുന്ന കൈത്താളവും

സഹായം ചെയ്‌വാനുള്ള വരം, പരിപാലനവരം ഇവയെല്ലാം പ്രത്യക്ഷത്തിൽ സ്നേഹപ്രവൃത്തികൾ ആണ്. രോഗശാന്തി, വിവിധ ഭാഷകൾ, വീര്യപ്രവൃത്തികൾ ഇവയെല്ലാം ഫലത്തിൽ മനുഷ്യോപകാരപ്രദങ്ങൾ തന്നെ. എന്നാൽ ഇവയിലെല്ലാം ശ്രേഷ്ഠമാണ് സ്നേഹമെന്ന് വി. പൗലോസ് പഠിപ്പിക്കുന്നു. വി. പൗലോസ് ഇങ്ങനെ ശക്തമായിപ്പറയുന്നതിന്, കൊരിന്തുസഭയുടെ പശ്ചാത്തലത്തിൽ പ്രത്യേകിച്ചും, ഒരു കാര്യം ഉണ്ട്. പരിശുദ്ധാത്മ കൃപയിലാണ് നൽവരങ്ങൾ ലഭിക്കുന്നതെങ്കിലും അതേപ്പറ്റി സ്വയമേവ ഉന്നതഭാവം തോന്നുന്നതിന് ഇടയാവുന്നു. മനുഷ്യരുടെ പ്രശംസയും കൂടിയാവുമ്പോൾ ഉന്നതഭാവം ഇരട്ടിയായിത്തീരുന്നു. ഇത് കാപട്യത്തിലേക്കും ആത്മവഞ്ചനയിലേക്കും നയിക്കുന്നു. അതോടു ചേർന്ന് വിദ്വേഷവും വിധേയത്വമില്ലായ്മയും ഉണ്ടാവുന്നു. നൽവരം ലഭിച്ചയാൾ ദൃശ്യമായ ഫലങ്ങൾ ഉണ്ടാക്കുന്ന നൽവരം ലഭിക്കാത്തയാളേക്കാൾ ശ്രേഷ്ഠനെന്ന് സ്വയം ഗണിക്കുകയും അയാളുടെ വാക്കും തീരുമാനവും വിമർശനാതീതമെന്നു സ്വയം കരുതുകയും ചെയ്യുന്നു. സ്നേഹത്തിലും പരസ്പരധാരണയിലും ഉരുത്തിരിഞ്ഞുവരുന്ന ആലോചനയേക്കാൾ സ്വാഭിപ്രായങ്ങൾ ആത്മപ്രേരിതമെന്നും കുറ്റമറ്റതെന്നും സ്വയം ഗണിക്കുന്നു. ഇത് ദ്വേഷത്തിലേക്കും വിധേയത്വമില്ലായ്മയിലേക്കും പരസ്പരം അംഗീകരണമില്ലായ്മയിലേക്കും നയിക്കുന്നു. സഭയുടെ കെട്ടുപണിക്ക് വിഘാതം സൃഷ്ടിക്കുന്നതാണിത്. എല്ലാ പ്രവർത്തനങ്ങൾക്കും നൽവരങ്ങൾക്കും വില നൽകുന്നത് സ്നേഹമാണ്. നൽവരങ്ങളിൽ ഭ്രമിച്ചു പോകാതെ നന്മയിൽ ഉറയ്ക്കുകയും സ്നേഹത്തിൽ വളരുകയും വേണം.

സ്നേഹത്തിൽ നിന്നും അകന്ന നൽവരങ്ങൾ പുറംചട്ടയിൽ ദൃശ്യമായ ചലനങ്ങൾ സൃഷ്ടിക്കുന്ന മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളമോ മാത്രമാണ്.

### (iii) ശ്രേഷ്ഠവരം

'വിശ്വാസം, പ്രത്യാശ, സ്നേഹം ഇവ മൂന്നും നിലനിൽക്കുന്നു; ഇവയിൽ വലിയതോ സ്നേഹം തന്നെ.' വി. പൗലോസിന്റെ സ്നേഹഗീതി ഇങ്ങനെയാണവസാനിക്കുന്നത് (13:13). വരുവാനുള്ള ലോകത്തിലാണ് നമ്മുടെ പ്രത്യാശയെങ്കിൽ, ഈ ലോകത്തിൽ നമുക്ക് സ്ഥായിയായ താൽപര്യങ്ങൾ ഇല്ല. ജീവിതം സ്വാർത്ഥം ഒഴിഞ്ഞ് സ്നേഹം കൊണ്ടു നിറയും. നമ്മുടെ ആശ്രയവും വിശ്വാസവും ദൈവത്തിലെങ്കിൽ, ലോകത്തിൽ ഊന്നാനും ഉറയ്ക്കാനും നമുക്കു സാധ്യമല്ല. ദൈവമാവും നമ്മുടെ ജീവന്റെ അടിസ്ഥാനം; ദൈവസ്നേഹം നമ്മുടെ ജീവന്റെ ചൈതന്യവും.

### ഉപസംഹാരം

രാഗദ്വേഷാദികളുടെ വിരുദ്ധ പ്രവാഹങ്ങൾ നിലച്ച് ഹൃദയം ശാന്തമായി സ്നേഹം കൊണ്ടു നിറയണം; ഇത് ദൈവസാന്നിദ്ധ്യം തന്നെയാണ്. സഹോദരരേയും സമസ്ത സൃഷ്ടിയെത്തന്നെയും നിർവ്യാജസ്നേഹത്തിൽ നമ്മിൽത്തന്നെ ഉൾക്കൊള്ളുന്നതിന് കഴിയുക: ഇത് സഹോദരസ്നേഹം തന്നെയാവുന്നു. ദൈവത്തെ പൂർണ്ണഹൃദയത്തിലും പൂർണ്ണ ആത്മാവിലും പൂർണ്ണശക്തിയിലും സ്നേഹിക്കുവാനും സഹോദരരെ നമ്മിൽത്തന്നെ സംവഹിച്ചു ദൈവസന്നിധിയിൽ മദ്ധ്യസ്ഥതയർപ്പിക്കുവാനും സ്നേഹപ്രവൃത്തികളിൽ അവർക്കു വേണ്ടി ജീവിതമർപ്പിക്കുവാനും ക്രിസ്തുവിന്റെ സ്നേഹത്തിന്റെ മാതൃക നമ്മെ പഠിപ്പിക്കുന്നു. ദൈവസ്നേഹവും സഹോദരസ്നേഹവും രണ്ടു ഭിന്നവഴികളല്ല; അഖണ്ഡമായ ഒരു ചൈതന്യത്തിന്റെ രണ്ടു ഭാവങ്ങളാണ്. യഥാർത്ഥമായും ദൈവസ്നേഹം കൊണ്ടു നിറഞ്ഞവർ സഹോദരരെ സ്നേഹിക്കാതിരിക്കുന്നില്ലല്ലോ.

### ചോദ്യങ്ങൾ

1. യേശുവിന്റെ സ്നേഹത്തിന്റെ കല്പനയുടെ പുതുമ ഏതെല്ലാം കാര്യങ്ങളിൽ അടങ്ങിയിരിക്കുന്നു?
2. ദൈവം സ്നേഹം തന്നെ എന്ന് എങ്ങനെ ക്രിസ്തുവിൽക്കൂടി നാം മനസ്സിലാക്കുന്നു?
3. വി. പൗലോസിന്റെ സ്നേഹഗീതിയെപ്പറ്റി ഒരു ലഘുവിവരണം തയ്യാറാക്കുക.

## പാഠം 6

# നിങ്ങൾ എന്റെ സാക്ഷികൾ ആകും

❑ സാക്ഷ്യവും ശിഷ്യത്വവും ❑ പുനരുത്ഥാനത്തിന്റെ സാക്ഷികൾ ❑ വി. പൗലോസ് - കർത്താവിന്റെ സാക്ഷി ❑ രക്തസാക്ഷിയായ വി. സ്തേഫാനോസ് ❑ ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിനു സാക്ഷി ❑ നമുക്കു ചുറ്റും സാക്ഷികളുടെ വലിയോരു സമൂഹം ❑ സാക്ഷിമരണവും യാഗാർപ്പണവും

### സാക്ഷ്യവും ശിഷ്യത്വവും

രണ്ടാം നൂറ്റാണ്ടിലുണ്ടായതുപോലെ വ്യാപകമായ പീഡനവും സാക്ഷിമരണവും ഒന്നാം നൂറ്റാണ്ടിൽ സഭയ്ക്കു അനുഭവിക്കേണ്ടിവന്നില്ല. എന്നാൽ ക്രിസ്ത്യാനികളുടെ മുമ്പിൽ ക്രൂശിൽ യാഗമായിത്തീർന്ന ക്രിസ്തുവിന്റെ മാതൃക സജീവമായിരുന്നു. ദൈവനാമത്തെപ്രതി പീഡനവും സാക്ഷിമരണവും പ്രാപിക്കുന്നതിനെക്കുറിച്ച് കർത്താവ് തന്നെ ശിഷ്യന്മാരെ പഠിപ്പിച്ചു. നീതിമാനായ ഹാബേൽ മുതൽ പ്രവാചകനായ സഖര്യാവു വരെ അനേകം പേർ ദൈവനാമത്തെപ്രതി പീഡനവും മരണവും സഹിക്കേണ്ടിവന്നു എന്ന് കർത്താവു ശിഷ്യന്മാരെ ഓർമ്മപ്പെടുത്തുന്നു (മത്താ. 23:34–45). തന്റെ ശിഷ്യന്മാരാകുവാൻ ആഗ്രഹിക്കുന്നവൻ തന്നത്താൻ ത്യജിച്ചു തന്റെ ക്രൂശെടുത്ത് അവനെ അനുഗമിക്കണം (മർക്കോ. 8:34–38; cf. മർക്കോ. 13:9–13; യോഹ. 15:20; 16:1–3). ക്രിസ്തുവിനു വേണ്ടി എല്ലാ കഷ്ടതകളും വഹിക്കുന്നതിനുള്ള ഒരുക്കമാണ് എക്കാലത്തും ശിഷ്യത്വം കൊണ്ട് അർത്ഥമാക്കുന്നത്. 'ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല അവനുവേണ്ടി കഷ്ടം അനുഭവിപ്പാനും കൂടെ നിങ്ങൾക്കു വരം നല്കിയിരിക്കുന്നു' എന്നു വി. പൗലോസ് എഴുതുന്നു (ഫിലി. 1:29; cf; 1. തെസ്സ 2:14–15; 1 പത്രോ. 3:14). പീഡനത്തിന്റെ കാലത്തു ക്രിസ്തുവിന്റെ വിശ്വസ്തസാക്ഷികൾ ക്രിസ്തുനാമത്തെ പ്രതി സാക്ഷിമരണം സ്വീകരിച്ചു.

### പുനരുത്ഥാനത്തിന്റെ സാക്ഷികൾ

പുതിയനിയമത്തിൽ സാക്ഷികൾ എന്ന പദം മുഖ്യമായും ക്രിസ്തുവിന്റെ പുനരുത്ഥാനത്തിനു സാക്ഷികളായിത്തീർന്ന അപ്പോസ്തോലന്മാരെ ഉദ്ദേശിച്ചാണ് ഉപയോഗിച്ചിരുന്നത് (അ. പ്ര. 1:22). ക്രിസ്തുവിന്റെ പുനരുത്ഥാനം മാത്രമല്ല പീഡാനുഭവത്തിനും മരണത്തിനും അവർ സാക്ഷികളായിരുന്നു (ലൂക്കോ. 24:48–49; അ. പ്ര. 5:30). ക്രിസ്തു കഷ്ടം അനുഭവിക്കുകയും മൂന്നാം നാൾ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽക്കുകയും.... ഇതിനു നിങ്ങൾ സാക്ഷികൾ ആകും' എന്ന് വി. ലൂക്കോസ് (24:46, 48) പറയുമ്പോൾ കർത്താവിന്റെ കഷ്ടാനുഭവം പോലെ തന്നെ

വസ്തുനിഷ്ഠമായ കാര്യമായിട്ടാണ് പുനരുത്ഥാനത്തെയും കാണുന്നത്. സുവിശേഷത്തിന്റെ ഉള്ളടക്കത്തിനാണ് അപ്പോസ്തോലന്മാർ സാക്ഷികൾ ആകുന്നത്. കേട്ടുകേൾവിയോ മിഥ്യാസങ്കല്പമോ ഒന്നുമല്ല ഇതിനാധാരം. അവ ചരിത്രത്തിൽ നിശ്ചിത സ്ഥലകാലങ്ങളിൽ നടന്നവയാണ്. അപ്പോസ്തോലന്മാരെ 'സാക്ഷികൾ' എന്ന് പൊതുഅർത്ഥത്തിൽ പറയുകയല്ല. അവർ സാക്ഷികൾ ആകാൻ പ്രത്യേക യോഗ്യതയുള്ളവരാണ്. അവർ യേശുവിന്റെ ജീവിതത്തിലെ സുപ്രധാന സംഭവങ്ങൾക്കു സാക്ഷികളായിരുന്നു. അവർ അതിനുവേണ്ടി പ്രത്യേകം വിളിക്കപ്പെട്ടവരാണെന്ന് വി. ലൂക്കോസ് പറയുന്നു. ഇസ്ക്കര്യോത്താ യൂദായുടെ സ്ഥാനത്തേക്ക് ഒരാളെ തിരഞ്ഞെടുക്കുന്നതിനെക്കുറിച്ചു പറയുമ്പോൾ 'ഞങ്ങളോടു കൂടെ നടന്ന പുരുഷന്മാരിൽ ഒരുത്തൻ ഞങ്ങളോടുകൂടെ അവന്റെ പുനരുത്ഥാനത്തിനു സാക്ഷിയായിത്തീരേണം' എന്ന് വി. പത്രോസ് പറയുന്നു (അ. പ്ര. 1:22). യേശുവിന്റെ മരണത്തിനും പുനരുത്ഥാനത്തിനും ദൃക്സാക്ഷികൾ ആയതുകൊണ്ടു മാത്രമല്ല അവർ സാക്ഷികൾ ആയിത്തീർന്നത്. ആ സംഭവങ്ങളുടെ രക്ഷാകരമായ പ്രാധാന്യം വിശ്വാസത്തിൽ അവർക്ക് ഉൾക്കൊള്ളാനും കഴിഞ്ഞതുകൊണ്ടാണ് (അ. പ്ര. 10:42).

## വി. പൗലോസ് കർത്താവിന്റെ സാക്ഷി

അ. പ്ര. 22:15 ലും 26:16 ലും വി. പൗലോസിനെ സംബന്ധിച്ചും 22:20-ൽ വി. സ്തേഫാനോസിനെ സംബന്ധിച്ചും കർത്താവിന്റെ സാക്ഷികൾ എന്ന് പരാമർശിക്കപ്പെട്ടിരിക്കുന്നു. വി. പൗലോസ് കർത്താവിന്റെ പുനരുത്ഥാനത്തിനു സാക്ഷിയല്ല. അ. പ്ര. 1:22 -ൽ സാക്ഷിയായിത്തീരാനുള്ള യോഗ്യത കർത്താവിന്റെ പുനരുത്ഥാനത്തിനു സാക്ഷികളാവുക എന്നതാണ്. വി. പൗലോസിന്റെ മാനസാന്തരത്തിന്റെ സന്ദർഭം കർത്താവു തന്നെ വി. പൗലോസിനോടു പറയുന്നു: 'നീ എന്നെ കണ്ടതിന്നും ഇനി ഞാൻ നിനക്ക് പ്രത്യക്ഷനാവാനിരിക്കുന്നതിനും നിന്നെ ശുശ്രൂഷകനും സാക്ഷിയുമായി നിയമിപ്പാൻ ഞാൻ നിനക്കു പ്രത്യക്ഷനായി' (26:16). പൗലോസിനു കാഴ്ച തിരികെ ലഭിക്കുമ്പോൾ അനന്യാസ് അവനോടു പറയുന്നു: 'നീ കാണുകയും കേൾക്കുകയും ചെയ്തതിന്ന് സകല മനുഷ്യർക്കും നീ അവന്റെ സാക്ഷിയായിത്തീരും' (22:15). ക്രിസ്തുവിന്റെ പുനരുത്ഥാനത്തിനു സാക്ഷി എന്ന നിലയിലല്ല ക്രിസ്തുവിനെ കാണുകയും അവനിലുള്ള വിശ്വാസം ഏറ്റുപറകയും ചെയ്ത ആൾ എന്ന നിലയിലാണ് വി. പൗലോസ് സാക്ഷിയായിത്തീരുന്നത്.

## രക്തസാക്ഷിയായ വി. സ്തേഫാനോസ്

വി. സ്തേഫാനോസിനെ സംബന്ധിച്ചു 'നിന്റെ (യേശുവിന്റെ) സാക്ഷിയായ സ്തേഫാനോസിന്റെ രക്തം ചൊരിഞ്ഞപ്പോൾ' (അ. പ്ര. 22:20) എന്ന്

പറഞ്ഞിരിക്കുന്നു. വി. സ്തേഫാനോസ് കർത്താവിന്റെ പുനരുത്ഥാനത്തിനു സാക്ഷിയല്ല. യേശുവിന്റെ സാക്ഷിയാകുന്നതിനുള്ള നിയോഗം മറ്റ് അപ്പോസ്തോലന്മാർക്കു (വി. പൗലോസിനും) ലഭിച്ചിരുന്നു (അ. പ്ര. 1:8; 22:15; 26:16). എന്നാൽ സ്തേഫാനോസിനു അങ്ങനെ ലഭിച്ചതായി ക്കാണുന്നില്ല. സാക്ഷിമരണത്തിന്റെ സന്ദർഭത്തിൽ മാത്രമാണു സ്തേഫാനോസ് കർത്താവിനെ കാണുന്നത് ( അ. പ്ര. 7:55). ക്രിസ്തുവിലുള്ള വിശ്വാസം ഏറ്റുപറഞ്ഞ ആൾ എന്ന നിലയിലാണ് സ്തേഫാനോസിനെ സാക്ഷി എന്ന് വിളിക്കുന്നത്. അപ്പോസ്തോലന്മാർ എല്ലാവരും ഇതു പോലെ വിശ്വാസസാക്ഷികളും ആയിരുന്നു. എന്നാൽ സ്തേഫാനോസ് ക്രിസ്തുവിലുള്ള വിശ്വാസത്തെപ്രതി മരണം സ്വീകരിച്ചതുകൊണ്ട് സ്തേഫാനോസിന്റെ സാക്ഷ്യം ഗൗരവമർഹിക്കുന്നു. രക്തം ചൊരിഞ്ഞതിനെക്കുറിച്ചുള്ള പരാമർശം ഇതാണു ചൂണ്ടിക്കാണിക്കുന്നത്. 'സാക്ഷി' എന്നതിനു 'രക്തസാക്ഷി മരണം പ്രാപിച്ചവൻ' എന്ന അർത്ഥം രണ്ടാം നൂറ്റാണ്ടിലേ പ്രചാരത്തിൽ വരുന്നുള്ളു എങ്കിലും പുതിയനിയമത്തിൽ അതിന് അടിസ്ഥാനമിട്ടു കഴിഞ്ഞു എന്ന് ന്യായമായും പറയാം.

വി. പൗലോസിനെയും സ്തേഫാനോസിനെയും പുതിയനിയമം സാക്ഷികളുടെ ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതിൽ നിന്നും ഒരു കാര്യം വ്യക്തമാവുന്നു. ക്രിസ്തുവിന്റെ സാക്ഷികൾ അവന്റെ പുനരുത്ഥാനത്തിന്റെ സാക്ഷികൾ ആയിരിക്കണമെന്ന നിബന്ധന ക്രമേണ മാറ്റുകയും ക്രിസ്തുവിലുള്ള വിശ്വാസം ഏറ്റുപറയുന്നവൻ എന്ന മാനദണ്ഡം സ്വീകരിക്കുന്നതിനിടയാവുകയും ചെയ്തു. രണ്ടാം നൂറ്റാണ്ടാവുമ്പോഴേയ്ക്കും ക്രിസ്തുവിലുള്ള വിശ്വാസം ഏറ്റുപറയുക മാത്രമല്ല അതിനുവേണ്ടി മരണം വരിക്കുകയും ചെയ്യുന്നയാളാണു സാക്ഷിയായി പരിഗണിക്കപ്പെടുക.

## ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിനു സാക്ഷി

1 പത്രോ. 5:1 ൽ വി. പത്രോസ് 'ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിനു സാക്ഷിയും വെളിപ്പെടുവാനുള്ള തേജസ്സിനു കൂട്ടാളിയും' എന്ന് സ്വയം വിശേഷിപ്പിക്കുന്നു. സഭയെ ഭരിക്കുന്ന മൂപ്പന്മാർ ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിന്റെ മാതൃക സ്വീകരിക്കുന്നവരായിരിക്കണം. ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിനു സാക്ഷിയായിത്തീർന്ന ഒരാളെന്ന നിലയിൽ വി. പത്രോസ് നൽകുന്ന ഈ പ്രബോധനത്തിനു ആധികാരികതയുണ്ട്. എന്നാൽ ഇവിടെ 'ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിനു സാക്ഷി' എന്ന വാക്യം കൊണ്ട് വി. പത്രോസ് പ്രധാനമായും ഉദ്ദേശിക്കുന്നത് ക്രിസ്തുവിന്റെ കഷ്ടത തന്റെ ജീവിതത്തിൽ വഹിച്ചുകൊണ്ടു സാക്ഷ്യം നൽകുന്ന ആൾ എന്ന അർത്ഥമാണ്. ക്രിസ്തുവിന്റെ കഷ്ടതയെന്തെന്ന് കാണുക മാത്രമല്ല ജീവിതത്തിൽ വഹിക്കുന്ന സാക്ഷിയാണ് പത്രോസ്. ഈ

സാക്ഷ്യത്തിന് ശക്തിയും ആധികാരികതയും കൂടുന്നു.

## നമുക്കു ചുറ്റും സാക്ഷികളുടെ വലിയോരു സമൂഹം

എബ്രായർക്കെഴുതിയ ലേഖനം 11 -ാം അദ്ധ്യായത്തിൽ വിശ്വാസം മുറുകെപ്പിടിച്ചുകൊണ്ടു ജീവിച്ച പഴയനിയമ വിശുദ്ധന്മാരുടെ നീണ്ട പട്ടിക നൽകിയ ശേഷം 12 -ാം അദ്ധ്യായം ഇങ്ങനെ ആരംഭിക്കുന്നു: 'ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയോരു സമൂഹം നമുക്കു ചുറ്റും നിൽക്കുന്നതുകൊണ്ട് സകല ഭാരവും മുറുകെപ്പറ്റുന്ന പാപവും വിട്ട് നമുക്കു മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക'. ഓട്ടക്കളത്തിൽ ഓടാനിറങ്ങിക്കഴിഞ്ഞ ഓട്ടക്കാരാണ് ക്രിസ്ത്യാനികൾ. ഓട്ടത്തിനു വിഘാതം നിൽക്കുന്നതെല്ലാം അവർ അഴിച്ചുമാറ്റിക്കഴിഞ്ഞു. അവർക്കു ചുറ്റും ഓട്ടത്തിനു സാക്ഷ്യം വഹിക്കുന്ന ബഹുശതം കാണികൾ, അവർ വെറും പ്രേക്ഷകരല്ല ഓട്ടം തികച്ച് കിരീടം നേടി 'സാക്ഷ്യം ലഭിച്ച പൂർവ്വന്മാരാണ്' (എബ്രാ. 11:2 cf.; 11:4, 5, 39). പരിഹാസം, ചമ്മട്ടി, ചങ്ങല, തടവ്, കല്ലേറ്, വധം ഇങ്ങനെ ബഹുവിധമായ തിക്താനുഭവങ്ങളിലൂടെ കടന്നുപോയി അവർ വിശ്വാസത്താൽ സാക്ഷ്യം നേടി (എബ്രാ. 11:36–39). അവരുടെ ധൈര്യം പകരുന്ന സാന്നിധ്യം നമ്മോടൊപ്പം ഉണ്ട്. ആ സാക്ഷികളുടെ നിരയിൽ ചേരുന്നതിനാണ് നാം പോരാട്ടത്തിനിറങ്ങിയിരിക്കുന്നത്.

## സാക്ഷിമരണവും യാഗാർപ്പണവും

സാക്ഷിമരണം അടുത്തുവെന്ന് ബോദ്ധ്യമായ വി. പൗലോസ് തിമോഥെയോസിന് എഴുതുന്നു: 'ഞാനോ ഇപ്പോൾ പാനീയ യാഗമായി ഒഴിക്കപ്പെടുന്നു; എന്റെ നിര്യാണകാലവും അടുത്തിരിക്കുന്നു' (2 തിമോ. 4:6). ഇവിടെ വി. പൗലോസ് സാക്ഷിമരണത്തിന് യാഗാർപ്പണത്തോടു ബന്ധപ്പെട്ട പദങ്ങളാണ് ഉപയോഗിക്കുന്നത്. സാക്ഷിമരണം പ്രാപിക്കുന്നതിന് തയ്യാറായി നിൽക്കുന്ന വി. പോളിക്കർപ്പോസിന്റെ പ്രാർത്ഥനയുടെ ഒരു ഭാഗം ഈ ആശയം കുറെക്കൂടെ സ്പഷ്ടമാക്കുന്നു: 'ശരീരാത്മാക്കളുടെ നിത്യജീവന്റെ പുനരുത്ഥാനത്തിലേക്കു നയിക്കുന്ന ക്രിസ്തുവിന്റെ പാനപാത്രത്തിലും പരിശുദ്ധാത്മാവു നൽകുന്ന അക്ഷയതയിലും പങ്കാളിയാവാൻ നീ എനിക്കു കൃപ ചെയ്തതിനാൽ നാഥാ ഞാൻ നിന്നെ സ്തുതിക്കുന്നു. ഇന്നേ ദിവസം അവരുടെ (നിന്റെ മാലാഖമാരുടെയും പരിശുദ്ധന്മാരുടെയും) ഗണത്തിലും നിന്റെ സന്നിധിയിലും ധന്യവും സ്വീകാര്യവുമായ യാഗമായി ഞാനും സ്വീകരിക്കപ്പെടുമാറാകേണമേ.'

സാക്ഷിമരണം ഒരു യാഗാർപ്പണമാണ് (കാഴ്ചയർപ്പണമാണ് – കുർബാനയാണ്). അത് യേശുക്രിസ്തുവിന്റെ ക്രൂശിലെ യാഗത്തിലുള്ള പങ്കാളിത്തവും പുനരുത്ഥാനത്തിന്റെ ജീവനിലേക്കും തേജസ്സിലേക്കുമുള്ള പ്രവേശനവുമാണ്.

സാക്ഷിമരണത്തിന്റെ പ്രസക്തി പീഡനത്തിന്റെ കാലത്താണ്. എന്നാൽ സ്വതന്ത്രമായ സാഹചര്യങ്ങളിൽ സാക്ഷിജീവിതത്തിനാണ് പ്രസക്തി. ക്രിസ്തുവിലുള്ള വിശ്വാസം മുറുകെപ്പിടിക്കുമ്പോൾ ലോകത്തിന്റെ മൂല്യങ്ങളെ ചെറുത്തുനിൽക്കേണ്ടി വരുന്നു: ശക്തമായ പ്രലോഭനങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്നു. ഇവിടെയാണ് ക്രിസ്തീയ സാക്ഷ്യത്തിനു വലിയ വില കൊടുക്കേണ്ടി വരുന്നുവെന്ന് നമുക്ക് ബോദ്ധ്യപ്പെടുക. ശരീരാത്മ മനസ്സുകളെ ദൈവത്തിന് പ്രസാദമുള്ള യാഗമായർപ്പിച്ച് ക്രിസ്തുവിന്റെ മരണത്തിൽ പങ്കാളികളായി പുനരുത്ഥാനത്തിന്റെ പ്രത്യാശയും സന്തോഷവും തേജസ്സും ധരിച്ച് അവന്റെ സാക്ഷികളായി ലോകത്തിൽ നിലകൊള്ളുവാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നതും അയയ്ക്കപ്പെട്ടിരിക്കുന്നതും.

### ചോദ്യങ്ങൾ

1. ക്രിസ്തുവിന്റെ സാക്ഷികളായി തിരഞ്ഞെടുക്കപ്പെടുന്നതിന് അപ്പോസ്തോലന്മാരുടെ യോഗ്യതകൾ എന്തായിരുന്നു?
2. വി. പൗലോസും വി. സ്തേഫാനോസും സാക്ഷികളായിത്തീർന്നതെങ്ങനെ?
3. സാക്ഷിമരണവും സാക്ഷിജീവിതവും ഒരു യാഗാർപ്പണമാണെന്ന് സമർത്ഥിക്കുക.

# യൂണിറ്റ് 4

# തേജസ്സിൽ നിന്ന് തേജസ്സിലേക്ക്

## പാഠം 1

## ഇതാ, ഞാൻ സകലവും പുതുതാക്കുന്നു

❑ പുതിയ യുഗവും പുതിയ സൃഷ്ടിയും ❑ പുതിയ സൃഷ്ടിയെക്കുറിച്ചുള്ള പ്രതീക്ഷ ❑ പുതിയ സൃഷ്ടി - യഹൂദ പാരമ്പര്യത്തിൽ ❑ ക്രിസ്തുവിൽ പുതിയ സൃഷ്ടി ❑ പ്രപഞ്ചത്തിന്റെ പുനഃസൃഷ്ടിയും തേജസ്കരണവും ❑ പുനരുത്ഥാനവും പുനഃസൃഷ്ടിയും ❑ പുതിയ ആകാശവും പുതിയ ഭൂമിയും

### പുതിയ യുഗവും പുതിയ സൃഷ്ടിയും

ദൈവത്തിന്റെ രക്ഷാപദ്ധതിയിൽ രണ്ടു ഘട്ടങ്ങൾ ഉണ്ട്. ഒന്ന്, ക്രിസ്തുവിൽ അവസാനിക്കുന്നതും മറ്റേത് ക്രിസ്തുവിൽ ആരംഭിക്കുന്നതും. ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ പഴയ യുഗം ക്രിസ്തുവിൽ അവസാനിക്കുകയും പുതിയ യുഗം ആരംഭിക്കുകയും ചെയ്തിരിക്കുന്നു. ക്രിസ്തുവിൽ സമാരംഭിച്ചിരിക്കുന്ന പുതിയ യുഗം നൽകുന്നതാണ് പുതിയ സൃഷ്ടി. ഈ പുതിയ യുഗത്തെ 'യുഗാന്തം' (Eschaton The Last) എന്നാണ് പുതിയനിയമത്തിൽ പറഞ്ഞിരിക്കുന്നത് (മലയാള വേദപുസ്തകത്തിൽ അന്ത്യകാലം എന്നു വിവർത്തനം ചെയ്തിരിക്കുന്നു). ഈ പുതിയ യുഗത്തിന്റെ പ്രോക്താവാണ് ക്രിസ്തു. ക്രിസ്തുവിന്റെ പുനരുത്ഥാനമാണ് പുതിയ യുഗത്തിന്റെ നിർണായക സംഭവം. ക്രിസ്തുവിലൂടെ മനുഷ്യവർഗം പുനരുത്ഥാനത്തിന്റെ പുതിയ അനുഭവത്തിലേക്കു വിളിക്കപ്പെടുന്നു. ഇങ്ങനെ പുനരുത്ഥിതമാകുന്ന പുതിയ മനുഷ്യവർഗത്തിന്റെ പ്രാരംഭകനും ആദ്യഫലവുമാണ് ക്രിസ്തു. ക്രിസ്തുവിലൂടെ നടക്കുന്ന പുനരുത്ഥാനത്തിന്റെയും തേജസ്കരണത്തിന്റെയും പുനഃസൃഷ്ടിയിൽ മനുഷ്യൻ മാത്രമല്ല, സമസ്ത സൃഷ്ടിജാലവും പങ്കുചേരുന്നു.

### പുതിയ സൃഷ്ടിയെക്കുറിച്ചുള്ള പ്രതീക്ഷ

പഴയനിയമത്തിലും യഹൂദ റബിമാരുടെ ചിന്തയിലും യുഗാന്തം, യഹോവയുടെ അഭിഷിക്തന്റെ ആഗമനം എന്നിവയോടനുബന്ധിച്ചു പുതിയ സൃഷ്ടിയെക്കുറിച്ചുള്ള പ്രതീക്ഷയും കാണാം. പ്രപഞ്ചത്തിന്റെ വീണ്ടെടുപ്പിനെക്കുറിച്ചു ചിന്തിക്കുന്നതിന് യഹൂദന്മാരെ പ്രേരിപ്പിച്ചത് പാപത്തിന്റെ

ഉൽഭവം, ഫലങ്ങൾ എന്നിവയെക്കുറിച്ചുള്ള അവരുടെ ധാരണയാണ്. പാപത്തിന്റെ ഫലമായി ജീർണതയും മരണവും ലോകത്തിലേക്കു കടന്നു. ഇത് മനുഷ്യനെ മാത്രമല്ല, ജന്തുലോകത്തെയും പ്രപഞ്ചം മുഴുവനെയും ബാധിച്ചു. പ്രപഞ്ചത്തിൽ ഇന്നു കാണുന്ന ശൈഥില്യവും താളപ്പിഴയും വിരുദ്ധതയും മത്സരവും എല്ലാം പാപത്തിന്റെ ഫലങ്ങളാണ്. ഉല്പത്തി പുസ്തകത്തിൽത്തന്നെ ആദാമിന്റെ വീഴ്ച പ്രപഞ്ചത്തെ എങ്ങനെ ബാധിച്ചു എന്ന് സൂചിപ്പിക്കുന്നുണ്ട്. 'നിന്റെ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു; നിന്റെ ആയുഷ്ക്കാലമൊക്കെയും നീ കഷ്ടതയോടെ അതിൽ നിന്ന് അഹോവൃത്തി കഴിക്കും' എന്ന് വീഴ്ചയിലായ ആദാമിനോട് യഹോവ കല്പിക്കുന്നു (3:17). നല്ല ഫലങ്ങൾ പുറപ്പെടുവിക്കുന്ന സസ്യങ്ങൾക്കു പകരം മുള്ളും പറക്കാരയും മുളയ്ക്കുന്ന ഭൂമിയിൽ നിരന്തരം അദ്ധ്വാനിച്ചു മാത്രമേ മനുഷ്യനു അഹോവൃത്തിക്കു വകയുണ്ടാവൂ എന്നും യഹോവ കല്പിച്ചു (3:18, 19).

മശിഹായുടെ ആഗമനത്തോടെ ചരിത്രം ഒരു പുതിയ ഘട്ടത്തിലേക്ക് പ്രവേശിക്കുമെന്ന് പ്രവചനഗ്രന്ഥങ്ങളിൽ കാണുന്നു. പാപശാപങ്ങളിൽ നിന്ന് മനുഷ്യനും പ്രപഞ്ചവും വീണ്ടെടുക്കപ്പെടും. ജന്തുക്കൾ തമ്മിലുള്ള ക്രൗര്യവും വിരുദ്ധതയും മനുഷ്യന്റെ വീഴ്ചയുടെ ഫലമാണെന്നും ജന്തുക്കൾ അന്യോന്യമുള്ള ഐക്യവും സ്നേഹവും വീണ്ടെടുപ്പിന്റെ ഫലങ്ങളിൽ ഒന്നാണെന്നും യഹൂദന്മാർ വിശ്വസിച്ചു. ഇതേ സംബന്ധിച്ച് യശയ്യാവിന്റെ പ്രവചനം ശ്രദ്ധിക്കുക: 'ചെന്നായ് കുഞ്ഞാടിനോടു കൂടെ പാർക്കും; പുള്ളിപ്പുലി കോലാട്ടു കുട്ടിയോടു കൂടെ കിടക്കും....' (യശയ്യാ 11:6-9). യുഗാന്തത്തെ സംബന്ധിച്ച പ്രവചനങ്ങളിൽ പുതിയ സൃഷ്ടിയെ സംബന്ധിച്ച ദർശനം ബാബേൽ പ്രവാസ കാലത്തും പ്രവാസാനന്തരവും എഴുതപ്പെട്ട പ്രവചനങ്ങളിലാണ് കൂടുതലായി കാണുന്നത്. ഉദാഹരണമായി, യശയ്യാവ് (രണ്ടാമൻ) പ്രവചിക്കുന്നു: ".... ഞാൻ പാഴ്മലകളിൽ നദികളേയും താഴ്വരകളുടെ നടുവിൽ ഉറവുകളെയും തുറക്കും; മരുഭൂമിയെ ഞാൻ നീർ പൊയ്കയും വരണ്ട നിലത്തെ നീരുറവുകളും ആക്കും....' (യശ. 41:17-20 cf 43:18-21). പ്രവാസാനന്തര കാലത്ത് യശയ്യാവ് മൂന്നാമൻ പ്രവചിക്കുന്നത് ശ്രദ്ധിക്കുക, 'ഇതാ, ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നു' (66:22).

## പുതിയ സൃഷ്ടി - യഹൂദ പാരമ്പര്യത്തിൽ

മനുഷ്യന്റെയും പ്രപഞ്ചത്തിന്റെയും വീഴ്ചയെയും വീണ്ടെടുപ്പിനെയും കുറിച്ചു ക്രിസ്തുവിന്റെ കാലത്തെ യഹൂദന്മാർ ധാരാളം ചിന്തിച്ചിരുന്നു. വീഴ്ചയുടെ ഫലമായി സൃഷ്ടിക്ക് ആറു കാര്യങ്ങൾ നഷ്ടപ്പെട്ടു എന്ന് അവർ പഠിപ്പിച്ചു. മൂന്നെണ്ണം മനുഷ്യനും മൂന്നെണ്ണം പ്രപഞ്ചത്തിനും വന്ന

നഷ്ടങ്ങൾ ആണ്. (1) ഭൂമിയ്ക്കു ഫലപുഷ്ടി നഷ്ടപ്പെട്ടു; (2) സസ്യവൃക്ഷാദികളുടെ ഫലസമ്പന്നത നഷ്ടപ്പെട്ടു; (3) അന്തരീക്ഷത്തിന്റെ തെളിമ നഷ്ടപ്പെട്ടു; (4) മനുഷ്യന്റെ തേജോരൂപം, (5) നിത്യജീവൻ, (6) ശരീര വലുപ്പം എന്നിവയും നഷ്ടമായി. വീഴ്ചയെക്കുറിച്ചുള്ള ഈ ധാരണയുടെ പശ്ചാത്തലത്തിലാണു വീണ്ടെടുപ്പിനെക്കുറിച്ചു യഹൂദന്മാർ ചിന്തിക്കുന്നത്. വീഴ്ചയുടെ ദുഷ്ഫലങ്ങൾ ഇല്ലാതാക്കി പ്രപഞ്ചത്തെയും മനുഷ്യനെയും അതിന്റെ തേജോപൂർണമായ പ്രാഗ്‌രൂപത്തിലേക്കു തിരികെക്കൊണ്ടു വരികയാണു വീണ്ടെടുപ്പിന്റെ ലക്ഷ്യം.

യഹൂദ രാഷ്ട്രം സ്ഥാപിതമായി ഐശ്വര്യവും സമാധാനവും കൈവരുക എന്നതായിരുന്നു യഹോവയുടെ അഭിഷിക്തന്റെ പ്രവർത്തനത്തെക്കുറിച്ച് ആദ്യകാലങ്ങളിൽ യഹൂദർക്കുണ്ടായിരുന്ന പ്രത്യാശ. എന്നാൽ ക്രിസ്തുവിന്റെ കാലമാകുമ്പോഴേയ്ക്കും, സകല മനുഷ്യവർഗവും പ്രപഞ്ചവും വീണ്ടെടുപ്പിന്റെ ഫലമായി രൂപാന്തരപ്പെടും എന്നു യഹൂദർ വിശ്വസിച്ചു. മശിഹാ ഈ പ്രപഞ്ചത്തിന്റെയും നാഥനാണ്. മശിഹായിലൂടെ പൂർത്തീകരിക്കപ്പെടുന്ന രക്ഷാപ്രവർത്തനം സൃഷ്ടിയുടെ ആരംഭത്തിൽ പ്രപഞ്ചത്തിൽ നിലനിന്നിരുന്ന ഐക്യവും സന്തുലനവും സമാധാനവും വീണ്ടെടുത്തു പുതിയ സൃഷ്ടിയാക്കി രൂപാന്തരപ്പെടുത്തും.

ഈ യഹൂദമത പശ്ചാത്തലത്തിലാണ്, ക്രിസ്തുവിലുള്ള വീണ്ടെടുപ്പും രക്ഷയും സൃഷ്ടി മുഴുവനെയും നവീകരിക്കുന്ന പുനഃസൃഷ്ടി കർമ്മമായി വി. പൗലോസും മറ്റ് പുതിയനിയമ ഗ്രന്ഥകാരന്മാരും വ്യാഖ്യാനിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത്. പഴയനിയമത്തിലും യഹൂദ റബ്ബിമാരുടെ ചിന്തയിലും വീണ്ടെടുപ്പിന്റെ ലക്ഷ്യം സൃഷ്ടിയുടെ പ്രാരംഭത്തിലുണ്ടായിരുന്ന തേജസ്സിലേക്കുള്ള തിരിച്ചുവരവാണ്. ക്രിസ്തീയ ചിന്തയിലും ഇതു കാണുന്നുണ്ടെങ്കിലും, ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ തേജസ്സിൽ പങ്കുചേരുക എന്ന ആശയം പുതിയനിയമത്തിൽ രക്ഷയ്ക്കു പുതിയൊരു മാനം നൽകുന്നു.

## ക്രിസ്തുവിൽ പുതിയ സൃഷ്ടി

പുതിയനിയമ ഗ്രന്ഥകാരന്മാരിൽ ലൂക്കോസും, പൗലോസും, യോഹന്നാനും ആണു പ്രധാനമായും ക്രിസ്തുവിനെ പുതിയ സൃഷ്ടിയുടെ പ്രോദ്ഘാടകനായി ചിത്രീകരിക്കുന്നത്. അതുകൊണ്ട്, അവർ യേശുവിന്റെ മനുഷ്യാവതാരത്തെയും പ്രവർത്തനത്തെയും കുറിച്ചു ചിന്തിക്കുമ്പോൾ അറിഞ്ഞും അറിയാതെയും ആദ്യസൃഷ്ടിയുടെ സൂചനകൾ കടന്നുവരുന്നു. ഉദാഹരണമായി, ലൂക്കോ. 1:35 -ൽ യേശു മറിയാമിന്റെ ഉദരത്തിൽ ഉൽഭവിക്കുന്നതിനെപ്പറ്റിയുള്ള ദൂതവാക്യത്തിൽ ഉല്പത്തി 1:2 -ന്റെ സൂചന വ്യക്തമായിക്കാണാം. ആത്മാവിന്റെ പരിവൃത്തി ആദ്യ

സൃഷ്ടിയിലുണ്ടായിരുന്നതു പോലെ പുതിയ സൃഷ്ടിയുടെ ആരംഭവും ആരംഭകനുമായ ക്രിസ്തുവിന്റെ ഉൽഭവത്തിലും ഉണ്ട്. ആദ്യ സൃഷ്ടി യിൽ ആദ്യം കാണുന്നതു പ്രകാശത്തിന്റെ ആവിർഭാവമാണ്. ക്രിസ്തു വിന്റെ ജനനം പ്രകാശത്തിന്റെ ആവിർഭാവമായി വി. ലൂക്കോസ് കാണുന്നു, 'ഇരുളിലും മരണനിഴലിലും ഇരിക്കുന്നവർക്ക് പ്രകാശിച്ചു.... ഉയരത്തിൽ നിന്നും ഉദയം നമ്മെ സന്ദർശിച്ചിരിക്കുന്നു' (1:78, 79). യോഹ. 1:1–18 ൽ യേശുവിന്റെ ആഗമനം വിവരിക്കുമ്പോൾ ജീവൻ, വെളിച്ചം എന്നീ പദ ങ്ങൾ ആവർത്തിച്ചുപയോഗിച്ചിരിക്കുന്നതു കാണാം. ഈ വേദഭാഗം ഉല്പ. 1:1–3 ന്റെ സൂചനകൾ കൊണ്ടു നിറഞ്ഞിരിക്കുന്നുവെന്നു വളരെ വ്യക്ത മാണ്.

വി. പൗലോസ് ക്രിസ്തുവിലുടെ രൂപപ്പെടുന്ന പുതിയ സൃഷ്ടിയെ സംബന്ധിച്ചു പരാമർശിക്കുന്നുണ്ട്. 'യേശുക്രിസ്തുവിൽ സൃഷ്ടിക്കപ്പെ ട്ടവർ' (എഫേ. 2:10) ഒരു 'പുതിയ സൃഷ്ടി' (2 കൊരി. 5:17; ഗലാ. 6:15) ആകുന്നു. 'പഴയതു' കഴിഞ്ഞുപോയി, ഇതാ, അതു പുതുതായിത്തീർന്നി രിക്കുന്നു (2കൊരി. 5:17). ക്രിസ്തുവിനോടു ചേർന്നവർ ഒരു പുതിയ സൃഷ്ടിയായി 'ജീവന്റെ പുതുക്കത്തിൽ നടക്കും' എന്നും വി. പൗലോസ് പറഞ്ഞിരിക്കുന്നു (റോമ. 6:4).

## പ്രപഞ്ചത്തിന്റെ പുനഃസൃഷ്ടിയും തേജസ്ക്കരണവും

പഴയനിയമത്തിലും യഹൂദ പാരമ്പര്യത്തിലുമുള്ള രക്ഷയെ സംബ ന്ധിച്ച പ്രപഞ്ച വീക്ഷണം നാം കാണുകയുണ്ടായി. ഇതു പുതിയനിയമ ത്തിലും, പ്രത്യേകിച്ച്, വി. പൗലോസിന്റെ ചിന്തയിലും കാണുന്നുണ്ട്. എന്നാൽ ഒരു കാര്യത്തിൽ പുതിയനിയമം വ്യത്യസ്തത പുലർത്തുന്നു. പ്രപഞ്ചത്തിന്റെ നവീകരണം ക്രിസ്തുവിന്റെ പുനരുത്ഥാനത്തെയും ദൈവ മക്കളുടെ തേജസ്ക്കരണത്തെയും അടിസ്ഥാനമാക്കിയിരിക്കുന്നു. മനു ഷ്യന്റെ വീഴ്ചയാണു പ്രപഞ്ചത്തിന്റെ വീഴ്ചയ്ക്കു ഹേതു (ഉല്പ. 3:17). അക്കാരണത്താൽതന്നെ പ്രപഞ്ചത്തിന്റെ വിമോചനം മനുഷ്യന്റെ വീണ്ടെ ടുപ്പിനെ ആശ്രയിച്ചിരിക്കുന്നു. പാപത്തിന്റെയും ജീർണതയുടേയും മര ണത്തിന്റെയും അടിമത്തത്തിൽ നിന്നും ദൈവമക്കൾ സ്വതന്ത്രരാവണം. ദ്രവത്വത്തിന്റെ ദാസ്യത്തിൽ നിന്നുള്ള സ്വാതന്ത്ര്യവും തേജസ്സും സൃഷ്ടിക്കു ലഭിക്കുന്നതു ദൈവമക്കൾ സ്വാതന്ത്ര്യവും തേജസ്സും പ്രാപി ക്കുമ്പോഴാകുന്നു. ഇതേ സംബന്ധിച്ചു വി. പൗലോസിന്റെ പ്രസിദ്ധമായ വാക്കുകൾ ശ്രദ്ധിക്കുക: 'സൃഷ്ടി ദൈവപുത്രന്മാരുടെ വെളിപ്പാടിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു. സൃഷ്ടി ദ്രവത്വത്തിന്റെ ദാസ്യത്തിൽ നിന്നു വിടുതലും ദൈവമക്കളുടെ തേജസ്സാകുന്ന സ്വാതന്ത്ര്യവും പ്രാപിക്കണം എന്നുള്ള ആശയോടെ മായയ്ക്കു കീഴ്പ്പെട്ടിരിക്കുന്നു' (റോമ. 8:19–20).

## പുനരുത്ഥാനവും പുനഃസൃഷ്ടിയും

യേശുക്രിസ്തുവിന്റെ പുനരുത്ഥാനമാണു മനുഷ്യന്റെയും പ്രപഞ്ചത്തിന്റെ സ്വാതന്ത്ര്യത്തിനും തേജസ്സിനും അടിസ്ഥാനം. ക്രിസ്തു മരിച്ചവരുടെ ഇടയിൽനിന്നു പുനരുത്ഥാനം ചെയ്തു ദ്രവിച്ചുപോകുന്ന ശരീരത്തെ പുനരുദ്ധരിച്ചു. മനുഷ്യൻ യേശുക്രിസ്തുവിൽ പുനരുത്ഥാനത്തിന്റെ തേജസ്സു പ്രാപിക്കുന്നു. മനുഷ്യശരീരത്തിന്റെ തേജസ്ക്കരണം സൃഷ്ടിയുടെ ദ്രവത്വത്തിൽ നിന്നുള്ള വിമോചനത്തിന്റെ നാന്ദിയാണ്, കാരണം മനുഷ്യശരീരം പ്രപഞ്ചത്തെ മുഴുവനും പ്രതിനിധാനം ചെയ്യുന്നു. ശരീരത്തിന്റെ തേജസ്ക്കരണം സൃഷ്ടി മുഴുവന്റെയും തേജസ്ക്കരണത്തിലേക്കു വിരൽ ചൂണ്ടുന്നു.

യേശുക്രിസ്തുവിലൂടെ ദൈവം ലോകത്തിനു നൽകുന്ന രക്ഷ മനുഷ്യനു മാത്രമല്ല, സൃഷ്ടി മുഴുവനും വേണ്ടിയുള്ളതാണ്. രക്ഷയെ സംബന്ധിച്ച ഈ സമഗ്രദർശനം ക്രിസ്തീയ വിശ്വാസത്തിന്റെ സുപ്രധാനമാണ്.

## പുതിയ ആകാശവും പുതിയ ഭൂമിയും

മനുഷ്യവർഗത്തിന്റെയും പ്രപഞ്ചത്തിന്റെയും പുനഃസൃഷ്ടി യേശുക്രിസ്തുവിൽ ആരംഭിച്ചുകഴിഞ്ഞു. എന്നാൽ അതിന്റെ പരിപൂർത്തി അവന്റെ രണ്ടാമത്തെ വരവിൽ നാം പ്രതീക്ഷിക്കുന്നു. സൃഷ്ടി സമ്പൂർണമായി നവീകരിക്കപ്പെടും, ഒരു പുനഃസൃഷ്ടി നടക്കും. യുഗാന്തത്തിന്റെ അന്ത്യത്തിൽ സംഭവിക്കാനിരിക്കുന്ന ഈ സംഗതികളുടെ ഒരു മുൻദർശനം ദൈവം വിശുദ്ധ യോഹന്നാനു നൽകുന്നു. 'വെളിച്ചം ഉണ്ടാകട്ടെ' എന്നായിരുന്നു ആദ്യ സൃഷ്ടിവചനമെങ്കിൽ 'ഇതാ, ഞാൻ സകലവും പുതുതാക്കുന്നു' എന്നാണു കർത്താവിന്റെ പുനഃസൃഷ്ടി വചനം. പഴയ സൃഷ്ടി അഴിവും ജീർണതയും നാശവുമുള്ളതെങ്കിൽ പുതിയ സൃഷ്ടി സ്ഥിരവും നിത്യവും അക്ഷയവുമാണ്. പുതിയ ആകാശം, പുതിയ ഭൂമി, പുതിയ യെറുശലേം, പുതു വസ്ത്രമണിഞ്ഞ മണവാട്ടി (വെളി. 1:1–2 cf; 19:7–8) ഇവയെല്ലാം ക്രിസ്തുവിൽ സ്ഥാപിതമാവുന്ന പുതിയ സൃഷ്ടിയുടെ ദൃശ്യം വാക്കുകളിലൂടെ വിവരിക്കാനുള്ള ശ്രമമാണ്.

പാപത്തിന്റെ വിനാശഫലമാണു രോഗവും മരണവും. അവയിൽ നിന്നുളവാകുന്ന ദുഃഖവും കഷ്ടതയും കണ്ണുനീരും ക്രിസ്തു പാപത്തിൽ നിന്നും കഷ്ടതയിൽ നിന്നും മരണത്തിൽ നിന്നും ലോകത്തെ വിമോചിച്ച് പുതുജീവൻ നൽകി ദൈവസാന്നിദ്ധ്യവും ദൈവതേജസ്സും കൊണ്ടു നിറഞ്ഞ പുതിയ ആകാശവും പുതിയ ഭൂമിയുമായി അതിനെ രൂപാന്തരപ്പെടുത്തും.

### ചോദ്യങ്ങൾ

1. 'പുതിയ യുഗവും പുതിയ സൃഷ്ടിയും' ഒരു ലഘുവിവരണം നൽകുക.
2. ക്രിസ്തുവിൽ പുതിയ സൃഷ്ടി എങ്ങനെ രൂപപ്പെടുന്നുവെന്ന് വിശദീകരിക്കുക?
3. 'പ്രപഞ്ചത്തിന്റെ പുനഃസൃഷ്ടി.' എന്താണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്?

## പാഠം 2

# നിങ്ങൾ പുതിയ മനുഷ്യനെ ധരിച്ചു കൊൾവീൻ

❑ ആദ്യമനുഷ്യൻ ❑ പുതിയ മനുഷ്യൻ (i) മനുഷ്യപുത്രൻ (ii) പിശാചിനെ ജയിക്കുന്നു (iii) പുതിയ മനുഷ്യനിലൂടെ ജീവനും പുനരുത്ഥാനവും ❑ ഒരേ പുതു മനുഷ്യനായി സൃഷ്ടിക്കപ്പെടുന്നു ❑ പുതു മനുഷ്യനെ ധരിച്ചുകൊൾവീൻ

### ആദ്യ മനുഷ്യൻ

ക്രിസ്തുവിന്റെ ജനനത്തിന് തൊട്ടുമുമ്പുള്ള നൂറ്റാണ്ടുകളിൽ, കഴിഞ്ഞ പാഠത്തിൽ നാം കണ്ടതുപോലെ, ആദ്യമനുഷ്യനായ ആദാമിനെപ്പറ്റിയും വീഴ്ചക്കു മുമ്പും പിമ്പുമുള്ള അവന്റെ അവസ്ഥയെപ്പറ്റിയും യഹൂദന്മാർ വളരെയധികം ചിന്തിച്ചിരിക്കുന്നു. അവരുടെ ചിന്തകളിൽ പ്രതിഫലിച്ചിട്ടുള്ള ചില ആശയങ്ങൾ ഇവിടെ ചേർക്കുന്നു. വീഴ്ചയ്ക്കു മുമ്പ് ആദാമിന് ഇന്നത്തെ സാധാരണ മനുഷ്യന്റെ രൂപമല്ല ഉണ്ടായിരുന്നത്. അവന്റെ ആകാരം ഭൂമിതലം നിറഞ്ഞുനിന്നിരുന്നു. ദൈവതേജസ്സ് ആദാമിനുണ്ടായിരുന്നു. അവാച്യമായ പ്രഭ കൊണ്ട് മുഖം ശോഭിച്ചിരുന്നു. ആദാം ഉൾക്കൊണ്ടിരുന്ന പ്രകാശം കൊണ്ട് ലോകം മുഴുവനും കാണാൻ ആദാമിനു കഴിഞ്ഞിരുന്നു. അമർത്ത്യനായിരുന്നു ആദാം. മാലാഖമാരെ അതിശയിക്കുന്ന ബുദ്ധിവൈഭവം ആദാമിനുണ്ടായിരുന്നു. മാലാഖമാർ അവനെ ആദരിച്ചിരുന്നു. ഇങ്ങനെ, എല്ലാവിധത്തിലും തേജോപൂർണനായിരുന്ന ആദാമിന്റെ വീഴ്ച അത്രതന്നെ വിനാശകരവുമായിരുന്നു. വീഴ്ചയുടെ ഫലമായി ആദാമിനു മൂന്നു കാര്യങ്ങൾ നഷ്ടപ്പെട്ടതായി കഴിഞ്ഞ

പാഠത്തിൽ നാം കണ്ടു: (1) തേജോരൂപം (2) നിത്യജീവൻ (3) ശരീരവലിപ്പം. വീഴ്ചയ്ക്കു മുമ്പുള്ള ആദാമിൽ നിന്ന് എല്ലാ വിധത്തിലും വളരെ വ്യത്യസ്തനായിരുന്നു വീഴ്ചയ്ക്കുശേഷമുള്ള ആദാം. യുഗാന്തത്തിൽ ദൈവം മനുഷ്യനെ വീണ്ടെടുക്കുമ്പോൾ തേജോപൂർണമായ ആദ്യരൂപം അവനു തിരികെ ലഭിക്കുമെന്നും അങ്ങനെ ഒരു പുതിയ മനുഷ്യനായി രൂപാന്തരപ്പെടുമെന്നും യഹൂദന്മാർ വിശ്വസിച്ചു. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് പുതിയനിയമം പുതിയ മനുഷ്യനെക്കുറിച്ച് ചിന്തിക്കുന്നത്.

## പുതിയ മനുഷ്യൻ

യേശുക്രിസ്തുവിൽ രക്ഷയുടെ പുതുയുഗം സമാരംഭിച്ചിരിക്കുന്നുവെന്നും യേശുക്രിസ്തുവിലൂടെ ഒരു പുതിയ സൃഷ്ടികർമ്മവും – ഒരു പുതിയ മനുഷ്യസൃഷ്ടിയും – ആരംഭിച്ചിരിക്കുന്നുവെന്നും കഴിഞ്ഞ പാഠത്തിൽ സൂചിപ്പിച്ചു. ആദ്യസൃഷ്ടിയുടെ ആരംഭത്തിൽ ആദാം (ആദാം എന്ന പദത്തിന് 'മനുഷ്യൻ' എന്നാണ് സാധാരണ അർത്ഥം) നിൽക്കുന്നുവെങ്കിൽ പുതിയ സൃഷ്ടിയുടെ ആരംഭത്തിൽ ക്രിസ്തു നിൽക്കുന്നു. ആദാം പഴയ മനുഷ്യനെങ്കിൽ ക്രിസ്തു പുതിയ മനുഷ്യനാണ്. ആദാമിലൂടെ പഴയ മനുഷ്യവർഗം ഉദ്ഭവിച്ചുവെങ്കിൽ ക്രിസ്തുവിലൂടെ പുതിയ മനുഷ്യവർഗം രൂപപ്പെട്ടുവരുന്നു. ആദാമും ക്രിസ്തുവും തമ്മിൽ ഇത്തരത്തിലുള്ള ഒരു താരതമ്യ വിചിന്തനം പുതിയനിയമത്തിൽ ഒളിഞ്ഞും തെളിഞ്ഞും കാണാൻ കഴിയും.

### (i) മനുഷ്യപുത്രൻ

സുവിശേഷങ്ങളിൽ യേശുക്രിസ്തു സ്വയം 'മനുഷ്യപുത്രൻ' എന്നു വിളിക്കുന്നു. ഭാഷാപരമായി 'മനുഷ്യപുത്രൻ' എന്നാൽ 'മനുഷ്യൻ' എന്നു മാത്രമാണർത്ഥം. മനുഷ്യപുത്രൻ എന്ന പദം കൊണ്ട് സുവിശേഷങ്ങളിൽ എന്തർത്ഥമാക്കുന്നുവെന്ന് പലതരത്തിലുള്ള വ്യാഖ്യാനങ്ങൾ നിലവിലുണ്ട്. അവയെപ്പറ്റി മുമ്പുള്ള പാഠപുസ്തകത്തിൽ പ്രതിപാദിച്ചിട്ടുള്ളതാണ്. 'മനുഷ്യപുത്രൻ' എന്ന പേരിനോടു ചേർന്നു പുതിയ ആദാമിനെ (മനുഷ്യനെ) സംബന്ധിച്ച ചിന്ത അന്തർലീനമായിരിക്കുന്നു. യഹൂദ മതഗ്രന്ഥങ്ങളിൽ ആദാമിനെ 'മനുഷ്യപുത്രൻ' എന്നും വിളിച്ചിരിക്കുന്നു. ആദ്യ ആദാമിനു നഷ്ടപ്പെട്ട തേജസ്സ് പുതിയ ആദാമിൽ വീണ്ടെടുക്കപ്പെട്ടിരിക്കുന്നു, വീണ്ടെടുക്കപ്പെട്ട പറുദീസായിലെ പൂർണമനുഷ്യനാണ് ക്രിസ്തു. യഹസ്ക്കിയേൽ പ്രവാചകൻ 'മനുഷ്യസാദൃശ്യത്തിൽ ഒരു രൂപം' കാണുന്നതായി രേഖപ്പെടു ത്തുന്നു (1:26). സാധാരണ മനുഷ്യനിൽ നിന്നും വ്യത്യസ്തനായി തേജസ്സും പ്രഭയും നിറഞ്ഞ രൂപമായതുകൊണ്ടാണ് (1:27) 'മനുഷ്യസാദൃശ്യം' എന്ന് യഹസ്ക്കിയേൽ പറയുന്നത്. ദാനി. 7:13 –ൽ

'മനുഷ്യപുത്രനോടു സദൃശ്യനായ ഒരുത്തന്റെ ദർശനം' പ്രവാചകൻ കാണുന്നുണ്ട്. ആധിപത്യവും തേജസ്സും (മഹത്വവും) രാജത്വവും അവനു നൽകപ്പെട്ടിട്ടുണ്ട് (ദാനി. 7:14). 'അപ്പോൾ മനുഷ്യപുത്രൻ വലിയ ശക്തി യോടും തേജസ്സോടും കൂടെ മേഘങ്ങളിൽ വരുന്നത് അവർ കാണും' എന്ന് ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനെ സംബന്ധിച്ച് വി. മർക്കോസ് രേഖപ്പെടുത്തിയിരിക്കുന്നു (13:26). ഇവിടെയെല്ലാം 'മനുഷ്യസാദൃശ്യം', 'മനുഷ്യപുത്ര സാദൃശ്യം', 'മനുഷ്യപുത്രൻ' എന്നീ പ്രയോഗങ്ങൾ കൊണ്ട് ആദാമിന്റെ തേജസ്സു വീണ്ടെടുത്ത പുതിയ മനുഷ്യൻ എന്നാണർത്ഥമാ ക്കുന്നത്. ഈ വേദഭാഗങ്ങളിലെല്ലാം തന്നെ 'യഹോവയുടെ അഭിഷിക്തനെ (മശിഹായെ) സംബന്ധിച്ച പ്രതീക്ഷയും ചേർന്നുവരുന്നുണ്ട്. മശിഹാ യെയും പുതിയ മനുഷ്യനെയും സംബന്ധിച്ച പ്രതീക്ഷകൾ ഒരു വ്യക്തി യിൽ തന്നെ പൂർത്തീകരിക്കപ്പെടുന്നു. അതായത്, യുഗാന്തത്തിൽ, ദൈവ രാജ്യം സ്ഥാപിക്കുന്ന മശിഹായും ആദാമിന്റെ നഷ്ടപ്പെട്ട തേജസ്സ് വീണ്ടെ ടുക്കുന്ന പുതിയ മനുഷ്യനും ഒരാൾ തന്നെ. സുവിശേഷങ്ങളിലും, ഈ രണ്ടു പ്രതീക്ഷകളും യേശുക്രിസ്തുവിൽ പൂർത്തീകരിക്കപ്പെടുന്നതായി കാണുന്നുണ്ടല്ലോ.

**(ii) പിശാചിനെ ജയിക്കുന്നു**

പുതിയ യുഗത്തെ സംബന്ധിച്ച ഒരു പ്രധാനപ്പെട്ട പ്രതീക്ഷ പൈശാ ചിക ശക്തികളെ ജയിക്കുക എന്നാണല്ലോ. ആദാം പിശാചിനോടുള്ള പരീക്ഷയിൽ പരാജയപ്പെട്ടു. പുതിയ മനുഷ്യനായ ക്രിസ്തു പഴയ മനു ഷ്യന്റെ വീഴ്ചയ്ക്ക് നിദാനമായ പിശാചിന്റെ പരീക്ഷ പുതിയ മനുഷ്യൻ എങ്ങനെ അതിജീവിക്കുന്നുവെന്ന് സമാന്തര സുവിശേഷങ്ങൾ വളരെ പ്രാധാന്യം നൽകി രേഖപ്പെടുത്തുന്നുണ്ട് (മത്താ. 4:1-13; മർക്കോ. 1:12-13 ലൂക്കോ. 4:1-13). വി. മർക്കോസിന്റെ സുവിശേഷത്തിൽ കർത്താവിന്റെ പരീക്ഷയെ സംബന്ധിച്ച് രേഖപ്പെടുത്തിയിരിക്കുന്നതും യഹൂദ പാരമ്പ ര്യത്തിൽ ആദാമിനെക്കുറിച്ചു പറഞ്ഞിരിക്കുന്നതും തമ്മിൽ ഒരു താരതമ്യ പഠനം നടത്തുന്നതു പ്രയോജനപ്രദമായിരിക്കും. യഹൂദപാരമ്പര്യം അനു സരിച്ച് ഏദൻതോട്ടത്തിൽ വന്യമൃഗങ്ങൾ ആദാമിനെ ആദരിച്ചിരുന്നു. മനു ഷ്യനും പ്രകൃതിയും തമ്മിൽ പൊരുത്തവും ഐക്യവും ഉണ്ടായിരുന്നു. മരുഭൂമിയിൽ ക്രിസ്തു കാട്ടുമൃഗങ്ങളോടു കൂടെ ആയിരുന്നു എന്ന് വി. മർക്കോസ് പറയുന്നു. യഹൂദ പാരമ്പര്യം അനുസരിച്ച് ഏദനിൽ ദൂത ന്മാർ ആദാമിനെ പരിസേവിച്ചിരുന്നതായി പറയുന്നുണ്ട്. മരുഭൂമിയിൽ ദൂത ന്മാർ അവനെ ശുശ്രൂഷിച്ചുപോന്നു എന്ന് പറയുന്നുണ്ടല്ലോ. ദൈവവും മനുഷ്യനും തമ്മിലും, സ്വർഗവും ഭൂമിയും തമ്മിലും, മനുഷ്യനും മനുഷ്യനും തമ്മിലും, മനുഷ്യനും പ്രകൃതിയും തമ്മിലുമുള്ള ഐക്യം ഏദൻ പറുദീസായിൽ ഉണ്ടായിരുന്നു. വീണുപോയ മനുഷ്യൻ

പ്രവേശിക്കാതെ അടഞ്ഞുകിടന്ന പറുദീസാ പുതിയ മനുഷ്യൻ തുറക്കുന്നു. നഷ്ടപ്പെട്ട തേജസ്സിന്റെ പറുദീസായിലേക്കു പുതിയ മനുഷ്യനായ ക്രിസ്തുവിലൂടെ മനുഷ്യവർഗം മുഴുവനും വീണ്ടും പ്രവേശിക്കുകയാണ്.

### (iii) പുതിയ മനുഷ്യനിലൂടെ ജീവനും പുനരുത്ഥാനവും

യേശുക്രിസ്തുവിനെ 'അവസാനത്തെ ആദാം' എന്നും 'രണ്ടാമത്തെ മനുഷ്യൻ' എന്നും വിളിച്ചുകൊണ്ട് ആദാമും ക്രിസ്തുവും തമ്മിലുള്ള താരതമ്യപഠനം വ്യക്തമായും നടത്തുന്നത് വി. പൗലോസാണ് (റോമ. 5:13–21; 1 കൊരി. 15:22; 45–49). പുതിയ മനുഷ്യനായ ക്രിസ്തുവിലൂടെ പ്രധാനമായും രണ്ടു കാര്യങ്ങളാണ് മനുഷ്യജാതിക്കു ലഭിക്കുന്നത് – ജീവനും, പുനരുത്ഥാനവും.

1. ക്രിസ്തുവിന്റെ പ്രതിരൂപമാണ് ആദാം (റോമ. 5:14). ആദാമിലൂടെ പാപവും മരണവും ലോകത്തിലേക്കു പ്രവേശിച്ചു. പുതിയ മനുഷ്യനിലൂടെ ജീവനും കൃപയും ലോകത്തിലേക്കു വന്നു (റോമ. 5:17).

2. ക്രിസ്തുവിൽ മനുഷ്യവർഗം പുനരുത്ഥാനത്തിന് പങ്കാളികളായിത്തീരുന്നു. 'ആദാമിൽ എല്ലാവരും മരിക്കുന്നതു പോലെ ക്രിസ്തുവിൽ എല്ലാവരും ജീവിക്കപ്പെടും' (1 കൊരി. 15:22). ആദാം പ്രാകൃത ജീവൻ മനുഷ്യന് പകർന്നു കൊടുത്തുവെങ്കിൽ 'ഒടുക്കത്തെ ആദാ'മായ ക്രിസ്തു പരിശുദ്ധാത്മാവിലുള്ള ജീവൻ മനുഷ്യനു നൽകി (1 കൊരി. 15:45–46). ആദാമിൽ നിന്ന് നമുക്കു ലഭിച്ചിരിക്കുന്ന ശരീരം ക്രിസ്തുശരീരത്തിന് അനുരൂപമായി രൂപാന്തരപ്പെടും. ഭൗതിക ശരീരപ്രകാരം മനുഷ്യൻ ആദാമിനോട് സദൃശ്യനാണ്. എന്നാൽ പുനരുത്ഥാനത്തിന്റെ ശരീരപ്രകാരം മനുഷ്യൻ അവസാനത്തെ ആദാമിന് സദൃശ്യനാണ് (1 കൊരി. 15:48). ആദാമിൽ നിന്ന് സ്വീകരിച്ച പ്രതിമ (സ്വരൂപം) യ്ക്കു പകരം സ്വർഗീയന്റെ പ്രതിമ നാം ധരിക്കും (1 കൊരി. 15:49).

ഇവിടെ യഹൂദന്മാരുടെ പുതിയ മനുഷ്യനെക്കുറിച്ചുള്ള സങ്കല്പത്തിൽ നിന്ന് വി. പൗലോസ് ഒരു പടികൂടെ മുമ്പോട്ടു പോകുന്നുണ്ട്. അതായത്, നാം ധരിക്കുന്ന തേജസ്സ് ആദ്യ ആദാമിന്റെ തേജസ്സല്ല, ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ തേജസ്സാണ്. നാം വീഴ്ചയ്ക്കു മുമ്പുള്ള ആദാമിന്റെ പ്രതിമയിലേക്കല്ല, ക്രിസ്തുവിന്റെ പ്രതിമയിലേക്കാണ് രൂപാന്തരപ്പെടുന്നത്.

## ഒരേ പുതുമനുഷ്യനായി സൃഷ്ടിക്കപ്പെടുന്നു

ആദാമിന്റെ ശരീരത്തിൽ മനുഷ്യവർഗം മുഴുവനും ഉൾക്കൊണ്ടിരുന്നു എന്ന് യഹൂദന്മാർ വിശ്വസിച്ചു. യേശുക്രിസ്തുവിനോടു ചേരുന്ന മനുഷ്യവർഗം യേശുക്രിസ്തുവിൽ ഒരു പുതിയ മനുഷ്യനായി സൃഷ്ടിക്കപ്പെടുന്നു (എഫേ. 2:15). യഹൂദനെന്നും യവനനെന്നുമുള്ള വ്യത്യാസം

അവസാനിപ്പിച്ച് ഇരുപക്ഷങ്ങളെയും ക്രിസ്തുവിൽ ഒന്നാക്കി ക്രിസ്തുശരീരത്തിന്റെ അവിഭാജ്യ ഘടകങ്ങളായിരിക്കുന്നു. ക്രിസ്തുവിലുള്ള ഈ പുതിയ സൃഷ്ടിയിൽ പരിച്ഛേദനയോ അഗ്രചർമ്മമോ വേർതിരിവിന്റെ ചുവരായി നിൽക്കുകയില്ല. 'പരിച്ഛേദനയല്ല; അഗ്രചർമ്മവുമല്ല പുതിയ സൃഷ്ടി അത്രേ കാര്യം' (ഗലാ. 6:15) എന്നും 'ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു' (2 കൊരി. 5:17) എന്നും വി. പൗലോസ് പറയുന്നതു ഈ പശ്ചാത്തലത്തിലാണ്.

## പുതിയ മനുഷ്യനെ ധരിച്ചു കൊൾവീൻ

ക്രിസ്തീയ ജീവിതത്തിലേക്കുള്ള പ്രവേശനം വി. പൗലോസിന്റെ ചിന്തയിൽ പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് പുതിയ മനുഷ്യനെ ധരിക്കുകയാണ്. 'നിങ്ങൾ പഴയ മനുഷ്യനെ അവന്റെ പ്രവർത്തികളോടു കൂടെ ഉരിഞ്ഞുകളഞ്ഞ് തന്നെ സൃഷ്ടിച്ചവന്റെ പ്രതിമ പ്രകാരം പരിജ്ഞാനത്തിനായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ (കൊലോ. 3:9-10 cf; എഫേ. 4:22-24). 'ഉരിഞ്ഞുകളയുക', 'ധരിക്കുക' എന്നീ പദങ്ങൾ വി. സ്നാനത്തെ പരാമർശിക്കുന്നു. സ്നാനം സ്വീകരിക്കുന്നതിനു മുമ്പ് പഴയ വസ്ത്രം ഉരിഞ്ഞു കളയുകയും സ്നാനം സ്വീകരിച്ച ശേഷം പുതിയ വസ്ത്രം ധരിക്കുകയും ചെയ്യുന്നുണ്ടല്ലോ. ഇത് പ്രതീകാത്മകമാണ്. പഴയ വസ്ത്രം തിന്മയുടെ പ്രതീകമാണെങ്കിൽ പുതിയ വസ്ത്രം നന്മയുടെ പ്രതീകമാണ്. പഴയ മനുഷ്യൻ ചതിമോഹങ്ങളാൽ വഷളായി (ജീർണിച്ച്) പോകുന്നവനാണെങ്കിൽ പുതിയ മനുഷ്യൻ സത്യത്തിന്റെ ഫലമായി നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ടവനാണ് (എഫേ. 4:22-24).

### ചോദ്യങ്ങൾ

1. ക്രിസ്തുവിനെ പുതിയ മനുഷ്യൻ എന്ന് എന്തുകൊണ്ടു വിളിക്കുന്നു?
2. ഒരേ പുതുമനുഷ്യനായി സൃഷ്ടിക്കപ്പെടുന്നു എന്ന് വി. പൗലോസ് പറയുന്നതിന്റെ അർത്ഥമെന്ത്?
3. 'പുതുമനുഷ്യനെ ധരിക്കുക' എന്ന ആശയം വി. സ്നാനവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് വിശദമാക്കുക?

## പാഠം 3

# ദൈവസ്വരൂപത്തിന്റെ പൂർണതയിലേക്ക്

❑ ആമുഖം ❑ മനുഷ്യൻ, സൃഷ്ടിയുടെ മകുടം ❑ ദൈവത്തിന്റെ കൈപ്പണി ❑ ദൈവസ്വരൂപവും സമഗ്രവ്യക്തിത്ത്വവും ❑ പ്രപഞ്ചത്തിന്റെ അധിപൻ ❑ ക്രിസ്തു, ദൈവസ്വരൂപത്തിന്റെ പൂർണത ❑ ദൈവസ്വരൂപിയായി രൂപാന്തരപ്പെടുന്നു

### ആമുഖം

മനുഷ്യൻ ദൈവസ്വരൂപമാണെന്ന ചിന്ത യഹൂദ മതത്തിനും ക്രിസ്തീയ മതത്തിനുമുള്ള ഒരു പ്രത്യേകതയാണ്. ഒരു വശത്ത്, മനുഷ്യൻ മണ്മയനെങ്കിലും മറുവശത്ത് ദൈവസ്വരൂപിയാണ്. ദൈവത്തിനു രൂപമില്ലെന്നും ദൈവത്തെ മനുഷ്യന്റെ ഇന്ദ്രിയങ്ങൾ കൊണ്ട് മനസ്സിലാക്കാനാവില്ലെന്നും നമുക്കറിയാം. വിഗ്രഹങ്ങൾ ഉണ്ടാക്കരുതെന്ന് ദൈവം യിസ്രായേൽ ജനത്തോട് ശക്തമായി കല്പിക്കുന്നു (പുറ. 20:4–6). എന്നാൽ ദൈവം മനുഷ്യനെ തന്റെ കാണപ്പെട്ട രൂപമായി സൃഷ്ടിച്ചുവെന്നത് നമ്മെ അതിശയിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്നു.

ദൈവസ്വരൂപം എന്ന വാക്ക് മനുഷ്യനെ സംബന്ധിച്ച് പഴയനിയമത്തിൽ വളരെക്കുറച്ചു സന്ദർഭങ്ങളിൽ മാത്രമേ, ഉപയോഗിച്ചു കാണുന്നുള്ളു. പുതിയ നിയമത്തിലാകട്ടെ, വി. പൗലോസ് അപ്പോസ്തോലൻ മാത്രമാണ് ഈ പദം ഉപയോഗിക്കുന്നത്. എന്നാൽ പഴയനിയമത്തിലും പുതിയ നിയമത്തിലും മനുഷ്യൻ ദൈവസ്വരൂപമാണെന്നും തന്മൂലം സൃഷ്ടിയിൽ, മറ്റു ജീവജാലങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു ഉന്നതസ്ഥാനം മനുഷ്യനുണ്ടെന്നുമുള്ള ആശയം അന്തർലീനമായി കിടപ്പുണ്ട്. അക്കാരണത്താൽ തന്നെ ക്രിസ്തീയ ചിന്തയിൽ ദൈവസ്വരൂപം എന്ന ആശയത്തിന് സുപ്രധാനമായ ഒരു സ്ഥാനമുണ്ട്.

### മനുഷ്യൻ സൃഷ്ടിയുടെ മകുടം

ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ അവസാനത്തേതാണ് മനുഷ്യസൃഷ്ടി. ഉല്പ. 1:1–25 വരെ ഭൂമിയിലുള്ള സകല ചരാചരങ്ങളുടെയും സൃഷ്ടി വിവരണം കാണുന്നു. ദൈവത്തിന്റെ സൃഷ്ടി വചനമാണ് പ്രപഞ്ചത്തിന്റെ ഉല്പത്തിക്കു ഹേതു. ഉദാഹരണമായി, 'വെളിച്ചം ഉണ്ടാകട്ടെ എന്നു ദൈവം കല്പിച്ചു. വെളിച്ചം ഉണ്ടായി' എന്നു രേഖപ്പെടുത്തിയിരിക്കുന്നു (ഉല്പ. 1:3). ജന്തുലോകം വരെ ഇങ്ങനെ സൃഷ്ടിച്ചു കഴിഞ്ഞ് മനുഷ്യനെ സൃഷ്ടിക്കുന്നതിനു മുമ്പ് സൃഷ്ടി പ്രക്രിയയിൽ ഒരു വിരാമം കാണുന്നു. മനുഷ്യ സൃഷ്ടി പ്രത്യേക ദൈവീക തീരുമാനത്തിന്റെ

ഫലമാണ്. 'നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക' എന്ന് ദൈവം നിശ്ചയിക്കുന്നു (ഉല്പ. 1:26). മറ്റു ജീവജാലങ്ങളിൽ നിന്ന് വ്യത്യസ്തമായി സ്വരൂപത്തിലും സാദൃശ്യത്തിലും ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നുവെന്നതാണ് ഈ ദൈവീക നിശ്ച യത്തിൽ അടങ്ങിയിരിക്കുന്നത്. ഇങ്ങനെ പ്രപഞ്ചത്തിന്റെ മുഴുവൻ മകുട മായി ദൈവം മനുഷ്യനെ സൃഷ്ടിച്ചു.

## ദൈവത്തിന്റെ കൈപ്പണി

സൃഷ്ടിയെ സംബന്ധിച്ച് രണ്ടു വിവരണങ്ങൾ ഉല്പത്തി ഒന്നും രണ്ടും അദ്ധ്യായങ്ങളിൽ കാണാൻ കഴിയും. മനുഷ്യ സൃഷ്ടിയെ സംബന്ധിച്ച് ഒരു വിശദീകരണം ഉല്പത്തി 2:7 ൽ കൊടുത്തിരിക്കുന്നു. 'യഹോവയായ ദൈവം നിലത്തെ പൊടി കൊണ്ട് മനുഷ്യനെ നിർമ്മിച്ചിട്ട് അവന്റെ മൂക്കിൽ ജീവശ്വാസം ഊതി. മനുഷ്യൻ ജീവനുള്ള ദേഹിയായിത്തീർന്നു.' ഇവിടെ, 'നിർമ്മിക്കുക' എന്ന പദത്തിന്റെ അർത്ഥം, വാക്യത്തിൽ നിന്നു തന്നെ വ്യക്തമാവുന്നതുപോലെ കുശവൻ കളിമണ്ണിൽ നിന്ന് പാത്രം രൂപപ്പെടു ത്തിയെടുക്കുന്നതുപോലെ മനുഷ്യനെ മെനഞ്ഞെടുത്തു എന്നാണ്. ദൈവവും മനുഷ്യസൃഷ്ടിയുമായുള്ള പ്രത്യേക ബന്ധം സൃഷ്ടികർമ്മ ത്തിൽ തന്നെ കാണാൻ കഴിയുന്നു.

ദൈവത്തിന്റെ കൈപ്പണിയായ മനുഷ്യൻ ദൈവസ്വരൂപം അവന്റെ ബാഹ്യമായ ആകാരത്തിലും കൂടെ പ്രതിഫലിപ്പിക്കുന്നുണ്ട്. അവന്റെ ശരീ രവും ദൈവസ്വരൂപത്തിലാണ്. ശരീരം ദൈവസ്വരൂപത്തിലാണെന്നു പറ ഞ്ഞാൽ അതെങ്ങനെയാണ് മനസ്സിലാക്കാൻ കഴിയുക? മനുഷ്യന്റെ ശരീ രഘടനയും മറ്റു ജീവജാലങ്ങളുടെ ശരീര ഘടനയും താരതമ്യപ്പെടുത്തി നോക്കുക. നിവർന്നുനിന്ന് കണ്ണുകളുയർത്തി ദൈവത്തെ അപ്പാ എന്നു വിളിക്കുവാനുള്ള കഴിവ് മനുഷ്യശരീരത്തിനുണ്ട്. ദൈവത്തെ ഇങ്ങനെ അഭിമുഖീകരിച്ചു ദൈവവുമായി സംസർഗത്തിലേക്കു പ്രവേശിക്കുവാനുള്ള ശേഷിയാണ് മനുഷ്യന്റെ ശരീരഘടനയിലൂടെത്തന്നെ പ്രസ്പഷ്ടമാകു ന്നത്. സീനായ് മലയിൽ ദൈവത്തെ അഭിമുഖീകരിക്കുന്ന മോശ ദൈവ സ്വരൂപത്തിന്റെ സവിശേഷ സാദ്ധ്യതയെന്തെന്ന് ചൂണ്ടിക്കാണിക്കുന്നു. അതേ സമയം ഏദൻതോട്ടത്തിൽ ദൈവത്തെ അഭിമുഖീകരിക്കാതെ മാറി ഒളിക്കുന്ന ആദാമും ഹവ്വായും ഹാബേലിനെ കൊന്നശേഷം ദൈവത്തെ അഭിമുഖീകരിക്കാനാവാതെ മുഖം താഴ്ത്തി നില്ക്കുന്ന കയീനും ദൈവസ്വരൂപത്തിന്റെ വികലതയാണ് കാണിക്കുന്നത്.

## ദൈവസ്വരൂപവും സമഗ്ര വ്യക്തിത്വവും

ദൈവസ്വരൂപം മനുഷ്യനിലെ ആത്മീക സ്വഭാവമോ ബുദ്ധിശക്തിയോ ധാർമ്മികബോധമോ ഇങ്ങനെ ശാരീരിക ആന്തരീയ ശക്തിയാണെന്ന്

വ്യാഖ്യാനിക്കുന്ന ക്രിസ്തീയ ചിന്തകരുണ്ട്. എന്നാൽ ഇന്ന് വേദപണ്ഡിതന്മാർ ഏറിയപങ്കും ദൈവസ്വരൂപം ശരീരവും കൂടെ ഉൾക്കൊള്ളുന്ന മനുഷ്യന്റെ സമഗ്ര വ്യക്തിത്വമാണെന്ന കാര്യത്തിൽ യോജിക്കുന്നു. ദൈവത്തിൽ നിന്ന് ആദാം സ്വീകരിച്ച ദൈവസ്വരൂപവും സാദൃശ്യവും ആദാമിന്റെ സന്താനങ്ങൾക്കും ലഭിക്കുന്നതായി ഉല്പത്തി 5:1-3 ൽ കാണാം. ഉല്പ. 9:6 ൽ മനുഷ്യൻ ദൈവസ്വരൂപത്തിലാകയാൽ അവന്റെ രക്തം ചൊരിയരുത് എന്ന് യഹോവ പ്രത്യേകം കല്പിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. ഈ ഭാഗങ്ങളിൽ ദൈവസ്വരൂപത്തിന്റെ ശാരീരികമായ വശം വ്യക്തമാവുന്നു. സങ്കീ. 8:5 ൽ 'നീ അവനെ ദൈവത്തേക്കാൾ അല്പം മാത്രം താഴ്ത്തി തേജസ്സും സൗന്ദര്യവും അവനെ അണിയിച്ചിരിക്കുന്നു' എന്ന് മനുഷ്യനെ സംബന്ധിച്ചു പറയുന്നു (ഈ വാക്യത്തിൽ 'സൗന്ദര്യം' എന്ന പദത്തിനു പകരം മലയാള വേദപുസ്തകത്തിൽ ബഹുമാനം എന്നാണു കാണുക. സൗന്ദര്യം എന്ന വാക്കാണ് ഇവിടെ കൂടുതൽ യോജിക്കുന്നത്). ഉല്പ. 1:26, 27 നെ ആസ്പദമാക്കിയാണ് 8-ാം സങ്കീർത്തനം രചിച്ചിരിക്കുന്നത്. സ്വരൂപം എന്ന പദം ഉപയോഗിച്ചിട്ടില്ലെങ്കിലും ദൈവസ്വരൂപിയായ മനുഷ്യന്റെ ശ്രേഷ്ഠതയാണ് പ്രതിപാദ്യം. തേജസ്സും സൗന്ദര്യവും ഒരേസമയം മനുഷ്യന്റെ ആന്തരീയവും ബാഹ്യവുമായ അന്തസ്സും സൗന്ദര്യവും സൂചിപ്പിക്കുന്നു. യോഹ 28:12 ൽ ആദാമിനെ വർണ്ണിക്കുന്നത് സൗന്ദര്യസമ്പൂർണ്ണനായിട്ടാണ്. ഇങ്ങനെ ദൈവസ്വരൂപം ആന്തരീയവും ബാഹ്യവുമായ മനുഷ്യന്റെ മുഴുവൻ വ്യക്തിത്വത്തേയും ഉൾക്കൊള്ളുന്നു. വേദപുസ്തകത്തിൽ ആത്മാവും ശരീരവും തമ്മിൽ വൈരുദ്ധ്യമോ ദ്വിത്വഭാവമോ ഇല്ലെന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ്.

## പ്രപഞ്ചത്തിന്റെ അധിപൻ

ദൈവസ്വരൂപത്തിൽ എന്തെല്ലാം അടങ്ങിയിട്ടുണ്ടെന്ന് ഉല്പത്തിയിലെ മനുഷ്യസൃഷ്ടിയെക്കുറിച്ചുള്ള വിവരണത്തിൽ കാണുന്നില്ല. എന്നാൽ ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ സർവസൃഷ്ടിയുടെയും അധിനായകനായിരിക്കുമെന്നു പ്രത്യേകം പറയുന്നുണ്ട്. 'അവർ സമുദ്രത്തിലെ മത്സ്യത്തിന്മേലും ആകാശത്തിലെ പറവജാതിയിന്മേലും മൃഗങ്ങളിന്മേലും സർവ ഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു' (1:26). ദൈവമാണ് ലോകത്തിന്റെ നാഥനും സ്രഷ്ടാവും. ദൈവത്തിന്റെ പ്രതിനിധിയായി പ്രപഞ്ചത്തെ ഭരിക്കയും നയിക്കുകയും ചെയ്യുകയെന്നതാണ് ദൈവസ്വരൂപിയായ മനുഷ്യന്റെ കർത്തവ്യം. പ്രപഞ്ചത്തിന്റെ അധിപനായി ദൈവം മനുഷ്യനെ നിയോഗിച്ചിരിക്കുന്നതുകൊണ്ടു സ്വാർത്ഥത്തിനായി പ്രപഞ്ചത്തെ ദുർവിനിയോഗം ചെയ്യുവാൻ മനുഷ്യനു അവകാശമില്ല. ദൈവം മനുഷ്യനെ ഏദൻതോട്ടത്തിൽ വേല ചെയ്‌വാനും അതിനെ കാപ്പാനും ആക്കി എന്നു

പറഞ്ഞിരിക്കുന്നു (ഉല്പ. 2:15).

പഴയനിയമത്തിലും പുതിയനിയമത്തിലും മറ്റു പുരാതന സംസ്കാര ങ്ങളിലും സ്വരൂപം (പ്രതിമ) വെറും ഒരു പ്രതീകമല്ല, സാന്നിദ്ധ്യമാണ്. ആരെ പ്രതിനിധീകരിക്കുന്നുവോ ആ വ്യക്തിയുടെ സാന്നിദ്ധ്യം സ്വരൂപ ത്തിലുണ്ട്. മനുഷ്യനെ ദൈവം ലോകത്തിൽ തന്റെ ജീവിക്കുന്ന സാന്നി ദ്ധ്യമായും ലോകത്തിന്മേലുള്ള തന്റെ അധീശത്വത്തിന്റെ പ്രതിനിധിയായും നിയോഗിച്ചിരിക്കുന്നു. ദൈവത്തിനു വേണ്ടി പ്രപഞ്ചത്തെ സൂക്ഷിച്ചു പരിപാലിക്കുകയും ദൈവസാന്നിദ്ധ്യം കൊണ്ട് ദൈവസൃഷ്ടിയെ നിറച്ച് ദൈവോന്മുഖമാക്കി നയിക്കുകയുമാണ് ദൈവസ്വരൂപിയായ മനുഷ്യന്റെ കർത്തവ്യം.

## ക്രിസ്തു ദൈവസ്വരൂപത്തിന്റെ പൂർണ്ണത

ക്രിസ്തുവിനെ ദൈവസ്വരൂപം എന്ന് വി. യോഹന്നാൻ വിളിക്കുന്നി ല്ലെങ്കിലും പല സന്ദർഭങ്ങളിലും ഈ ആശയം കാണാൻ കഴിയുന്നു. 'വചനം ജഡമായിത്തീർന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽ നിന്ന് ഏകജാ തനായവന്റെ തേജസായി കണ്ടു' (യോഹ. 1:14). ഇവിടെ സ്വരൂപം എന്ന വാക്ക് ഉപയോഗിക്കുന്നില്ലെങ്കിലും തേജസ്സ് എന്ന പദം ആ ആശയവും കൂടി ഉൾക്കൊള്ളുന്നുണ്ട്. 'എന്നെ കാണുന്നവൻ എന്നെ അയച്ചവനെ കാണുന്നു' (യോഹ. 12:45). 'എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു' (14:9). ഈ ഭാഗങ്ങളിലും ദൈവസ്വരൂപമെന്ന ആശയം അന്തർലീനമായി കിടക്കുന്നു. നാം ഇപ്പോൾ തന്നെ ദൈവമക്കൾ ആകുന്നുവെങ്കിലും അതിന്റെ പൂർണ സാദ്ധ്യതയിലേക്കു നാമിന്നുവരെ രൂപാന്തരപ്പെട്ടിട്ടില്ല. എന്നാൽ കർത്താവു വരുമ്പോൾ നാം അവനോടു സദൃശ്യരായിത്തീരും എന്ന് വി. യോഹന്നാൻ പറഞ്ഞിരിക്കുന്നു (1 യോഹ. 3:2).

വി. പൗലോസ് അപ്പോസ്തോലൻ വ്യക്തമായും ക്രിസ്തുവിനെ 'അദൃ ശ്യനായ ദൈവത്തിന്റെ പ്രതിമ' (കൊലോ. 1:15) എന്നും 'ദൈവത്തിന്റെ പ്രതിമ' (2 കൊരി. 4:4) എന്നും വിളിക്കുന്നു. ആദ്യമനുഷ്യനുമായി താര തമ്യപ്പെടുത്തി ക്രിസ്തുവിനെ ദൈവത്തിന്റെ പൂർണസ്വരൂപമായി വി. പൗലോസ് കാണുന്നു (1 കൊരി. 15:44-49). 2 കൊരി. 4:4 ലും കൊലോ. 1:15 ലും ക്രിസ്തു രണ്ടാം ആദാം ആണെന്ന സങ്കല്പം പരോക്ഷമായി കാണാം. ദൈവത്തിന്റെ സമ്പൂർണ സ്വരൂപമായ രണ്ടാം ആദാമിലൂടെ മനുഷ്യൻ ദൈവസ്വരൂപവും ദൈവതേജസ്സും വീണ്ടെടുക്കുന്നു.

## ദൈവസ്വരൂപിയായി രൂപാന്തരപ്പെടുന്നു

വീഴ്ച മൂലം മനുഷ്യനു ദൈവസ്വരൂപം നഷ്ടപ്പെട്ടു എന്ന് വേദ

പുസ്തകം പഠിപ്പിക്കുന്നില്ല. ഉല്പ. 5:1–3; 9:6 ഈ ഭാഗങ്ങളിൽ വീഴ്ചക്കു ശേഷവും ആദാമിലും സന്താനപരമ്പരകളിലും ദൈവസ്വരൂപം നില നിൽക്കുന്നതായി കാണുന്നു. യഹൂദമത പാരമ്പര്യങ്ങളിലും വീഴ്ച മുഖാന്തിരം ദൈവസ്വരൂപം നഷ്ടപ്പെടുന്നതായി പറയുന്നില്ല. കഴിഞ്ഞ പാഠത്തിൽ കണ്ടതുപോലെ, വീഴ്ച മൂലം മനുഷ്യന് തേജസ്സും അമർത്ത്യതയും ശരീരവലിപ്പവും നഷ്ടപ്പെട്ടു എന്ന് റബിമാർ പഠിപ്പിക്കുന്നുണ്ടെങ്കിലും ദൈവസ്വരൂപം നഷ്ടപ്പെട്ടതായി പഠിപ്പിക്കുന്നില്ലെന്നുള്ളത് ശ്രദ്ധേയമാണ്. എന്നാൽ വീഴ്ചയ്ക്കു മുമ്പുണ്ടായിരുന്ന ദൈവസ്വരൂപത്തിന്റെ തെളിമയും പൂർണതയും വീഴ്ച മുഖാന്തിരം മനുഷ്യനു നഷ്ടപ്പെട്ടു എന്നവർ പഠിപ്പിച്ചു. ദൈവസ്വരൂപത്തെ സംബന്ധിച്ചു വി. പൗലോസ് അപ്പോസ്തോലൻ ഈ നിലപാടു തന്നെയാണു സ്വീകരിക്കുന്നത്. വി. പൗലോസിന്റെ ലേഖനങ്ങളിൽ, ദൈവസ്വരൂപമെന്ന നിലയിൽ മനുഷ്യൻ അവന്റെ, സമ്പൂർണ സാദ്ധ്യതയിലേക്കു വളരണം എന്ന് ഊന്നിപ്പറയുന്നു. ദൈവത്തിന്റെ സമ്പൂർണ സ്വരൂപമായ ക്രിസ്തുവിലൂടെയാണ് മനുഷ്യൻ ദൈവസ്വരൂപത്തിന്റെ തേജസ്സ് വീണ്ടെടുക്കുക. പുത്രനായ ക്രിസ്തുവിൽ വെളിപ്പെട്ട ദൈവസ്വരൂപത്തിൽ നാം പങ്കാളികളാവുമ്പോൾ ക്രിസ്തു ആദ്യജാതനും നാം അവന്റെ സഹോദരന്മാരുമായിത്തീരും (റോമ. 8:29). 'നാം മണ്ണു കൊണ്ടുള്ളവന്റെ പ്രതിമ ധരിച്ചതുപോലെ സ്വർഗ്ഗീയന്റെ പ്രതിമയും ധരിക്കും' എന്ന് വി. പൗലോസ് പ്രത്യാശിക്കുന്നു (1 കൊരി. 15:49).

ജീവിത വിശുദ്ധീകരണത്തിലൂടെ മാത്രമേ ദൈവസ്വരൂപം നമ്മിൽ തെളിയിച്ചെടുക്കാനാവൂ എന്ന് വി. പൗലോസ് എടുത്തു പറയുന്നുണ്ട്. പഴയ മനുഷ്യന്റെ നടപടികളായ അശുദ്ധി, അതിരാഗം, ദുർമോഹം, വിഗ്രഹാരാധന, അത്യാഗ്രഹം ആദിയായ എല്ലാ തിന്മകളും നമ്മിൽനിന്ന് നീക്കി സ്രഷ്ടാവിന്റെ സ്വരൂപമായ പുതിയ മനുഷ്യനെ നാം ധരിക്കണം (കൊലോ. 3:5, 8–10). ദൈവസ്വരൂപത്തിന്റെ സമ്പൂർണമായ രൂപാന്തരം കർത്താവിന്റെ രണ്ടാമത്തെ വരവിൽ നാം പ്രതീക്ഷിക്കുന്നു. എന്നാൽ ഇപ്പോൾ തന്നെ ദൈവസ്വരൂപത്തിന്റെ പൂർണതയിലേക്കു നാം രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു (2 കൊരി. 3:18).

### ചോദ്യങ്ങൾ

1. ദൈവത്തിന്റെ കൈപ്പണിയായ മനുഷ്യന്റെ സവിശേഷതകൾ എന്തെല്ലാം?
2. പ്രപഞ്ചത്തിന്റെ അധിപനെന്ന നിലയിൽ മനുഷ്യന്റെ ഉത്തരവാദിത്തങ്ങൾ ഏവ?
3. നാം എങ്ങനെ ദൈവസ്വരൂപിയായി രൂപാന്തരപ്പെടുന്നുവെന്ന് വിവരിക്കുക?

## പാഠം 4

# ദൈവാനുരൂപിയായി രൂപാന്തരപ്പെടുക

❑ യേശു രൂപാന്തരപ്പെടുന്നു ❑ ബാഹ്യരൂപത്തിനു മാറ്റം വരുന്നു ❑ പ്രകൃതിയുടെ രൂപാന്തരം ❑ രൂപാന്തരവും പുനരുത്ഥാനവും തേജസ്സും ❑ ദൈവസ്വരൂപിയായ മനുഷ്യന്റെ സാധ്യത ❑ സ്വർഗ്ഗീയ സംഘത്തിലേക്കുള്ള പ്രവേശനം ❑ ഈ ലോകത്തിനനുരൂപമാകാതെ ❑ ദൈവാനുരൂപിയായി രൂപാന്തരപ്പെടുക

### യേശു രൂപാന്തരപ്പെടുന്നു

കർത്താവ് ഒരു ഉയർന്ന മലയിൽ വച്ചു മൂന്നു ശിഷ്യന്മാരുടെ മുമ്പിൽ രൂപാന്തരപ്പെട്ടു. ഈ സംഭവം സമാന്തര സുവിശേഷങ്ങളും വി. പത്രോസിന്റെ രണ്ടാം ലേഖനവും രേഖപ്പെടുത്തുന്നു (മത്താ. 17:1-9; മർക്കോ. 9:2-10; ലൂക്കോ. 9:28-36; 2 പത്രോ. 1:16-21). വി. യോഹന്നാൻ യേശുവിന്റെ രൂപാന്തരത്തിന് ദൃക്സാക്ഷി ആയിരുന്നുവെങ്കിലും ഈ സംഭവം അദ്ദേഹത്തിന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തുന്നില്ല. ദൈവതേജസ്സ് കർത്താവിന്റെ മരണത്തിലും പുനരുത്ഥാനത്തിലും ജീവിതത്തിലുടനീളം വെളിപ്പെടുന്നുവെന്ന് വി. യോഹന്നാൻ ഊന്നിപ്പറയുന്നു. രൂപാന്തരവും തേജസ്സും ഒരു പ്രത്യേക സംഭവത്തിൽ ഒതുക്കി നിർത്തുന്നില്ല (1:14; 2:11; 13:31; 17:1, 4-5; 21:19). വി. യോഹന്നാന്റെ സുവിശേഷത്തിലുടനീളം യേശു രൂപാന്തരപ്പെട്ട, ലോകത്തെ രൂപാന്തരപ്പെടുത്തുന്ന തേജോരൂപിയായ പുതിയ മനുഷ്യനായാണ് നാം കാണുന്നത്. യേശു രൂപാന്തരപ്പെട്ടത് താബോർ മലയിലാണെന്നാണ് പാരമ്പര്യം. എന്നാൽ, ഇത് ഹെർമോൻ മലയിലായിരിക്കാനാണ് സാദ്ധ്യത എന്നു വേദപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

### ബാഹ്യരൂപത്തിനു മാറ്റം വരുന്നു

യേശുവിന്റെ രൂപാന്തരത്തിൽ ശരീരപ്രകൃതിക്കു തന്നെ മാറ്റം സംഭവിക്കുന്നു. 'രൂപാന്തരം' എന്നതിന് ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്നത് 'മെറ്റാമോർഫോസിസ്' എന്ന പദമാണ്. ബാഹ്യരൂപത്തിനുണ്ടാകുന്ന മാറ്റം വ്യക്തമായും സൂചിപ്പിക്കുന്ന പദമാണത്. വി. മത്തായിയും വി. മർക്കോസും ഈ വാക്ക് ഉപയോഗിക്കുമ്പോൾ വി. ലൂക്കോസ് ഇതേ അർത്ഥത്തിൽ 'മുഖത്തിന്റെ ഭാവം മാറി' എന്നു രേഖപ്പെടുത്തുന്നു. ഈ സംഭവം ഒരു പ്രത്യക്ഷത അല്ല, രൂപാന്തരം തന്നെയാണ്. രൂപാന്തരം ആന്തരീയമായ മാറ്റം മാത്രമല്ല, അത് മനുഷ്യന്റെ ബാഹ്യരൂപത്തെയും സ്പർശിക്കുന്നു. മുൻ പാഠങ്ങളിൽ സൂചിപ്പിച്ചതുപോലെ മനുഷ്യന്റെ ആദ്ധ്യാത്മിക വളർച്ച, രക്ഷയുടെ അനുഭവം മനുഷ്യന്റെ ആന്തരീകവും ബാഹ്യവുമായ മുഴുവൻ വ്യക്തിത്വത്തെയും ഉൾക്കൊള്ളുന്നതാണ്.

## പ്രകൃതിയുടെ രൂപാന്തരം

യേശുവിന്റെ രൂപാന്തരം സ്വശരീരത്തിന്റെ രൂപാന്തരത്തെക്കുറിച്ചു മാത്ര മല്ല പറയുന്നത്. പ്രകൃതിയും രൂപാന്തരപ്പെടുന്നു. 'ഭൂമിയിൽ ഒരു അല ക്കുകാരനും വെളുപ്പിക്കാൻ കഴിയാതവണ്ണം അവന്റെ വസ്ത്രം അത്യന്തം വെളുപ്പായി തിളങ്ങി' (മർക്കോ. 9:3). അന്തരീക്ഷം മുഴുവൻ തേജസ്സു കൊണ്ടു വലയം ചെയ്തു. മനുഷ്യന്റെ രൂപാന്തരം ഒരു പുതിയ ലോക ത്തിന്റെ പ്രതീക്ഷയുണർത്തുന്നു. എന്നാൽ അത് മറ്റൊരു ലോകമല്ല, രൂപാ ന്തരം വന്ന ലോകം തന്നെ ആയിരിക്കും. മനുഷ്യൻ മാത്രമല്ല പ്രകൃതിയും കാലവും എല്ലാം ഈ മാറ്റത്തിന് വിധേയമാവുന്നു.

പൗരസ്ത്യ സഭകൾ യേശുവിന്റെ രൂപാന്തരത്തിന് വലിയ പ്രാധാന്യം നൽകുന്നു. മനുഷ്യന്റെയും പ്രപഞ്ചത്തിന്റെയും രൂപാന്തരത്തിന് മാതൃക യായി യേശുവിന്റെ രൂപാന്തരം അവർ കണക്കാക്കുന്നു.

## രൂപാന്തരവും പുനരുത്ഥാനവും തേജസ്സും

യേശു രൂപാന്തരപ്പെടുമ്പോൾ തേജസ്സ് ധരിക്കുന്നതായി രേഖപ്പെടു ത്തുന്നു. കർത്താവിന്റെ പുനരുത്ഥാനം തേജസ്സിന്റെ പൂർണതയിലേക്കുള്ള പ്രവേശനമായിരുന്നു. കർത്താവ് രണ്ടാമതും വരുമ്പോൾ അവൻ തേജ സ്സിൽ വെളിപ്പെടും എന്ന് നാം പ്രത്യാശിക്കുന്നു (മർക്കോ. 13:26). സഭയും കർത്താവിന്റെ രണ്ടാമത്തെ വരവിൽ തേജസ്സിന്റെ പൂർണ്ണതയിലേക്ക് പ്രവേ ശിക്കും. യേശുവിന്റെ രൂപാന്തരം പുനരുത്ഥാനത്തിന്റെ തേജസ്സിലേക്കും അവന്റെ രണ്ടാമത്തെ വരവിന്റെ തേജസ്സിലേക്കും വിരൽ ചൂണ്ടുന്നു. സഭ യ്ക്കനുഭവപ്പെടുന്ന രൂപാന്തരം കർത്താവിന്റെ രണ്ടാമത്തെ വരവിൽ ലഭി ക്കുന്ന പുനരുത്ഥാനത്തിന്റെ തേജസ്സിന്റെ മുന്നനുഭവവും അതിലേക്കുള്ള വളർച്ചയുമാണ്.

## ദൈവസ്വരൂപിയായ മനുഷ്യന്റെ സാധ്യത

ക്രിസ്തുവിന്റെ രൂപാന്തരത്തിലൂടെ തന്റെ ദൈവത്വം വെളിപ്പെടുകയായി രുന്നുവെന്നു വ്യാഖ്യാനിക്കുന്ന രീതി നിലവിലുണ്ട്. എന്നാൽ, കർത്താ വിന്റെ രൂപാന്തരം ദൈവസ്വരൂപിയായ മനുഷ്യന്റെ ആദ്ധ്യാത്മിക വളർച്ച യുടെ സാദ്ധ്യതയാണു കാണിക്കുന്നത്. മണ്മയനും മരണവിധേയനുമായ മനുഷ്യൻ തേജസ്സിലേക്കു രൂപാന്തരപ്പെടേണ്ടവനാണ്. തിന്മകളിൽ നിന്നു ശുദ്ധീകരിക്കപ്പെട്ടു ദൈവവുമായുള്ള ഉറ്റബന്ധത്തിലായിത്തീർന്ന് മനു ഷ്യൻ തേജസ്സിൽ വളരണം. രൂപാന്തരം കർത്താവിന്റെ രണ്ടാമത്തെ വര വിലാണ് പൂർണമായും അനുഭവപ്പെടുക. എന്നാൽ, ഈ ജീവിതത്തിൽ വച്ചു തന്നെ രൂപാന്തരത്തിലേക്ക് നമുക്കു പ്രവേശിക്കാൻ കഴിയും.

## സ്വർഗീയ സംഘത്തിലേക്കുള്ള പ്രവേശനം

യേശു രൂപാന്തരപ്പെടുമ്പോൾ മോശയും ഏലിയായും തേജസ്സിൽ പ്രത്യക്ഷരായി. അവർ യിസ്രായേൽ ജനതയുടെ ചരിത്രത്തിൽ രണ്ടു കാലഘട്ടങ്ങളെ പ്രതിനിധാനം ചെയ്യുന്ന പ്രവാചകന്മാരാണ്; യിസ്രായേൽ ജനം കനാനിലേക്കു പ്രവേശിക്കുന്നതിന് മുമ്പും പിമ്പുമുള്ള രണ്ടു ഘട്ടങ്ങൾ. ഇവരുടെ സാന്നിദ്ധ്യം സ്വർഗവും സ്വർഗവാസികളുമായുള്ള സംസർഗം കർത്താവിനുണ്ടാകുന്നുവെന്നു കാണിക്കുന്നു. പ്രവാചകന്മാരുടെ വെറും ഒരു പ്രത്യക്ഷതയായി മാത്രം ഇതിനെ കണക്കാക്കി കൂടാ. അത് അവരുമായുള്ള സജീവസംസർഗം തന്നെയാണ്. മോശയും ഏലിയായും കർത്താവിനോടു സംസാരിക്കുന്നു. യേശു യരുശലേമിൽ പ്രാപിപ്പാനുള്ള ക്രൂശാരോഹണമാണ് സംസാര വിഷയം. ദൈവവുമായി വ്യക്തിപരമായ ബന്ധത്തിലൂടെ ലഭിക്കുന്ന ആദ്ധ്യാത്മികാനുഭവമായി മാത്രം രൂപാന്തരത്തെ കാണാനാവില്ല. രൂപാന്തരം ദൈവത്തിന്റെ തേജസ്സുറ്റ പുതിയ ലോകത്തിലേക്കുള്ള പ്രവേശനമാണ്. അവിടെ മനുഷ്യൻ പുതുതാക്കപ്പെട്ട് തേജസ്സു ധരിക്കുന്നതോടൊപ്പം തേജസിൽ വസിക്കുന്ന പരിശുദ്ധന്മാരുടെ സംഘവുമായി ബന്ധപ്പെടുകയുമാണ്. ദൈവതേജസ്സിൽ വസിക്കുന്ന സ്വർഗീയ സംഘവുമായുള്ള സംസർഗം രൂപാന്തരത്തിന്റെ മറ്റൊരു കാതലായ വശമാണ്.

## ഈ ലോകത്തിനനുരൂപമാകാതെ

വി. പൗലോസ് അപ്പോസ്തോലന്റെ ലേഖനങ്ങളിൽ രണ്ടു ലോകങ്ങളെ (യുഗങ്ങൾ) സംബന്ധിച്ച ചിന്ത കാണുന്നുണ്ട്: പാപത്തിനും പിശാചിനും വിധേയമായ ലോകവും പിശാചിനെ ജയിച്ച് പാപത്തിൽ നിന്നു വിമോചനം നൽകുന്ന പുതിയ ലോകവും. ലോകങ്ങളെ സംബന്ധിച്ചു വി. പൗലോസിന്റെ സങ്കല്പം കാലദേശങ്ങൾക്ക് അതീതമാണ്. തിന്മ നിറഞ്ഞ ഈ ലോകത്തിൽ തന്നെ യേശുക്രിസ്തുവിലൂടെ ഒരു പുതിയ ലോകം രൂപപ്പെട്ടുവരണം. ഈ ലോകത്തിന് അനുരൂപമാകാതെ യേശുക്രിസ്തുവിലൂടെ വെളിപ്പെട്ടിരിക്കുന്ന പുതിയ ലോകത്തിന് അനുരൂപമായി ജീവിച്ചു തുടങ്ങുമ്പോ ഴാണ് നാമും നമ്മുടെ ചുറ്റുപാടും പുതിയ ലോകത്തിന്റെ അനുഭവത്തിലേക്കു പ്രവേശിക്കുക.

റോമ. 12:2 ൽ വി. പൗലോസ് അപ്പോസ്തോലൻ പറയുന്നു: 'ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന് മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ.' 'മാനസാന്തരപ്പെടുവിൻ' എന്ന ക്രിസ്തുവിന്റെ ആഹ്വാനം വി. പൗലോസിന്റെ 'രൂപാന്തരപ്പെടുവിൻ' എന്ന പ്രബോധനത്തിലൂടെ പ്രതിധ്വനിക്കുന്നുണ്ട്. ബുദ്ധിയും ശരീരവും മനസ്സും അങ്ങനെ സമ്പൂർണ

വ്യക്തിത്വം ഈ രൂപാന്തരത്തിൽ ഭാഗഭാക്കാകുന്നു എന്ന് റോമ. 12:1-2 വ്യക്തമാക്കുന്നു. യേശുക്രിസ്തു ക്രൂശ് മരണം മൂലം ദുഷ്ട ലോകത്തിൽ നിന്നു നമ്മെ വിമോചിപ്പിച്ച് (ഗലാ.1:4), പുതിയലോകത്തിന്റെ അനുഭവ ത്തിലേക്ക് പ്രവേശിപ്പിച്ചിരിക്കുന്നു. പുതിയ ലോകത്തിൽ നാം പുതിയ ജീവിതത്തിനു രൂപം നൽകണം.

## ദൈവാനുരൂപിയായി രൂപാന്തരപ്പെടുക

കർത്താവിന്റെ രണ്ടാമത്തെ വരവിൽ വിശ്വാസികൾക്ക് രൂപാന്തരം സംഭ വിക്കും എന്ന് വി. പൗലോസ് പറയുന്നു 'അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്നു കണ്ണിമയ്ക്കുന്നതിനിടയിൽ നാമെല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും, മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാം രൂപാ ന്തരപ്പെടുകയും ചെയ്യും. ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെയും ഈ മർത്ത്യമായത് അമർത്യത്വത്തെയും ധരിക്കേണം' (1 കൊരി. 15:52, 53). ഫിലിപ്പ്യർ ക്കെഴുതിയ ലേഖനത്തിൽ 'അവൻ നമ്മുടെ താഴ്മയുള്ള ശരീ രത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെ ടുത്തും' (ഫിലി. 3:21) എന്ന് വി. പൗലോസ് പറയുന്നു. ഈ ഭാഗങ്ങളി ലെല്ലാം രൂപാന്തരത്തിന്റെ പൂർണതയുടെ പ്രതീക്ഷയാണ് കാണുന്നത്.

എന്നാൽ വി. പൗലോസ് അപ്പോസ്തോലൻ എടുത്തുപറയുന്ന മറ്റൊരു പ്രധാനപ്പെട്ട കാര്യം, ഭാവിയുടെ പുതുയുഗം ക്രിസ്തുവിലൂടെ സമാഗത മായിരിക്കുന്നു എന്നാണ്. അന്ത്യകാലത്ത് പൂർത്തീകരിക്കപ്പെടുന്ന രക്ഷാ പൂർണതയുടെ ആദ്യഫലവും (റോമ. 8:23) അച്ചാരവും (2 കൊരി. 1:22) ആയ പരിശുദ്ധാത്മാവിനെ ദൈവം നമുക്കു നൽകിയിരിക്കുന്നു. പരിശു ദ്ധാത്മാവ് സഭയിൽ വസിച്ചുകൊണ്ടു നിരന്തരം സഭയെ രൂപാന്തരത്തിന്റെ അനുഭവത്തിൽ വളർത്തുകയാണ്. ക്രിസ്തുവിന്റെ പ്രതിരൂപത്തോട് അനു രൂപമാകുമാറ് ദൈവസ്വരൂപത്തിൽ മനുഷ്യനെ വാർത്തെടുക്കുന്ന രൂപാ ന്തരത്തിന്റെ പ്രക്രിയ പരിശുദ്ധാത്മാവ് പൂർത്തീകരിക്കുന്നു (2 കൊരി. 3:18).

### ചോദ്യങ്ങൾ

1. രൂപാന്തരം, പുനരുത്ഥാനം, തേജസ്സ് ഇവ തമ്മിലുള്ള ബന്ധം എന്ത്?
2. ഈ ലോകത്തിന് അനുരൂപമാകരുതെന്നു വി. പൗലോസ് പ്രബോ ധിപ്പിക്കുന്നത് എങ്ങനെ മനസ്സിലാക്കാം?
3. എങ്ങനെ നാം ദൈവാനുരൂപികളായി രൂപാന്തരപ്പെടുന്നു?

## പാഠം 5

# തേജസ്സിൽ നിന്നു തേജസ്സിലേക്ക്

❑ ദൈവതേജസ്സ് രക്ഷാകര പ്രവർത്തനങ്ങളിലൂടെ ❑ ദൈവതേജസ്സ് - ദൈവസാന്നിദ്ധ്യം ❑ തേജസ്സു കണ്ട തേജസ്കരിക്കപ്പെടുന്നു ❑ തേജസ്സിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ❑ ക്രിസ്തുവിൽ വെളിപ്പെട്ട ദൈവ തേജസ്സ ❑ കുരിശും തേജസ്സും ❑ തേജസ്സിൽ നിന്ന് തേജസ്സിലേക്ക്

### ദൈവതേജസ്സ്, രക്ഷാകര പ്രവർത്തനങ്ങളിലൂടെ

അടിമത്തത്തിലും ശത്രുസൈന്യങ്ങളുടെ ഭീഷണിയിലും ആപത്തുകളിലും അകപ്പെട്ടുപോകുന്ന ജനത്തെ ദൈവം ചരിത്രത്തിൽ ശക്തിയോടെ ഇടപെട്ട് വീണ്ടെടുക്കുകയും അവർക്ക് ഉദ്ധാരണവും സംരക്ഷണവും നൽകുകയും ചെയ്യുന്നു. അങ്ങനെ യഹോവയുടെ തേജസ്സ് അവന്റെ വീര്യപ്രവൃത്തികളിലൂടെ ലോകത്തിനും യിസ്രായേൽ ജനത്തിനും വെളിപ്പെടുന്നു. മിസ്രയീം വിട്ടു പുറപ്പെടുന്ന യിസ്രായേൽ ജനത്തെ ഫറവോന്റെ സൈന്യം പിന്തുടരുമ്പോൾ യഹോവ യിസ്രായേൽ ജനത്തെ സമാശ്വസിപ്പിച്ചുകൊണ്ടു കല്പിക്കുന്നു, 'ഫറവോനിലും അവന്റെ സകല സൈന്യങ്ങളിലും ഞാൻ എന്നെത്തന്നെ മഹത്വപ്പെടുത്തും (തേജസ്കരിക്കും)' (പുറ. 14:4, 17, 18). മരുഭൂമിയിൽ വിശന്നു വലയുന്ന ജനത്തിനു മന്നാ നൽകി സംരക്ഷിക്കുമ്പോൾ അതിലൂടെ യഹോവയുടെ തേജസ്സ് വെളിപ്പെടുകയാണ് (പുറ. 16:7). ബാബേൽ പ്രവാസകാലത്ത് യഹോവയുടെ വീണ്ടെടുപ്പിന്റെ പ്രത്യാശ നൽകിക്കൊണ്ടു പ്രവാചകൻ പറയുന്നു, 'യഹോവയുടെ തേജസ്സു വെളിപ്പെടും; സകല ജഡവും ഒരുപോലെ അതിനെ കാണും' (യെശ. 40:5). ബാബേൽ പ്രവാസം കഴിഞ്ഞു നാട്ടിൽ തിരിച്ചെത്തിയ യിസ്രായേൽ ജനം വിശ്വാസവും പ്രത്യാശയും നഷ്ടപ്പെട്ട് ആലസ്യത്തിൽ മുഴുകുമ്പോൾ പ്രവാചകൻ, അവരുടെ മദ്ധ്യേ ദൈവം സന്നിഹിതനായി തേജസ്സോടെ വ്യാപരിക്കുന്നു എന്നു ബോദ്ധ്യപ്പെടുത്തുന്നു, 'എഴുന്നേറ്റു പ്രകാശിക്ക, നിന്റെ പ്രകാശം വന്നിരിക്കുന്നു; യഹോവയുടെ തേജസ്സും നിന്റെ മേൽ ഉദിച്ചിരിക്കുന്നു' (യെശ. 60:1).

### ദൈവതേജസ്സ് - ദൈവസാന്നിദ്ധ്യം

സീനായ് പർവതത്തിൽ ന്യായപ്രമാണ കല്പനകൾ നൽകുന്നതിനു ദൈവം പ്രത്യക്ഷപ്പെടുമ്പോൾ 'യഹോവയുടെ തേജസ്സ് സീനായ് പർവതത്തിൽ ആവസിച്ചു' (പുറ. 24:16). യഹോവയുടെ പത്തു കല്പനകൾ എഴുതിയിരുന്ന കല്പലകകൾ ഉള്ളടക്കം ചെയ്തിരുന്ന നിയമപ്പെട്ടകം ദൈവതേജസ്സിന്റെ നിവാസസ്ഥാനമായിരുന്നു. നിയമപ്പെട്ടകം ഉണ്ടായിരുന്ന സമാഗമന കൂടാരവും ദേവാലയവും ദൈവതേജസ്സു കൊണ്ടു നിറയുന്ന

തായി രേഖപ്പെടുത്തിയിരിക്കുന്നു (പുറ. 40:34; 1 രാജാ. 8:4–11). ന്യായപ്രമാണപെട്ടകം ഫെലിസ്ത്യ സൈന്യം പിടിച്ചെടുത്തു എന്നു കേൾക്കുമ്പോൾ പുരോഹിതനായ ഏലിയുടെ മരുമകൾ പറയുന്നതു ശ്രദ്ധിക്കുക, 'തേജസ്സ് (മഹത്വം) യിസ്രായേലിൽ നിന്നു പൊയ്പ്പോയി' (1 ശമു. 4:22). യിസ്രായേൽ ജനം ന്യായപ്രമാണ കല്പനകൾക്ക് വലിയ പ്രാധാന്യം നല്കിയിരുന്നു. യഹോവ നൽകിയ കല്പനകൾ യഹോവയ്ക്ക് അവരോടുള്ള സ്നേഹവും കരുതലും കാണിക്കുന്നു. യഹോവയുടെ വചനങ്ങളും ഇച്ഛയുമാണ് അവന്റെ കല്പനകൾ. അത് യഹോവയുടെ സാന്നിദ്ധ്യം തന്നെയാണ് എന്ന് അവർ വിശ്വസിച്ചു. യഹോവയുടെ തേജസ്സ് അവന്റെ സാന്നിദ്ധ്യം സൂചിപ്പിക്കുന്നു. തേജസ്സ് നഷ്ടമായി എന്നു പറയുമ്പോൾ ദൈവത്തിന്റെ രക്ഷാകരമായ സാന്നിദ്ധ്യം യിസ്രായേലിനു നഷ്ടപ്പെട്ടു എന്നാണ് അർത്ഥമാക്കുന്നത്.

## തേജസ്സ് കണ്ടു തേജസ്കരിക്കപ്പെടുന്നു

വീര്യപ്രവർത്തികളിലൂടെ ദൈവത്തിന്റെ തേജോശക്തി അനുഭവിച്ചറിഞ്ഞ ആളാണു മോശ. സീനായ് മലയിൽ ദൈവത്തോട് അഭിമുഖമായി മോശ സംസാരിച്ചു (പുറ. 33:11). എന്നാൽ ദൈവത്തെ കാണാൻ കഴിഞ്ഞില്ല. ദൈവത്തെ കാണണം എന്ന ആഗ്രഹം പ്രകടിപ്പിക്കുമ്പോൾ ദൈവം തന്റെ തേജസ്സ് അവനെ കാണിക്കുന്നു (പുറ. 33:17–23). ദൈവതേജസ്സു തന്നെ മറച്ചാണു ദൈവം മോശയ്ക്ക് വെളിപ്പെടുത്തുന്നത്. ചുരുക്കത്തിൽ, എന്താണു ദൈവതേജസ്സെന്നു വ്യക്തമാക്കുന്നില്ല. ദൈവത്തിന്റെ 'മഹിമ'യാണു ദൈവം കാണിക്കുന്നത് എന്നു പറയുന്നുണ്ട് (പുറ. 33:19). 'മഹിമ' എന്ന പദത്തിന് എബ്രായ ഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന വാക്കിന് 'നന്മയും സൗന്ദര്യവും' എന്നു വിവർത്തനം ചെയ്യാം. എന്തായിരുന്നാലും മോശ ദൈവതേജസ്സു കണ്ടു എന്നു മോശയ്ക്കുണ്ടായ രൂപാന്തരം സാക്ഷിക്കുന്നു. മോശ പർവതത്തിൽ നിന്നിറങ്ങുമ്പോൾ തന്റെ മുഖത്തിന്റെ ത്വക്ക് പ്രകാശിച്ചു (പുറ. 40:29). ദൈവതേജസ്സു കാണുന്ന മോശ തേജസ്കരിക്കപ്പെടുന്നു.

## തേജസ്സിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ

എട്ടാം സങ്കീർത്തനത്തിൽ മനുഷ്യനു സൃഷ്ടിയിൽ അദ്വിതീയമായ സ്ഥാനമാണുള്ളത് എന്നു പറഞ്ഞിരിക്കുന്നു. ഭൂതലം മുഴുവനും ദൈവതേജസ്സു നിറഞ്ഞിരിക്കുന്നു (8:1). എന്നാൽ മനുഷ്യനെക്കുറിച്ചു സങ്കീർത്തനക്കാരൻ തുടർന്നു പറയുന്നു, 'നീ അവനെ ദൈവത്തേക്കാൾ അല്പം മാത്രം താഴ്ത്തി തേജസ്സും സൗന്ദര്യവും ('ബഹുമാനം' എന്ന് മലയാള വിവർത്തനം) അവനെ അണിയിച്ചിരിക്കുന്നു' (8:4). ഈ വാക്യം ഉല്പ. 1:26ന്റെ ധ്യാനാത്മകമായ വ്യാഖ്യാനമാണ്. ദൈവസ്വരൂപത്തിൽ

സൃഷ്ടിക്കപ്പെട്ട മനുഷ്യൻ തേജസ്സും സൗന്ദര്യവും അണിഞ്ഞിരിക്കുന്നു. 1 കൊരി. 11:7 ൽ, 'പുരുഷൻ ദൈവത്തിന്റെ പ്രതിമയും തേജസ്സുമാണ്' എന്നു പറയുന്നുണ്ട്. ഇവിടെ ദൈവസ്വരൂപവും തേജസ്സും പുരുഷനു മാത്ര മായിട്ടേ വി. പൗലോസ് കാണുന്നുള്ളുവെങ്കിലും മറ്റവസരങ്ങളിൽ അവ മനുഷ്യവർഗത്തിന് പൊതുവേയുള്ളതാണെന്ന വിശ്വാസം വി. പൗലോസ് നിലനിർത്തുന്നുണ്ട് (1 കൊരി. 15:49).

യഹൂദ മതപാരമ്പര്യത്തിൽ, വീഴ്ചയ്ക്കു മുമ്പും പിമ്പും ഉള്ള ആദാ മിന്റെ അവസ്ഥയെ സംബന്ധിച്ചു വിശദമായ വിവരണങ്ങൾ ഉണ്ട്. വീഴ്ചയ്ക്കു മുമ്പുള്ള ആദാം തേജോപൂർണനായിരുന്നു. അവന്റെ മുഖത്തു സൂര്യനെ വെല്ലുന്ന പ്രഭയുണ്ടായിരുന്നു. എന്നാൽ, വീഴ്ചയുടെ ഫലമായി മനുഷ്യനു തേജസ്സു നഷ്ടപ്പെട്ടു എന്നും പറഞ്ഞിരിക്കുന്നു. ഈ നിലപാ ടുതന്നെയാണ് പൗലോസ് അപ്പോസ്തോലനും സ്വീകരിക്കുന്നത്. 'എല്ലാ വരും പാപം ചെയ്തു ദൈവതേജസ്സില്ലാത്തവരായിത്തീർന്നു' എന്ന് വി. പൗലോസ് എഴുതുന്നുണ്ടല്ലോ (റോമ. 3:23). മനുഷ്യന്റെ വീണ്ടെടുപ്പ്, നഷ്ട പ്പെട്ട ദൈവതേജസ്സ് വീണ്ടെടുക്കുക എന്നുള്ളതാണ്.

## ക്രിസ്തുവിൽ വെളിപ്പെട്ട ദൈവതേജസ്സ്

വി. പൗലോസ് ദൈവതേജസ്സിനെക്കുറിച്ചുള്ള ചിന്ത യേശുക്രിസ്തു വിന്റെ വ്യക്തിത്വത്തിലാണ് ആരംഭിക്കുന്നത്. ക്രിസ്തു ദൈവത്തിന്റെ പ്രതി മയാകുന്നുവെന്നും അവന്റെ മുഖത്ത് ദൈവതേജസ്സ് പ്രകാശിച്ചു എന്നും വി. പൗലോസ് പറയുന്നു (2 കൊരി. 4:4, 6). പഴയനിയമ കാലത്ത്, ദൈവ തേജസ്സ് ന്യായപ്രമാണവുമായി ബന്ധിപ്പിച്ചാണ് യിസ്രായേല്യർ കണ്ടിരു ന്നത്. ന്യായപ്രമാണപ്പെട്ടകവും അതു വച്ചിരിക്കുന്ന ദേവാലയവും ദൈവ തേജസ്സും ദൈവസാന്നിദ്ധ്യവുമുള്ളതാണ്. യഹൂദമത വീക്ഷണത്തിൽ ന്യായപ്രമാണം തന്റെ ജനത്തിനു വേണ്ടിയുള്ള ദൈവത്തിന്റെ മഹത്തായ രക്ഷാ പദ്ധതിയാണ്. എന്നാൽ വി. പൗലോസ് ദൈവത്തിന്റെ രക്ഷയും, ദൈവസാന്നിദ്ധ്യം വിളിച്ചോതുന്ന തേജസ്സും യേശുക്രിസ്തുവിൽ കണ്ടെ ത്തുന്നു. 2. കൊരി. 4:6 ൽ യേശുക്രിസ്തുവിലൂടെ ദൈവതേജസ് പ്രകാ ശിപ്പിക്കുന്ന ഒരു പുതിയ മനുഷ്യവർഗത്തെ വിഭാവനം ചെയ്യുന്നു. ആദ്യ സൃഷ്ടികർമ്മത്തിൽ ഇരുട്ടിൽ നിന്ന് വെളിച്ചം പ്രകാശിക്കേണം എന്ന് അരുളിച്ചെയ്ത ദൈവം ഇപ്പോൾ തിന്മയുടെ അന്ധകാര ശക്തികളിൽ നിന്ന് സ്വതന്ത്രമായി ദൈവതേജസ്സു വിളങ്ങുന്ന ഒരു പുതിയ മനുഷ്യ സമൂഹ ത്തിന് ക്രിസ്തുവിലൂടെ രൂപം നൽകുന്നു. ഈ നിലയിൽ ചിന്തിക്കുമ്പോൾ രക്ഷിക്കപ്പെടുകയെന്നാൽ ദൈവതേജസ്സിൽ വളരുകയെന്നാണ്.

'ക്രിസ്തുവിന്റെ മുഖത്തിലുള്ള തേജസ്സി'നെക്കുറിച്ചു വി. പൗലോസ് എഴുതുമ്പോൾ (2 കൊരി. 4:6) രണ്ടു സംഭവങ്ങൾ വി. പൗലോസ്

അനുസ്മരിക്കുന്നുണ്ടാവും. ഒന്ന് വി. പൗലോസ് സാക്ഷിയല്ലെങ്കിലും, ക്രിസ്തീയ പാരമ്പര്യത്തിൽ നിന്നും ക്രിസ്തുവിന്റെ രൂപാന്തരത്തെക്കുറിച്ച് പൗലോസിന് അറിവുണ്ടായിരുന്നിരിക്കണം. രണ്ട്, പുനരുത്ഥാനം ചെയ്ത ക്രിസ്തു ദമസ്ക്കോസിന്റെ പടിവാതിൽക്കൽ വച്ച് വി. പൗലോസിനു പ്രത്യക്ഷപ്പെട്ടു. ആ വെളിച്ചത്തിന്റെ തേജസ്സു ഹേതുവായി താൻ അന്ധനായിത്തീർന്നുവെന്ന് വി. പൗലോസ് പറയുന്നു (അ. പ്ര. 22:11, 9:3, 26:13). വി. പൗലോസിന്റെ വ്യക്തിപരമായ ജീവിതത്തിലും ക്രിസ്തുവിന്റെ തേജസ്സിന്റെ ദർശനം തന്നെ ഒരു പുതിയ സൃഷ്ടിയായി രൂപാന്തരപ്പെടുത്തുന്നതിനു പര്യാപ്തമായിത്തീർന്നു.

## കുരിശും തേജസ്സും

പഴയനിയമത്തിലും യഹൂദ പാരമ്പര്യത്തിലും 'മനുഷ്യപുത്രൻ' തേജസ്സിലാണ് പ്രത്യക്ഷപ്പെടുക. ശക്തിയും ആധിപത്യവും തേജസ്സും മനുഷ്യപുത്രന് ഉണ്ട് (ദാനി. 7:14). പുതിയനിയമത്തിലും മനുഷ്യപുത്രൻ വലിയ ശക്തിയിലും തേജസ്സിലും വെളിപ്പെടും എന്ന് നാം വായിക്കുന്നുണ്ടല്ലോ (മർക്കോ. 13:26). എന്നാൽ സുവിശേഷങ്ങളിൽ കാണുന്ന മനുഷ്യപുത്രൻ കഷ്ടപ്പെടുന്നവനും കൂടിയാണ്. കഷ്ടത്തിലൂടെ കടന്ന് തേജസ്സിലേക്കു പ്രവേശിക്കുന്ന മനുഷ്യപുത്രന്റെ ചിത്രമാണ് സുവിശേഷങ്ങൾ നൽകുക. പുനരുത്ഥാനത്തിനു ശേഷം എമ്മവൂസിലേക്ക് യാത്ര ചെയ്യുന്ന രണ്ടു ശിഷ്യന്മാരോട് കർത്താവു തന്നെ പ്രത്യക്ഷപ്പെട്ടു പറയുന്നു: 'ക്രിസ്തു ഇങ്ങനെ കഷ്ടം അനുഭവിച്ചിട്ട് തന്റെ മഹത്വത്തിലേക്ക് കടക്കേണ്ടതല്ലയോ?' (ലൂക്കോ. 24:26). വി. യോഹന്നാന്റെ സുവിശേഷത്തിൽ ക്രൂശും തേജസ്സും തമ്മിലുള്ള ബന്ധം കുറെക്കൂടെ വ്യക്തമാണ്. വി. യോഹന്നാന്റെ വീക്ഷണത്തിൽ ക്രൂശീകരണം തേജസ്കരണം തന്നെയാണ്. പിതാവിന്റെ ഇഷ്ടം അനുസരിച്ചുകൊണ്ടു പീഡനത്തിനും മരണത്തിനും സ്വയം സമർപ്പിക്കുന്നതിലൂടെ കർത്താവ് തേജസ്കരിക്കപ്പെടുന്നു. ക്രൂശ് സ്വീകരിക്കുന്നതിന് ഒരുങ്ങി നിൽക്കുന്ന കർത്താവ് പറയുന്നു: 'മനുഷ്യപുത്രൻ തേജസ്കരിക്കപ്പെട്ടിരിക്കുന്ന (മഹത്വപ്പെട്ടിരിക്കുന്നു); ദൈവവും അവനിൽ തേജസ്കരിക്കപ്പെട്ടിരിക്കുന്നു' (യോഹ. 13:31). തേജസ്സിലേക്കു വിളിക്കപ്പെട്ടിരിക്കുന്ന സഭയ്ക്ക് ക്രിസ്തു കാണിച്ചുതന്ന ക്രൂശിലൂടെയുള്ള മാർഗം തന്നെയാണ് പിന്തുടരുവാനുള്ളത്. വി. പൗലോസ് റോമ. 8:17 –ൽ പറയുന്നുണ്ടല്ലോ, 'നാം അവനോടു കൂടെ തേജസ്കരിക്കപ്പെടേണ്ടതിന് അവനോടുകൂടെ കഷ്ടമനുഭവിച്ചാലത്രെ.' വി. പൗലോസ് മറ്റൊരവസരത്തിൽ പറയുന്നു, 'നൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു' (2 കൊരി. 4:17). വി. പത്രോസ് സ്വയം വിശേഷിപ്പിക്കുന്നത്: 'ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിനു സാക്ഷിയും

വെളിപ്പെടുവാനുള്ള തേജസ്സിനു കൂട്ടാളിയും' എന്നാണ് (1 പത്രോ. 5:1). പുനരുത്ഥാനം ചെയ്ത് തേജസ്സു ധരിച്ചു നിൽ ക്കുന്ന കർത്താവ് വിലാപ്പുറത്ത് കുന്തത്തിന്റെ പാടും കൈകാലുകളിൽ ആണിപ്പഴുതുകളും ഉള്ളവൻ തന്നെയാണ്.

## തേജസ്സിൽ നിന്ന് തേജസ്സിലേക്ക്

വി. സ്നാനത്തിലൂടെ ദൈവരാജ്യത്തിലേക്കും ദൈവതേജസ്സിലേക്കുമാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്. ദൈവം തന്റെ 'രാജ്യത്തിനും തേജസ്സിനും' നമ്മെ വിളിച്ചിരിക്കുന്നു എന്നും (1 തെസ. 2:11) 'നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ തേജസ്സു പ്രാപിപ്പാൻ നമ്മെ വിളിച്ചിരിക്കുന്നു എന്നും (2 തെസ. 2:14) വി. പൗലോസ് പറഞ്ഞിരിക്കുന്നു. ദൈവം നമ്മെ തേജസ്സിലേക്കു വിളിച്ചിരിക്കുന്നതിനാൽത്തന്നെ നാം തേജസ്സിന്റെ അനുഭവത്തിലേക്കു വന്നിരിക്കുന്നുവെന്ന് വി. പൗലോസ് ഉറപ്പായി പറയുന്നു. 'മുൻനിയമിച്ചവരെ വിളിച്ചും വിളിച്ചവരെ നീതീകരിച്ചും നീതീകരിച്ചവരെ തേജസ്കരിച്ചുമിരിക്കുന്നു' (റോമ. 8:30).

കർത്താവിന്റെ രണ്ടാമത്തെ വരവിൽ നാം തേജസ്കരിക്കപ്പെടുമെന്നുള്ളത് നമ്മുടെ പ്രത്യാശയാണ്. എന്നാൽ ഈ തേജസ്കരണ പ്രക്രിയ ഇപ്പോൾതന്നെ ആരംഭിച്ചുകഴിഞ്ഞുവെന്നും നാം തേജസിൽ പങ്കാളികളായി വളരുന്നുവെന്നും വി. പൗലോസ് 2 കൊരി. 3:18 ൽ ഊന്നിപ്പറയുന്നു. ദൈവതേജസ്സു സംബന്ധിച്ച് പുതിയനിയമ ചിന്തയിൽ വി. പൗലോസിന്റെ സുപ്രധാനമായ സംഭാവനയാണിത്. 'എന്നാൽ മൂടുപടം നീങ്ങിയ മുഖത്ത് കർത്താവിന്റെ തേജസിനെ കണ്ണാടി പോലെ പ്രതിബിംബിക്കുന്നവരായി നാമെല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസിന്മേൽ തേജസു പ്രാപിച്ച് അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു' (2 കൊരി. 3:18). തേജസിലുള്ള പങ്കാളിത്തം ഒരു പ്രത്യേക സന്ദർഭത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്ന അനുഭവമല്ല. അത് ക്രിസ്തീയ ജീവിതത്തിലുടനീളം നിലനില്ക്കുന്ന അനുഭവമാണ്. ദൈവതേജസു കാണുന്നതിനും അത് പ്രതിഫലിപ്പിക്കുന്നതിനും വിഘാതം നിൽക്കുന്ന തിന്മയുടെയും കപടതയുടെയും മൂടി നീക്കിക്കളഞ്ഞ് ആന്തരീയവും ബാഹ്യവുമായ സ്വാതന്ത്ര്യത്തോടും ധൈര്യത്തോടും ദൈവത്തെ അഭിമുഖീകരിക്കുവാനും ദൈവതേജസു ദർശിച്ച് അവന്റെ തേജസിൽ പങ്കാളികളായി നിരന്തരം തേജസിൽ നിന്ന് തേജസിലേക്കു രൂപാന്തരപ്പെടുവാനും ദൈവം നമ്മെ വിളിച്ചിരിക്കുന്നു. ഈ രക്ഷണ്യ പ്രക്രിയയുടെ നാഥൻ പരിശുദ്ധാത്മാവത്രെ. പരിശുദ്ധാത്മാവ് നമ്മെ ക്രിസ്തുവിലൂടെ ദൈവതേജസ്സ് വഹിക്കുന്ന പുതിയ മനുഷ്യനായി രൂപാന്തരപ്പെടുത്തുന്നു.

### ചോദ്യങ്ങൾ

1. രക്ഷാകര പ്രവർത്തനങ്ങളിലൂടെ ദൈവതേജസ്സ് വെളിപ്പെടുന്നുവെന്നതിന് പഴയനിയമത്തിൽ നിന്ന് ചില ഉദാഹരണങ്ങൾ നൽകുക.
2. കുരിശും തേജസും തമ്മിലുള്ള ബന്ധം എന്തെന്ന് വിവരിക്കുക.
3. ദൈവതേജസ്സിലുള്ള നമ്മുടെ വളർച്ചയെപ്പറ്റി ഒരു കുറിപ്പ് തയ്യാറാക്കുക.

## പാഠം 6

# തേജസ്സിന്റെ ആത്മാവേ, വരണമേ

❑ ആത്മാവിന്റെ ശുശ്രൂഷയും തേജസ്സും (i) രണ്ടു വ്യവസ്ഥകൾ (ii) അക്ഷരത്തിന്റെ ശുശ്രൂഷ (iii) ആത്മാവിന്റെ ശുശ്രൂഷ (iv) തേജസ്സിന്റെ ആത്മാവ് (v) പരിശുദ്ധാത്മാവ്, നാഥനും കർത്താവും ❑ പരിശുദ്ധാത്മാവ് സ്വതന്ത്രരാക്കുന്നു (i) മൂടുപടം നീങ്ങിപ്പോകുന്നു (ii) പ്രാഗൽഭ്യത്തോടെ ദൈവത്തെ അഭിമുഖീകരിക്കുന്നു ❑ പരിശുദ്ധാത്മാവെന്ന അച്ചാരവും ആദ്യഫലവും (i) അച്ചാരവും ആദ്യഫലവും (ii) പ്രത്യാശയുടെ ഉറപ്പ് ❑ ഉപസംഹാരം

### ആത്മാവിന്റെ ശുശ്രൂഷയും തേജസ്സും

#### (i) രണ്ടു വ്യവസ്ഥകൾ

യേശുക്രിസ്തുവിലൂടെ സ്ഥാപിതമായ രക്ഷാവ്യവസ്ഥയെ വി. പൗലോസ് 'പുതിയ വ്യവസ്ഥ' അല്ലെങ്കിൽ 'പുതിയനിയമം' എന്നും പുതിയനിയമത്തിന്റെ ശുശ്രൂഷയെ 'ആത്മാവിന്റെ ശുശ്രൂഷ'യെന്നും വിളിക്കുന്നു (2 കൊരി. 3:6). വി. പൗലോസ് ദൈവത്തിന്റെ രക്ഷാപദ്ധതിയെ രണ്ട് ഘട്ടങ്ങളായി തിരിക്കുന്നു. ഒന്നാമത്തേത് യേശുക്രിസ്തുവിൽ അവസാനിക്കുന്നതും രണ്ടാമത്തേത് യേശുക്രിസ്തുവിൽ ആരംഭിക്കുന്നതും ആണ്. യറമിയ, യഹസ്ക്കിയേൽ എന്നീ പ്രവാചകന്മാർ ദൈവത്തിന്റെ രക്ഷാപദ്ധതിയിൽ ഒരു പുതിയ കാലഘട്ടം സമാഗതമാവുമെന്ന് പ്രവചിച്ചിരുന്നു. യിരെമ്യാവ് ഇങ്ങനെ പ്രവചിക്കുന്നു: 'ഞാൻ യിസ്രായേൽ ഗൃഹത്തോടും യഹൂദാഗൃഹത്തോടും പുതിയൊരു നിയമം ചെയ്യുന്ന കാലം വരും' (31:31). എന്നാൽ ഈ പുതിയ വ്യവസ്ഥയുടെ പ്രത്യേകതകളെപ്പറ്റി വിവരിക്കുമ്പോൾ ഈ രണ്ടു പ്രവാചകന്മാർ തമ്മിൽ കാതലായ ഒരു വ്യത്യാസം

കാണുന്നു. 'ഞാനെന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിലെഴുതും' എന്നാണ് പുതിയ വ്യവസ്ഥയെ (നിയമത്തെ) സംബന്ധിച്ച് യിരമ്യാ പ്രവാചകൻ പറയുന്നതെങ്കിൽ (31:33) 'പുതിയൊരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിലാക്കും' എന്നാണ് യഹസ്ക്കിയേ ലിന്റെ പ്രവചനം (36:26). യഹസ്ക്കിയേലിന്റെ പ്രവചനമനുസരിച്ച് പുതിയ വ്യവസ്ഥയിൽ നിയമത്തിന്റെ സ്ഥാനത്ത് ആത്മാവിനെയാണ് ദൈവം നൽകുന്നത്. വി. പൗലോസ് അപ്പോസ്തോലനും ഈ നിലയിലാണ് യേശു ക്രിസ്തുവിലൂടെ ദൈവം സ്ഥാപിച്ചിരിക്കുന്ന പുതിയ രക്ഷാപദ്ധതി വിശ ദീകരിക്കുന്നത്.

### (ii) അക്ഷരത്തിന്റെ ശുശ്രൂഷ

പഴയ വ്യവസ്ഥയുടെ ശുശ്രൂഷയെ വി. പൗലോസ് 'അക്ഷരത്തിന്റെ ശുശ്രൂഷ' എന്നു വിളിക്കുന്നു. മോശയ്ക്ക് ലഭിച്ച ന്യായപ്രമാണ കല്പന കൾ കല്ലിൽ അക്ഷരമായി കൊത്തിയെഴുതപ്പെട്ടതായിരുന്നല്ലോ. ന്യായ പ്രമാണം മനുഷ്യന്റെ രക്ഷയെ ഉദ്ദേശിച്ചാണ് ദൈവം നൽകുന്നതെങ്കിലും ന്യായപ്രമാണം രക്ഷയ്ക്ക് അപര്യാപ്തമായിത്തീർന്നു. അതുകൊണ്ട് കല്ലു കളിൽ എഴുതപ്പെട്ട ന്യായപ്രമാണം മരണവും ന്യായവിധിയുമാണ് നൽകു ന്നത്. കൽപ്പലക ജഡത്വത്തിന്റെയും ജീവനില്ലായ്മയുടെയും പ്രതീകമാ ണ്. മനുഷ്യനെ പാപിയെന്നും മരണാർഹനെന്നും കുറ്റം വിധിക്കുന്നതിനു മാത്രമേ ന്യായപ്രമാണത്തിനു കഴിയുന്നുള്ളു. അതുകൊണ്ട് കല്ലുകളിൽ കൊത്തപ്പെട്ട അക്ഷരത്തിന്റെ ശുശ്രൂഷയെ മരണത്തിന്റെയും ന്യായവി ധിയുടേയും ശുശ്രൂഷയെന്ന് വി. പൗലോസ് വിശേഷിപ്പിക്കുന്നു (2 കൊരി. 3:6-9).

### (iii) ആത്മാവിന്റെ ശുശ്രൂഷ

ആത്മാവ് ജീവനും ചൈതന്യവും നൽകുന്നതാണ്. പുതിയ വ്യവസ്ഥ യുടെ പ്രധാന അടയാളം ഉള്ളിൽ എഴുതപ്പെടുന്ന നിയമമല്ല. ഉള്ളിൽ നിവ സിക്കുന്ന പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവ് ഹൃദയത്തിൽ വസിച്ചു കൊണ്ട് ഹൃദയത്തിന് ആർദ്രതയും ദൈവികമായവയോട് പ്രതികരിക്കു വാനുള്ള ശേഷിയും നൽകുന്നു. 'ഞാൻ നിങ്ങൾക്ക് പുതിയോരു ഹൃദയം തരും; പുതിയോരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും; കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽ നിന്ന് നീക്കി മാംസ മായുള്ള ഹൃദയം നിങ്ങൾക്കു തരും. ഞാൻ എന്റെ ആത്മാവിനെ നിങ്ങ ളുടെ ഉള്ളിലാക്കി നിങ്ങളെ എന്റെ ചട്ടങ്ങളിൽ നടക്കുമാറാക്കും.' ഇങ്ങ നെയാണ് യഹസ്ക്കിയേൽ ആത്മാവിനെ നമ്മുടെ ഉള്ളിൽ നൽകി ക്കൊണ്ടു നമ്മിൽ വരുത്തുന്ന രൂപാന്തരത്തെക്കുറിച്ചു പ്രവചിക്കുന്നത് (യഹ. 36:26-27). അക്ഷരത്തിന്റെ ശുശ്രൂഷ ന്യായവിധിയുടെ ശുശ്രൂഷ

ആയിരുന്നുവെങ്കിൽ ആത്മാവിന്റെ ശുശ്രൂഷ നീതിയുടെ ശുശ്രൂഷയാണ് (2 കൊരി. 3:9). പുതിയ വ്യവസ്ഥയിൽ നമ്മെ നയിക്കുന്നത് ന്യായപ്രമാണമല്ല, നമ്മുടെ ഉള്ളിൽ വസിക്കുന്ന പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവ് ജീവനും വിശുദ്ധിയും നീതീകരണവും തേജസ്സും ഉള്ള പുതിയ മനുഷ്യനായി നമ്മെ രൂപാന്തരപ്പെടുത്തുന്നു.

**(iv) തേജസ്സിന്റെ ആത്മാവ്**

പഴയ വ്യവസ്ഥയുടെ അടിസ്ഥാനം ദൈവം മോശയ്ക്കു നൽകിയ ന്യായപ്രമാണമായിരുന്നെങ്കിൽ പുതിയ വ്യവസ്ഥയുടെ അടിസ്ഥാനം പരിശുദ്ധാത്മാവാണ്. സീനായി മലയിൽ വച്ച് ദൈവം മോശയ്ക്ക് ന്യായപ്രമാണം നൽകുമ്പോൾ, സീനായ് മല തേജസ്സു കൊണ്ടു നിറഞ്ഞിരുന്നു. മോശ തേജസ്സു കാണുകയും തേജസ്സു കൊണ്ടു പ്രശോഭിതനായിത്തീരുകയും ചെയ്തു. മലയിറങ്ങി വരുന്ന മോശയുടെ മുഖത്ത് യിസ്രായേൽ ജനം നോക്കുവാൻ ഭയപ്പെട്ടു. അത്രയധികം ശോഭയേറിയതായിത്തീർന്നിരുന്നു മോശയുടെ മുഖം. ഇങ്ങനെ ന്യായപ്രമാണത്തിന്റെ ഉത്ഭവം തേജസ്സിൽ ആയിരുന്നു (പുറ. 24:12; 15-17). മാത്രമല്ല മോശയുടെ തേജസ്കരണം ന്യായപ്രമാണ ശുശ്രൂഷ നൽകുന്ന തേജസ്സിലുള്ള പങ്കാളിത്തമായി വി. പൗലോസ് മനസ്സിലാക്കുന്നു (2 കൊരി. 3:7). ന്യായപ്രമാണത്തിന്റെ വ്യവസ്ഥയിൽ തേജസ്സുണ്ട്. അതിന്റെ ഏറ്റം നല്ല ഉദാഹരണമാണ് മോശയുടെ തേജസ്സിലുള്ള പങ്കാളിത്തം. എന്നാൽ പരിശുദ്ധാത്മാവ് നൽകുന്ന തേജസ്സ് ന്യായപ്രമാണത്തിന്റെ തേജസ്സിനേക്കാൾ എത്രയോ മടങ്ങ് ശ്രേഷ്ഠമാണ് എന്ന് വി. പൗലോസ് പറയുന്നു. മരണത്തിന്റെയും ന്യായവിധിയുടെയും ശുശ്രൂഷ തേജസ്സുള്ളതെങ്കിൽ ആത്മാവിന്റെയും നീതിയുടെയും ശുശ്രൂഷ തേജസ്സേറിയതായിരിക്കും (2 കൊരി. 3:7-11). 1 പത്രോ. 4:14 ൽ 'തേജസ്സിന്റെ ആത്മാവായ ദൈവാത്മാവ് നിങ്ങളുടെ ഉള്ളിൽ വസിക്കുന്നു' എന്ന് എഴുതിയിരിക്കുന്നു. പരിശുദ്ധാത്മാവ് നമ്മുടെ ഉള്ളിൽ വസിച്ച് നമ്മെ പുതിയ വ്യവസ്ഥയുടെ തേജസ്സിൽ വളരുന്നു.

**(v) പരിശുദ്ധാത്മാവ്, നാഥനും കർത്താവും**

യേശുക്രിസ്തു സ്ഥാപിച്ച പുതിയ വ്യവസ്ഥയുടെ അടിസ്ഥാനം പരിശുദ്ധാത്മാവാണ്. ക്രിസ്തുവിൽ വെളിപ്പെട്ട ദൈവതേജസ്സിൽ നാം പങ്കാളികളായിത്തീരുന്നത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനം മൂലമാണ്. കർത്താവിന്റെ കാലത്തെ യഹൂദമതം യുഗാന്തത്തിൽ ദൈവം തന്റെ ആത്മാവിനെ നൽകും എന്ന് പ്രതീക്ഷിച്ചിരുന്നു. പരിശുദ്ധാത്മാവ്, ദൈവം യുഗാന്തത്തിൽ നൽകുന്ന ദാനവും യുഗാന്തത്തിന്റെ ശക്തിദാതാവുമാണെന്ന് അവർ വിശ്വസിച്ചിരുന്നു. ആദിമ ക്രിസ്തീയ സഭയും ഈ വിശ്വാസം പുലർത്തിയിരുന്നതായി പുതിയനിയമം സാക്ഷിക്കുന്നു.

സ്വർഗ്ഗാരോഹണം ചെയ്യുന്നതിനു മുമ്പായി കർത്താവു ശിഷ്യന്മാരോട് പരിശുദ്ധാത്മാവിനായി കാത്തിരിക്കണമെന്ന് കല്പിച്ചുകൊണ്ട് പറയുന്നത് ശ്രദ്ധിക്കുക: 'നിങ്ങളോ ഉയരത്തിൽ നിന്നു ശക്തി ധരിക്കുവോളം നഗരത്തിൽ പാർപ്പിൻ' (ലൂക്കോ. 24:49; അ. പ്ര. 1:8). പരിശുദ്ധാത്മാവ് ത്രിത്വത്തിൽ ഒരുവനാണെന്ന വിശ്വാസത്തിലേക്ക് സഭ ക്രമേണ വളരുന്നതായി പുതിയനിയമത്തിൽ തന്നെ കാണാൻ കഴിയും. 2 കൊരി 3:17, 18 ൽ, നമ്മെ സ്വാതന്ത്ര്യത്തിലേക്കും ദൈവതേജസ്സിലേക്കും നയിക്കുന്നത് കർത്താവായ പരിശുദ്ധാത്മാവാണ് എന്ന് പറഞ്ഞിരിക്കുന്നു. വി. പൗലോസിന്റെ ലേഖനങ്ങളിൽ പൊതുവേ യേശുക്രിസ്തുവിനെയാണ് കർത്താവ് എന്നു വിളിക്കുന്നത്. എന്നാൽ ഇവിടെ വി. പൗലോസ് പരിശുദ്ധാത്മാവിനെ കർത്താവ് എന്നു വിളിക്കുന്നു. കാരണം യേശുക്രിസ്തുവിൽ സമാരംഭിച്ച രക്ഷാകര പ്രവർത്തനത്തിന്റെ നാഥനും കർത്താവും പരിശുദ്ധാത്മാവാകുന്നു. യേശുക്രിസ്തുവിൽ വെളിപ്പെട്ട ദൈവീകതേജസ്സിൽ നമ്മെയും ലോകത്തെയും പരിശുദ്ധാത്മാവ് പങ്കാളികളാക്കുന്നു.

## പരിശുദ്ധാത്മാവ് സ്വതന്ത്രരാക്കുന്നു

### (i) മൂടുപടം നീങ്ങിപ്പോകുന്നു

സീനായ് മലയിൽ നിന്ന് ഇറങ്ങിവന്ന മോശ യിസ്രായേൽ ജനത്തെ അഭിമുഖീകരിക്കുമ്പോൾ മുഖത്ത് മൂടുപടം ഇടുകയും ദൈവത്തിങ്കലേക്കു തിരിയുമ്പോൾ മൂടുപടം നീക്കുകയും ചെയ്യുന്നതായി പുറ. 34: 29–35 ൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിന് ആന്തരികമായ ഒരർത്ഥം വി. പൗലോസ് കാണുന്നുണ്ട് (1 കൊരി. 3:12–18). യിസ്രായേല്യരുടെ ഹൃദയകാഠിന്യം കൊണ്ടാണ് മോശയുടെ മുഖത്തു പ്രകാശിച്ച ദൈവതേജസ്സു കാണാൻ അവർക്ക് കഴിവില്ലാതെ പോകുന്നത്. ആന്തരീയ സ്വാതന്ത്ര്യം അവർക്കുണ്ടായിരുന്നില്ല. എന്നാൽ മോശ മൂടുപടമില്ലാതെ ദൈവത്തെ അഭിമുഖീകരിക്കുന്നു. ഇത് ഭയം കൂടാതെ ദൈവത്തെ അഭിമുഖീകരിക്കുവാനുള്ള സ്വാതന്ത്ര്യമാണ് സൂചിപ്പിക്കുന്നത്. മോശയുടെ മുഖത്തെ മൂടുപടം യിസ്രായേൽ ജനത്തിന്റെ ഹൃദയ കാഠിന്യത്തിന്റെ പ്രതീകമാണ് (2 കൊരി. 3: 14). ദൈവതേജസ്സ് അഭിമുഖീകരിക്കാനുള്ള സ്വാതന്ത്ര്യവും ധൈര്യവുമില്ലാത്ത അവസ്ഥ പഴയനിയമത്തിന്റെ ഒരു പ്രധാന പരിമിതിയാണ്. ഹൃദയകാഠിന്യത്തിന്റെയും പാപദാസ്യത്തിന്റെയും, ഭയത്തിന്റെയും മൂടുപടമിട്ടുകൊണ്ടാണ് യിസ്രായേൽക്കാർ ന്യായപ്രമാണത്തിൽ രക്ഷയുടെ ദൂത് അന്വേഷിക്കുന്നത്. എന്നാൽ ക്രിസ്തുവിൽ മാത്രമേ ഈ മൂടുപടം നീങ്ങിപ്പോകുന്നുള്ളുവെന്നും പരിശുദ്ധാത്മാവ് നമ്മെ അതിനു സ്വതന്ത്രരാക്കുന്നുവെന്നും വി. പൗലോസ് തുടർന്നു പറയുന്നു: 'കർത്താവിന്റെ ആത്മാവുള്ളേടത്ത് സ്വാതന്ത്ര്യം ഉണ്ട്' (2 കൊരി. 3:17).

### (ii) പ്രാഗൽഭ്യത്തോടെ ദൈവത്തെ അഭിമുഖീകരിക്കുന്നു

പരിശുദ്ധാത്മാവ് നൽകുന്ന സ്വാതന്ത്ര്യത്തിന് രണ്ടു തലങ്ങൾ ഉണ്ട്. ഒന്ന്, മുകളിൽ വിശദീകരിച്ചിരിക്കുന്നതു പോലെ നമ്മെ ദാസ്യത്തിലാഴ്ത്തുന്ന തിന്മകളുടെ ശക്തികളിൽ നിന്നുള്ള സ്വാതന്ത്ര്യം. രണ്ട്, ധൈര്യത്തോടെ ദൈവത്തെ അഭിമുഖീകരിക്കുവാനുള്ള പ്രാഗൽഭ്യം (2 കൊരി. 3:12, 18). മക്കളുടെ സ്വാതന്ത്ര്യത്തോടെ പിതാവാം ദൈവത്തെ അഭിമുഖീകരിച്ച് അപ്പാ എന്നു വിളിക്കുവാനുള്ള സ്വാതന്ത്ര്യം പരിശുദ്ധാത്മാവ് നൽകുന്നു (റോമ. 8:15; ഗലാ. 4:6). യഹൂദന്മാർ ദൈവത്തെ 'എന്റെ പിതാവേ' എന്ന് ഒരിക്കലും സംബോധന ചെയ്യുകയില്ല. എന്നാൽ കർത്താവ് പിതാവിനെ അങ്ങനെ വിളിക്കുന്നു (മർക്കോ. 14:36; cf മത്താ. 26:39, 42; 11:26). പിതാവുമായുള്ള ഗാഢമായ ബന്ധമാണ് ഇത് പ്രസ്പഷ്ടമാക്കുന്നത്. ക്രിസ്തുവിന് പിതാവിനോടുണ്ടായിരുന്ന ഈ പുത്രത്വത്തിന്റെ സ്വാതന്ത്ര്യം നമ്മിലും പരിശുദ്ധാത്മാവ് അങ്കുരിപ്പിക്കുന്നു. അതുകൊണ്ട് പിതാവിനെ നമുക്കും അപ്പാ എന്നു വിളിക്കാം. വി. പൗലോസ് പറയുന്നു: 'നിങ്ങൾ പിന്നെയും ഭയപ്പെടേണ്ടതിന് ദാസ്യത്തിന്റെ ആത്മാവിനെ അല്ല; നാം അബ്ബാ പിതാവേ എന്നു വിളിക്കുന്ന പുത്രത്വത്തിൻ ആത്മാവിനെ അത്രെ പ്രാപിച്ചത്' (റോമ. 8:15; ഗലാ. 4:6). അങ്ങനെ, മുഖത്തു നിന്ന് മൂടുപടം നീക്കിക്കളഞ്ഞ്, ദൈവത്തിങ്കലേക്കു തിരിഞ്ഞ് ദൈവതേജസ്സു കണ്ട് ക്രമാനുഗതമായി തേജസ്സിന്റെ പൂർണതയിലേക്കു രൂപാന്തരപ്പെടുവാനുള്ള സ്വാതന്ത്ര്യം പരിശുദ്ധാത്മാവു നമുക്കു നൽകുന്നു (2 കൊരി. 3:18).

## പരിശുദ്ധാത്മാവെന്ന അച്ചാരവും ആദ്യഫലവും

### (i) അച്ചാരവും ആദ്യഫലവും

മുകളിൽ സൂചിപ്പിച്ചതുപോലെ ആദിമസഭ പരിശുദ്ധാത്മാവിനെ വരുവാനുള്ള പുതുയുഗത്തിന്റെ ശക്തിദാതാവായി മനസ്സിലാക്കി. ക്രിസ്തുവിൽ നാം പുതുയുഗത്തിലേക്കു പ്രവേശിച്ചുകഴിഞ്ഞു. അതേസമയം പൂർണത വന്നെത്തിയിട്ടുമില്ല. പരിശുദ്ധാത്മാവ് നൽകുന്ന പൂർണതയ്ക്കായി നാം പ്രതീക്ഷിക്കവേ തന്നെ പരിശുദ്ധാത്മ സാന്നിദ്ധ്യവും കൃപകളും നാം അനുഭവിച്ചു തുടങ്ങിയിരിക്കുന്നു. ഈ അനുഭവം വിശദമാക്കുന്നതിന് വി. പൗലോസ് രണ്ടു പദങ്ങൾ ഉപയോഗിക്കുന്നുണ്ട്: (1) 'ആറബോൺ' – അച്ചാരം: ലഭിക്കാനുള്ള അവകാശാനുഭവങ്ങളുടെ ആദ്യദാനമാണ് അച്ചാരം. ഇത് പരിശുദ്ധാത്മാവു തന്നെയാണ് (2 കൊരി. 1:22; 5:5; എഫേ. 1:13; 4:30; ഗലാ. 4:6–7; 5:5). (2) 'അപ്പാർക്കെ' – ആദ്യഫലം വരുവാനുള്ള ലോകത്തിലെ ദൈവീകാനുഭവങ്ങളുടെ ആദ്യഫലമായ പരിശുദ്ധാത്മാവിനെ ദൈവം നമ്മുടെ ഉള്ളിൽ നൽകിയിരിക്കുന്നു (റോമ. 8:23).

### (ii) പ്രത്യാശയുടെ ഉറപ്പ്

വരുവാനുള്ള പുതുയുഗത്തിന്റെ ദൈവീകാവകാശങ്ങളുടെയും ദൈവീക നൽവരങ്ങളുടെയും അച്ചാരവും ആദ്യഫലവുമായി പരിശുദ്ധാത്മാവിനെ തന്നെ ദൈവം നമുക്കു നൽകിയിരിക്കുന്നു. പീഡനത്തിനും പ്രലോഭനങ്ങൾക്കും മുമ്പിൽ പതറാതെ പ്രത്യാശയോടെ ഉറച്ചു നിൽക്കണം എന്ന് പുതിയനിയമം പ്രബോധിപ്പിക്കുന്നു. കാരണം 'ഒരിക്കൽ പ്രകാശനം ലഭിച്ചിട്ട് സ്വർഗീയദാനം ആസ്വദിക്കുകയും പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും ദൈവത്തിന്റെ നല്ല വചനവും വരുവാനുള്ള ലോകത്തിന്റെ ശക്തിയും ആസ്വദിക്കുകയും ചെയ്തവരാണ് നാം എന്ന് എബ്രായ ലേഖനത്തിൽ ചൂണ്ടിക്കാണിക്കുന്നു (എബ്രാ. 6:4–5). സ്വർഗീയ ദാനം, പരിശുദ്ധാത്മാവ്, വരുവാനുള്ള യുഗം ഈ മൂന്നാശയങ്ങളും ഒന്നിച്ചു പോകുന്നുവെന്ന് ഈ വാക്യത്തിലൂടെ വ്യക്തമായിക്കാണാം.

### ഉപസംഹാരം

പരിശുദ്ധാത്മാവ്, ക്രിസ്തുവിൽ പൂർത്തീകരിക്കപ്പെട്ട രക്ഷാകര പ്രവർത്തനങ്ങളെ 'ഓർമ്മപ്പെടുത്തി' ഇക്കാലത്തിന്റേതാക്കി നമുക്കു അനുഭവവേദ്യമാക്കുക മാത്രമല്ല, വരുവാനുള്ള യുഗത്തിന്റെ ദൈവീകാവകാശങ്ങൾ നമുക്കു ഇപ്പോൾ തന്നെ അനുഭവത്തിലാക്കിത്തീർക്കുകയും ചെയ്യുന്നു. ഇങ്ങനെ കഴിഞ്ഞ കാലത്തെയും വരുംകാലത്തെയും ഇക്കാലത്തോടു കൂട്ടിയിണക്കി കാലങ്ങളുടെ അകലം അവസാനിപ്പിച്ച്, പരിശുദ്ധാത്മാവ് നമ്മെ ദൈവരാജ്യത്തിന്റെ നിത്യതയിലേക്കു പ്രവേശിപ്പിച്ച് ദൈവതേജസ്സിൽ നിരന്തരം വളർത്തുന്നു. തേജസ്സിന്റെ ആത്മാവേ, വരേണമേ!

### ചോദ്യങ്ങൾ

1. ക്രിസ്തുവിൽ സ്ഥാപിതമായിരിക്കുന്ന രക്ഷാവ്യവസ്ഥയിൽ പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയെ സംബന്ധിച്ച് ചുരുക്കമായി പ്രതിപാദിക്കുക.
2. പരിശുദ്ധാത്മാവ് നമുക്കു നൽകുന്ന സ്വാതന്ത്ര്യത്തിന്റെ രണ്ടു തലങ്ങൾ ഏവ?
3. പരിശുദ്ധാത്മാവ് എന്ന അച്ചാരവും ആദ്യഫലവും നമ്മെ എങ്ങനെ പ്രത്യാശയിലുറപ്പിക്കുന്നുവെന്ന് വിശദീകരിക്കുക.